


ഇ.എം.എസ്., സുകുമാർ അഴീക്കോട്, തകഴി, അബു എബ്രഹാം,
തിലകൻ, മാധവികുട്ടി, കെ.പി.അപ്പൻ, ഒ.വി.വിജയൻ,
എം.എ.ജോൺ, ഇടമറുക്, കെ.എം.റോയി, പവനൻ തുടങ്ങിയവർ

# എന്റെ ഓർമ്മയിലെ നക്ഷത്രങ്ങൾ



ശ്രീനിപട്ടത്താനം

INDIAN RATIONALIST PUBLISHERS, KOLLAM

# എന്റെ ഓർമ്മയിലെ നക്ഷത്രങ്ങൾ

# എന്റെ ഓർമ്മയിലെ നക്ഷത്രങ്ങൾ

ശ്രീനിപട്ടത്താനം

**Ente Ormayile Nakshathrangal**
(Memories)
Malayalam
Author : **Sreeni Pattathanam**
Printed at : Akshara Printers, Thiruvananthapuram
Publishers : Indian Rationalist Publishers, Kollam
Copyright : Author
Price : 215/-

---

NB : Except brief quotations for book reviews or critical appraisals no part of this book may be reproduced or transmitted in any form or by any means, electronic or mechanical, including photocopying, recording or by any informatioin storage or retrieval system, without permission in writing from the author and publisher.



ശ്രീനിപട്ടത്താനം

കേരളത്തിലെ കൊല്ലം ജില്ലയിൽ പട്ടത്താനത്തു ജനനം. 1968 മുതൽ ആനുകാലികങ്ങളിൽ കഥകളും കവിതകളും എഴുതി തുടങ്ങി. 1979 മുതൽ 1980 വരെ തീരഭൂമി ദിനപ്പത്രത്തിന്റെ പത്രാധിപർ. 1981-86 രണരേഖ എന്ന മാസിക പ്രസിദ്ധീകരിച്ചു. 1985 മുതൽ 1996 വരെ ഇന്ത്യൻ യുക്തിവാദി സംഘത്തിന്റെ സംസ്ഥാന ജനറൽ സെക്രട്ടറി, അഖിലേന്ത്യാ ജോയിന്റ് സെക്രട്ടറി. 1997 ൽ ഭാരതീയ യുക്തിവാദി സംഘം സ്ഥാപിച്ചു. 2006 മുതൽ 2012 വരെ റാഷണലിസ്റ്റ് അസ്സോസിയേഷൻ ഓഫ് ഇന്ത്യയുടെ ദേശീയ വൈസ് പ്രസിഡന്റ്. 2018 മുതൽ റാഷണലിസ്റ്റ് അസ്സോസിയേഷൻ ഓഫ് ഇന്ത്യയുടെ ദേശീയ വൈസ് ചെയർമാൻ.

2004ൽ മനുഷ്യ ദൈവത്തിനെതിരായി ഗ്രന്ഥരചന നടത്തിയതിന് പ്രോസിക്യൂട്ട് ചെയ്യാൻ സംസ്ഥാന സർക്കാർ ഉത്തരവ് നല്കി. 2011 ൽ മകര വിളക്ക് മനുഷ്യ നിർമ്മിതം തന്നെ എന്ന് ഹൈക്കോടതി വിധി നേടി. 2014 ൽ ഹൈദ്രാബാദ് മാനവവികാസ വേദികയുടെ ഡോ. ഇന്നയ്യാസ് നാഷണൽ ഹ്യൂമനിസ്റ്റ് അവാർഡ് ലഭിച്ചു.

**പ്രധാന കൃതികൾ**

1. കേരളത്തിലെ മനുഷ്യദൈവങ്ങൾ
2. സ്വതന്ത്രചിന്തയുടെ തീരങ്ങളിൽ
3. ശബരിമല പുരാണകഥകളും ചരിത്രവും
4. മാതാ അമൃതാനന്ദമയി ദിവ്യകഥകളും യാഥാർത്ഥ്യവും
5. ജസ്റ്റീസ് കൃഷ്ണയ്യരും പുനർജന്മവും
6. മതേതര കവിതകൾ
7. തെരഞ്ഞെടുത്ത യുക്തിവാദ ലേഖനങ്ങൾ
8. യുക്തിവാദ സമീപനം
9. എന്റെ ഓർമ്മയിലെ നക്ഷത്രങ്ങൾ

**വിലാസം**

ശ്രീനിപട്ടത്താനം, യുക്തിരാജ്യം, പട്ടത്താനം പി.ഒ., കൊല്ലം-691021
Email : yuktirajyam@gmail.com

# Ente Ormayile Nakshathrangal

(Memories) .
Malayalam
Author : Sreeni Pattathanam
Printed at : Akshara Printers, Thiruvananthapuram
Publishers : Indian Rationalist Publishers, Kollam
Copyright : Author
Price : 215/-

Email: yukthirajyam@gmail.com

Sir : Except brief quotations in [illegible] appraisals no part of this book may be reproduced or transmitted in any form or by any means, electronic or mechanical, including photocopying, recording or by any information storage or retrieval system, without permission in writing from the author and publisher.

## ഈ പുസ്തകത്തെക്കുറിച്ച്....

'എന്റെ ഓർമ്മയിലെ നക്ഷത്രങ്ങൾ' എന്ന ഈ പുസ്തകം മൺമറഞ്ഞുപോയ മഹാരഥന്മാരെക്കുറിച്ചുള്ള ഓർമ്മകളാണ്. അവരെല്ലാം ഒരു നവമാനവ സംസ്കാരത്തിനുവേണ്ടി പ്രവർത്തിച്ചവരും സഹകരിച്ചവരുമാണ്. അവരുമായി എനിക്കുള്ള ചെറുതും വലുതുമായ ബന്ധങ്ങളുടെ സ്മരണകളാണ് ഇതിൽ പ്രതിപാദിക്കുന്നത്. അവരുടെ ജീവിതം പുത്തൻ തലമുറക്ക് മാർഗ്ഗദീപങ്ങളാണ്.

ഈ കൃതി സവിനയം
അവരുടെ ഓർമ്മകൾക്ക്
മുന്നിൽ സമർപ്പിക്കുന്നു.

സ്നേഹദാരങ്ങളോടെ,

ജനുവരി 2022

ശ്രീനിപട്ടത്താനം

# ഉള്ളടക്കം


1. മാധവിക്കുട്ടി
2. ഇ.എം.എസ്.
3. സുകുമാർ അഴീക്കോട്
4. എം.എ.ജോൺ
5. തിലകൻ
6. അബു എബ്രഹാം
7. തകഴി
8. കാക്കനാടൻ
9. ഒ.വി.വിജയൻ
10. കെ.പി.അപ്പൻ
11. പവനൻ
12. ജോസഫ് ഇടമറുക്
13. തെങ്ങമം ബാലകൃഷ്ണൻ
14. സൈമൺ ബ്രിട്ടോ
15. പി.എം.ആന്റണി
16. ഡോ.പി.വി.വേലായുധൻപിള്ള
17. ഡോ.അൽഫോൺസ്
18. ഡോ.നരസിംഹയ്യ
19. ജി.ജയൻ
20. എം.പ്രഭ
21. സരസ്വതി ഗോറ
22. എഫ്.ലോയ്
23. കെ.എസ്.ഡേവിഡ്
24. ഏറ്റുമാനൂർ ഗോപാലൻ
25. ഡോ.എം.എസ്.ജയപ്രകാശ്
26. ജയപാലപണിക്കർ
27. ജോൺസൺ ഐരൂർ
28. വർക്കി ശാന്തിസ്ഥാൻ
29. പി.സി.കടലുണ്ടി
30. കെ.എം.റോയി
31. അബ്ദുള്ള മേപ്പയൂർ
32. പ്രൊഫ.ജോർജ്ജ്
33. കെ.ഇന്ദിരക്കുട്ടി



# മാധവിക്കുട്ടി

2009 ജൂൺ 3-ലെ മാധ്യമം പത്രത്തിൽ 'മാധവിക്കുട്ടിയുടെ കബറടക്കവും യുക്തിവാദികളും' എന്ന തലക്കെട്ടിൽ മൊയ്തു വാണിമ്മേൽ എഴുതിയ ഒരു ലേഖനം വരികയുണ്ടായി. അത് 2009 ജൂൺ 2-ലെ ദേശാഭിമാനിയിൽ ഞങ്ങൾ ഭാരതീയ യുക്തിവാദി സംഘം സംസ്ഥാന പ്രസിഡന്റായ കെ.കെ.അബ്ദുൾ അലിയും ഈ ലേഖനം എഴുതുന്ന ഞാനും ചേർന്ന് മാധവിക്കുട്ടിയുടെ ഭൗതിക ശരീരം പള്ളിയിൽ സംസ്കരിക്കരുത് എന്ന ശീർഷകത്തിൽ ആവശ്യപ്പെട്ട ഒരു സംയുക്ത പ്രസ്താവനയ്ക്കുള്ള മറുപടിയായിരുന്നു.

പ്രസ്താവന ഇങ്ങനെയായിരുന്നു. മാധവിക്കുട്ടി സാഹിത്യ പ്രേമികളുടെ പൊതുസ്വത്താണെന്നും അവരെ ഒരു മതവിഭാഗത്തിന്റെ മതിൽക്കെട്ടിനുള്ളിൽ സംസ്കരിക്കുന്നത് ശരിയല്ലെന്നും അവരുടെ വിശ്വാസ ആചാരങ്ങൾ നിലനിർത്തിക്കൊണ്ട് അവർതന്നെ കേരള സാഹിത്യ അക്കാദമിക്ക് ദാനം ചെയ്ത പുന്നയൂർക്കുളത്തെ 17 സെന്റ് ഭൂമിയിൽ സംസ്കരിക്കുകയാണ് വേണ്ടതെന്നും ഭാവിയിൽ അവരെ സ്നേഹിക്കുന്നവർക്കും പഠിക്കുന്നവർക്കും അത് സഹായകരമാകുമെന്നും പള്ളിയിൽ സംസ്കരിച്ചാൽ അവർക്ക് ഒരു സ്മാരകമുണ്ടാക്കാൻ കഴിയില്ലെന്നും ഇക്കാര്യം മക്കൾ പുനർവിചിന്തനം ചെയ്യണമെന്നും സൂചിപ്പിച്ചിട്ടുണ്ടായിരുന്നു.

ഇതിനെതിരെ മൊയ്തു വാണിമ്മേൽ യുക്തിവാദികൾക്കെതിരെ ഉയർത്തുന്ന ചില ആരോപണങ്ങളുണ്ട്. ആരോപണങ്ങളിൽ പ്രധാനം ചുവടെ പറയുന്നതാണ്.

1. അവരുടെ ഭൗതിക ശരീരം സാഹിത്യ പ്രേമികളുടെ പൊതുസ്വത്താണെന്നു പറയാൻ യുക്തിവാദികൾക്ക് എന്താണധികാരം.



2. മാധവിക്കുട്ടി യുക്തിവാദി ആയിരുന്നുവെങ്കിൽ ഈ പറയുന്നതിന് ചെറിയ ന്യായീകരണമുണ്ടെന്ന് പറയാനാകും. എന്നാലൊരിക്കലും അവർ യുക്തിവാദി ആയിരുന്നില്ല.


3.ഖബറിടങ്ങളും ശവകുടീരങ്ങളും സന്ദർശിക്കുന്നതും അതിലൂടെ മനസ്സമാധാനം നേടുന്നതും എന്നുമുതലാണ് യുക്തിവാദികൾ ദിനചര്യമാക്കിയത്.

4.ഹിന്ദുത്വ സംഘടനകൾ പോലും ആവശ്യപ്പെടാൻ തയ്യാറാകാത്ത ഒരാവശ്യം യുക്തിവാദികൾ ദേശാഭിമാനിപോലൊരു പത്രത്തിലൂടെ മുന്നോട്ടുവച്ചതിൽ നിന്ന് യുക്തിവാദിയുടെ ഉള്ളിന്റെയുള്ളിൽ കുടികൊള്ളുന്ന വർഗ്ഗീയതയാണ് പുറത്തുചാടിയത്.

5.അവരുടെ മക്കളുടെ മഹത്വത്തെ അംഗീകരിക്കാൻ യുക്തിവാദികൾ എന്നാണ് വളരുക തുടങ്ങിയ കാര്യങ്ങളാണ്.

ഓരോ ആരോപണത്തിന്റെയും വിശദീകരണം പറയാം. വൈക്കം മുഹമ്മദ് ബഷീർ തന്റെ സാഹിത്യമെല്ലാം ജനിച്ച മങ്കൊമ്പിൻ തണലിൽ അന്ത്യവിശ്രമം കൊള്ളണമെന്ന് ആഗ്രഹിച്ചതുപോലെ മാധവിക്കുട്ടിക്ക് അന്ത്യവിശ്രമം കൊള്ളുവാൻ ഉചിതമായ സ്ഥലം നീർമാതളം പൂത്ത അവരുടെ സ്വന്തം ഭൂമിതന്നെയായിരുന്നു. വെറുമൊരു മാധവിക്കുട്ടിയല്ല കമലാ സുരയ്യ ആയതെന്ന് ഓർക്കണം. മാധവിക്കുട്ടി എഴുതിയ കാല്പനികതയുടെ ഒരു മഹാ പ്രപഞ്ചം ഉണ്ട്. അത് മരിച്ചിട്ടില്ല.

ആശയ ലോകത്തിന് മാധവിക്കുട്ടിയുടെ ഭൗതികശരീരവുമായി ബന്ധമുണ്ട്. മാധവിക്കുട്ടിയുടെ ഇതരസാഹിത്യ സംഭാവനകളെക്കുറിച്ച് ഭാവിയിൽ ഗവേഷണം നടത്തുന്ന വിദ്യാർത്ഥികൾക്ക് അവരുടെ കുടീരവുമായി ബന്ധമുണ്ടാകും. അതിനുദാഹരണമാണ് ദശാബ്ദങ്ങൾ കഴിഞ്ഞപ്പോൾ ശ്മശാനം പൊതുനിരത്തായി മാറിയിട്ടും ആ സ്ഥാനം കണ്ടെത്തി ഇടപ്പള്ളിക്ക് സ്മാരകം തീർത്ത ഇടപ്പള്ളിയെ സ്നേഹിക്കുന്ന വിദ്യാർത്ഥികളുടേയും ആരാധകരുടേയും കഥ. ഇതറിയാവുന്നത് കൊണ്ടാണ് ഈ ആവ ശ്യം ഉന്നയിച്ചത്. എന്നുമുതലാണ് മാധവിക്കുട്ടിയുടെ



മാധവിക്കുട്ടിയും ലേഖകനും

ഭൗതിക ശരീരത്തിനവകാശികൾ ഉണ്ടായതെന്ന് നമുക്ക് അറിയാം.

മാധവിക്കുട്ടി വിശ്വമാനവികതയുടെ മഹാമൂർത്തിയായിരുന്നു. അതിനാർക്കും രണ്ടഭിപ്രായമില്ലല്ലോ. യാഥാസ്ഥിതിക പുരുഷസങ്കൽപ്പങ്ങളെയും എത്രയോ പ്രാവശ്യം മാധവിക്കുട്ടി വലിച്ചെറിഞ്ഞിരിക്കുന്നു. അതൊക്കെ പത്രങ്ങളിലൂടെയും അവരുടെ കൃതികളിലൂടെയും നാം വായിച്ചറിഞ്ഞിട്ടുള്ളതല്ലേ? അവർ സ്വതന്ത്രചിന്തകയായിരുന്നു.അവർ മതനിഷേധിയും മാനവിക വാദിയുമായിരുന്നു. ഒരു മതനിഷേധിക്കു മാത്രമേ സർവ്വജീവചരാചരങ്ങളേയും ഒന്നുപോലെ സ്നേഹിക്കാൻ കഴിയൂ. മാധവിക്കുട്ടിയുടെ തത്വശാസ്ത്രം അഥവാ മതം വിശ്വസ്നേഹമായിരുന്നുവല്ലോ. അവർ ഒരിക്കലും യുക്തിവാദി ആയിരുന്നില്ലെന്ന് പറയുന്നത് ശരിയല്ല. 1986 മേയ് 10 ന് തിരുവനന്തപുരം ബാങ്ക് എംപ്ലോയീസ് യൂണിയൻ ഹാളിൽ ചേർന്ന യുക്തിവാദി സംഘം സംസ്ഥാന സമ്മേളനത്തിൽ ഒരു സെഷൻ മാധവിക്കുട്ടിയായിരുന്നു ഉദ്ഘാടനം ചെയ്തത്. ഈ എഴുതുന്ന ലേഖകനായിരുന്നു ആ യോഗത്തിന്റെ അദ്ധ്യക്ഷൻ. അന്നവർ മതങ്ങൾ മനുഷ്യപുരോഗതിയുടെ ശത്രുവാ ണെന്നും മനുഷ്യൻ മതങ്ങളിൽ നിന്നും പുറത്തുവരണം എന്നും പറയുകയുണ്ടായി.

ജീവനാംശത്തെക്കുറിച്ച് സംവാദം നടന്ന കാലത്ത് അവർ പറഞ്ഞ അഭിപ്രായം പത്രങ്ങളിൽ വന്നിട്ടുണ്ട്. അത് ഇങ്ങനെയായിരുന്നു: വർഗ്ഗീയതയുടെ കരിംഭൂതങ്ങൾ ഭീമാകാരം പൂണ്ട് ഉയർന്നുവരുന്നു. ഇവിടെ മതമല്ല മനുഷ്യനാണ് അപകടത്തിലായിട്ടുള്ളത്. മനുഷ്യ ഐക്യത്തിന്റെ പ്രഭാതം പൊട്ടി വിടരുന്നില്ലെങ്കാൽ രാഷ്ട്രത്തെ ഇരുൾ വിഴുങ്ങും. ഭാര്യയ്ക്ക് ഒന്നും കൊടുക്കാതെ ചവിട്ടി പുറത്താക്കണോ അതല്ല, ജീവനാംശം കൊടുത്ത് പുറത്താക്കണോ എന്നതാണ് പ്രശ്നം. ഉപേക്ഷിച്ച പുരുഷന്റെ പണം ഏത് അഭിമാനിയായ സ്ത്രീയാണ് ആഗ്രഹിക്കുക. ജീവനാംശം അല്ല ഭാര്യയ്ക്ക് വേണ്ടത്. മരിക്കാനുള്ള വിഷഗുളികയാണ് വേണ്ടത്. സ്ത്രീയെ വെറും ഭോഗവസ്തുവായി കാണാതെ മനുഷ്യനായി കാണാൻ നിങ്ങൾക്കു കഴിയുമോ.

മതം മനുഷ്യന്റെ പശ്ചാത്തലം മാത്രമാണ്. വ്യക്തിയാണ് പ്രധാനം. ഈ പശ്ചാത്തലത്തിൽനിന്ന് മുഖം തിരിച്ച് നിൽക്കാൻ കഴിയുന്ന മനുഷ്യനു മാത്രമേ ധീരമായി ജീവിക്കാൻ കഴിയൂ. സ്വന്തം മതത്തിന്റെ ഭൂരിപക്ഷത്തിനെതിരെ മുഖം തിരിച്ച് നിൽക്കാൻ കഴിഞ്ഞ ആരിഫ്ഖാൻ

ധീരനാണ് പക്ഷെ, സിംഹമായ ആരിഫ്ഖാൻ സ്വാതന്ത്ര്യം നഷ്ടപ്പെടുമ്പോൾ കുറുനരിയാവുന്നു. സ്വാതന്ത്ര്യത്തിലേക്ക് നീങ്ങുമ്പോഴെ വ്യക്തിക്ക് ശക്തി ലഭിക്കു. അപ്പോൾ മാത്രമേ വ്യക്തിക്ക് സമൂഹത്തെ നയിക്കാനാകൂ. മതത്തിന്റെ പേരിലല്ല ന്യൂനപക്ഷത്തേയും ഭൂരിപക്ഷത്തേയും നിർണ്ണയിക്കേണ്ടത്. വർഗ്ഗീയമായി ചേരി തിരിഞ്ഞ് സംഗമങ്ങൾ നടക്കുന്നു. പാപ്പ വന്നപ്പോൾ ക്രൈസ്തവസംഗമം, പിന്നെ ഹിന്ദു സംഗമം, ഇനി മുസ്ലീം സംഗമം . ആരാണ് ഒരു മനുഷ്യസംഗമത്തിന് നേതൃത്വം നൽകുക. (രണരേഖ-1986 ആഗസ്റ്റ്).

2003 ൽ ബാംഗ്ലൂരിൽ ചികിൽസയ്ക്ക് വന്നപ്പോൾ പറഞ്ഞതിങ്ങനെയാണ്, 'എന്റെ അപക്വത കൊണ്ടാണ് ഞാൻ മതം മാറിയത്. ഒരു വികാരജീവിയായതുകൊണ്ട് പറ്റിയതാണ്. ഞാനിപ്പോൾ പർദ്ദ ധരിക്കാറില്ല. മതം ഉപദ്രവങ്ങൾ മാത്രമേ ചെയ്തിട്ടുള്ളു. മതം വളർത്തുന്നത് വിദ്വേഷമാണെന്ന് ഞാൻ തിരിച്ചറിയുന്നു. എല്ലാ മതത്തിനും ഒരു വിഷപ്പല്ല് ഉണ്ടെന്നാണ് ഞാൻ ധരിച്ചിരുന്നത്. പക്ഷേ എത്രയോ വിഷപ്പല്ലുകള് ഉള്ളതാണ് മതമെന്ന് എനിക്കിപ്പോൾ തോന്നുന്നു,. മതം മാറുമ്പോൾ എനിക്ക് പക്വതഉണ്ടായിരുന്നില്ല. മതം സാർദ് പോലെ വിഷലിപ്തമാണ്.' (2003 ജൂൺ 7 മാതൃഭൂമി)

2006 സെപ്റ്റംബറിൽ തസ്ലീമ കേരളത്തിൽ വന്നപ്പോൾ മാധവിക്കുട്ടിയെ കാണുകയുണ്ടായി. കണ്ടതിനുശേഷം തസ്ലീമ പത്രക്കാരോടു പറഞ്ഞു, 'മുസ്ലീമായി മാറിയ കമല സുരയ്യയെ ഞാൻ സന്ദർശിച്ചിരുന്നു. അവരുമായുള്ള സംസാരത്തിൽ മനസ്സിലാക്കാൻ കഴിഞ്ഞത് അവർ ഒരു തിരിച്ചുപോക്കിന്റെ പാതയിലാണെന്നാണ്. സുരക്ഷിതത്വം തേടിയാണ് കമല സുരയ്യ ഇസ്ലാമിലേയ്ക്ക് പോയത്. എന്നാൽ അവിടെ അവർ വളരയധികം നിയന്ത്രമണങ്ങൾക്ക് വിധേയമാവുകയാണ്. സ്വതന്ത്ര വനിതയായി ജീവിക്കാനുള്ള അവരുടെ ആഗ്രഹത്തിന് തടയിടാനോ ഭീഷണിപ്പെടുത്തുവാനോ ആർക്കും അവകാശമില്ല. (യുക്തിരാജ്യം 2006 സെപ്റ്റംബർ).

മതം മാറിയിട്ടും മതത്തിനെതിരായി മാധവിക്കുട്ടി സംസാരിച്ചത് അവരുടെ ഉള്ളിൽ അങ്ങനെയൊരു ഉറച്ച നിലപാടുണ്ടായിരുന്നതുകൊണ്ടാണ്.. അവർ ഹിന്ദുമതം നേരത്തേ ഉപേഷിച്ചിരുന്നു. അന്നവരുടെ മതം മതമില്ലായ്മയായിരുന്നു. അവർ മതങ്ങൾക്കുപരി മാനവികതയുടെ പ്രവാചകയായിരുന്നു. അവരുടെ യഥാർത്ഥമതം സ്നേഹമായിരുന്നു. അവർക്ക് എല്ലാ ജാതി മതസ്ഥാനത്തെയും ഒന്നുപോലെ കാണാനും, സ്നേഹിക്കാനും കഴിഞ്ഞത് മത സൗഹാർദ്ദം കൊണ്ടല്ല മാനവ സൗഹാർദ്ദം കൊണ്ടാണ്. അതുകൊണ്ടാണ് യുക്തിവാദികൾ മാധവിക്കുട്ടിയെ പള്ളിയിൽ സംസ്കരിക്കരുതെന്ന് പറഞ്ഞത്. ഖബറിടങ്ങളും ശവകുടീരങ്ങളും സന്ദർശിക്കുകയും അതിലൂടെ മനസ്സമാധാനം നേടുകയും ചെയ്യുക യുക്തിവാദികളുടെ ദിനചര്യ അല്ല. അതു ഒരു പക്ഷേ വിശ്വാസികളുടെതാവാം. ഇവിടെ ഞങ്ങൾ അങ്ങനെ ആവശ്യപ്പെട്ടത് സാഹിത്യ പ്രേമികൾക്ക് വേണ്ടിയാണ്. കാരണം ആദ്യമെ സൂചിപ്പിച്ചുവല്ലോ. മാധവിക്കുട്ടി

യുടെ കാവ്യ-കഥാ പ്രപഞ്ചത്തിന് മാധവിക്കുട്ടിയുടെ സംസ്ക്കാരവുമായി ബന്ധമുണ്ട്. ഇടപ്പള്ളിയുടെ കുടീരം ഉണ്ടായതോർത്താൽ മാത്രം മതി. ശവക്കല്ലറകൾ ആരാധനാലയങ്ങളാക്കുന്ന ഫണ്ടമെന്റലിസ്റ്റുകളുടെ മാനസികാവസ്ഥയും ഇതും തമ്മിൽ യാതൊരു ബന്ധവുമില്ല. പള്ളിയിൽ സംസ്കരിക്കരുതെന്ന് യുക്തിവാദികൾ ആവശ്യപ്പെട്ടത് എങ്ങനെയാണ് വർഗ്ഗീയതയാകുന്നത്. ഈ ആവശ്യം യഥാർത്ഥത്തിൽ വർഗ്ഗീയ വിരുദ്ധമല്ലേ. യുക്തിവാദികൾക്കെതിരായ ഈ അഭിപ്രായ പ്രകടനമല്ലേ യഥാർത്ഥ വർഗ്ഗീയത?

മരണത്തിന് മുമ്പ് കവി തിരുനല്ലൂർ കരുണാകരൻ കുറേ ഭൂമി വാങ്ങിച്ചതും മരണാനന്തരം അവിടെ അദ്ദേഹത്തെ സംസ്കരിക്കുകയും ചെയ്തതു പോലെ മരണത്തിന് ഏതാനും മാസങ്ങൾക്കു മുൻപ് സ്വന്തം ഭൂമി കേരള സാഹിത്യ അക്കാദമിക്കു തന്നെ ദാനം ചെയ്തത് മാധവിക്കുട്ടി ഇങ്ങനെ ഒരുദ്ദേശം മനസ്സിൽ വച്ചുകൊണ്ടല്ലെന്ന് എങ്ങനെ പറയാൻ കഴിയും. യുക്തിവാദികൾ ഉന്നയിച്ച ഈ ആവശ്യം അന്നു തന്നെ സുകുമാർ അഴീക്കോടും ഉന്നയിച്ചിരുന്നുവല്ലോ. മാത്രമല്ല മക്കൾക്ക് ഇക്കാര്യത്തിൽ തിരിച്ചറിവില്ലെങ്കിൽ അറിവുള്ളവർ പറഞ്ഞു കൊടുക്കണമെന്ന് അദ്ദേഹവും പറഞ്ഞിരുന്നുവല്ലോ. ജീവിതങ്ങളെക്കുറിച്ചെഴുതിയ മാധവിക്കുട്ടി സ്വന്തം ജീവിതാന്ത്യത്തിന്റെ വിൽപ്പത്രം എഴുതുന്ന കാര്യം മറന്നുപോയി. ഒരിക്കൽ മരണം വരിക്കുമെന്നു തോന്നിയപ്പോഴാണ് അവർ തന്റെ ജീവിതം പകർത്തിവെച്ചത്. എന്റെ കഥ എന്ന ആത്മകഥ. ഇപ്പോൾ മക്കൾ പറയുന്നത് വിശ്വസിക്കേണ്ടി വരുന്നു. അത് വോട്ട് ലക്ഷ്യമാക്കിയ വല്ല രാഷ്ട്രീയക്കാരുടെ സമ്മർദ്ദത്തിന്റെ ഫലമാണോ എന്ന് എങ്ങനെയറിയാം? മക്കൾ ഉറച്ച നിലപാട് സ്വീകരിച്ചിരുന്നുവെങ്കിൽ നീർമാതളം പൂത്തിടത്തു തന്നെ മാധവിക്കുട്ടി അന്ത്യവിശ്രമം കൊള്ളുമായിരുന്നു.

മാധവിക്കുട്ടി മതം മാറിയത് വികാരജവിയായതുകൊണ്ടാണെന്ന് പറയുന്നെങ്കിലും ദാമ്പത്യജീവിതത്തിൽ അസംതൃപ്തയായ അവർ ഒരിക്കൽ മറ്റൊരു വിവാഹത്തിന് തയ്യാറായെന്നും അതൊരു മുസ്ലീം പ്രമാണിയുടെ ഉറപ്പിലായിരുന്നുവെന്നും അതിനുവേണ്ടിയായിരുന്നു അവർ മതം മാറിയതെന്നും എന്നാൽ അയാളുടെ ഭാര്യമാർ കലഹമുണ്ടാക്കിയതിനാൽ അയാൾക്ക് പിന്മാറേണ്ടിവരികയും മാധവിക്കുട്ടി കെണിയിലാവുകയും ചെയ്തുവെന്നു നമ്മൾ അന്നു പറഞ്ഞുകേട്ടിരുന്നു. അതുപോലെ പുരുഷവർഗത്തിന്റെ ഭ്രാന്തമായ ഇടപെടലുകൾമൂലം ശരീരം പൊതിഞ്ഞ് സംരക്ഷിക്കാൻ മുസ്ലീം വനിതാവേഷത്തിന് കഴിയുമെന്ന ധാരണയും ഏകാന്തത മൂലമുണ്ടായ ദുഃഖത്തിൽ നിന്നും പിറവിയെടുത്ത ലഘു മനോരോഗങ്ങളായ വിഷാദവും ഭയവുംമൂലം മനസ്സിന്റെ സ്ഥിരതയ്ക്കുണ്ടായ വൈകല്യം മൂലവും, മുസ്ലീം രാഷ്ട്രീയം വച്ചുനീട്ടിയ രാജ്യസഭാ മെമ്പർസ്ഥാനത്തിലുള്ള മോഹവും മൂലമാണ് മാധവിക്കുട്ടി കമലസുരയ്യയായത്



# ഇ.എം.എസ്.

കേരളത്തിന്റെ സാംസ്കാരിക ജീവിതത്തിലും രാഷ്ട്രീയ ജീവിതത്തിലും നിറഞ്ഞുനിൽക്കുന്ന വ്യക്തിത്വമാണ് സഖാവ് ഇ.എം.എസ്. നമ്പൂതിരിപ്പാട്. താൻ വിശ്വസിച്ച പ്രമാണത്തിൽ അവസാനം വരെ വിശ്വസിക്കുകയും അതിൽ നിന്നുകൊണ്ട് ലോകം മുഴുവൻ കാണാൻ ശ്രമിക്കുകയും ചെയ്ത ഒരാളാണ് ഇ.എം.എസ്. ഐക്യകേരളത്തിന്റെ ആദ്യത്തെ മുഖ്യമന്ത്രി എന്ന നിലയിലും തെരഞ്ഞെടുക്കപ്പെട്ട ഏഷ്യയിലെ ആദ്യത്തെ കമ്മ്യൂണിസ്റ്റ് സർക്കാരിന്റെ തലവനെന്ന നിലയിലും ചരിത്രകാരൻ, മാർക്സിസ്റ്റ് ദാർശനികൻ, സാമൂഹിക പരിഷ്കർത്താവ് എന്നീ നിലകളിലും അദ്ദേഹം അറിയപ്പെടുന്നു.

1909 ജൂൺ 13 ന് മലപ്പുറം കുന്തിപ്പുഴയുടെ തീരത്തുള്ള ഏലംകുളം മനയിലാണ് ഇ.എം.എസ്. ജനിച്ചത്. പിതാവ് പരമേശ്വരൻ നമ്പൂതിരിപ്പാടും മാതാവ് വിഷ്ണുദത്ത അന്തർജനവുമായിരുന്നു. അവരുടെ നാലാമത്തെ പുത്രനാണ് ഇ.എം.എസ്. അവരുടെ പ്രസവിച്ച ആദ്യത്തെ രണ്ടു മക്കളും മരിച്ചു. പിന്നീട് ജനിച്ച കുട്ടി മന്ദബുദ്ധിയുമായിരുന്നു. അതിനാൽ നാലാമത്തെ കുട്ടിയെ വാത്സല്യത്തോടെ വളർത്തുകയും കുഞ്ചു എന്ന ഓമനപ്പേരിട്ടു വിളിക്കുകയും ചെയ്തിരുന്നു.

ഏലംകുളം മന അക്കാലത്തു ദൈവങ്ങളുടെയും ഭഗവതിമാരുടെയും ആസ്ഥാനമായിരുന്നു. മനയിലെ നമ്പൂതിരിമാരിൽ പലരും തറവാടുവക ക്ഷേത്രങ്ങളിലും നാട്ടിലെ മറ്റു ക്ഷേത്രങ്ങളിലെയും പൂജാരിമാരായിരുന്നു. ഏലം മനയിലെ പല ആചാരങ്ങളും അനുഷ്ഠാനങ്ങളും ശങ്കരന് പിന്തുടരേണ്ടി വന്നിട്ടുണ്ട്. ഇരിക്കണമ്മമാർ എന്ന വാല്യക്കാരത്തികൾ ആണ് അന്ന് ശങ്കരന്റെ കാര്യങ്ങൾ ശ്രദ്ധിച്ചിരുന്നത്. അവർ ആയുസ്സ് വർദ്ധിപ്പിക്കുന്നതിനായി തൊട്ടടുത്തുള്ള ശിവക്ഷേത്രത്തിൽ നിത്യവും ദർശനം നടത്തിപ്പിച്ചിരുന്നു.

ഈ പശ്ചാത്തലത്തിൽ നിന്നും ഇ.എം.എസിന്റെ പുതിയ ജനനം. പരമേശ്വരൻ നമ്പൂതിരിപ്പാടിന്റെ മരണത്തോടെ ഇല്ലം നടത്തിപ്പുകാര്യങ്ങൾ നമ്പൂതിരിപ്പാടിന്റെ സഹോദരീപുത്രനായ നാരായണൻ നമ്പൂതിരിയിലേക്ക് എത്തിച്ചേർന്നു. അദ്ദേഹം ഒരു പരിഷ്കരണവാദിയും ദേശീയ പ്രസ്ഥാനത്തിലും പൊതുക്കാര്യങ്ങളിലും താൽപ്പര്യമുള്ള ആളുമായിരുന്നു. ഇല്ലത്തെ ജീവിത സമ്പ്രദായങ്ങളിൽ മാറ്റം വരുത്തുന്നതിനായി പ്രസിദ്ധീകരണങ്ങൾ വരുത്തുക. വിദ്യാസമ്പന്നരും സാംസ്കാരിക പ്രമുഖന്മാരെയും ക്ഷണിച്ചുവരുത്തി ആദിത്യമരുളുക തുടങ്ങിയ കാര്യങ്ങളിൽ നാരായണൻ നമ്പൂതിരി താൽപ്പര്യം കാണിച്ചു. ഇതു കണ്ടും കേട്ടും വളർന്ന ഇ.എം.എസിൽ മാറ്റങ്ങൾ ഉണ്ടായി തുടങ്ങി.

അങ്ങനെ വളർന്ന മനസ്സ് നിസ്സഹകരണ പ്രസ്ഥാനത്തിലേക്കും, ഖിലാഫത്തു, സ്വരാജ് തുടങ്ങിയ പ്രവർത്തനങ്ങളിലേക്കും ആകർഷിക്കപ്പെട്ടു.

അതിന്റെ ഫലമായി 1923 പതിനാലാം വയസ്സിൽ യോഗ ക്ഷേമ സഭയുടെ വള്ളുവനാട് ഉപസഭയുടെ സെക്രട്ടറിയായി. ഇതു നമ്പൂതിരിപ്പാടിന്റെ പ്രവർത്തനത്തിന്റെ ആദ്യത്തെ കാൽവെപ്പായിരുന്നു. 1930 ൽ തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ ഇന്റർ മീഡിയേറ്റിന് പഠിക്കുമ്പോൾ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിലും ഇന്ത്യൻ സ്വാതന്ത്ര്യസമര പ്രസ്ഥാനങ്ങളിലും സജീവമായി പങ്കെടുക്കാൻ തുടങ്ങി.

1930 ആയപ്പോൾ സ്വാതന്ത്ര്യസമര സേനയിൽ രണ്ടാം നിരയിലേക്ക് ഉയരാൻ കഴിഞ്ഞു. 1931-ലെ നിസ്സഹകരണ പ്രസ്ഥാനത്തിന്റെ മുന്നണി നേതാവായ എം.ഗോവിന്ദമേനോൻ അറസ്റ്റ് ചെയ്തപ്പോൾ തൽസ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെടുന്നതു ഇ.എം.എസ്സിനെയായിരുന്നു.

1932 ജനുവരി 17 ന് ഇ.എം.എസ്സിന്റെ നേതൃത്വത്തിൽ മൂന്നു പേർ കടപ്പുറത്തെ ഉപ്പു ശേഖരണ ജാഥ നയിച്ചു. അതോടുകൂടി ഇ.എം.എസ്. ജയിലിലായി.

കണ്ണൂർ ജയിലിൽ വെച്ച് സഹതടവുകാരനായ കമൽനാഥ് തിവാരി ഇ.എം.എസിന് സോഷ്യലിസ്റ്റ് ആശയങ്ങൾ പകർന്നു കൊടുത്തു.

വെല്ലൂർ ജയിലിൽ പാർക്കുമ്പോൾ ഇടതുപക്ഷ ചിന്താഗതിക്കാരനായ വി.വി.ഗിരിയെ അദ്ദേഹം പരിചയപ്പെടുകയുണ്ടായി.

1934 ൽ കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടി രൂപം കൊണ്ടപ്പോൾ ഇ.എം.എസ്.അഖിലേന്ത്യാ സെക്രട്ടറികളിലൊരാളായി മാറി.

1934 മുതൽ 1940 വരെ കെ.പി.സി.സി.യുടെ സെക്രട്ടറിയായിരുന്നു.

1936 ൽ ഇ.എം.എസ്.ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമായി. 1937 ൽ ഇ.എം.എസ്., പി.കൃഷ്ണപിള്ള, കെ.ദാമോദരൻ, എൻ.സി.ശേഖർ എന്നിവർ ചേർന്നു കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകരിച്ചു.

1962 ൽ ഇ.എം.എസ്.പാർട്ടി ജനറൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു.

കോഴിക്കോട്ട് ജയിലിൽ കിടക്കുമ്പോഴാണ് അവിടെ വച്ചു ഇ.എം.എ

സ്.കൃഷ്ണപിള്ളയുമായി പരിചയപ്പെടുന്നത്.

വെല്ലൂർ ജയിലിൽ വെച്ചാണ് എ.കെ.ഗോപാലനുമായി പരിചയപ്പെടുന്നത്.

1940 ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രവർത്തനങ്ങൾ ഗവൺമെന്റ് നിരോധിച്ചപ്പോൾ നേതാക്കന്മാർ ഒളിവിൽ പോയി. ഒളിവിലിരിക്കുന്ന ഇ.എം.എസ്സിനെ പിടിച്ചുകൊടുക്കുന്നവർക്ക് സർക്കാർ 1000 രൂപ ഇനാം പ്രഖ്യാപിച്ചിരുന്നു.

ഇ.എം.എസ്.അന്തരിക്കുന്നത് 1998 മാർച്ച് 19 നാണ് അന്ന് അദ്ദേഹത്തിന് 89 വയസ്സ് പ്രായമുണ്ടായിരുന്നു.

ഇ.എം.എസ്. എവിടെ സംസാരിക്കുന്നുവെന്നറിഞ്ഞാലും അവിടെ പതിനായിരങ്ങൾ കൂടുക പതിവാണ്. അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കാൻ പല കേന്ദ്രങ്ങളിലും ഈ ലേഖകനും പോയിട്ടുണ്ട്. കൊല്ലം റെയിൽവേ സ്റ്റേഷൻ മൈതാനി (ഇപ്പോൾ ക്ഷേത്ര പറമ്പാണ്) യിലും ചിന്നക്കട മൈതാനിയിലും അദ്ദേഹത്തിന്റെ പ്രസംഗം കേട്ടിട്ടുണ്ട്. 25 വർഷത്തിന് മുമ്പ് കേൾക്കുമ്പോൾ ഉണ്ടായിരുന്ന വിക്ക് ക്രമേണ കുറഞ്ഞു വന്നിരുന്നു. തെരഞ്ഞെടുപ്പു കാലങ്ങളിൽ തുറന്ന വണ്ടിയിൽ നമ്പൂതിരിപ്പാട് വരുമ്പോൾ റോഡിനിരുവശത്തെ ടെറസ്സിന്റെ മുകളിലും മരങ്ങളുടെ മുകളിലും തെങ്ങിന്റെ മുകളിലും ആൾക്കാർ ഇരിക്കുന്നത് കണ്ടിട്ടുണ്ട്.

അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കാൻ ആൾക്കാർ താൽപ്പര്യപ്പെടുന്നത് ഒന്നാം തരം രാഷ്ട്രീയ തമാശ പറയുന്നതുകൊണ്ടാണ്. എതിർ രാഷ്ട്രീയത്തിലെ നേതാക്കന്മാരെ അവതരിപ്പിക്കുന്നത് കേൾക്കാൻ രസമാണ്. കൂടുതൽ വാരിവലിച്ചോ ആരോഹണ അവരോഹണ ക്രമത്തിലോ പ്രസംഗിക്കാറില്ല. രണ്ടോ മൂന്നോ കാര്യങ്ങൾ മാത്രമാണ് പറയുക അതു പറഞ്ഞു കഴിയുമ്പോൾ പ്രസംഗം അവസാനിപ്പിച്ചിരിക്കും.

ജന്മനാ ഇ.എം.എസിന് ലഭിച്ച വിക്കാണ് മനഃശാസ്ത്രപരമായി ഇ.എം.എസ്സിനെ ഇ.എം.എസ്. ആക്കി മാറ്റിയതെന്ന് ഊഹിക്കാവുന്നതാണ്. ആദ്യത്തെ രണ്ടു മക്കളും ബാല്യത്തിലേ മരിക്കുന്നു. മൂന്നാമത്തെ കുട്ടിക്ക് ബുദ്ധിമാന്ദ്യം നാലാമത്തെ കുട്ടിയായ ശങ്കരന് വിക്കും. ഇതിൽ നിന്നും ഒരു കാര്യം വ്യക്തമാണ്. ഇ.എം.എസ്സിന്റെ പിതാവിന് ബുദ്ധിപരമായ എന്തോ അസുഖമുള്ള ആളായിരുന്നുവെന്നു.


വിക്ക് സൃഷ്ടിച്ച അവഗണന ശങ്കരനെ വല്ലാതെ വേദനിപ്പിച്ചിട്ടുണ്ട്. ആ അവഗണനയെ തോൽപ്പിക്കാൻ എടുത്ത തീരുമാനമായിരിക്കണം. എല്ലാവരുടെയും മുന്നിൽ വരാനും ആദരിക്കപ്പെടാനുമുള്ള ആഗ്രഹം. അതു ഫലവത്താക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു.

ദൈവങ്ങളുടെ ആവാസ കേന്ദ്രവും മന്ത്രവാദത്തിന്റെയും കൂടോത്രത്തിന്റെയും മതപുരോഹിതന്മാരുടെയും ഈറ്റില്ലമായിരുന്ന ഏലംകുളം മനയിലെ ബ്രാഹ്മണ മതവിശ്വാസങ്ങളിൽ നിന്നും പുറത്തുവരാൻ ഇ.എം.എസ്സിനെ സഹായിച്ചത് മാർക്സിസമായിരുന്നു. യുക്തിവാദിയായ എം.സി.ജോസഫ് നടത്തിയ യുക്തിവാദ മാസികയും. ഷൊർണ്ണൂർ

റെയിൽവേ സ്റ്റേഷനിലുള്ള ബുക്ക് സ്റ്റാളിൽ നിന്നും സ്ഥിരമായി വാങ്ങി വായിക്കപ്പെടാറുണ്ടായിരുന്നെന്ന് ഇ.എം.എസ്. ആത്മകഥയിൽ പറയുന്നുണ്ട്.

1985 കാലത്തു കേരളത്തിലെ യുക്തിവാദികൾ സാമ്പത്തിക സമരങ്ങളിൽ താൽപ്പര്യം കാണിക്കാതിരിക്കുകയും സാംസ്കാരിക സമരങ്ങളിൽ സജീവമായിരിക്കുകയും ചെയ്തപ്പോൾ യുക്തിവാദികൾ കേവല യുക്തിവാദമാണ് ചെയ്യുന്നതെന്നു പറഞ്ഞു. ചിന്ത മാസികയിലൂടെ പല ലേഖനങ്ങൾ ഇ.എം.എസ്.എഴുതിയിരുന്നു. ഇതിന് ശക്തമായി മറുപടി ഇടമറുകും പവനനും എഴുതിയിട്ടുണ്ട്.

ഞാൻ അദ്ദേഹത്തിന് ഇങ്ങനെയൊക്കെയാണെങ്കിലും 1973 ലും 1997 ലും ഒന്നു രണ്ടു കത്തുകൾ അയയ്ക്കുകയുണ്ടായി. ഒന്ന് ലേഖനം ആവശ്യപ്പെട്ടും മറ്റൊന്നു പുനഃപ്രസിദ്ധീകരണം തുടങ്ങുന്ന യുക്തിരാജ്യം മാസികക്ക് സന്ദേശം ആവശ്യപ്പെട്ടു. രണ്ടിനും അദ്ദേഹം മറുപടി അയച്ചു. ആ മറുപടികൾ ചുവടെ ചേർക്കുന്നു.


ഇ എം എസ് നമ്പൂതിരിപ്പാട്


15-11-1993

സുഹൃത്തേ,

8-11-1993ലെ കത്തുകിട്ടി. അതിൽ ആവശ്യപ്പെട്ടതു പോലെ ലേഖനം എഴുതിഅയക്കാൻ കഴിയാത്തതിൽ ഖേദിക്കുന്നു.

സ്നേഹപൂർവം

("സുഹൃത്തെ, 8.11.1993 ന്റെ കത്തു കിട്ടി. അതിൽ ആവശ്യപ്പെട്ടതു പോലെ ലേഖനം എഴുതി അയയ്ക്കാൻ കഴിയാത്തതിൽ ഖേദിക്കുന്നു. സ്നേഹപൂർവ്വം ഇ.എം.എസ്.നമ്പൂതിരിപ്പാട് 15.11.1993.")



ഇ. എം. എസ്. നമ്പൂതിരിപ്പാട്

ഏ കെ ജി സെന്റർ
തിരുവനന്തപുരം - 695 034
ഫോൺ : 445731, 445944
റസിഡൻസ് : 453300

08..11..1997

സുഹൃത്തെ,

3.11.'97 ന്റെ കത്തു കിട്ടി. നിങ്ങളുടെ പ്രസിദ്ധീകരണത്തിന് എന്റെ ആശംസകൾ. തൊഴിലാളി-കർഷകാദി ബഹുജനങ്ങൾ വർഗ്ഗാടിസ്ഥാനത്തിൽ നടത്തുന്ന സമരങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമെ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും ജാതി സമ്പ്രദായത്തിനും മതമൗലികവാദങ്ങൾക്കുമെതിരെ പോരാടാൻ കഴിയൂ എന്ന സത്യം ജനങ്ങളോടു പറയാൻ നിങ്ങളുടെ പ്രസിദ്ധീകരണത്തിന് കഴിയട്ടെ എന്നാണ് എന്റെ ആശംസ.

സ്നേഹപൂർവം,

ശ്രീ. ശ്രീനിപട്ടത്താനം

("സുഹൃത്തെ, 3.11.1997 ന്റെ കത്തു കിട്ടി. നിങ്ങളുടെ പ്രസിദ്ധീകരണത്തിന് എന്റെ ആശംസകൾ: തൊഴിലാളി-കർഷക ബഹുജനങ്ങൾ വർഗ്ഗാടിസ്ഥാനത്തിൽ നടത്തുന്ന സമരങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമെ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും ജാതി സമ്പ്രദായത്തിനും മതമൗലികവാദങ്ങൾക്കുമെതിരെ പോരാടാൻ കഴിയൂ എന്ന സത്യം ജനങ്ങളോട് പറയാൻ നിങ്ങളുടെ പ്രസിദ്ധീകരണത്തിന് കഴിയട്ടെ എന്നാണ് എന്റെ ആശംസ.

സ്നേഹപൂർവ്വം

ഇ.എം.എസ്.നമ്പൂതിരിപ്പാട്, 6.11.1997)



# സുകുമാർ അഴീക്കോട്

## സാംസ്കാരിക രാഷ്ട്രീയ വിമർശകൻ

2012 ജനുവരിയിൽ ആ ശബ്ദം നിലച്ചു. ഒറ്റ ആൾ അംഗമായ കേരളത്തിലെ പ്രതിപക്ഷത്തിന്റെ ശബ്ദം. കേരളത്തിന്റെ സാംസ്കാരിക രാഷ്ട്രീയ ജീവിതത്തിന്റെ ജീർണ്ണതകൾക്കെതിരെ പോരാടിയ ശക്തനായ പോരാളിയായിരുന്നു സുകുമാർ അഴീക്കോട്. എന്നും നാലും അഞ്ചും കോളം വാർത്തയുമായി എല്ലാ പത്രങ്ങളും അദ്ദേഹത്തിന്റെ പ്രതികരണം കൊടുക്കുക പതിവായിരുന്നു. ഒരു ദിവസംപോലും പ്രഭാഷണമില്ലാത്ത ദിവസമില്ല. കേരളത്തിന്റെ ഏതെങ്കിലും ഒരു മൂലയിൽ അദ്ദേഹത്തിന് എന്നും സംസാരമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗശൈലി അപാരമാണ്. ഒരു പ്രധാന വിഷയം പറഞ്ഞുവരുമ്പോൾ പെട്ടെന്ന് നിർത്തി ഇടത്തോട്ടു തിരിഞ്ഞു ഒരു ഉപകഥയിലൂടെ പോകും. അതു പറഞ്ഞു കഴിയുമ്പോൾ ഒരു പടക്ക മായിരിക്കും പൊട്ടുക. അതുകഴിഞ്ഞു മുഖ്യവിഷയവുമായി വീണ്ടും മുന്നോട്ടു പോകും. വീണ്ടും മറ്റൊരു ഉപകഥയുമായി വലത്തോട്ടു തിരിഞ്ഞു ഒരു പോക്ക് പോകും. രണ്ടാമത്തെ പടക്കമായിരിക്കും അവിടെ പൊട്ടുക. ഇങ്ങനെ ഹാസ്യവും ചിന്തോദ്ദീപകവുമായ ആ പ്രസംഗം ജനങ്ങളെ ഇളക്കി മറിച്ചു കൈയ്യിലെടുക്കും. പൊക്കം കുറഞ്ഞ കൃശഗാത്രനായ തൂവെള്ള വസ്ത്രധാരിയായ സുകുമാർ അഴീക്കോട് പകരം വെക്കാനില്ലാത്ത ഒരു വ്യക്തിത്വമായിരുന്നു. ഏതു ഭരണകൂടം മാറിവന്നാലും അഴീകോടിന്റെ സ്ഥാനത്തിനു ഒരു മാറ്റവും സംഭവിക്കാറില്ല. ആ സിംഹാസനം എന്നും ഒഴിഞ്ഞു തന്നെ കിടക്കും. അതു അധികാരത്തിന്റെ തണലിൽ നേടിയെടുക്കുന്ന സ്ഥാനമായിരുന്നില്ല. 2004 കാലത്ത് അമൃതാനന്ദമയിയെക്കുറിച്ചുള്ള എന്റെ പുസ്തകവിവാദം കത്തി നിൽക്കുന്ന സമയത്ത് 'മാതാവിന്റെ അനുഗ്രഹം' എന്ന പേരിൽ സുകുമാർ അഴീക്കോട് ഒരു ലേഖനം എഴുതുകയുണ്ടായി. ആ ലേഖനത്തിൽ അദ്ദേഹം എന്നെ ഇങ്ങനെ പരാമർശി

ച്ചിരുന്നു. "മാതാ അമൃതാനന്ദമയിയെക്കുറിച്ചു പല വിശുദ്ധ വസ്തുതകളും പരസ്യപ്പെടുത്തിയ ഒരെഴുത്തുകാരനെതിരെ നടപടിയെടുക്കാൻ നമ്മുടെ മുഖ്യമന്ത്രി അനുവദിച്ചതായും സ്നേഹമയിയുമായ മാതാവ് ഭക്തന്റെ ഈ രോഷപ്രകടനം വേണ്ടെന്ന് പറഞ്ഞില്ല?

ലേഖനം വായിച്ചപ്പോൾ എനിക്ക് അദ്ദേഹത്തെ കാണണമെന്ന് ആഗ്രഹം തോന്നി. അങ്ങനെ ഒരു ദിവസം തൃശ്ശൂർ വിയ്യൂരിലുള്ള അദ്ദേഹത്തിന്റെ വസതിയിൽ ഞാൻ ചെന്നു. കാണുമ്പോൾ അദ്ദേഹത്തിന്റെ കയ്യിൽ പേനയും പേപ്പറും ഉണ്ടായിരുന്നു. അന്ന് വൈകിട്ടത്തെ പ്രഭാഷണത്തിനുള്ള നോട്ട് പുസ്തകത്തിൽ നിന്നും അദ്ദേഹം കുറിച്ചെടുക്കുകയായിരുന്നു. ചെന്ന പാടെ എന്റെ പേരും നാടും വന്ന ഉദ്ദേശ്യവുമെല്ലാം പറഞ്ഞു. തുടർന്ന് ഞങ്ങൾ സംസാരിക്കാനിരുന്നു. പല വിഷയങ്ങളും സംഭാഷണത്തിൽ വന്നിരുന്നു. അദ്ദേഹത്തിന് എന്റെ പുസ്തകത്തെക്കുറിച്ചുള്ള വിവരങ്ങൾ അറിയാൻ അതീവ താൽപ്പര്യം കാണിച്ചു. എന്റെ പുസ്തകത്തിലെ പരമാവധി വിവരങ്ങൾ ഞാനദ്ദേഹത്തോട് പറഞ്ഞു. ഏകദേശം രണ്ടു മണിക്കൂറോളം സംസാരിച്ചു. വാക്കുകളുടെ സരസ്വതി നാവിലൂടെ അനർഗളം പ്രവഹിക്കുന്ന സാഗരഗർജ്ജനക്കാരൻ എന്റെ മുന്നിൽ മണിക്കൂറുകൾ അനുസരണയുള്ള ഒരു കുഞ്ഞിനെപ്പോലെയിരുന്നത് എന്നെ അത്ഭുതപ്പെടുത്തി. സംഭാഷണത്തിന്റെ അവസാനഘട്ടത്തിൽ അദ്ദേഹത്തെക്കുറിച്ചുള്ള എന്റെ ചില അഭിപ്രായങ്ങൾ കൂടി സൂചിപ്പിച്ചു. സാറിനെപ്പോലെ സംസാരിക്കുന്ന ഒരാൾ കൊല്ലത്തുണ്ട്. "ഉടൻ അഴീക്കോട് പറഞ്ഞു. ശരിയാ, ഞാൻ കൊല്ലത്തു ഒരു പ്രഭാഷണത്തിനെത്തിയപ്പോൾ പി.ആർ.ഡി.യിലെ നാസർ എന്നോട് ഇതുപോലെ പറയുകയുണ്ടായി. സാറിനെപ്പോലെ സംസാരിക്കുന്ന ഒരാൾ കൊല്ലത്തുണ്ടെന്നു. അതു ഉമയനല്ലൂർ കുഞ്ഞുപിള്ളയാണെന്ന് ഞാൻ പറയുകയുണ്ടായി.

കുറെനാൾ കഴിഞ്ഞു അഴീക്കോട് വീണ്ടും ആ വിഷയത്തിൽ പ്രശ്നമുണ്ടാക്കി. തുടർന്ന് അദ്ദേഹത്തെ ചിലർ വഴിയിൽ തടയാൻ തുടങ്ങി. ഞാൻ വീണ്ടും അഴീകോടിന്റെ വിയ്യൂരിലുള്ള വീട്ടിൽ ചെന്നു. വീണ്ടും ഞാനൊരു പുസ്തകം അദ്ദേഹത്തിന് സമർപ്പിച്ചു. അദ്ദേഹം പറഞ്ഞു എന്തായാലും ഈ പുസ്തകം കിട്ടിയത് നന്നായി. ഞാനീ പുസ്തകം ഇവിടെ തിരയുകയായിരുന്നു. നിങ്ങൾ മുമ്പ് തന്നത് എവിടെവെച്ചെന്നറിയാൻ വയ്യാതായി. അഴീകോട് അന്ധവിശ്വാസങ്ങൾക്കും മനുഷ്യ ദൈവങ്ങൾക്കുമെതിരെ ശക്തമായി പ്രതികരിച്ചിരുന്നു. അതിന്റെ കാരണം അഴീകോട് ഒരു വാഗ്ഭടാനന്ദന്റെ ശിഷ്യനായതുകൊണ്ടാണ്.

മറ്റൊരു സംസാരമദ്ധ്യേ ഞാനദ്ദേഹത്തോടു പറഞ്ഞു. മാഷ് വിവാഹം കഴിക്കാതിരുന്നതുകൊണ്ടാണ് ഇത്രയും കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞത്. അല്ലെങ്കിൽ ഭാര്യ, മക്കൾ അവരുടെ കാര്യങ്ങൾക്കായി ഒരുപാട് സമയം പോയേനെ അതില്ലാതിരുന്നതുകൊണ്ടാണ് ഇത്രയും കൂടുതൽ കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞത്. ചെല്ലുമ്പോൾ പുരസ്കാരങ്ങൾ നിറഞ്ഞിരിക്കുന്ന അലമാരകൾ നിരന്നിരിക്കുന്ന സ്വീകരണ മുറിയാണ് കാണുന്നത്. അകത്തുനിന്നു അദ്ദേഹം ഇറങ്ങി വുമ്പോൾ ഇത്രയും ഗ്രന്ഥങ്ങൾ എഴുതാനും എത്രയോ യാത്രകൾ നടത്താനും കഴിഞ്ഞത്. അഴീകോട്



അതു സമ്മതിച്ചു. അടുത്തയാഴ്ച നടത്തിയ പ്രസംഗത്തിൽ അഴീകോട് ഈ വിഷയം പരസ്യമായി പറഞ്ഞു. അതും പത്രത്തിൽ വരികയും ചെയ്തു. ഒരു സന്ദർഭത്തിൽ അദ്ദേഹം എന്നോടു പറഞ്ഞു. എന്തായാലും എനിക്ക് പത്രക്കാർ മുഖ്യമന്ത്രിയുടെ സ്പെയ്സ് തരൂ ന്നുണ്ട്. അഞ്ചും ആറും കോളം. പിന്നെന്തുവേണം?

മാഷിനെചുറ്റിപ്പറ്റി നിന്ന ഒരു പ്രണയകഥയുണ്ട്. കഥയിലെ നായിക അഞ്ചക്കാരി വിലാസിനി ടീച്ചർ. പ്രണയത്തിന്റെ ഉച്ചകോടിയിൽ നായികയെ നായകൻ വിവാഹം കഴിക്കാൻ തീരുമാനിച്ചു. അങ്ങനെ ചടങ്ങിനു വേണ്ടി ഏതാനും സുഹൃത്തുക്കളുമായി പെണ്ണു കാണാൻ പോയി. എന്നാൽ വഴി മദ്ധ്യേ എന്തോ സംഭവിച്ചു. മാഷ് ടീച്ചറുടെ വീട്ടിലേക്ക് പോയില്ല. മടങ്ങി പോവുകയായിരുന്നു. എന്നാൽ കാലങ്ങൾ എത്രയോ കടന്നുപോയി. യൗവ്വനത്തിൽ നിന്നും വാർദ്ധക്യത്തിലേക്ക് എത്തിച്ചേർന്നു ഇതിനിടയിൽ ആർക്കെതിരെയും വിമർശനങ്ങൾ തൊടുത്തു വിടുന്നതിനാൽ അഴീക്കോടിന് ശത്രുനിര തന്നെ ഉണ്ട്. അവരിൽ ആരോ ഒരു പക്ഷെ പിന്നിൽ നിന്നിട്ടാണോയെന്തോ ക്രൈം മാസികയുടെ പത്രാധിപർ ആ കഥ ആദ്യമായി തുറന്നു വിട്ടു. വിലാസിനി ടീച്ചറുടെ അഭിമുഖത്തിലൂടെ അതു വെളിയിൽ വന്നു. തെളിവിനുവേണ്ടി മാഷ് ടീച്ചർക്കു എഴുതിയ പ്രണയലേഖനങ്ങൾ പുസ്തക രൂപത്തിൽ പിന്നീട് പുറത്തു വന്നു.


ഏതാനും ദിവസം കഴിഞ്ഞപ്പോൾ ടീച്ചറുടെ അഭിമുഖം വീണ്ടും വന്നു. വന്നപ്പോൾ മാഷ് പറഞ്ഞു. ഇനിയും പറഞ്ഞാൽ ഒരു സ്ത്രീയുടെ സ്വഭാവഹത്യയെക്കുറിച്ചു എനിക്കു പറയേണ്ടി വരും. അതോടെ ടീച്ചർ പിൻവാങ്ങുകയാണ് ചെയ്തത്. എന്നാൽ മരണത്തോടടുക്കുന്ന സന്ദർഭത്തിൽ മാഷിനെ കാണാൻ ടീച്ചർ വന്നു. വന്നിട്ടു പറഞ്ഞു ഞാൻ പൊന്നുപോലെ നോക്കിക്കൊള്ളാം. എന്റെ കൂടെവരുമോ? അഴീക്കോട് തന്റെ സ്വതസിദ്ദമായ ശൈലിയിൽ മറുപടി പറഞ്ഞു. അംഗങ്ങൾ ഛേദിക്കപ്പെട്ടു ശയ്യയിൽ കിടക്കുന്ന വാസവത്തയെ കാണാൻ ഉപഗുപ്തൻ വന്നതുപോലെയായല്ലോ എന്നു മാഷ് പറഞ്ഞു. മാഷ് ടീച്ചറോടൊപ്പം പോയില്ല. ആശുപത്രിയിൽ അവസാനം മരണമടയുകയാണുണ്ടായത്.



# എം.എ.ജോൺ

## രാഷ്ട്രീയ നായകൻ

2011 ആദ്യവാരത്തിൽ ഒരു ദിവസം ഞാൻ എം.എ.ജോണിന് ഫോൺ ചെയ്തു. എന്നിട്ട് പറഞ്ഞു: മകര ജ്യോതിസുമായി ബന്ധപ്പെട്ട് ഒരു യോഗം നടത്തുവാൻ ഉദ്ദേശിക്കുന്നു പങ്കെടുക്കണം. ജോണുടൻ മറുപടി പറഞ്ഞു: "കുറെ നാളുകളായി ഞാൻ യോഗങ്ങളൊക്കെ കുറച്ചിരിക്കയാണ്. യാത്ര ചെയ്യാൻ ബുദ്ധിമുട്ടുണ്ട്. പ്രൈവറ്റ് ബസ്സുകാരന്റെ ഒലച്ചിൽ താങ്ങാൻ കഴിയുന്നില്ല. കോട്ടയം വരെ വരുന്ന കാര്യമാണ് ബുദ്ധിമുട്ട്. എന്റെ ഡ്രൈവർ (ഭാര്യ) ഇപ്പോൾ സ്ഥലത്തില്ല. അവൾ മകളുടെ പ്രസവസംബന്ധമായി അമേരിക്കയിലാണ്. എന്നെ എപ്പോഴും കോട്ടയം വരെ കാറോടിച്ചുകൊണ്ട് വരുന്നതും കൊണ്ടുപോകുന്നതും അവളാണ്." ഇത്രയും പറഞ്ഞിട്ട് എന്നോട് ചോദിച്ചു ' എത്രാം തീയതിയാണ്?' ഞാൻ പറഞ്ഞു. 15-ാം തീയതി ചൊവ്വാഴ്ചയാണ്. അയ്യോ അപ്പോൾ കോട്ടയം വരെ എത്താനൊരു വഴിയുമില്ല, അവധി ദിവസമായിരുന്നെങ്കിൽ ചേട്ടന്റെ മകനെ വിളിച്ചുകൊണ്ട് വരാമായിരുന്നു. ഇത് വർക്കിംഗ് ഡേ അല്ലേ ? ഞാൻ ഉടൻ പറഞ്ഞു. വർക്കിംഗ് ഡേ അല്ല അന്നു നബിദിനമാണ്, അവധിദിവസമാണ്. ജോണുടൻ പറഞ്ഞു. എങ്കിൽ പിന്നെ കുഴപ്പമില്ല, ചേട്ടന്റെ മകനെ കിട്ടും. അവന് ജോലിക്ക് പോകണ്ടല്ലോ. ശരി ഞാൻ വന്നേക്കാം. ഞാനുടൻ പറഞ്ഞു. അല്ല എന്തെങ്കിലും വിഷമമുണ്ടെങ്കിൽ... ....ഓ സാരമില്ല ഞാൻ വരാം. എത്ര മണിക്കാ? ഉച്ചയ്ക്ക് 2 മണി,



ലേഖകനും എം.എ.ജോണും



പെരുവയിൽ എ.സി.വർഗ്ഗീസിന്റെ മകൾ ശശികലയുടെ ജോയലിന്റെയും വിവാഹ ചടങ്ങിൽ

അമ്പാടി ഹോട്ടൽ, ബീച്ച് റോഡ്. എനിക്കറിയാം മുമ്പും വന്നിട്ടുള്ളതാണല്ലോ. എങ്കിൽ ശരി... ശരി ജോണും പറഞ്ഞു. ഫോൺ സംഭാഷണം അവസാനിപ്പിച്ചു.

10-ാം തീയതിക്ക് മുമ്പ് മൂന്നു പ്രാവശ്യം ഞാൻ വിളിച്ചു. മൂന്നാം പ്രാവശ്യം കിട്ടിയപ്പോൾ രണ്ടു പ്രാവശ്യം കിട്ടാത്ത കാര്യം ഞാൻ പറഞ്ഞു. അപ്പോൾ ജോൺ പറഞ്ഞു, പ്രോഗ്രാം നോട്ടീസ് കിട്ടി. ലാന്റ് ഫോണല്ലേ, വീട്ടിൽ നിന്നും പറമ്പിലേക്ക് പോയാൽ പിന്നെ കേൾക്കില്ല. അതുകൊണ്ടാണ്.

14-ാം തീയതി വൈകിട്ട് ഞാൻ വീണ്ടും വിളിച്ചു.ഏത് ട്രയിനിലാണ് വരുന്നതെന്ന് ചോദിച്ചു. രാവിലെ പറയാമെന്നു പറഞ്ഞു. 15 ന് രാവിലെ വീണ്ടും വിളിച്ചു. അപ്പോൾ പറഞ്ഞു ഞാൻ മദ്രാസ്മെയിലിലാണ്. എത്ര മണിക്ക് എത്തണമെന്ന് എന്നോട് തന്നെ ചോദിച്ചു. ഞാൻ പറഞ്ഞു കൊല്ലം റെയിൽവേ സ്റ്റേഷനിൽ 10 മണിയോടെ വരും. ഓഹോ...? ജോൺ മൂളി. ഞങ്ങളവിടെ വെയിറ്റ് ചെയ്യാം അത്രയും പറഞ്ഞ് ഞാൻ ഫോൺ കട്ട് ചെയ്തു.

ഞാനും കൊല്ലം ജില്ലാ പ്രസിഡന്റ് പി.ടി.വർഗ്ഗീസും ജില്ലാ സെക്രട്ടറി പി.ശിവനുമായി റെയിൽവേ സ്റ്റേഷനിൽ ചെന്നു. ട്രെയിൻ കൃത്യനേരത്ത് തന്നെ വന്നു. എല്ലാവരും ഇറങ്ങി വെളിയിലേക്ക് വരുമ്പോൾ അതാ പിന്നിൽ നിന്നും ജോൺ വരുന്നു. ഞങ്ങൾ കൈപൊക്കി കാണിച്ചു. അടുത്തു വന്നപ്പോൾ ഞങ്ങളദ്ദേഹത്തെ സ്വീകരിച്ചു. റെയിൽവേ സ്റ്റേഷനു വെളിയിലിറങ്ങി വെജിറ്റേറിയൻ റെസ്റ്റോറന്റിലേക്ക് പോയി. മുമ്പ് കൊല്ലത്തു വന്നപ്പോഴും ആ കടയിലാണ് കയറിയിട്ടുള്ളത്. ജോൺ

ഇഡ്ഡലിയും ചമ്മന്തിയും കഴിച്ചു. നീണ്ട കാലമായി ഞാൻ വെജിറ്റേറിയനാണെന്ന് അദ്ദേഹം അപ്പോൾ പറയുകയും ചെയ്തു.

കാപ്പികുടി കഴിഞ്ഞ് ഞങ്ങൾ നേരേ ശിവന്റെ വീട്ടിലേക്ക് പോയി. തേവള്ളിയിലുള്ള ജി.ഒ.ക്വാർട്ടേഴ്സിലാണ് ശിവൻ താമസിക്കുന്നത്. ഞങ്ങൾ ക്വാർട്ടേഴ്സിൽ ചെന്നപ്പോൾ ശിവന്റെ പത്നി നീതുവും രണ്ടു വയസ്സുള്ള മകൻ പ്രിൻസും ചേർന്നു ഞങ്ങളെ സ്വീകരിച്ചു. ഞങ്ങൾ വർത്തമാനം പറഞ്ഞു തുടങ്ങി. ഇതിനിടയിൽ പി. ടി.വർഗ്ഗീസ് ജോണിനോടു പറഞ്ഞു, ഇദ്ദേഹത്തിന്റെ റിസൾട്ട് അറിഞ്ഞതേയുള്ളു.ബി.എഡ്ഡിന് ഫസ്റ്റ് ക്ലാസുണ്ട്. ഇദ്ദേഹം ചെലവു ചെയ്യേണ്ടതാണ്. ജോണുടൻ പറഞ്ഞു ചെലവ് നമ്മളല്ലേ അദ്ദേഹത്തിനു ചെയ്യേണ്ടത്. അദ്ദേഹമല്ലേ കഷ്ടപ്പെട്ട് പഠിച്ച് ഫസ്റ്റ് ക്ലാസ് നേടിയത്. ഇതിനിടയിൽ നീതു പറഞ്ഞു, സർ ഞാൻ അടുക്കളയിലേക്ക് പോവുകയാണ്. അരി വെളുപ്പുവേണോ ചുവപ്പു വേണോ? ചുവന്ന അരിയ്ണെനിക്കിഷ്ടം, ജോൺ പറഞ്ഞു.

ഇടയ്ക്ക് ഞാൻ അദ്ദേഹത്തോട് ഒരഭ്യർത്ഥന നടത്തി. കുറെ നാളായി ഒരു കാര്യം പറയണമെന്ന് വിചാരിക്കുകയാണ്. അങ്ങ് ഒരു കാലഘട്ടത്തിൽ യുക്തിവാദി സംഘത്തിന്റെ വിവിധ യോഗങ്ങളിൽ വിവിധ സ്ഥലങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. യുക്തിവാദവുമായി ബന്ധപ്പെട്ട ആ സ്മരണകൾ യുക്തിരാജ്യത്തിനുവേണ്ടി എഴുതിത്തരണം. അദ്ദേഹം പറഞ്ഞു, എന്നും ഒരു ദിവസം തന്നെ ഒന്നും രണ്ടും മൂന്നും യോഗങ്ങളിൽ ഞങ്ങൾ അന്ന് പങ്കെടുക്കുമായിരുന്നു. ഇടമറുകും ഞാനും പല യോഗങ്ങൾക്ക് ഒരുമിച്ച് പോയിട്ടുണ്ട്. എനിക്ക് എഴുതാൻ പറ്റില്ല, ശ്രീനി എഴുതിഎടുത്തോണം. ഞാൻ സമ്മതിച്ചു.

ഇതിനിടയിൽ ഒന്ന് രണ്ട് പ്രധാന ഓർമ്മകൾ അദ്ദേഹത്തിന്റെ മനസ്സിലേക്ക് കടന്നുവന്നു. അത് അദ്ദേഹം പറയുകയുണ്ടായി. ഒരിക്കൽ സോളി ഇടമറുക് കുട്ടിയായിരുന്ന സനൽ ഇടമറുകിനേയും കൂട്ടി വീട്ടിലേക്ക് വന്നു. എന്നിട്ടു പറഞ്ഞു, ജോണേ, എല്ലാവരും എന്നെ കൈയ്യൊഴിഞ്ഞിരിക്കുകയാണ്. ഇടമറുകിന് ആരും ജാമ്യം കൊടുക്കുന്നില്ല. ഇടമറുകിനെ ജയിലിൽ നിന്നും മോചിപ്പിക്കണം. ഇടമറുകിനെ അന്നും ആരും ജാമ്യത്തിലിറക്കാൻ ചെല്ലാതിരുന്നത് ഇടമറുക് നക്സലൈറ്റ് ആണെന്നു പറഞ്ഞാണ്, അറസ്റ്റ് ചെയ്തിര്ക്കുന്നത്. ആരെങ്കിലും ജാമ്യത്തിലിറക്കാൻ ചെന്നാൽ ചെല്ലുന്നാളും അകത്താവും. എന്തുകൊണ്ടാണ് ആരും അതിന് ധൈര്യം കാണിക്കാതിരുന്നത്. കാലം അടിയന്തരാവസ്ഥ. ആഭ്യന്തര മന്ത്രി കരുണാകരനും. എന്തായാലും ഞാൻ അവർക്ക് സമ്മതം കൊടുത്തു. അപ്രകാരം ജയിലിൽ ചെന്ന് ഇടമറുകിന് ജാമ്യം കൊടുക്കുകയും ഇടമറുകിനെ വിമോചിപ്പിക്കുകയും ചെയ്തു. പക്ഷേ എന്നെ പോലീസ് അറസ്റ്റ് ചെയ്യാതിരുന്നത് ആഭ്യന്തര മന്ത്രി സാക്ഷാൽ കരുണാകരനായതുകൊണ്ടാണ്. കരുണാകരന് എന്നെ നല്ലതുപോലെ അറിയാം, ഞാൻ നക്സലൈറ്റ് അല്ലെന്ന്.

പറഞ്ഞു നിർത്തിയപ്പോൾ നീതു അടുക്കളയിൽ നിന്നും വെളിയിലേക്കു വന്നു. നീതുവിനെ കണ്ടപ്പോൾ ജോൺ പറഞ്ഞു, ബുദ്ധിമുട്ടാവ

ത്തില്ലെങ്കിൽ പച്ചക്കറി തയാറാക്കി തന്നാൽ കൊള്ളാം. കാരറ്റ്,ബീറ്റ്റൂട്ട്, ക്.ബേജ്,വെള്ളരി,ത,ക്കാളി,തേങ്ങ, ഇവ തിരുമ്മി ചോറിനോടൊപ്പം തന്നാൽ മതി. നെയ്യ്,അച്ചാറ് ഒന്നും ഞാൻ ഉപയോഗിക്കില്ല. അരി ഒരു നേരം മാത്രമേ കഴിക്കൂ. ഏറെക്കാലമായി പ്രകൃതി ജീവനമാണ്. ശരി യാക്കാം സർ, നീതു പറഞ്ഞു.

സംഭാഷണ മദ്ധ്യേ ജോണിനൊരു ഫോൺ വന്നു. ജോൺ ഫോൺ അറ്റന്റ് ചെയ്തു. ഇൻഡ്യാവിഷനിൽ നിന്ന്.....മുരളിയെക്കുറിച്ച് എന്താണ് താങ്കളുടെ അഭിപ്രായം. ജോണിന് പെട്ടെന്ന് ദേഷ്യം വന്നു. ജോൺ അവരോടു പറഞ്ഞു, ഓർക്കാപ്പുറത്തിരിക്കുമ്പോൾ എന്താണതിന്റെ അഭി പ്രായം എന്നു ചോദിച്ചാൽ ഉചിതമായ മറുപടി പറാൻ കഴിയുകയില്ല. നിങ്ങൾ നേരത്തേ ചോദ്യം തരാറില്ലല്ലോ. നിങ്ങളുടെ സ്ഥിരം പരിപാടി യല്ലേ.ഞങ്ങൾക്കതുകൊണ്ട് ഒരു കാര്യത്തെക്കുറിച്ച് രണ്ടും മൂന്നും പ്രാവശ്യം പറയേണ്ടിവരുന്നു. ചാനലുകാരൻ ഫോൺ കട്ടു ചെയ്തു.

പെട്ടെന്നു ടിവിക്കു എതിരെ ഇരുന്ന ഞങ്ങൾ ടിവിക്കു അഭിമുഖമായി രുന്നു. അപ്പോഴാണ് മുരളിയുടെ പ്രവേശനത്തെക്കുറിച്ച് ഓരോരുത്തരുടെ പ്രതികരണം വരുന്നത് കാണുന്നത്. എല്ലാം കഴിഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു,

ഈ പ്രതികരണത്തിനാണ് എന്നെയും വിളിച്ചത്. അല്പം കഴിഞ്ഞ പ്പോൾ ഞാൻ പറഞ്ഞു വന്ന നമ്പരിലേക്ക് ഒന്നു വിളിച്ചാലോ, ജോൺ ഉടൻ പറഞ്ഞു, ഏയ്, ഞാൻ വിളിക്കില്ല, അവർക്ക് എന്നെ വേണമെ ങ്കിൽ വിളിച്ചാൽ മതി.ഞാനവരെ വിളിക്കാറില്ല.

വീണ്ടും സംഭാഷണം തുടർന്നു. ജോൺ അപ്പോൾ പറഞ്ഞു. ആ ഘട്ടത്തിൽ ഞാൻ യുക്തിവാദി സംഘം പ്രവർത്തനം നിർത്തി പിരിഞ്ഞു പോവുകയുണ്ടായി. അതിനു കാരണം സംഘത്തിലെ ചിലരുടെ പ്രവർത്തനം എന്നെ വിരക്തനാക്കി. നിങ്ങളുടെ പ്രവർത്തനം ഇങ്ങനെ യാണെങ്കിൽ ഇനിമുതൽ ഞാനില്ലെന്ന് മഹാരാജാസിൽ വെച്ച് നടന്ന സമ്മേളനത്തിൽ പറഞ്ഞിട്ട് ഇറങ്ങിപ്പോയെന്ന് ജോൺ പറഞ്ഞു.

ഒരിടവേളയ്ക്കുശേഷം ജോൺ യുക്തിവാദസംഘത്തിൽ വീണ്ടും സജീവമായി. സംഘം പ്രവർത്തകർ പല ഭാഗത്തു നിന്നും അദ്ദേഹത്തെ മീറ്റിംഗിനു വന്നു ക്ഷണിച്ചിട്ടുണ്ട്, എല്ലാ മീറ്റിംഗിനും അദ്ദേഹം പങ്കെടു ത്തിട്ടുണ്ട്.

പെട്ടെന്നൊരു ഫോൺ വീണ്ടും വന്നു. ജോൺ ഫോണെടുത്ത് ചെവി യിൽ വെച്ചു. മറ്റേ തലയ്ക്കൽ നിന്നുള്ള സ്വരം, സർ ഇതു ഭാസ്ക്കരനാ ണ്. ങാ, ഭാസ്ക്കരാ എന്തുണ്ട് വിശേഷം, ഇങ്ങോട്ട് വരുന്നോ, ഇല്ല ഉച്ചയ്ക്ക് 2 മണിക്ക് അമ്പാടിയിൽ വന്ന് കണ്ടോളാം. ശരി. ജോൺ ഫോൺ താഴ്ത്തിവച്ചു. ഭാസ്ക്കരൻ ജോണിന്റെ ഒരു പഴയ പരിവർത്തനവാദി സഹപ്രവർത്തകനായിരുന്നു.

ജോൺ വീണ്ടും പറഞ്ഞു തുടങ്ങി. അടുത്ത കാലത്തായി എന്തോ ഒരു ബലഹീനത അനുഭവപ്പെടുന്നുണ്ട്. എനിക്കിങ്ങനെയൊക്കെ വരു മെന്ന് ഒരിക്കലും ഞാൻ വിശ്വസിച്ചിരുന്നില്ല. ഞാൻ നല്ലതുപോലെ കൃഷി

ജോലികളിൽ ഏർപ്പെടുന്നുണ്ടായിരുന്നു. പൊതുവെ സാമ്പത്തിക പ്രശ്നങ്ങളുണ്ട്. പഴയതുപോലെ കൃഷിയിൽ നിന്നുള്ള വരുമാനം ഇപ്പോൾ ഇല്ല.

ഇടയ്ക്ക് പി.ടി.വർഗ്ഗീസ് വീട്ടിലേക്കുപോയി. ക്യാമറയുമായി തിരിച്ചുവന്നു. ഞങ്ങൾ ജോണിനോടോപ്പമിരുന്നും ഒറ്റയ്ക്കിരുന്നും ഫോട്ടോകളെടുത്തു. തുടർന്ന് എനിക്ക് അത്യാവശ്യമായി മീറ്റിംഗ് സ്ഥലത്തു ചെല്ലേണ്ടി വന്നതിനാൽ ഇറങ്ങുകയും പിന്നീട് ഉച്ചയൂണും കഴിഞ്ഞ് ഒന്നരയോടെ വർഗ്ഗീസിനും ശിവനോടുമൊപ്പം മീറ്റിംഗ് സ്ഥലത്ത് എത്തുകയും ചെയ്തു.

മകരവിളക്കിന്റെ പിന്നാമ്പുറം എന്ന സെമിനാറിൽ മുൻ പി.എസ്.സി. ചെയർമാൻ എം.ഗംഗാധരക്കുറുപ്പ്, ഡോ.രാമാനുജൻ, ശാസ്ത്രജ്ഞൻ, ഡോ.പി.രാഘവൻ എന്നിവർ സംസാരിക്കാൻ ഉണ്ടായിരുന്നു. സെമിനാർ ഉദ്ഘാടനം ചെയ്തത് എം.എ.ജോണായിരുന്നു. ജോണിന്റെ നയം വ്യക്തമാക്കുന്നതായിരുന്നു ആ പ്രസംഗം. കത്തോലിക്കാ സഭയുടെ കപടമുഖം തുറന്നുകാണിക്കുന്ന ഉജ്ജ്വലമായ ഒരു പ്രസംഗമായിരുന്നു അത്. മുക്കാൽ മണിക്കൂറോളം ഒരു തളർച്ചയുമില്ലാതെ സ്ഥിരം ശൈലിയിൽ ശാന്തഗംഭീരമായി ജോൺ അന്ന് സംസാരിച്ചു. യോഗം കഴിഞ്ഞിറങ്ങുമ്പോൾ ഞാനൊരു യാത്രപ്പടി ജോണിന് കൊടുത്തു. ജോൺ അതു സ്വീകരിക്കുകയും 6.30 നുള്ള ട്രെയിനിൽ പുറപ്പെടുകയും ചെയ്തു. അടുത്ത ദിവസങ്ങളിൽ തന്നെ എം.എ.ജോൺ മരിച്ചു എന്ന വാർത്ത ഏതോ ചാനലിൽ എഴുതിക്കാണിക്കുന്നതായി ആരോ ഫോണിൽ എന്നോട് വിളിച്ചു പറഞ്ഞപ്പോൾ അക്ഷരാർത്ഥത്തിൽ ഞാൻ ഷോക്കായിപ്പോയി. പിന്നീടുള്ള വാർത്തകളിൽ നിന്നും വിവരങ്ങൾ പൂർണമായും മനസ്സിലാക്കി.

സംസ്കാരത്തിന്റന്നു രാവിലെ 10 മണിക്കുതന്നെ ഞങ്ങൾ അവിടെ ച്ചെന്നു. വീട്ടിനുള്ളിൽ ബന്ധുക്കളുടെ മുന്നിൽ കണ്ണാടിപ്പെട്ടിയിൽ ജോൺ കണ്ണടച്ചു കിടക്കുന്നു. മുഖത്ത് ഒരു മങ്ങലുമില്ല. നല്ല തെളിച്ചം. ഒരു ക്ഷീണവുമില്ല. ഉറങ്ങിക്കിടക്കുകയാണെന്നേ തോന്നൂ. രാവിലെ മുതൽ അവിടെ കേരളത്തിലെ പ്രധാന കോൺഗ്രസ്സ് പ്രവർത്തകരെക്കൊണ്ടും ബന്ധുമിത്രാദികളെക്കൊണ്ടും മുറ്റം നിറഞ്ഞിരുന്നു. ആൾക്കാരുടെ വരവ് അനിയന്ത്രിതമായി വളർന്നുകൊണ്ടിരുന്നു. ഞങ്ങൾ യുക്തിവാദികൾ, പ്രധാന പ്രവർത്തകരെല്ലാം അവിടെച്ചെന്നു ജോണിന് അന്ത്യോപചാരം അർപ്പിച്ചു. ഞങ്ങൾ അമ്പതോളംപേർ കിഴക്കുവശത്ത് തമ്പടിച്ചു.ളോഹയിട്ട പുരോഹിതന്മാർ അവിടെ വന്നും പോയുമിരുന്നെങ്കിലും ആരും പ്രാർത്ഥന നടത്താൻ തയ്യാറായില്ല.

ജോൺ തന്നെ നേരത്തെ മക്കളോട് പറഞ്ഞിരുന്നു, മുറ്റത്തെ ഇലഞ്ഞിമരത്തിന്റെ ചുവട്ടിൽ മരിച്ചാൽ അടക്കണമെന്ന്. അന്ത്യാഭിലാഷം മക്കൾ നിറവേറ്റി. അതിനായി പത്തടി ആഴത്തിൽ കുഴിയെടുത്തുകെട്ടിയ കല്ലറ ഒരു പന്തലിനുള്ളിൽ നേരത്തേ ജോണിനെ സ്വീകരിക്കാനായി ഒരുങ്ങിക്കിടന്നിരുന്നു.

നാലുമണിക്കുതന്നെ അടക്കം ചെയ്യുമെന്ന അറിവോടെ എല്ലാവരും

ശ്വാസമടക്കി പിടിച്ചു കാത്തു നിൽക്കുമ്പോൾ അപ്രതീക്ഷിതമെന്നേ പറയേണ്ടു ആകാശത്തിന്റെ മുഖം ഇരുണ്ടു. ആകാശത്തിന്റെ കണ്ണുകളിൽ നിന്നും കണ്ണുനീർത്തുള്ളികൾ അണപൊട്ടിയൊഴുകി. ഇടയ്ക്ക് ആകാശത്തുനിന്നും അരണ്ട ശബ്ദത്തിൽ ആചാര വെടിക്കെട്ട് ഉയർന്നു. കൃത്യം നാലു മണിയായപ്പോൾ ഇൻഡ്യൻ നാഷനൽ കോൺഗ്രസ്സിന്റെ പ്രിയ പുത്രൻ ഒരു കോൺഗ്രസ്സുകാരനല്ലാതെ മരിച്ചവസാനിക്കുന്ന മുഹൂർത്തത്തിൽ രമേശ് ചെന്നിത്തല ജോണിന്റെ പ്രിയ പത്നിയോട് ചോദിച്ചു, ജോണിന് കോൺഗ്രസിലേക്ക് മടങ്ങിവരണമെന്നാഗ്രഹമുണ്ടായിരുന്നോ? അവർ പറഞ്ഞു,ഉണ്ടായിരുന്നു. ജോൺ കോൺഗ്രസ്സിനെ നിയന്ത്രിച്ചിരുന്ന കാലത്തു വള്ളി നിക്കറിട്ടു നടന്നിരുന്നവരും മുറുക്കാൻ മേടിക്കാൻ നടന്നവരും പിന്നീട് കെ.പി.സി.സി.പ്രസിഡന്റായപ്പോൾ ജോണിനെ തിരിച്ചെടുക്കാൻ തയ്യാറായില്ല.

മരണാനന്തര ബഹുമതിയായി ജോണിന് അത് തിരിച്ചു കിട്ടി. ജോണിന്റെ മേലിൽ ചർക്കയുടെ അടയാളമുള്ള കോണഗ്രസ്സിന്റെ പതാക പുതപ്പിച്ചു. ജോൺ കോൺഗ്രസ്സുകാരനായിത്തന്നെ വിടവാങ്ങി.വെറുതെയൊരു കോൺഗ്രസ്സുകാരനായിട്ടല്ല, ജാതി മത രാഷ്ട്രീയത്തെ വെല്ലുവിളിച്ച് വിജയിച്ച ഒരു മതേതര രാഷ്ട്രീയ പ്രവർത്തകനായി, മതത്തോടും മതരാഷ്ട്രീയത്തോടും സന്ധി ചെയ്യാത്ത യുക്തിവാദി ആയിരുന്നു എം. എ.ജോൺ. അവിശ്വാസിയായ ഇഷ്ടപ്പെട്ട ഒരു യുവതിയെ കണ്ടെത്താനുള്ള ശ്രമമായിരുന്നു ജോണിന്റെ വിവാഹം വൈകാൻ കാരണം. അവസാനം വിവാഹം നടക്കേണ്ടത് ആവശ്യമായി വന്നതിനാൽ നാല്പത്തിമൂന്നാമത്തെ വയസ്സിൽ ലൂസിയെ വിവാഹം കഴിക്കുകയായിരുന്നു. സാധാരണ പെണ്ണിന്റെ വീട്ടിലോ പള്ളിയിലോ വച്ചു നടക്കേണ്ട വിവാഹത്തിനു പകരം മതമില്ലാത്ത സ്വന്തം വീടിന്റെ തിരുമുറ്റത്തു വെച്ച് സ്പെഷ്യൽ മാര്യേജ് ആക്ട് പ്രകാരം വിവാഹം ചെയ്തു. രണ്ടു പെൺമക്കളേയും

മരണാനന്തരവും മതത്തോട് സന്ധി ചെയ്തില്ല. മക്കളുടെ സ്കൂൾ രജിസ്റ്ററിൽ മതം ഇല്ലെന്ന് രേഖപ്പെടുത്തുകയും അന്യസമുദായത്തിലേക്ക് സമുദായം നോക്കാതെ വിവാഹം ചെയ്ത് അയക്കുകയും ചെയ്തു. കോൺഗ്രസ് രാഷട്രീയത്തിൽ ജവഹർലാൽ നെഹ്റുവിനു ശേഷം നിരീശ്വരതയും യുക്തിവാദവും ഉയർത്തിപ്പിടിച്ച മറ്റൊരാളില്ല. മതം രോഗമാണെന്നും വർഗ്ഗീയത രോഗലക്ഷണമാണെന്നും പച്ചയായി പറഞ്ഞ മറ്റേതൊരു നേതാവുണ്ട് നമ്മുടെ രാഷ്ട്രീയത്തിൽ! ഒരിക്കൽ കെ.പി.സി. സി.യിൽ ദേവസ്വം ബോർഡ് രൂപീകരണ ചർച്ച വന്നപ്പോൾ കത്തോലിക്കാ സഭയുടെ പണം കൂടി സർക്കാരിൽ വരണമെന്നും അതിനുവേണ്ടി 'പള്ളിസ്വം' കൂടി രൂപീകരിക്കണമെന്ന് പറഞ്ഞത് വിവാദമായി. അതുപോലെ കേരള കോൺഗ്രസ്സും കോൺഗ്രസ്സും തമ്മിൽ ബാന്ധവമുണ്ടായപ്പോൾ ജോൺ അതിനെ എതിർത്തു. വിമോചന സമരകാലത്ത് ജോൺ ജാതിമത കക്ഷികൾക്ക് എതിരായിരുന്നു.

1971-ൽ ജോണിന്റെ നേതൃത്വത്തിൽ രൂപംകൊണ്ട സ്വതന്ത്ര തൊഴിലാളി യൂണിയനും ജോണിന്റെ ബന്ധുക്കളായ ഭൂവുടമകളും തമ്മിലുണ്ടായ സംഘട്ടനത്തിൽ കുഞ്ഞുമോൻ എന്ന തൊഴിലാളി മരണപ്പെട്ട

പ്പോൾ വിശ്വാസിയായിരുന്നിട്ടും കുഞ്ഞുമോനെ പള്ളിക്കാർ അടക്കം ചെയ്യാൻ സമ്മതിച്ചില്ല. ഈ സന്ദർഭത്തിൽ അവിശ്വാസിയായ ജോൺ തന്റെ വസ്തുവിൽ സംസ്കരിക്കുന്നതിന് ഭൂമി ദാനം ചെയ്തുകൊണ്ട് പള്ളിയെ വെല്ലുവിളിച്ചു.

**ജോൺ അമൃതാനന്ദമയിക്കെതിരെ**

'മാതാ അമൃതാനന്ദമയി ദിവ്യകഥകളും യാഥാർത്ഥ്യവും' എന്ന പുസ്തകം എഴുതിയതിന്, എന്നെ പ്രോസിക്യൂട്ട് ചെയ്യണമെന്ന അമൃതാനന്ദമയിയുടെ ആവശ്യം ആന്റണി സർക്കാർ അംഗീകരിച്ചപ്പോൾ എം.എ.ജോൺ രംഗത്തുവന്നു പറഞ്ഞു: "ഒരു മതത്തെയും നിന്ദിക്കാൻ ശ്രീനി ശ്രമിച്ചിട്ടില്ല. അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും കുടുങ്ങി തെറ്റുകുറ്റങ്ങളിൽപ്പെട്ടു പോകാതെ സമൂഹത്തിനു വെളിച്ചം പകർന്നു കൊടുക്കുന്ന ഉദ്ദേശ ശുദ്ധിയുള്ള സത്യസന്ധമായ ഒരു ശ്രമമാണ് ശ്രീനി പട്ടത്താനം പുസ്തകരചനയിലൂടെ നടത്തിയത്. മാതാ അമൃതാനന്ദമയി ഒരു മതവും സ്ഥാപിച്ചിട്ടില്ലാത്ത സ്ഥിതിക്ക് മതനിന്ദാകുറ്റം സാധൂകരിക്കപ്പെടുന്നില്ല. മാത്രമല്ല ഇന്ത്യൻ ഭരണഘടന ഉറപ്പു നല്കുന്ന ശാസ്ത്രബോധവും സ്വതന്ത്രചിന്തയും പ്രചരിപ്പിക്കാനുള്ള ഒരു പൗരന്റെ മൗലികാവകാശം മാത്രമേ ശ്രീനി ചെയ്തിട്ടുള്ളു. ഇത് ആവിഷ്കാര സ്വാതന്ത്ര്യത്തിലേക്കുള്ള ഭരണകൂടത്തിന്റെ കടന്നാക്രമണമാണെന്നും സമൂഹത്തെ മതപീഡന കാലത്തേക്കു തിരിച്ചുകൊണ്ടു പോകാനുള്ള നീക്കത്തിൽനിന്ന് ഭരണകൂടം പിൻതിരിയണമെന്നും പ്രോസിക്യൂഷൻ നടപടികൾ അവസാനിപ്പിക്കണം" എന്നും കേരള സർക്കാരിനോട് ജോൺ ആവശ്യപ്പെട്ടു. എന്നും യുക്തിവാദിയായിരിക്കുകയും യുക്തിവാദ ജീവിതം പ്രാവർത്തികമാക്കുകയും യുക്തിവാദത്തിന് പ്രചാരം നൽകുകയും രാഷ്ട്രീയത്തിൽ യുക്തിവാദം നടപ്പിലാക്കുകയും ചെയ്ത എം.എ.ജോണിന്റെ വേർപാട് ഒരു നഷ്ടം തന്നെയാണ്. മതങ്ങൾക്കതീതമായി മാനവികത ഉയർത്തിപ്പിടിച്ച ജോണിന് ആദരവിന്റെ പൂക്കൾ.



# തിലകൻ

## നാട്യകലയുടെ പെരുന്തച്ചൻ

2008-ലെ യുക്തിവാദി എം.സി.ജോസഫ് അവാർഡ് തിലകനു കൊടുക്കാൻ പ്രൊഫ.എം.കെ.സാനു, ഡോ.കെ.എസ്.ഡേവിഡ്, കെ.എം. റോയി, ജോൺസൺ ഐരൂർ, കെ.കെ.അബ്ദുൽഅലി, ഈ ലേഖകൻ എന്നിവരടങ്ങിയ അവാർഡ് കമ്മിറ്റി തീരുമാനിച്ചു.

അതിനു ഞങ്ങളെ പ്രേരിപ്പിച്ച ഘടകം അന്ധവിശ്വാസങ്ങളുടെ കൂടാരമായ സിനിമാ മേഖലയിൽ പൂജാദി കർമ്മങ്ങളോട് നിസ്സഹകരിക്കുകയും, ദൈവത്തെ പരസ്യമായി നിഷേധിക്കുകയും നാട്യകലയെ മതത്തിൽ നിന്ന് വേർതിരിച്ചു കാണുകയും ചെയ്യുന്ന ഒരാൾ എന്ന നിലയിലാണ്.

പത്ര-ദൃശ്യ മാധ്യമങ്ങളിൽ ഇക്കാര്യത്തിലുള്ള അദ്ദേഹത്തിന്റെ അടിയുറച്ച വിശ്വാസവും വെളിപ്പെടുത്തലുകളും ഞങ്ങൾക്ക് ആവശ്യമായ പ്രചോദനമായി.

ഒരിക്കൽ ഒരു പത്രപ്രവർത്തകൻ തിലകനോട് ചോദിച്ചു:

"താങ്കൾ 'എന്റെ മാമാട്ടിക്കുട്ടിയമ്മ' റിലീസായ സമയത്ത് ഓടിച്ചിരുന്ന കാർ ഫാസ്റ്റ് പാസഞ്ചറുമായി കൂട്ടിയിടിച്ചു. ആലപ്പുഴ മെഡിക്കൽ കോളേജിന് മുമ്പിലായതുകൊണ്ട് രക്ഷപ്പെട്ടു. മൂന്നര ദിവസം ബോധമില്ലായിരുന്നു. 1987-ൽ ചാലക്കുടിയിൽ വെച്ച് ഓടിച്ചിരുന്ന കാർ ലോറിയിലിടിച്ചപ്പോൾ റോഡിലേക്ക് തെറിച്ചു വീണു. ലോറിയുടെ കീഴിലാണ് വീണത്. ഡീസൽ ടാങ്കിൽ പിടിച്ചു തൂങ്ങിക്കിടന്നില്ലായിരുന്നുവെങ്കിൽ ശരീരത്തിൽ ലോറി കയറിയിറങ്ങുമായിരുന്നു. 1992 ൽ ചെന്നൈയിൽ ബൈപാസ് ശസ്ത്രക്രിയയ്ക്ക് വിധേയനായപ്പോഴും മരണത്തെ മുഖാമുഖം കണ്ടു. 1999 ൽ രക്തത്തിൽ യൂറിയയുടെ അളവ് കൂടിയതിനെ തുടർന്ന് അബോധാവസ്ഥയിൽ എട്ടു ദിവസം ആശുപത്രിയിൽ കിടന്നു.




ഈ നാല് സന്ദർഭങ്ങളിലും താങ്കൾ ഒരിക്കൽപോലും ദൈവത്തെ വിളിച്ചില്ലേ?"

അപ്പോൾ അദ്ദേഹം അതിന് പറഞ്ഞ മറുപടി ഇങ്ങനെയായിരുന്നു.

"ഇല്ല. അദൃശ്യശക്തി എന്നു പറയുന്നത് മനസ്സാണ്. എല്ലാവരും അതിനെ ദൈവമെന്നു വിളിക്കുന്നു. എനിക്കതിനു കഴിയില്ല. ദൈവത്തിനു മുന്നിൽ കള്ളത്തരം ആകാം. പക്ഷെ മനസ്സാക്ഷിക്കുമുന്നിൽ പറ്റില്ല. എന്റെ കുട്ടിക്കാലത്ത് ദൈവമെന്നും ഈശ്വരനെന്നുമേ പറഞ്ഞിരുന്നുള്ളു. ഇപ്പോൾ ചിലരൊക്കെ ദൈവങ്ങളെ, ഈശ്വരന്മാരെ എന്നൊക്കെ വിളിച്ചു തുടങ്ങിയിട്ടുണ്ട്. വല്യച്ഛന്റെ നിർബന്ധം മൂലം 8 വയസ്സുവരെ ഞാൻ പ്രാർത്ഥിച്ചിട്ടുണ്ട്. പ്രതിസന്ധി ഘട്ടങ്ങളിൽ രക്ഷപ്പെടുത്തണമെന്നു ഈശ്വരനോട് പ്രാർത്ഥിച്ചിട്ടേയില്ല. 'അമ്മ'യുടെ ജനറൽ ബോഡിയിൽ തുറന്നു പറഞ്ഞു. 'എന്നെ പാരവെച്ചാൽ നിങ്ങളുടെ ദൈവം നിങ്ങളെ ശിക്ഷിക്കുമെന്ന്.

ഈശ്വര വിശ്വാസിയല്ലാത്ത എനിക്കായി മൂകാംബികയിലും കാടാമ്പുഴയിലും നേർച്ചകൾ. മലയാറ്റൂർ പള്ളിയിൽ പ്രാർത്ഥന. ആത്മാർത്ഥ ഹൃദയങ്ങളിലെ സ്നേഹത്തിന്റെ ആഴം ഞാനറിഞ്ഞു. ഒരിക്കൽപോലും നേരിൽ കണ്ടിട്ടില്ലാത്തവർ കൊറിയറിൽ അയച്ചുതന്ന നേർച്ച സാധനങ്ങളിൽ ആയിരങ്ങളുടെ മഹാശക്തിയുണ്ടായിരുന്നു."

ഈ ധാരണയോടെ, നേരത്തേ സമ്മതിച്ചിരുന്ന പ്രകാരം ഞാൻ തിരുവനന്തപുരം പി.ആർ.എസ്.കോർട്ടിലെ തിലകന്റെ ഫ്ളാറ്റിലേക്ക് ഉച്ചയ്ക്ക് 2 മണിയോടെ ചെന്നു. കാളിംഗ് ബെല്ലമർത്തി. ഏതാനും നിമിഷം കഴിഞ്ഞപ്പോൾ കതക് തുറന്ന് ഒരു സ്ത്രീ വന്നു. കയറിയിരിക്കാൻ പറഞ്ഞു. കയറിയിരുന്നു. മുമ്പിലിരിക്കുന്ന ഷെൽഫിൽ കുറെയേറെ പുരസ്കാരങ്ങൾ. ഒരു നിമിഷം നോക്കിയിരിക്കെ ഡ്രസ് ചെയ്ത് ടിപ്ടോപ്പിൽ തിലകൻ അകത്തുനിന്നും സ്വീകരണമുറിയിലേക്ക് ഇറങ്ങി വന്നു. ഞാനെഴുന്നേറ്റു തൊഴുതു. അദ്ദേഹം തിരിച്ചും. എന്നോട് ഇരിക്കാൻ പറഞ്ഞു.

ഞാനിരുന്നു.

ങും എന്താ വന്നേ? എന്നോട് ചോദിച്ചു.

ഞാൻ പറഞ്ഞു:

"യുക്തിവാദി എം.സി.ജോസഫ് അവാർഡ് ഈ വർഷം താങ്കൾക്ക് സമ്മാനിക്കുവാനാണ് ജഡ്ജിംഗ് കമ്മിറ്റിയുടെ തീരുമാനം അതറിയിക്കുവാൻ വന്നതാണ്."

“അതിന് ഞാൻ യുക്തിവാദിയല്ലല്ലോ.” തിലകൻ പറഞ്ഞു.

ഞാൻ വെട്ടിലായി. എങ്കിലും വിട്ടില്ല. ഞാൻ തിരിച്ചടിച്ചു.

“താങ്കൾ ഒരു നിരീശ്വരനാണെന്ന് പലവട്ടം വെട്ടിത്തുറന്ന് പറഞ്ഞത് ഞാൻ കേട്ടിട്ടുണ്ട്.”

“അതുശരിയാണ്. ഞാൻ നാസ്തികനാണ്. യുക്തിവാദി അല്ല. ആഗ്നോസ്റ്റിക് ആണ്.” തിലകൻ പറഞ്ഞു.

“അടിസ്ഥാപരമായി താങ്കളുടെ ദൈവനിഷേധ മനോഭാവവും അതുല്യമായ നടനവൈഭവവും ആണ് താങ്കളെ തെരഞ്ഞെടുക്കുവാൻ കാരണം.”

“ഇപ്പോ എനിക്കു സമ്മതമായി.എന്തുകൊണ്ടാണ് നിങ്ങൾ എന്നെ തെരഞ്ഞെടുത്തതെന്നറിയണ്ടെ”

അതിനുശേഷം അദ്ദേഹം പല വിശ്വാസങ്ങളെയും ന്യായികരിക്കാൻ ശ്രമിച്ചു. പുനർജന്മം, വിധിവിശ്വാസങ്ങൾപോലുള്ള അന്ധവിശ്വാസങ്ങളെ.

അവാർഡ് സ്വീകരിക്കാൻ സമ്മതമാണെന്നറിയിച്ചപ്പോൾ, എപ്പോൾ, എവിടെവച്ച് ചടങ്ങുനടത്തും എന്നായി ചർച്ച.

തിലകൻ പറഞ്ഞു:

“കൊല്ലത്തോ എറണാകുളത്തോ ഒന്നും പറ്റില്ല. വേണമെങ്കിൽ തിരുവനന്തപുരത്താകാം. ഒരു തീയതി ഉറപ്പിക്കുന്നതാണ് ബുദ്ധിമുട്ട്. എന്റെ മകളുടെ കല്യാണം അടുത്ത മാസമാണ്. അതിനോടനുബന്ധിച്ചൊരു തീയതി ആകാം. കല്യാണത്തിന്റെ പിറ്റേന്നിന്റെ പിറ്റേന്നാകാം. ആരു ചോദിച്ചാലും എനിക്ക് പറഞ്ഞുനിൽക്കാം. മകളുടെ കല്യാണവുമായി അനുബന്ധിച്ചുള്ള ചടങ്ങാണെന്നു പറഞ്ഞാൽ ആരും വിശ്വസിക്കും. അല്ലെങ്കിൽ അവർ പറയും ഞാൻ വേറെ അഭിനയിക്കാൻ പോയിരിക്കയാണെന്ന്. അതും പറഞ്ഞ് അവർ എന്റെ പേരിൽ കേസ് കൊടുക്കും. സെറ്റ് എല്ലാം ഒരുക്കി വച്ചിട്ടാവും അവർ വിളിച്ചു പറയുന്നത്. ഇത്ര മണിയുടെ ഫ്ളൈറ്റ് ബുക്ക് ചെയ്തിട്ടുണ്ട് കയറിക്കൊള്ളാൻ. അവാർഡ് ചടങ്ങുണ്ട് ,ഇന്നത്തെ ഡേറ്റ് മാറ്റണമെന്നു പറഞ്ഞാൽ അവർ ധരിക്കുന്നത് ഞാൻ കള്ളം പറയുകയാണെന്നായിരിക്കും. മറ്റാർക്കോ കാൾഷീറ്റ് ഒപ്പിട്ടപ്രകാരം അഭിനയിക്കാൻ പോയിരിക്കയാണെന്നും അവരെ വഞ്ചിക്കുകയാണെന്നും അവർക്കുണ്ടായ നഷ്ടത്തിന് കേസ് കൊടുക്കലായിരിക്കും അവർ ചെയ്യുന്നത്. എന്തായാലും എന്റെ മകളുടെ കല്യാണത്തിന്റെ മൂന്നിന്റന്നു എങ്ങനെയെങ്കിലും നടത്താം”

അങ്ങനെ ഡേറ്റ് ഫിക്സ് ചെയ്തു തിരുവനന്തപുരത്തു വെച്ച് നടത്താൻ തീരുമാനിച്ചു. ഞാനിറങ്ങി.

അടുത്ത ആഴ്ചയിൽ തന്നെ പത്രസമ്മേളനം നടത്തി. തിലകന് എം. സി.ജോസഫ് അവാർഡ് പ്രഖ്യാപിച്ചു.

തുടർന്ന് നിശ്ചയിച്ച ദിവസം തിരുവനന്തപുരം പ്രസ് ക്ലബ്ബിൽ വെച്ച് അവാർഡ് ദാനത്തിനുവേണ്ടി ഒരുങ്ങി. അഞ്ചുമണിക്കാണ് ചടങ്ങ് നിശ്ച



യിച്ചിരുന്നത്. പക്ഷേ അഞ്ചുമണിക്കു അദ്ദേഹം മകളുടെ മറുവീട് പോയിട്ട് തിരിച്ചുള്ള യാത്രയിലാണ്. ഏകദേശം ഏഴു മണിയോടെ തിരിച്ചെത്തിയെങ്കിലും യോഗസ്ഥലത്ത് എത്താൻ കഴിഞ്ഞില്ല. വീട്ടിൽ പോയി കുളിച്ചു വൃത്തിയാകുമ്പോൾ ഫോണിൽ ബന്ധപ്പെട്ടിരുന്ന പ്രകാരം സീമാസ് സന്തോഷും സുഹൃത്ത് സുധീന്ദ്രനും കാറിൽ അദ്ദേഹത്തിന്റെ ഫ്ളാറ്റിലെത്തി.

നേരത്തേയുണ്ടായ ആക്സിഡന്റ് മൂലം നേരെ നടക്കാൻ കഴിയുമായിരുന്നില്ല.സ്റ്റീലിൽ നിർമ്മിച്ച ഊന്നുവടി കൈമുട്ടിൽ ഉറപ്പിച്ചാണ് അന്ന് അദ്ദേഹം ഏച്ച്ഏച്ച് നടന്നിരുന്നത്. പ്രസ് ക്ലബ്ബിന്റെ വാതിലിൽ കാറിൽ നിന്നിറങ്ങി. മുകളിലോട്ട് കയറാൻ വളരെ ബുദ്ധിമുട്ടായിരുന്നു. പക്ഷെ സ്റ്റേജിൽ ഇരുന്നു കഴിഞ്ഞപ്പോൾ വേദന പടർന്ന മുഖം മായുകയും വളരെ ഉത്സാഹഭരിതനും സുസ്മേരനുമായി മാറുകയും ചെയ്തു. ബിനോയ് വിശ്വത്തിൽ നിന്നും അവാർഡ് സ്വീകരിച്ചുകൊണ്ട് തിലകൻ പ്രൗഢഗംഭീരമായ ഒരു പ്രസംഗം തന്നെ നടത്തി.പ്രസംഗം ഇങ്ങനെയായിരുന്നു.

"നാടക ഗ്രൂപ്പിനും അവതരണത്തിനും സ്റ്റേജ് തന്നത് കമ്മ്യൂണിസ്റ്റ് പാർട്ടിയാണ്. എനിക്കതിന് നന്ദിയുണ്ട്.

പി.ജെ.ആന്റണി സംവിധാനം ചെയ്ത പെരിയാർ സിനിമയിൽ അദ്ദേഹത്തിന്റെ മകനായിട്ടാണ് എന്റെ റോൾ. യവനിക സംസ്ഥാന അവാർഡ് വാങ്ങിത്തന്നു. 81 മുതൽ 90 വരെ 9 സർക്കാർ അവാർഡ് എനിക്കു കിട്ടി. എന്നെ മാറ്റിനിർത്തുന്നു എന്ന തോന്നലിന് ഇതൊരു കാരണമാണ്. എല്ലാ വർഷവും ഇയാളിങ്ങനെ അഭിനയിച്ചാൽ ഞങ്ങളെന്തു ചെയ്യും. ഇപ്പോൾ വെടിനിർത്തിയിരിക്കയാണ്. കാനഡയിൽ പോയി വരുന്നതുവരെ.

ദേശീയ അവാർഡ് എനിക്കായിരുന്നു. പക്ഷെ കിട്ടിയില്ല. മനോരമയിൽ വന്ന കാർട്ടൂൺ ആ ധ്വനി വ്യക്തമാക്കുന്നു.

മുള്ളിത്തെറിച്ചു കിട്ടിയ അവാർഡാണ് സ്പെഷ്യൽ മെൻഷൻ. മേടിച്ചേ മാറൂ. വാങ്ങിക്കാതെ പോകാനൊക്കില്ല. അവാർഡിൽ പ്രാദേശിക രാഷ്ട്രീയ ചിന്തകളുണ്ട്.

പി.ജെ.ആന്റണി 70-79 വരെ വാടകവീട്ടിൽ താമസമായിരുന്നു. ഞാനവിടുത്തെ സ്ഥിരാംഗവും. ആന്റണിയെ ഇയാളൊരു മനുഷ്യനാണോ എന്നു ചോദിച്ചിരുന്നു. ആന്റണി നല്ല സുഹൃത്താണ്. ഇത്രയും നല്ല ഒരു മനുഷ്യനെ ഞാൻ ജീവിതത്തിൽ കണ്ടിട്ടില്ല.

നാടക ചർച്ച നടത്തിയിരുന്നു. അദ്ദേഹം പറഞ്ഞു തന്നു ഞാൻ നാടകം എഴുതിയെടുത്തു. സഖാവ് എ.കെ.ജി.യുടെ മകളെ ആദ്യം കണ്ടപ്പോൾ ഏറെ വേദനിച്ചു. ഇക്കാര്യം പി.ജെ.ആന്റണിയോട് പറഞ്ഞു. ആന്റണി അന്നു ഒരു നാടകം എഴുതാൻ തുടങ്ങി. ആ നാടകത്തിന് 'തീയ്' എന്നു പേരിട്ടു.

ഇടപ്പള്ളി വലിയ പള്ളിയിലെ അച്ചൻ ഞങ്ങളെ വിളിപ്പിച്ചു. ചെറുപ്പക്കാർ നന്നാവുന്നതിനുവേണ്ടി മിശിഹാ ചരിത്രം എഴുതണമെന്നു പറഞ്ഞു. ആന്റണി പറഞ്ഞു, ധാരാളം മിശിഹാചരിത്രം വന്നിട്ടുണ്ടല്ലോ. എന്നിട്ട് ചെറുപ്പക്കാർ നന്നായോ?

ആന്റണി നാടകത്തിന് 'ക്രസ്തു' എന്നു പേരിട്ടു. രണ്ടാഴ്ചകൊണ്ട് മുക്കാൽ ഭാഗം നാടകമെഴുതി.

എന്റേതാണ് കൈപ്പട. ടേപ്പ് റിക്കാർഡ് പോലെ ക്ലൈമാക്സിനടുത്തെത്തി. അതെഴുതിയില്ല. അച്ചനെ കണ്ടു. അതുവരെയുള്ള കഥ പറഞ്ഞു കേൾപ്പിച്ചു. ക്ലൈമാക്സ് പറയാം. ഗദ്സമേൻ തോട്ടത്തിൽ നിന്നും യേശുമറിയത്തിനോടും ഗൊരേട്ടിയോടും പറഞ്ഞു, ഞാൻ ഉടനെ വീണ്ടും വരും. എന്തിനാ നാഥാ? നിന്നെയൊന്നു കാണാൻ. യേശു നടന്നു. പിന്നെ തിരിഞ്ഞുനിന്നു. പത്രോസിന്റെ കൈയിൽനിന്നും താക്കോൽ വാങ്ങി യൂദാസിനെ ഏൽപ്പിക്കുവാൻ ഞാൻ വരും (അച്ചനിഷ്ടപ്പെട്ടില്ല) മുപ്പത് വെള്ളിക്കാശിന് യൂദാ ഒറ്റിക്കൊടുത്തു. പക്ഷെ യൂദാ കാശുകാരനായിരുന്നു. എങ്കിലും ചെയ്യുന്ന ജോലിക്ക് കൂലി വേണം. യേശു പ്രത്യക്ഷമാകുമെന്ന് യൂദാ കരുതി. യൂദാ കാട്ടിക്കൊടുക്കേണ്ടത് ദൈവവിധിയല്ലെ?

റോഡെ നടക്കാൻ പറ്റില്ല. ചെന്നു മുട്ടുന്നത് അമ്പലത്തിലോ പള്ളിയിലോ ആണ്. സത്യരാജും പൂജയിൽ പങ്കെടുക്കാറില്ല. ഭരണാധികാരി, ജഡ്ജി, അധ്യപകൻ തുടങ്ങിയവർ ദൈവത്തിന്റെ മുന്നിലാണ്. അവർ കെട്ടിപ്പിടിച്ച് ഉമ്മ കൊടുക്കും. മനുഷ്യന്മാർ അങ്ങനെയാ.

ഈ ആൾ ദൈവങ്ങളെ അന്വേഷിക്കാൻ സാധിക്കില്ല. അവിടെയാണ് പരാജയം. മൂന്നു തവണ ആൾദൈവത്തിന്റെ ക്യാമ്പിൽ നിന്നും എന്നെ വിളിച്ചു. ഞാൻ അവരോടു പറഞ്ഞു. ഞാൻ വരുന്ന സൈസല്ല.

സൂപ്പർ സ്റ്റാർ വരുന്നു, പിന്നെ നിങ്ങൾക്കെന്താ. ഈ മനസ്ഥിതി മാറാൻ

അനേകം വർഷം എടുക്കും. ശക്തമായി പ്രവർത്തിച്ചെങ്കിൽ മാത്രമേ ഇത് മാറ്റിയെടുക്കാൻ കഴിയൂ. എൻ.എച്ച്.റോഡിന് നടുക്കും ഇതെല്ലാം കാണാം. കാണുമ്പോൾ ദൈവവിശ്വാസം കുറയുന്നു. ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നില്ല. എന്റെ മനസ്സിന്റെ ശക്തിയിലാണ് വിശ്വസിക്കുന്നത്. കൂടുതൽ ഉപകരിച്ചത് സ്വാമി വിവേകാനന്ദന്റെ കൃതികളാണ്. കയ്യിലൊരു പൈസയില്ലാതെ പി.ജെ. തിയേറ്റർ തുടങ്ങി. നടത്തി. 30 ദിവസം നാടക ക്യാമ്പ്. 4 വർഷം നാടകം കളിച്ചു. പി,ജെ.യുടെ മകൾ വക്കീലായി. ഇതിന്റെ ഇടയ്ക്ക് ദൈവത്തിന്റെ കയ്യില്ല. ചാക്കരി തീർന്ന കാര്യം ഭാര്യ പറഞ്ഞു. പച്ചരിയില്ലേ. അതുവയ്ക്കു.'

ആന്റണി പറഞ്ഞു.

മുണ്ടു മുറുക്കിയുടുത്തിട്ടുണ്ട്. പട്ടിണി കിടന്നിട്ടുണ്ട്. ദൈവാനുഗ്രഹം കൊണ്ട് നേടിയതല്ല ഇന്നത്തെ എന്റെ സൗകര്യങ്ങൾ. എന്റെ പിൻബലം നാടകമാണ്. നാടകം പഠിക്കാൻ വേണ്ടി സ്ക്രിപ്റ്റ് എഴുതാനും സംഭാഷണവും ഒക്കെ പഠിച്ചു. ശില്പവും പ്രശസ്തിപത്രവുമായിരുന്നു പുരസ്ക്കാരം. പ്രശസ്തി പത്രത്തിൽ തിലകനെക്കുറിച്ച് ജഡ്ജിംഗ് കമ്മിറ്റി അഭിപ്രായപ്പെട്ടത് ഇങ്ങനെയായിരുന്നു.

"ധിക്കാരിയുടെ മനസ്സുമായി ജനിച്ചു, പരുക്കൻ ജീവിതാനുഭവങ്ങളിൽ നിന്നാർജ്ജിച്ച മനനശേഷിയാൽ മതങ്ങളുടെ അദൃശ്യശക്തിയല്ല മനുഷ്യന്റെ മനഃശക്തിയാണ് പരമമായ സത്യമെന്ന് സ്വയം കണ്ടെത്തിയവൻ. അപ്രിയ സത്യങ്ങൾ ശിരസ്സുയർത്തി, നെഞ്ചുവിരിച്ച്, വിരൽചൂണ്ടി, ചങ്കൂറ്റത്തോടെ ഏത് ഉന്നതന്റേയും മുഖത്തുനോക്കി വിളിച്ചുപറയുന്ന ഇതിഹാസ പാത്ര സമാനനായ തത്വജ്ഞാനി.

കലാസൃഷ്ടിയുടെ ഉള്ളടക്കത്തേക്കാളും സാങ്കേതിക മികവിനെക്കാളും ശുഭമുഹൂർത്തത്തിലെ ആരംഭത്തിനും ഫിലിം റോളുകളുടെ പൂജയ്ക്കും പ്രാധാന്യം നൽകുന്ന ചലച്ചിത്ര ലോകത്തു പ്രാർത്ഥനയ്ക്കും തലേലെഴുത്തിനും ജന്മരാശിക്കുമല്ല വായനയ്ക്കും യുക്തിചിന്തയ്ക്കും അദ്ധ്വാനത്തിനുമാണ് പ്രാധാന്യമെന്ന് ഉറക്കെ പ്രഖ്യാപിക്കുന്നവൻ.

ജാതിക്കുശുമ്പിനും മതാധിപത്യത്തിനുമെതിരെ പതറാതെ പൊരുതുന്ന ഏകാകിയായ നാട്യ ചക്രവർത്തി. ഇതൊക്കെയാണ് മലയാളി മനസ്സിലെ ശ്രീ.തിലകൻ."

ഈ നിലപാടുകളുടെ അംഗീകാരമായി ഈ പുരസ്കാരം ഞങ്ങൾ ആദരവോടെ സമർപ്പിക്കുന്നു. പുരസ്കാര സ്വീകരണത്തിനുശേഷം സംഘത്തിലെ മുതിർന്ന പ്രവർത്തകരായ ടി.പരമേശ്വരൻ, ഡോ.രാമാനുജൻ, പി.പി.സുമനൻ, സെയ്തു മുഹമ്മദ് ആനക്കയം എന്നിവരെ തിലകൻ പൊന്നാട ചാർത്തി ആദരിച്ചു.

ഡോ.കെ.എസ്.ഡേവിഡ്, കെ.കെ.അബ്ദുൽ അലി, സീമാസ് സന്തോഷ്, കെ.ഡി.ആന്റണി, കാരാളി രാമകൃഷ്ണൻ, തൊടിയൂർ രാധാകൃഷ്ണൻ, നിഖിൽ ഐരൂർ, ഈ ലേഖകൻ എന്നിവർ സംസാരിച്ചു.

അവാർഡ് സ്വീകരണത്തിനുശേഷം ഹാളിൽ നിന്നും ഊന്നുവടിയുടെ സഹായത്തോടെ സീമാസ് സന്തോഷിന്റെ കാറിൽ അദ്ദേഹം കയറുകയും സീമാസ് സന്തോഷും സുശീന്ദ്രനും ചേർന്നു വീട്ടിലേക്ക് അദ്ദേഹത്തെ കൊണ്ടുപോവുകയും ചെയ്തു.

പോകുന്ന വഴി തിലകൻ സരളഹൃദയനായി മാറിയതായി സന്തോഷ് പറയുന്നു. അത്രയും നല്ലൊരു മനുഷ്യൻ .പാവം മനുഷ്യനാണു അദ്ദേഹം. അവസാനം അദ്ദേഹം ഒരു വാചകം പറഞ്ഞു:

“ശ്രീനി എന്റെ ബയോഡേറ്റ പറഞ്ഞതിൽ ഒരു തെറ്റുപറ്റി. അതു ശ്രീനിയുടെ കുറ്റമല്ല. ശ്രീനി ‘തിലകൻ’ എന്ന വെബ് സൈറ്റിൽ നിന്നാണ് വിവരം ശേഖരിച്ചത്. എന്നാൽ എന്റെ ശരിയായ വെബ്സൈറ്റ് ‘പെരുന്തച്ചനാണ്’. ഞങ്ങളെപ്പോലുള്ളവർ ഇങ്ങനെ ചില കുസൃതികൾ ചിലപ്പോൾ ചെയ്യാറുണ്ടെന്ന് അദ്ദേഹം അവരോടു പറഞ്ഞു”.

“കാപ്പി കുടിച്ചിട്ടു പോകാം” തിലകൻ അവരോടു പറഞ്ഞു.

“ഇല്ല സാർ, ഞങ്ങളിറങ്ങുകയാ”.

അവർ തിലകന്റെ ഫ്ളാറ്റിൽ നിന്നും ഇറങ്ങി. തിലകൻ തിരിച്ചു ഫ്ളാറ്റിലേയ്ക്കും.




# അബു എബ്രഹാം:
## വിശ്വപ്രസിദ്ധ കാർട്ടൂണിസ്റ്റ്

നേരത്തെ മതം ഉപേക്ഷിച്ചയാളും മതവിരുദ്ധ സമ്മേളനങ്ങളിൽ പങ്കെടുക്കുന്നയാളും മതവിരുദ്ധ സ്ഥാപനങ്ങൾ സന്ദർശിക്കുന്നയാളും,അതിനെക്കുറിച്ച് എഴുതുകയും പ്രസംഗിക്കുകയും ചെയ്യുന്ന ആളുമാണ് അബു എബ്രഹാം എന്നറിയാമെന്നതുകൊണ്ടു 1992 ജൂണിൽ ഞാനും ഒന്നുരണ്ടു സുഹൃത്തുക്കളുമായി തിരുവനന്തപുരം കവടിയാർ ഗോൾഫ് ലിങ്ക്സ് റോഡിലുള്ള ശരണം വീട്ടിലേക്ക് നേരത്തെ നിശ്ചയിച്ചിരുന്ന സമയം കയറിച്ചെന്നു. ചെല്ലുമ്പോൾ അദ്ദേഹം ഞങ്ങളെ കാത്തിരിക്കുകയായിരുന്നു.

ഏതാനും നേരത്തെ സൗഹൃദ സംഭാഷണങ്ങൾക്കുശേഷം അദ്ദേഹം തന്റെ ചിന്താമണ്ഡലത്തിലെ കിളിവാതിലുകൾ തുറന്നു.

ഞാനൊരുഎത്തീസ്റ്റാണ്. ഞാൻ ഒരു മതത്തിലും ദൈവത്തിലും വിശ്വസിക്കുകയോ ആചാരങ്ങൾ അനുഷ്ടിക്കുകയോ ചെയ്യാറില്ല. എന്റെ ഭാര്യ ക്രിസ്തീയ കുടുംബത്തിൽപ്പെട്ടതാണെങ്കിലും ഞങ്ങൾ മതാനുഷ്ഠാനങ്ങൾ ചെയ്യാറില്ല. ഞങ്ങളുടെ കുട്ടികളെ ഒരു മതത്തിലുംപെട്ടവരായിട്ടല്ല വളർത്തിക്കൊണ്ട് വന്നിട്ടുള്ളത്.



എന്റെ അച്ഛൻ ഒരു ലിബറൽ ചിന്താഗതിക്കാരനായിരുന്നു. അമ്മ റിലിജിയസും. ഈ സാഹചര്യമാണ് എന്നെ വീണ്ടുവിചാരത്തിന് പ്രേരിപ്പിച്ചത്. ചിന്തിച്ചപ്പോൾ വളരെ മൂഢമായ ചിന്തയാണ് വിശ്വാസമെന്ന് മനസ്സിലായി. തുടർന്ന് വായനയിൽ ഞാനൊരു നാസ്തികനായി മാറി.

യുക്തിപരമായി ചിന്തിക്കാനുള്ള



കഴിവ് നഷ്ടപ്പെടുന്നതാണ് ദൈവ ചിന്തയുടേയും മതചിന്തയുടേയും ദൂഷ്യഫലങ്ങൾ. പുരോഹിതൻ അങ്ങനെ പറയുന്നു ഇങ്ങനെ പറയുന്നു. അതു വിശ്വസിക്കണം എന്നു പറയുന്നത് യുക്തിരഹിതമാണല്ലോ. ജനന നിയന്ത്രണം ശരിയല്ലെന്നു റോമിലെ മാർപ്പാപ്പ പറയുന്നു എന്നത് അതേപടിക്കു വിശ്വസിച്ചാൽ പിന്നെ യുക്തി ബോധം എവിടെ. മാത്രമല്ല ദൈവചിന്ത വിശ്വാസങ്ങൾക്ക് വഴിമരുന്നിടുകയും ചെയ്യുന്നു.

എതീസത്തെപ്പറ്റി ഞാൻ പല ലേഖനങ്ങളും എഴുതിയിട്ടുണ്ട്. നാസ്തികത്തെപ്പറ്റി ലേഖനമെഴുതിയാൽ അത് പബ്ലിഷ് ചെയ്യാൻ പലർക്കും വിമുഖതയാണ്. ജ്യോതിഷത്തിലും പുനർജന്മത്തിലും എനിക്കു വിശ്വാസമില്ല, ഒരു കുട്ടി ജനിക്കുമ്പോഴേ അവനെ ബാപ്റ്റൈസ് ചെയ്യുകയോ മുഹമ്മദീയനോ ഹിന്ദുവോ ആക്കി വളർത്തുന്നതുമൂലം അവന്റെ വികസിക്കേണ്ട യുക്തി ചിന്ത അടഞ്ഞുപോകുന്നു.

സായിബാബ ഒരൊന്നാന്തരം മാന്ത്രികനാണ്. കൈയ്യിൽ നിന്ന് വിഭൂതിയും മറ്റും എടുക്കുന്നത് നല്ലൊരു മജീഷ്യൻ കാണിക്കും. എ.ടി.കോവൂർ എനിക്ക് കൈപ്പത്തികൾ കൂട്ടി ഉരുമി വിഭൂതി എടുത്തു തന്നിട്ടുണ്ട്.

മതങ്ങൾ തമ്മിലുള്ള സംഘർഷം ബുദ്ധിശൂന്യതയാണ്. മതത്തേയും രാഷ്ട്രീയത്തേയും വേർതിരിച്ചു കാണണം. നെഹ്റുവിനെപ്പോലുള്ള അവിശ്വാസികൾ ഇക്കാര്യം ബോധപൂർവ്വം ശ്രദ്ധിച്ചിട്ടുണ്ട്.

സംഘടിത മതത്തെ നിരുത്സാഹപ്പെടുത്തുകയും ഭരണകൂടം മതേതരമായിരക്കണമെന്നുമാണ് എന്റെ അഭിപ്രായം.

അദ്ദേഹം വർത്തമാനം നിർത്തി. ഞങ്ങൾ ചെന്ന കാര്യം പറഞ്ഞു. ഏകീകൃത സിവൽ നിയമത്തെക്കുറിച്ചു കൊല്ലത്തുവച്ച് ഒരു ചർച്ചാ സമ്മേളനം നടത്താൻ ഉദ്ദേശിക്കുന്നു. താങ്കൾ ഉദ്ഘാടനം നിർവഹിക്കുന്നതിന് ക്ഷണിക്കുന്നതിനുവേണ്ടിയാണ് വന്നത്.

അബു പറഞ്ഞു.

എത്രാം തീയതിയാണ്

ജൂലൈ രണ്ടിന്

വരാം

ഞങ്ങൾ അവിടെ നിന്നും ഇറങ്ങി. ജൂലൈ രണ്ടിന് കൊല്ലം പബ്ലിക്ക് ലൈബ്രറിയിൽ ഈ ലേഖകന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം അബു ഉദ്ഘാടനം ചെയ്തു. ഉദ്ഘാടനം ചെയ്തു കൊണ്ട് അദ്ദേഹം പറഞ്ഞു,

"ഗാന്ധി ഹരിജന വിരുദ്ധനായിരുന്നെന്ന യു.പി.മുഖ്യമന്ത്രി മായാവതിയുടെ അഭിപ്രായം കേട്ടു ആരും നെറ്റി ചുളിക്കേണ്ടതില്ല. ഗാന്ധിജി



അസ്പൃശ്യതയെ എതിർത്തെങ്കിലും ജാതി ദൈവഹിതമാണെന്ന് വാദിച്ചു. ആത്മീയഗുരുക്കന്മാരെന്ന നിലയിൽ ബ്രാഹ്മണരുടെ ആധിപത്യം ചോദ്യം ചെയ്തില്ല. പരിഷ്ക്കരണത്തിൽ ശ്രദ്ധിച്ചില്ല.പകരം പാവങ്ങളെ ട്രസ്റ്റികൾ സംരക്ഷിക്കണമെന്ന സിദ്ധാന്തം ഉയർത്തി.അശ്പൃശ്യത ഇല്ലാതാക്കാൻ ജാതിസമ്പ്രദായം അവസാനിപ്പിക്കണമെന്ന് അംബേദ്ക്കർ വാദിച്ചു. അബേദ്ക്കർ പറഞ്ഞതാണ് ശരി എന്ന് ഇന്ത്യയുടെ വർത്തമാന അവസ്ഥ തെളിയിക്കുന്നു."

മായാവതി പ്രതിഭാസം ഇന്ത്യയുടെ ചരിത്രത്തിലെ നിർണ്ണായക സംഭവമാണ്. സവർണമേധാവിത്വത്തിനെതിരെ മാധ്യമങ്ങളുടെ സഹായത്തോടെ ദശകങ്ങളായി നടന്നുവന്ന അഃധകൃത നവോത്ഥാനം മായാവതി അധികാരം നേടിയതിൽ ദൃശ്യമാണ്.

– ഇന്നേവരെയുള്ള മതത്തിന്റെ ചരിത്രം ക്രൂരതയുടെ ചരിത്രമാണ്. മൗലികവാദം ഏറ്റവും വലിയ ദുഷ്ടമുഖവും. ആരാധനാലയങ്ങളിൽ മൈക്കുകളുടെ ഒച്ച കൂട്ടുന്നതിലാണ് എല്ലാവരുടെയും ശ്രദ്ധ. ജാതിയോടടുക്കുമ്പോൾ ബുദ്ധിജീവികൾപോലും യുക്തിരഹിതരായി മാറുന്നു.

ഹിന്ദുമതം സഹിഷ്ണുതയുടെ മതമാണെന്നാണ് പരക്കെ പ്രചരിക്കപ്പെടുന്നത്. എന്നാൽ മുസ്ലീമോ ക്രിസ്ത്യാനിയോ ഹിന്ദുമതത്തിൽ ചേരാൻ വന്നാൽ ഏതു ജാതിയിൽ ചേരും എന്ന ചോദ്യം ഉയരും. ശ്സത്ര സാങ്കേതിക വിദ്യയുടെ വികാസത്തിലൂടെ മാത്രമേ ജാതിയും നിറവും രാഷ്ട്രാതിർത്തിയും സ്വാധീനിക്കാത്ത സമൂഹം നിർമ്മിക്കാൻ സാധിക്കുകയുള്ളു. യോഗാനന്തരം അബുവിനെ കൊണ്ടുപോകാൻ അദ്ദേഹത്തിന്റെ കൊല്ലത്തുള്ള ഒരു സുഹൃത്ത് വാഹനവുമായി വന്നുനിൽപ്പുണ്ടായിരുന്നു. ആ വാഹനത്തിൽ കയറി നന്ദിയോടെ അദ്ദേഹം യാത്ര പറഞ്ഞു പിരിഞ്ഞു.

1924-ൽ മാന്നാറിൽ ജനിച്ച അബു 1946 ൽ ബോംബെ ക്രോണിക്കിളിൽ പത്രപ്രവർത്തകനായി ജീവിതമാരംഭിച്ചു. തുടർന്ന് ശങ്കേഴ്സ് വീക്കിലി ,ഒബ്സർവർ, ട്രിബ്യൂൺ ഗാന്ധിയൻ തുടങ്ങിയ പത്രങ്ങളിൽ വരച്ചതിനുശേഷം 1969-ൽ ലണ്ടനിൽ നിന്നും ഇന്ത്യയിലേക്ക് തിരിച്ചുവന്നു. 1981 വരെ സൺഡേ മാഗസിനിലും ദി ഇന്ത്യൻ എക്സ്പ്രസ്സിലും പിന്നിട് മാതൃഭൂമിയിലും ദേശാഭിമാനിയിലും വരയ്ക്കുകയും എഴുതുകയും ചെയ്തു. ഇതിനിടയിൽ അബുവിനെ രാജ്യസഭയിലേക്ക് നോമിനേറ്റ് ചെയ്തു. 1972 മുതൽ1978വരെ അദ്ദേഹം അംഗമായിരുന്നു.

അബു ഒൺ ബംഗ്ലാദേശ്, ഗെയിംസ് ഓഫ് എമർജൻസി, അറൈവൽസ് ആന്റ് ഡിപ്പാർച്ചേഴ്സ്, ഹൈവറ്റ്‌ലു എന്നീ ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്.

തമിഴ്നാട്ടുകാരിയായിരുന്ന സരോജിനി ആയിരുന്നു ആദ്യഭാര്യ.ആ ബന്ധം വിച്ഛേദിച്ചതിനുശേഷം ഇംഗ്ലീഷുകാരിയായ സൈക്കിയ അബുവിന്റെ സഹധർമ്മിണിയായി.


കിറ്റിന്ത്യാസമരത്തിലെ ഗാന്ധിയെ വരച്ചുകൊണ്ട് രംഗപ്രവേശം ചെയ്ത അബുവിന്റെ പ്രസിദ്ധമായ കാർട്ടൂണാണ് അടിയന്തിരാവസ്ഥ ഒപ്പുവയ്ക്കുന്ന രാഷ്ട്രപതിയുടെ ചിത്രം. ഏകാധിപത്യത്തെയും വർഗ്ഗീയ ഫാസിസത്തെയും ജീവിതാന്ത്യം വരെ എതിർത്തിരുന്ന അബു ജാതി മത സങ്കൽപ്പങ്ങക്കതീതമായി ചിന്തിച്ച വിശ്വമാനവികനായിരുന്നു. ജീവിതാന്ത്യം വരെ അദ്ദേഹം അത് പരിപാലിക്കുകയും ചെയ്തിരുന്നു. തൈക്കാട്ടു വൈദ്യുത ശ്മശാനത്തിൽ യാഥാസ്ഥിതിക വിശ്വാസങ്ങൾക്കതീതമായി അദ്ദേഹത്തിന്റെ ദഹനം നടന്നതോടെ വിശ്വപ്രസിദ്ധനായ ആ മാനവികവാദിയുടെ ജീവിതം പൂർണ്ണമാവുകയായിരുന്നു.



## തകഴി


തകഴിയെ ഞാനാദ്യം കാണുന്നത് 1979 ഫെബ്രുവരിയിലാണ്. അന്ന് എസ്.കെ.നായരുടെ ഉടമസ്ഥതയിൽ കൊല്ലത്തുനിന്നും വി.ബി.സി.നായർ പത്രാധിപരായി മലയാളനാട് വാരിക പ്രസിദ്ധീകരിക്കുന്ന കാലം. മലയാളനാടിന് ഒരു സാഹിത്യ ചർച്ചാവേദിയുണ്ടായിരുന്നു. 'ധിഷണ' എന്നായിരുന്നു അതിന്റെ പേര്. മിക്കവാറും പ്രതിമാസം ഒരു പരിപാടി നടത്തുക പതിവായിരുന്നു. അവാർഡ് കിട്ടിയ സാഹിത്യകാരന്മാരെ ആദരിക്കുക, ചർച്ചകൾ സംഘടിപ്പിക്കുക, ക്യാമ്പ് നടത്തുക ഇതൊക്കെ സ്ഥിരം ചടങ്ങായിരുന്നു. 1979 ഫെബ്രുവരിയിൽ കൊല്ലം കാർത്തിക ആഡിറ്റോറിയത്തിൽ വച്ച് 'ധിഷണ' ഒരു നോവൽ ക്യാമ്പ് സംഘടിപ്പിക്കുകയുണ്ടായി.

ആ ക്യാമ്പിൽ പങ്കെടുക്കാൻ പ്രമുഖ നോവലിസ്റ്റുകൾ എത്തിയിരുന്നു. തകഴി, വിലാസിനി, പാറപ്പുറം, എ.പി.കളയ്ക്കാട്, ജി.എൻ. പണിക്കർ തുടങ്ങിയവർ. ആ ക്യാമ്പിൽ ഞാനംഗമായിരുന്നു. അന്നാണ് തകഴിയെ ഞാനാദ്യമായി കാണുന്നത്. തകഴിയാണ് നോവൽക്യാമ്പ് ഉദ്ഘാടനം ചെയ്തത്. ഉദ്ഘാടനം ചെയ്തുകൊണ്ട് അദ്ദേഹം പറഞ്ഞത് ചുവടെ ചേർക്കുന്നു. നോവലിനെക്കുറിച്ച് പറയുമ്പോൾ സാഹിത്യത്തെക്കുറിച്ച് പറയുന്നത് തന്നെ പറയാം. പത്തു നാല്പത് കൊല്ലത്തെ നോവലെഴുതിയ തഴക്കം എന്നതിൽ കവിഞ്ഞൊന്നും എനിക്കില്ല. കുറെ എഴുതിയിട്ടുണ്ട്. അവയെല്ലാം ലക്ഷണയുക്തമാണോ പ്രയോജനപ്രദമാണോ എന്നറിയില്ല. ജീവിച്ചിരിക്കുന്ന കാലത്തു വിലയിരുത്തുന്നതിനേക്കാൾ മക്കടെമക്കടെ കാലത്ത് വിലയിരുത്തുന്നതാണ് നല്ലത്. ഞാനെഴുതിയത് എവിടെക്കൊട്ടിയിടാൻ കഴിയുമെന്ന് വരുന്ന തലമുറ വിധിയെഴുതണം. എന്താണ് നോവലെന്ന് എനിക്ക് നിർവചിക്കാൻ കഴിയില്ല. ഏതാണ് നോവലെന്നും ആർക്കും നിർവചിക്കാൻ കഴിയുമെന്നും തോന്നുന്നില്ല.



ഇന്നത്തെ നോവലെഴുത്തുകാരുടെ രീതിയും സമ്പ്രദായവും അപകടകരമാണെന്ന് ഞാൻ കരുതുന്നില്ല. ഞാനും ബഷീറും ദേവും വർക്കിയും എഴുതിയിരുന്ന ആദ്യഘട്ടത്തിൽ ഞങ്ങൾ എഴുതിയിരുന്നത് സാഹിത്യമല്ലെന്നും പ്രചരിപ്പിച്ചിരുന്നവരുണ്ട്. ഇപ്പോഴുള്ള എഴുത്തുകാരുടേത് പുതിയ ശൈലിയാണ്. ജീവിതത്തിൽ എന്തൊക്കെ എടുത്തുകാണിക്കണം എന്നതിലും മാറ്റം വന്നു. അവർ പറയുന്നത് അത് ദർശനമാണെന്നാണ്. ഞാൻ എന്നെത്തന്നെ കാണുന്ന ദർശനം. എന്താണീ ദർശനമെന്നു എനിക്കിപ്പോഴും മനസ്സിലായിട്ടില്ല. അംഗീകരിക്കപ്പെട്ടിട്ടുള്ള നോവൽ ദർശനമുള്ളതാണെന്നു പറയുന്നു. ദർശനമെന്നത് ഒരു കള്ളനാണയമാണ്.

ആധുനിക സാഹിത്യകാരന്മാർ ദാർശനിക ദുഃഖത്തിലാണത്രേ. ദർശനം എന്നു പറയുന്നത് കുന്തം പോലെയൊന്നല്ല. ദർശനമെന്നൊന്നുണ്ടോ? ഉണ്ടെങ്കിൽ ദർശനമില്ലാത്തതായി എന്തെങ്കിലുമുണ്ടോ? എന്റെ തലമുറയിൽപ്പെട്ട കേശവദേവും ബഷീറും മറ്റും എഴുതിയതും ഒരു ദർശനത്തിന്റെ പശ്ചാത്തലത്തിലാണ്.അതൊരു കക്ഷിയുടെ തത്വശാസ്ത്രത്തിന്റെ ദർശനത്തിലായിരിക്കാം. ദർശനമില്ലെന്നു പറയുന്നവർ ഞങ്ങളുടെ കൃതികളിൽ ജീവിതമുണ്ടോ എന്നു നോക്കണം. അവ്യക്തതകൊണ്ട് ദുരൂഹമാകുന്ന അത്യന്താധുനിക രചനയ്ക്കാണ് ദർശനമെന്നു പറയുന്നതെങ്കിൽ ഞാനതംഗീകരിച്ചു തരില്ല. ഓരോ നൂറ്റാണ്ടിന്റെയും ദർശനത്തിന് മാറ്റമുണ്ടായിക്കൊണ്ടിരിക്കും. പുതിയ എഴുത്തുകാർക്കും ഇരുത്തം കാണുന്നില്ല എന്നിടത്താണ് എനിക്കു ദുഃഖം. ഈ പുതിയ പ്രവണതയെ ഞാൻ എതിർക്കുകയല്ല. നിരുത്സാഹപ്പെടുത്തുകയല്ല. എഴുതുന്ന വിഷയമല്ല കലയിൽ സ്വീകരിക്കപ്പെടുന്ന വിഷയമല്ല വിരൂപമാകുന്നത്, അശ്ലീലമാകുന്നത്. അതിന്റെ സൗന്ദര്യാവിഷ്ക്കരണത്തിലാണ് അത് കലയാകുന്നതും. സ്ത്രീ–പുരുഷ ബന്ധത്തെക്കുറിച്ച് എഴുതാം.എഴുതിയിട്ടുണ്ട്. ഒന്നാംതരം കലാസൃഷ്ടിയാവും അത്. എഴുതേണ്ട രീതിയിലായിരിക്കണമെന്നുമാത്രം. എന്തു കണ്ടാലും കാർക്കിച്ചുതുപ്പാതിരിക്കാനുള്ള വകതിരിവ് നമുക്ക് വേണ്ടേ? ക്രാഫ്റ്റിനെക്കുറിച്ചൊക്കെ പഠിച്ചിട്ടു നോവലെഴുതേണ്ടയാവ



ശ്യമുണ്ടോ. തന്റെ പുതിയ കൃതിയായ കയറിൽ പ്രത്യേകമായൊരു ക്രാഫ്റ്റില്ലെന്നും നല്ല റീഡബിലിറ്റിയുണ്ടെന്നും എല്ലാവരും പറയുന്നു ണ്ട്" തകഴി പറഞ്ഞു. തകഴിയെ കാണാൻ പിന്നീട് രണ്ടുപ്രാവശ്യം യുക്തിരാജ്യത്തിനുവേണ്ടി ഞാൻ അദ്ദേഹത്തിന്റെ വീട്ടിൽ പോയിട്ടുണ്ട്. ആദ്യം പോകുമ്പോൾ (1981 ഡിസംബർ) അയലത്തുകാരനും യുക്തി വാദിയുമായ കരുമാടി വിജയനുമായിട്ടായിരുന്നു പോയത്. വിജയൻ തകഴിയുടെ വീട്ടിലെ ഒരന്തേവാസിക്കു സമമാണ്. ഞങ്ങൾ ചെല്ലുമ്പോൾ 'കാത്ത' മുറ്റത്തു നില്ക്കുകയായിരുന്നു. കാത്ത പറഞ്ഞു: അകത്തിരി പ്പുണ്ട്. ചൂണ്ടിക്കാണിച്ചു. ഞങ്ങൾ അകത്തുകയറി. കിഴക്കേ വരാന്തയുടെ വടക്കേ അറ്റത്ത് ചാരുകസാലയിൽ കിടന്നുകൊണ്ട് തകഴി നാലുംകൂട്ടി മുറുക്കാനുള്ള ശ്രമത്തിലായിരുന്നു. ചെന്നപാടെ ഞങ്ങളെ നോക്കിയിട്ടു വിജയനോട് ചോദിച്ചു: 'എന്താടോ വന്നത്?'

വിജയൻ ഉടൻ എന്നെ പരിചയപ്പെടുത്തി. എന്നിട്ട് കാര്യം പറഞ്ഞു. യുക്തിരാജ്യം മാസിക ഒരു പംക്തി ആരംഭിക്കാനുദ്ദേശിക്കുന്നു-ജാതി എങ്ങനെ ഇല്ലാതാക്കാം. തകഴിച്ചേട്ടൻ തുടങ്ങണം. അതിന് ഒരു ലേഖനം എഴുതിത്തരണം. തകഴി സമ്മതിച്ചു. രണ്ടുദിവസം കഴിഞ്ഞ് വരാൻ പറ ഞ്ഞു. ഞാൻ വിജയനെ ഏൽപ്പിച്ച് മടങ്ങി. വിജയനോട് രണ്ടു ദിവസം കഴിഞ്ഞ് ചെല്ലാൻ പറഞ്ഞു. എങ്കിലും നാലഞ്ചുപ്രവശ്യം വിജയൻ ലേഖനം ചോദിച്ചു ചെല്ലേണ്ടി വന്നു. അവസാനം ലേഖനം എഴുതി തകഴി വിജയനെ ഏൽപ്പിച്ചു. വിജയൻ ലേഖനം നിവർത്തി നോക്കി. വിജയൻ ഞെട്ടിപ്പോയി. മനസ്സിൽ രണ്ടുപേജെങ്കിലുമുള്ള ലേഖന സങ്ക

ല്പ്പമായിരുന്നു. എന്നാൽ കിട്ടിയത് വെറും രണ്ടു ഖണ്ഡികമാത്രം. പക്ഷെ ആ ഖണ്ഡികയിൽ ആ വലിയ പ്രശ്നത്തിന്റെ പരിഹാരം പറഞ്ഞിരുന്നുവെന്നതാണ് ശ്രദ്ധേയം. ആയിരക്കണക്കിന് പേജുകൾ എഴുതിത്തള്ളിയ തകഴിയുടെ അപൂർവ്വമായ ലേഖനമായിരുന്നു ആ രണ്ടു ഖണ്ഡിക.

മറ്റൊരിക്കൽ ഞാൻ തകഴിയെ കാണാൻ ചെല്ലുന്നത് 1994 ഡിസംബറിലാണ്. കഥയോ ലേഖനമോ ചോദിക്കാനായിരുന്നില്ല. തകഴിക്കടുത്തുള്ള കാമപുരം ക്ഷേത്രത്തിലെ കൽവിളക്ക് സഞ്ചരിക്കുന്നുവെന്ന അത്ഭുത വാർത്തയുടെ രഹസ്യം അന്വേഷിച്ചായിരുന്നു. തകഴി അന്നു വളരെ അവശനായിരുന്നു.ചെവി നല്ലതുപോലെ കേൾക്കാൻ കഴിഞ്ഞിരുന്നില്ല. സഞ്ചാരവും ബുദ്ധിമുട്ടായിരുന്നു. എങ്കിലും ധാരാളം കാര്യങ്ങൾ പറയുകയുണ്ടായി. പ്രധാനമായി പറഞ്ഞത് തന്റെ എഴുതിക്കൊണ്ടിരിക്കുന്ന പുതിയ നോവലിനെക്കുറിച്ചായിരുന്നു. ചെമ്മീനിൽ നിന്നും കയറിൽ നിന്നും വ്യത്യസ്തമായ ഒരു നോവൽ. സിന്ധു നാഗരികതയുടെ പശ്ചാത്തലത്തിൽ രചിക്കുന്നതാണ് ആ നോവലെന്നും അദ്ദേഹം പറഞ്ഞു. ഏതാനും അദ്ധ്യായങ്ങൾ എഴുതിക്കഴിഞ്ഞുവെന്നും അതിനുവേണ്ടി കിട്ടാവുന്നത്ര പുസ്തകങ്ങൾ പലതും വായിച്ചുവെന്നും അദ്ദേഹം പറയുകയുണ്ടായി. തുടർന്ന് കൽവിളക്കിനെക്കുറിച്ച് എന്റെ അന്വേഷണത്തിന് അദ്ദേഹം ഇങ്ങനെ മറുപടി പറഞ്ഞു "ഞാൻ പ്രൈമറി ക്ലാസിൽ പഠിക്കാൻ പോയ കാലം മുതൽ കൽവിളക്കിന്റെ ഈ മാറ്റക്കഥ കേൾക്കുന്നുവെന്നു എൺപത്തിമൂന്നു വയസ്സെത്തിയ സാഹിത്യ ആചാര്യനായ തകഴി ശിവശങ്കരപ്പിള്ള പറഞ്ഞു. എനിക്ക് അന്ന് ഒമ്പത് വയസ്സ് പ്രായമുണ്ട്. കാമപുരം ക്ഷേത്രത്തിന്റെ മുന്നിലൂടെയാണ് പഠിക്കാൻ പോകുന്നത്. യുവാവായി കോളേജിൽ പഠിക്കാൻ പോയതും ഇതിന്റെ മുന്നിലൂടെയാണ്. അന്നും ഇതു കേൾക്കുന്നുണ്ട്. ഇന്നും കേൾക്കുന്നു. നാളെയും കേൾക്കാം. ഈ കൽവിളക്കിന്റെ സഞ്ചാരത്തിന് യാതൊരു യാഥാർത്ഥ്യവുമില്ല. ഇപ്പോൾ ഇത് പ്രചാരത്തിൽ വരാൻ കാരണം, കഴിഞ്ഞ ആഗസ്റ്റ് മാസത്തിൽ കാവിൽ ക്ഷേത്രത്തിൽ ക്രിസ്തുമത വിശ്വാസിയും ധ്യാനക്കാരനുമായ ലാലിച്ചൻ സന്ധ്യാസമയത്ത് പൂജാരി നോക്കിനിൽക്കുമ്പോൾ ശ്രീകോവിലിൽ കയറി ദേവീവിഗ്രഹത്തെയെടുത്ത് തറയിലെറിഞ്ഞ് ഒൻപത് കഷണങ്ങളാക്കി. ഇതുമൂലം ക്ഷേത്രത്തിനിപ്പോൾ ഇടിവ് പററിയിരിക്കുകയാണ്. ആ ഇടിവ് നികത്തുന്നതിനു വേണ്ടി ഒരു പുതിയ പ്രചരണം ക്ഷേത്രവുമായി ബന്ധപ്പെട്ടവർ അഴിച്ചുവിട്ടതാണ്." തകഴി പറഞ്ഞു. (ശ്രീകോവിലിന്റെ കിഴക്കുവശത്തെ വാതിലിന്റെ മുറ്റത്ത് ഒരടി ഇടതു മാറി നിൽക്കുന്നതാണ് കൽവിളക്ക്. ആദ്യമായി കാണുന്ന ആർക്കും അല്പം മാറിപ്പോയിരിക്കുന്നതായി കാണാം. ഇതു ശ്രീകോവിലിന്റെ നേർരേഖയിൽ നിന്നു നോക്കുന്നതു കൊണ്ടാണ്. ശ്രീകോവിൽ പുതുക്കിപ്പണിഞ്ഞപ്പോൾ കൽവിളക്കിൽനിന്നും അല്പം മാറിപ്പോവുകയോ ദിവ്യാത്ഭുതമായി വളർത്തുന്നതിനുവേണ്ടി കൽവിളക്ക് അൽപം മാറ്റി സ്ഥാപിച്ചതോ ആണ് സംഭവം-ലേഖകൻ).



# കാക്കനാടൻ

രണ്ടു വർഷം മുമ്പ് കൊല്ലം പബ്ലിക് ലൈബ്രറി അങ്കണത്തിൽ ഒരു ആദരിക്കൽ ചടങ്ങ് നടന്നു. കാക്കനാടനെയും തിരുനല്ലൂരിനെയും ആദരിക്കുന്നതായിരുന്നു ചടങ്ങ്. അന്നത്തെ കൊല്ലം കോർപ്പറേഷൻ മേയർ പത്മലോചനൻ പൊന്നാട ചാർത്തിയശേഷം പറഞ്ഞു. "എന്തായാലും" രണ്ടുപേരും പാസ്പോർട്ടും വാങ്ങിയിരിക്കുകയാണ്. ഏതു നിമിഷവും യാത്രയ്ക്കുള്ള തയ്യാറെടുപ്പിലാണ്. സത്യം പറഞ്ഞാൽ ഈ വർത്തമാനം കേട്ടുകൊണ്ടിരുന്ന ഞങ്ങൾ ഞെട്ടിപ്പോയി. കാക്കനാടൻ പ്രസംഗിച്ചു തുടങ്ങിയപ്പോൾ അദ്ദേഹം ഇതിന് മറുപടി പറഞ്ഞു. മേയർ പറഞ്ഞു ഞങ്ങൾക്ക് പാസ്പോർട്ട് കിട്ടി പോകാനിരിക്കുകയാണെന്ന്. പക്ഷെ എനിയ്ക്കൊരു കാര്യം പറയാനുണ്ട്. പാസ്പോർട്ടേ കിട്ടിയിട്ടുള്ളു വിസ കിട്ടിയിട്ടില്ല. അതുകൊണ്ട് മേയർ വിചാരിക്കുന്നതുപോലെ ഉടനെ പോകത്തില്ല. യോഗം കഴിഞ്ഞ് പ്ലാറ്റുഫോമിൽ നിന്നിറങ്ങി വന്നപ്പോൾ ഞങ്ങൾ രണ്ടുപേർ കാക്കനാടന്റെ അടുത്തോട്ട് ചെന്നു. ഞങ്ങളുടെ മനോനില മനസ്സിലാക്കിയ കാക്കനാടൻ പറഞ്ഞു: ഞാൻ യഥാർത്ഥത്തിൽ മനസ്സിൽ വന്നതെല്ലാം പറഞ്ഞില്ല. പറയാതിരുന്ന കാര്യം നിങ്ങളോട് പറയാം. പണ്ട് ഇതുപോലൊരു വിദ്വാൻ ഇതുപോലൊരു ചടങ്ങിൽ വെച്ച് പറഞ്ഞിട്ട് വീട്ടിലേയ്ക്ക് പോകുന്ന വഴിക്ക് ആക്സിഡന്റിൽപ്പെട്ട് മരണമടയുകയുണ്ടായി. ആശംസ വാങ്ങിയവർ സുഖമായി വീട്ടിലേയ്ക്ക് പോവുകയും ചെയ്തു. ഞങ്ങൾ മരിക്കണമെന്നില്ല. മരണം ആർക്കും എപ്പോഴും വരാം, പക്ഷെ ഞാനത് പറഞ്ഞില്ല. എന്തായാലും കാക്കനാടൻ പറഞ്ഞതു പോലെ ഉടൻ മരണപ്പെട്ടു പോകാതെ ഏതാനും വർഷങ്ങൾകൂടി അദ്ദേഹത്തിന് ജീവിക്കാൻ കഴിഞ്ഞു.

കാക്കനാടനുമായി വർഷങ്ങളായുള്ള സൗഹൃദം ഉള്ളതിനാൽ പല സന്ദർഭങ്ങളും വർത്തമാനങ്ങളും ഓർമ്മയിൽ വരികയാണ്. ഒരിക്കൽ കോട്ടയത്തു നിന്നും രാത്രി ഒൻപത് മണിയോടെ ബസ്സിൽ ഞാൻ കൊല്ല



ത്തേയ്ക്ക് വരികയായിരുന്നു. കുറേ ദൂരം പിന്നിട്ടപ്പോൾ മുമ്പിലൊരു സീറ്റിൽ നിന്നും ഉറക്കെ ശബ്ദത്തിൽ ചില വർത്തമാനങ്ങളും ബഹള ങ്ങളും. യാത്രക്കാർ വല്ലാതെ അസ്വസ്ഥരായി. പക്ഷെ ആരോ പറഞ്ഞു അതു കാക്കനാടൻ. കാക്കനാടൻ..കാക്കനാടൻ. പെട്ടന്ന് യാത്രക്കാരുടെ ചുണ്ടിൽ ചിരി വന്നു. കാക്കനാടന്റെ മസ്തിഷ്ക്കത്തിൽ ലഹരിയുടെ കാളിയമർദ്ദനം നടക്കുകയായിരുന്നു. കാക്കനാടന്റെ ധർമ്മപത്നി അമ്മിണി കാക്കനാടനെ നിയന്ത്രിക്കാൻ വല്ലാതെ പാടുപെടുന്നു. കൂടെ മകളും മരുമകൻ ഗിരിയുമുണ്ട്. രാത്രി 11 മണിയോടെ കാക്കനാടനും കുടുംബവും കൊട്ടാരക്കര ബസ്സ്റ്റാന്റിൽ എത്തിച്ചേർന്നു.

ബസ്സിൽ നിന്നും ഇറങ്ങുമ്പോൾ നല്ല ബോധമുണ്ടായിരുന്നില്ല. ബസ്സ്റ്റാന്റിലെ ഒരു സീറ്റിൽ കാക്കനാടൻ ഇരുന്നു. ഞാൻ മെല്ലെ അടു ത്തോട്ട് ചെന്നു. എന്നെ കണ്ടയുടനെ എന്റെ പേരുപറഞ്ഞ് കൂടെയുള്ള വരോട് പരിചയപ്പെടുത്താനും തുടങ്ങി.കാക്കനാടന്റെ സ്നേഹപ്രവാഹം അണപൊട്ടി ഒഴുകുകയായിരുന്നു. ഇതിനിടയിൽ കാക്കനാടൻ മരുമകനെ വിളിച്ചുപറഞ്ഞു ' എടാ കാറു വിളിയെടാ.....'. കാറ് വിളിക്കാൻ അദ്ദേഹം നിർബന്ധിച്ചുകൊണ്ടിരുന്നു. അവസാനം കാറു വന്നു. എന്നെയും നിർബ ന്ധിച്ച് കാറിൽ കയറ്റി. ഞങ്ങൾ കൊല്ലത്തേയ്ക്ക് പുറപ്പെട്ടു. ഇതിനിട യിൽ ചില വർത്തമാനങ്ങൾ. എന്നെ കടപ്പാക്കടയിൽ ഇറക്കി. കാക്കനാ ടൻ വീട്ടിലേക്ക് പോയി. ഞാൻ കാക്കനാടൻ താമസിച്ചിട്ടുള്ള എല്ലാ വീടു കളിലും, അസുഖമായിക്കിടന്ന ആശുപത്രികളിലും പോയിട്ടുണ്ട്. മീറ്റിം ഗുകൾക്ക് ക്ഷണിക്കാനും അസുഖമറിയാനും ചെല്ലുമ്പോഴെല്ലാം നമ്മ ളോട് കാണിക്കുന്ന സ്നേഹം വാക്കുകൾക്കതീതമാണ്. സ്വന്തം അഭി പ്രായം തുറന്നു പറയുമായിരുന്നു. "ശ്രീനി ഞാൻ ശ്രീനിയുടെ ആളല്ല. ഞാൻ യുക്തിവാദിയൊന്നുമല്ല" എന്ന് പലപ്രാവശ്യം പറഞ്ഞിട്ടുണ്ട്.യു ക്തിവാദി അല്ലെന്ന് പറയുമ്പോഴും കാക്കനാടൻ യുക്തിവാദിസംഘ ത്തിന്റെ സമ്മേളനങ്ങൾക്ക് വന്നിട്ടുണ്ട്. ക്രിസ്തുവിന്റെ ആറാം തിരുമു റിവ് കേരളത്തിൽ പ്രക്ഷുബ്ദമായിരുന്നപ്പോൾ പള്ളിക്കെതിരായി ആവി ഷ്ക്കാര സ്വാതന്ത്ര്യത്തിനുവേണ്ടി അദ്ദേഹം പ്രസംഗിക്കാൻ വന്നിട്ടുണ്ട്.

ഒരിക്കൽ കാക്കനാടൻ മീറ്റിംഗിന് വരാമെന്ന് പറഞ്ഞു. സമയത്ത് വിളിക്കാൻ ചെല്ലുമ്പോൾ മകൻ പറയുന്നു, സുഖമില്ല പനിയാണ്.

ഒരു മണിക്കൂർ കഴിഞ്ഞുവന്നു നോക്കുക. മകൻ പറഞ്ഞതിന്റെ പൊരുൾ പിന്നീടാണ് എനിക്ക് മനസ്സിലായത്. പനിയായി കിടക്കുന്നെന്നു പറഞ്ഞാൽ അതിന്റെ അർത്ഥം മദ്യമയക്കം എന്നാണ്. ഒരിക്കൽ ഞാൻ പറഞ്ഞു അങ്ങ് ഇനി മദ്യപിക്കരുത്. അദ്ദേഹം മറുപടി പറഞ്ഞു, അതൊന്നും നിർത്താൻ പറ്റില്ല. മദ്യം കഴിക്കാത്തവർ മരിക്കുന്നില്ലേ? പുകവലിക്കാത്ത എത്രയോപേർക്ക് ക്യാൻസർ വരുന്നു എന്നാണ്തിരിച്ചു ചോദിച്ചത്. കാക്കനാടന്റെ കരളിനു കേടുപിടിച്ചിട്ടും കാക്കനാടന്റെ വിശ്വാസംപോലെ അദ്ദേഹം 66-ാം വയസ്സുവരെ ജീവിച്ചു. ബെൻസിഗർ ആശുപത്രിയിൽ ഏതാനും വർഷം മുമ്പ് സുഖമില്ലാതെ കിടക്കുമ്പോൾ ശോഷിച്ചിരുന്നു. എന്നാൽ അതിനു ശേഷം പാരിപ്പള്ളി ആയുർവേദാശുപത്രിയിൽ ചികിത്സയിൽ കഴിയുമ്പോൾ വളരെ ആരോഗ്യവാനും ചെറുപ്പവുമായിട്ടാണ് കണ്ടത്. അന്നദ്ദേഹം പറഞ്ഞു ഞാൻ മദ്യപാനം നിർത്തിയിരിക്കുകയാണെന്ന്.

അത്യാധുനിക സാഹിത്യം കത്തിനിന്ന കാലത്ത് ഞാനദ്ദേഹത്തോട് ചോദിച്ചു, അങ്ങ് ഏതു പക്ഷത്താണ്. മറുപടിയായി പറഞ്ഞത് സ്വതന്ത്രനാണെന്നായിരുന്നു. മദ്യപിച്ചാലേ എഴുത്തു വരികയുള്ളുവെന്നും മദ്യപിച്ചിരുന്നു എഴുതുന്നതുകൊണ്ടാണ് ഈ മനോഹര സാഹിത്യം ഉണ്ടാവുന്നതെന്നും പറയുന്നത് ശരിയാണോ? അന്നദ്ദേഹം പറഞ്ഞു, ഒരിക്കലുമില്ല, മദ്യപിച്ചതിനുശേഷം ഒരു വാക്കുപോലും ഞാൻ എഴുതിയിട്ടില്ല. മദ്യപിച്ചാൽ എഴുതാൻ കഴിയില്ല. അഷ്ടമുടിക്കായലിന്റെ തീരങ്ങളിൽ താമസിച്ചിരുന്ന കാലത്താണ് കാക്കനാടനിൽ നിന്നും ആധുനികതയുടെ മണിമുഴങ്ങുന്ന സൃഷ്ടികൾ ഉണ്ടായത്. ഇരവിപുരത്തേയ്ക്ക് താമസം മാറ്റിയ ശേഷം അതുണ്ടായിട്ടില്ല. 1979-ലാണ് കാക്കനാടനെ ഞാനാദ്യമായി കാണുന്നത്. മലയാളനാട് വാരികയുടെ നേതൃത്വത്തിൽ കൊല്ലത്ത് അന്നൊരു സാഹിത്യസംഘടന ഉണ്ടായിരുന്നു.' ധിഷണ 'എന്നായിരുന്നു അതിന്റെ പേര്. ധിഷണ ഒരു നോവൽ ക്യാമ്പ് സംഘടിപ്പിച്ചു. അതിൽ തകഴിയും വിലാസിനിയും പാറപ്പുറവും എ.പി.കളയ്ക്കാടും കാക്കനാടനും ഉണ്ടായിരുന്നു. അന്നു കാക്കനാടൻ നടത്തിയ പ്രസംഗം ഞാൻ എഡിറ്റു ചെയ്തിരുന്ന 'രണരേഖ'യിൽ കൊടുത്തു. ആ ഭാഗം ഇവിടെ ഉദ്ധരിക്കുന്നു, 'ഞാനും ധിഷണയും തമ്മിലുള്ള ബന്ധമാണ് എന്നെ നോവൽ ക്യാമ്പിൽ പങ്കെടുക്കുവാൻ പ്രേരിതനാക്കിയത്. പക്ഷ ഇത്തരം നോവൽ ക്യാമ്പ്കൊണ്ട് എഴുതിതുടങ്ങുന്നവർക്ക് ഒരു പ്രയോജനവും ഉണ്ടാകുവാൻ പോകുന്നില്ല. പകരം ഗ്രൂപ്പ് ചർച്ചകളാണ് നടക്കേണ്ടത്. ഗ്രൂപ്പ് ചർച്ച നടത്തുന്നതുമൂലം ഇരുകൂട്ടർക്കും പ്രയോജനപ്രദമായ കാര്യങ്ങൾ ഉരുത്തിരിഞ്ഞു വരും. സീനിയറായിട്ടുള്ളവർ ജൂനിയറേയും ജൂനിയർ ആയിട്ടുള്ളവർ സീനിയറേയും പരസ്പരം സ്വാധീനിക്കും. അതാണ് ഏറ്റവും പ്രയോജനപ്രദമെന്ന് കാക്കനാടൻ പറഞ്ഞു. ആധുനിക സാഹിത്യത്തിന്റെ പെരുന്തച്ചനും മനുഷ്യസ്നേഹിയുമായ കാക്കനാടന്റെ ദേഹവിയോഗത്തിൽ ഖേദിക്കുന്നു.




# ഒ.വി.വിജയൻ

## അത്യന്താധുനിക ലാവണ്യം

1985-90 കാലത്തു കൊല്ലത്തുള്ള മലയാളനാട് വാരികയുടെ ആഭിമുഖ്യത്തിൽ ധിഷണ എന്ന ഒരു സാഹിത്യ സംഘടന പ്രവർത്തിച്ചിരുന്നു. മലയാളനാടിന്റെ മാനേജിംഗ് എഡിറ്ററായ എസ്.കെ.നായരും വാരികയുടെ പത്രാധിപരായ വി.ബി.സി നായരും സിനിമാ വാരികയുടെ പത്രാധിപരായ വി.എസ്.നായരും ധിഷണയുടെ സെക്രട്ടറിയായ എം.ജി.കെ നായരും ഒക്കെ ആയിരുന്നു ധിഷണയുടെ സംഘാടകർ. മിക്കവാറും ഒന്നോ രണ്ടോ മാസങ്ങൾ കൂടുമ്പോൾ പ്രഭാഷണം, ചർച്ച, സമ്മേളനം, നോവൽക്യാമ്പ് തുടങ്ങിയവ നടത്തിയിരുന്നു. തകഴിയും കാക്കനാടനും വിലാസിനിയും പാറപ്പുറവും എ.പി.കളയ്ക്കാടും ജി.എൻ പണിക്കരും തുമ്പമൺ തോമസും ചെല്ലമ്മാ ജോസഫും ബാബു കുഴിമറ്റം, കുഴിതടത്തിൽ, നൂറനാട് ഹനീഫ് ഒക്കെ ഇതിൽ പങ്കെടുത്തിരുന്നു. അതുപോലെ അവാർഡ് ലഭിക്കുന്ന സാഹിത്യകാരന്മാരെ അനുമോദിക്കുന്ന ചടങ്ങും നടത്തിയിരുന്നു.

അതിന്റെ ഭാഗമായി 'ഖസാക്കിന്റെ ഇതിഹാസത്തി'ന് കേരള കേന്ദ്ര സാഹിത്യ അക്കാദമി അവാർഡുകൾ ലഭിച്ചപ്പോൾ ഒ.വി.വിജയന് ധിഷണ സ്വീകരണം കൊടുക്കാൻ തീരുമാനിച്ചു.

കൊല്ലം പ്രസ്സ് ക്ലബ്ബിലായിരുന്നു സ്വീകരണ പരിപാടികൾ സംഘടിപ്പിച്ചത്. അദ്ധ്യക്ഷ വേദിയിൽ ജി.ശങ്കരപിള്ളയും ഒ.വി.വിജയനും വി.ബി.സി.യും എം.ജി.കെ.നായരും മറ്റും ഉണ്ടായിരുന്നു. ശങ്കരപിള്ള ഏകദേശം പതിനഞ്ച് മിനിറ്റ് വിജയനെക്കുറിച്ചും ഖസാക്കിന്റെ ഇതിഹാസത്തെക്കുറിച്ചും സംസാരിച്ചു. സംസാരിച്ചു തീരാറായപ്പോൾ ശങ്കരപിള്ള പറഞ്ഞു: ഞാൻ എന്റെ പ്രസംഗം നീട്ടുന്നില്ല. നിങ്ങൾ എല്ലാവരും വന്നിരിക്കുന്നത് വിജയന്റെ വർത്തമാനം കേൾക്കാനാണ്. അതുകൊണ്ട് ഞാൻ നിർത്തുകയാണ്.



O. V. Vijayan
Cartoonist

17/1/84

SATYA MARG, CHANAKYAPURI,
NEW DELHI

താമസിയാതെ ഒ.വി.വിജയൻ സംസാരിക്കുവാൻ എഴുന്നേറ്റു. എല്ലാവരും വളരെ ആകാംക്ഷയോടെ അദ്ദേഹത്തിന്റെ വാക്കുകൾ കേൾക്കുവാൻ കാതോർത്തിരുന്നു. പക്ഷേ വിജയനു ഒരു വിധത്തിലും പ്രസംഗം ആരംഭിക്കുവാൻ കഴിയുന്നില്ല. അദ്ദേഹം വാക്കുകൾക്കുവേണ്ടി തപ്പുകയായിരുന്നു. അവസാനം അദ്ദേഹം എന്തൊക്കെയോ വാക്കുകൾ ഉരുവിട്ടശേഷം കഷ്ടിച്ച് പറഞ്ഞുവച്ചു. എനിക്ക് പ്രസംഗിച്ച് വശമില്ല. നിങ്ങൾ ചോദിച്ചാൽ അതിനു മറുപടി പറയാം. ഏതാനും നേരത്തെ നിശബ്ദതയ്ക്കുശേഷം കേൾവിക്കാരുടെ ഇടയിൽനിന്നും ആരൊക്കെയോ ചില ചോദ്യങ്ങൾ ചോദിക്കാൻ തുടങ്ങി. എം.ജി.കെ.നായരും നൂറനാടും

ചോദിച്ചതായി ഓർക്കുന്നു. ഇതിനിടയിൽ പല ചോദ്യങ്ങളുടേയും ഉത്തരം പറയുമ്പോൾ അദ്ദേഹത്തിനു വിശദീകരിക്കുവാൻ ഭാഷ വഴങ്ങുന്നില്ലായിരുന്നു. അല്ലെങ്കിൽ വാക്കുകൾ കിട്ടുന്നില്ലായിരുന്നു.

കേൾവിക്കാരുടെ ഇടയിൽ ഇരുന്ന എന്നെ ഇത് അത്ഭുതപ്പെടുത്തി. എന്നിൽ അപ്പോൾ ഒരു ചോദ്യമുയർന്നു. ആ ചോദ്യം വീണ്ടും വീണ്ടും ഉയർന്നുകൊണ്ടിരുന്നു. പക്ഷേ ഞാൻ ചോദിക്കുന്നത് അപകടമായി മാറുമോ എന്ന ഭയം എന്നിൽ ഉണ്ടായി. പലപ്രാവശ്യം ചോദിക്കുവാൻ ഞാൻ തയ്യാറായി പിന്നെ വീണ്ടും വേണ്ടെന്നു വെച്ചു. എന്നിലുയർന്ന ചോദ്യം, താങ്കൾ തന്നെയാണോ 'ഖസാക്കിന്റെ ഇതിഹാസം, എഴുതിയത് എന്ന ചോദ്യമായിരുന്നു. ഒരു മണിക്കൂറോളം നടന്ന സംവാദത്തിനു ശേഷം സ്വീകരണ ചടങ്ങ് അവസാനിച്ചു.

മറ്റൊരു കാര്യം കൂടി എനിക്ക് ഓർമ്മ വരുന്നു. 1984ൽ ഡൽഹി കേന്ദ്രമാക്കി മലയാളത്തിലുള്ള യുക്തിവാദ ഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണശാല സനൽ ഇടമറുക് നടത്തിയിരുന്നു. ഇന്ത്യൻ എതിസ്റ്റ് പബ്ലിഷേഴ്സിന്റെ ഉടമയായ സനൽ ഇടമറുക് എനിക്ക് ഒരു കത്തയച്ചു. ഞങ്ങൾ അടുത്ത സുഹൃത്തുക്കളായിരുന്നു. കത്തിൽ അദ്ദേഹം എന്നോടഭ്യർത്ഥിച്ചത് ഒരു സഹായമായിരുന്നു. മലയാളനാട് വാരികയിൽ വിജയൻ ഒരു സ്ഥിരം പംക്തി കൈകാര്യം ചെയ്തിരുന്നു. പംക്തിയുടെ പേര് ഇന്ദ്രപ്രസ്ഥം എന്നായിരുന്നു. ഡൽഹിയിൽ താമസക്കാരനായ വിജയന് ഇന്ദ്രപ്രസ്ഥ (ഡൽഹി) ത്തിൽ നടക്കുന്ന കാര്യങ്ങൾ ഭംഗിയായി അവതരിപ്പിക്കാൻ അന്ന് കഴിഞ്ഞിരുന്നു. അതിൽ ഗൗരവമേറിയ പല ലേഖനങ്ങളും ഉണ്ടായിരുന്നു.

ആ ലേഖനങ്ങൾ പുസ്തകമാക്കാൻ ഒ.വി.വിജയനും സനലും തമ്മിൽ ധാരണയായി. അതിന്റെ അടിസ്ഥാനത്തിൽ ആ ലേഖനങ്ങൾ പകർത്തി എടുക്കുക എന്നതായിരുന്നു എന്റെ ദൗത്യം. അന്ന് ഫോട്ടോസ്റ്റാറ്റൊന്നും പിറവി എടുത്തിരുന്നില്ല. ഞാൻ ആ ദൗത്യം നിർവഹിക്കുന്നതിനുവേണ്ടി മലയാളനാടിനു കൊടുക്കുവാൻ വിജയനെക്കൊണ്ട് അദ്ദേഹത്തിന്റെ ലറ്റർ ഹെഡിൽ ഒരു കത്ത് വാങ്ങി സനൽ എനിക്ക് അയച്ചു തന്നിരുന്നു. ആ കത്ത് മലയാളനാട്ടിൽ കൊടുക്കുകയും ഇന്ദ്രപ്രസ്ഥം നോക്കി ഞാൻ അവശ്യ ലേഖനങ്ങൾ സനലിന് പകർത്തി അയച്ചുകൊടുക്കുകയും ചെയ്തിരുന്നു. ആ കത്തിന്റെ കോപ്പി ഇതിനോടൊപ്പം ചേർക്കുന്നു.

എസ്.കെ.നായർ മരിച്ചതോടെ മലയാളനാട് നിന്നിരുന്നു. കനത്ത സാമ്പത്തിക ബാദ്ധ്യതയും അവശേഷിച്ചിരുന്നു. വർഷങ്ങൾക്കു ശേഷമാണ് അദ്ദേഹത്തിന്റെ മകൻ ഏറ്റെടുത്ത് നടത്താൻ തയ്യാറായത്. ആ സന്ദർഭത്തിലാണ് കത്തുമായി ഞാൻ ചെല്ലുന്നത്. ഏതാനും നാളുകൾ കഴിഞ്ഞ് മലയാളനാട് വീണ്ടും നിന്നു.

1980–90 കാലഘട്ടത്തിൽ നടന്ന പല സാഹിത്യ സംവാദങ്ങളിലും ഞാൻ പങ്കെടുത്തിരുന്നു. അന്ന് പ്രധാനമായും വിഷയം അത്യന്താധുനിക സാഹിത്യമായിരുന്നു. ദേശാഭിമാനി സ്റ്റഡി സർക്കിളിന്റെ പല വേദികളിലും ഖസാക്കിന്റെ ഇതിഹാസം പ്രധാനവിഷയമായിരുന്നു. പുരോഗ

മന സാഹിത്യത്തിന് എതിരായ സാഹിത്യം എന്ന നിലയിലായിരുന്നു ഖസാക്കിനെ ചൂണ്ടിക്കാണിച്ചിരുന്നത്.

ഇവിടെ ജീവിക്കുന്നതിനേക്കാൾ മരണമാണ് ശ്രേഷ്ഠം. ആ മധുരം എത്രയും വേഗം നുകരുക എന്ന സന്ദേശമായിരുന്നുപ്രധാനമായും അത്യന്താധുനിക സാഹിത്യത്തിന്റെ സന്ദേശം. പാശ്ചാത്യ സാഹിത്യകാരന്മാരായ കാമു, കാഫ്ക, ഷെനെ തുടങ്ങിവരുടെ നിരാശജീവിതത്തിൽ നിന്നുടലെടുത്ത സാഹിത്യ ദർശനമായിരുന്നു അത്യന്താധുനിക സാഹിത്യം.

ഈ ദർശനത്തെ അതിശക്തമായി എതിർക്കുന്നതായിരുന്നു പുരോഗമന സാഹിത്യം. മനുഷ്യൻ മരണത്തേക്കാൾ ശ്രേഷ്ഠം ഇവിടെ ജീവിക്കുക എന്നതാണെന്നും അവർ പ്രഖ്യപിച്ചു.

ഖസാക്കിന്റെ ഇതിഹാസത്തിലെ നായകനായ രവിയുടെ മരണം അന്നു സാഹിത്യ വേദികളിൽ പ്രധാനമായും ചൂണ്ടിക്കാണിച്ചിരുന്നു. അതിങ്ങനെ ആയിരുന്നു.

"കൂമൻ കാവിൽ എത്തിയപ്പോഴേക്കും ആ വെളുത്ത മഴ നിന്നു പെയ്തു........ അപ്പുറത്ത് ബസ്സുകാർ ഉപയോഗിച്ചിരുന്ന ഒരു മൺപുര ഇടിഞ്ഞു വീണിരുന്നു....... ഒറ്റക്ക്, രവി അവിടെ നിന്നു...... ബസ് വരാൻ ഇനിയും നേരമുണ്ട്, രവി കട്ടകളെ പതുക്കെ കാലുകൊണ്ട് ഉയർത്തി.

നീലനിറത്തിലുള്ള മുഖമുയർത്തി അവൻ മേൽപ്പോട്ട് നോക്കി ഇണർപ്പ് പൊട്ടിയ കറുത്ത നാക്ക് പുറത്തേക്ക് വെട്ടിച്ചു. പാമ്പിന്റെ പത്തി വിടരുന്നത് രവിയും കൗതുകത്തോടെ നോക്കി, വാത്സല്യത്തോടെ. കാൽപടത്തിൽ പല്ലുകൾ അമർന്നു, പല്ലു മുളക്കുന്ന ഉണ്ണിക്കുട്ടന്റെ വികൃതിയാണ്. കാൽപടത്തിൽ വീണ്ടും വീണ്ടും അവ പതിഞ്ഞു. പത്തി ചുരുക്കി കൗതുകത്തോടെ വാത്സല്യത്തോടെ രവിയെ നോക്കിയിട്ട് അവൻ വീണ്ടും മൺകട്ടകൾക്കിടയിലേക്ക് നുഴഞ്ഞുകയറി.

രവി ചാഞ്ഞു കിടന്നു. അയാൾ ചിരിച്ചു.... ബസ് വരാനായി രവി കാത്തുകിടന്നു" (ഖസാക്കിന്റെ ഇതിഹാസം)

സ്വന്തം കാൽപ്പാതത്തിലേക്ക് പാമ്പ് ആഞ്ഞു കൊത്തുമ്പോൾ പാമ്പിനെ തട്ടി തെറിപ്പിക്കാനോ, പാമ്പിന്റെ പിടിയിൽ നിന്നും ഓടി രക്ഷപ്പെടാനോ ശ്രമിക്കാതെ പാമ്പ് ദൗത്യം കഴിഞ്ഞ് പിൻതിരിയുന്നതുവരെ നിന്നുകൊണ്ട് വാത്സല്യത്തോടെ മരണം സ്വീകരിക്കുന്ന മനുഷ്യന്റെ ചിത്രം രവി എന്ന കഥാപാത്രത്തിലൂടെ വിജയൻ നമുക്ക് തരുമ്പോൾ അത്യന്താധുനികം എന്ന ഈ തത്വം അതിജീവനത്തിനു ശ്രമിക്കുന്ന മനുഷ്യനെ അപകടത്തിലേക്ക് നയിക്കുന്ന വഴികാട്ടിയായി മാറി എന്ന വിമർശനത്തിൽ കഴമ്പില്ലെ എന്നു ചിന്തിക്കേണ്ടി വരുന്നു.

എന്തായാലും നോവലിന്റെ കാഴ്ചപ്പാടിനെ മാറ്റി വെച്ചാൽ നോവലിന്റെ രചനാ രീതിയിലെ കൗശലം മനുഷ്യ മനസ്സിനെ കീഴടക്കുന്നതും ആനന്ദം പകരുന്നതുമായിരുന്നു.




# കെ.പി.അപ്പൻ
## വിമർശന കലയുടെ സൂര്യതേജസ്

മലയാള വിമർശന കലയുടെ സൂര്യതേജസ്സായ കെ.പി.അപ്പൻ അടുത്തബന്ധുവായിരുന്നു. കാൽ ശതാബ്ദത്തിലേറെക്കാലത്തെ ബന്ധമുണ്ടായിരുന്നു. അദ്ദേഹത്തിൽ നിന്നും ലഭിച്ച സ്നേഹ ലാവണ്യം വാക്കുകളാൽ വിരചിക്കപ്പെടുന്നതിന് അപ്പുറമാണ്. സാഹിത്യത്തെ തേച്ച് മിനുക്കി സൗന്ദര്യത്തിന്റെ സമ്പൂർണ്ണ ലഹരിയിലേക്ക് പ്രവേശിപ്പിച്ച അപ്പൻ സാർ ക്ഷോഭിക്കുന്നവരുടെ സുവിശേഷമെഴുതിയ കാലത്ത് രണരേഖയിൽ പ്രസിദ്ധീകരിക്കാൻ ഒരു ലേഖനം (1978 ഡിസംബർ) തന്നു. 'ക്രോധത്തിന്റെ മുന്തിരിക്കുലകൾ'. ആ പ്രസിദ്ധീകരിച്ച ലേഖനം അദ്ദേഹത്തോടുള്ള ആദരസൂചകമായി വീണ്ടും ഇവിടെ പുനഃപ്രകാശനം ചെയ്യുന്നു.

**'ക്രോധത്തിന്റെ മുന്തിരിക്കുലകൾ'**

കാലഘട്ടത്തിന്റെ അഭിരുചി തിരുത്തിക്കുറിക്കുന്നത് വിമർശകനാണെന്ന്; ടി.എസ്.എലിയട്ട് പറഞ്ഞു. എന്നാൽ ഇത് ഭാഗികമായി മാത്രമേ ശരിയാകുന്നുള്ളു. ഈ മാറ്റത്തിനുള്ള സൗന്ദര്യ ശാസ്ത്രപരമായ എല്ലാ സാദ്ധ്യതകളും സൃഷ്ടിക്കുന്നത് സാഹിത്യകലാകാരനാണ്. എഴുത്തുകാരന്റെ സൃഷ്ടിയാണ് സൌന്ദര്യശാസ്ത്രപരമായ ഈ സാദ്ധ്യതയ്ക്ക് വഴി തെളിക്കുന്നത്. അത് കൊണ്ട് എഴുത്തുകാരൻ, ആപൽക്കരമായ രചനയെന്ന് ജനങ്ങൾ വിധിയെഴുത്തുനടത്തുന്ന സൃഷ്ടികൾക്കാണ് ജന്മം നൽക്കേണ്ടത്. അമർഷത്തിന്റെ മുന്തിരിക്കുലകൾ എന്ന നോവൽ എഴുതിയ സ്റ്റെയിൻ ബക്ക്: ഈ വഴിക്കു ചിന്തിക്കുന്നുണ്ട്.

തന്റെ നോവലുകളെ ജനങ്ങൾ കൂട്ടത്തോടെ പ്രശംസിക്കുമ്പോൾ അതിന്റെ മുഖ്യത്തെക്കുറിച്ച് തനിക്ക് സംശയം തോന്നാറുണ്ടെന്ന് ആരാധകരായ ജനങ്ങളോടു തന്നെ അദ്ദേഹം തുറന്നു പറഞ്ഞു. ജനങ്ങളുടെ അഭിരുചിയിലും അവരുടെ സൗന്ദര്യ ബോധത്തിലും സ്റ്റെയിൻ ബക്കി


ഒരു ദൈവ നിഷേധിയുടെ ക്രോധത്തോടെ തൻെറ വിശ്വാസത്തിൽ ഉറച്ചുനിന്നതുകൊണ്ടാണ് 'ഇതു വ്യത്യസ്തമാണ്, എന്നു നമ്മെക്കൊണ്ടു പറയിപ്പിക്കുന്ന ചില നോവലുകൾക്ക് ജീവൻ പകരാൻ സ്റ്റെയിൻ ബക്കിനു കഴിഞ്ഞത്.

# ക്രോധത്തിൻെറ മുന്തിരിക്കുലകൾ

— കെ. പി. അപ്പൻ —


നുള്ള വിശ്വാസമില്ലായ്മ അദ്ദേഹം അവരോടു തന്നെ തുറന്നു പറഞ്ഞു. ഇങ്ങനെ ഒരു ദൈവനിഷേധിയുടെ ക്രോധത്തോടെ തന്റെ വിശ്വാസത്തിൽ ഉറച്ചു നിന്നതു കൊണ്ടാണ് ഇത് വ്യത്യസ്തമാണ്? എന്നു നമ്മെ ക്കൊണ്ടുപറയിപ്പിക്കുന്ന ചില നോവലുകൾക്ക് ജീവൻ പകരാൻ സ്റ്റെയിൽ ബക്കിനു കഴിഞ്ഞത്. ആൾക്കൂട്ടത്തിന്റെ കൈയടികളിൽ ലക്ഷ്യം വച്ചുകൊണ്ട് എഴുതുന്ന ഒരാൾ സ്വയംഹത്യയുടെ പാഠങ്ങൾ സ്വയം അറിയാതെ പഠിച്ചു കൊണ്ടിരിക്കുക മാത്രം ചെയ്യുന്നു. സാഹിത്യത്തിനപ്പുറം ഒരു നല്ല മനുഷ്യനെ കാണുന്ന സന്തോഷമായിരുന്നു അദ്ദേഹത്തെ കാണുമ്പോഴെല്ലാം അനുഭവിച്ചിരുന്നത്. ആ നല്ല മനുഷ്യനോടുള്ള സ്നേഹാദരങ്ങളുടെ ഒരായിരം ആദരാഞ്ജലികൾ ഇവിടെ സമർപ്പിക്കുന്നു.



# പവനൻ
## യുക്തിവാദി

കഴിഞ്ഞ വർഷം ഏപ്രിൽ 17-ന് തൃശൂരിലെ ചെമ്പൂക്കാവിലുള്ള പവനന്റെ വസതിയായ ദീപ്തിയിൽ ഞാനും കാപ്പാട് കെ.കെ.അബദുൽ അലിയും അബ്ദുള്ള മേപ്പയൂരും എ.വി.ജോസും ചെന്നു. അർദ്ധബോധാവസ്ഥയിൽ കഴിയുന്ന പവനനെ കാണുവാനാണ് ചെന്നത്. ചെല്ലുമ്പോൾ അവിടെ പാർവ്വതീ പവനനും മകൾ ശ്രീരേഖയും ചെറുമകളുമുണ്ടായിരുന്നു.

ഞങ്ങൾ ചെന്നപാടെ കട്ടിലിൽ കിടന്ന പവനനെ അമ്മയും മകളും ചേർന്ന് നേരെ ഇരുത്തി. ഞങ്ങൾ കാണാൻ വന്നിരിക്കുന്ന വിവരം പറയുമ്പോൾ അദ്ദേഹത്തിന് എന്തെങ്കിലും മനസ്സിലാകുന്നതായി തോന്നിയില്ല.ഞങ്ങൾ അദ്ദേഹത്തിനഭിമുഖമായിരുന്നു. ഇടയിൽ പാർവ്വതി പറഞ്ഞു. യുക്തിവാദികളാണ്. പെട്ടെന്ന് അദ്ദേഹത്തിന്റെ മനസ്സിൽ ഒരു ഞെട്ടലുണ്ടായി. തുടർന്ന് പുഞ്ചിരിച്ചു. ഇതിനിടയിൽ എ.വി.ജോസ്. അദ്ദേഹത്തിന്റെ വലതുഭാഗത്തോട് ചേർന്നിരുന്നു പറഞ്ഞു. ഞാൻ എ.വി.ജോസ്. പെട്ടെന്ന് അദ്ദേഹത്തിന്റെ മേലിൽ കൈവച്ചുകൊണ്ട് 'അറിയാം' എന്നു തലകുലുക്കി. ഇതിനിടയിൽ ഞങ്ങൾ മൂന്നു





യുക്തിവാദി എം.സി.ജോസഫ് വാർഡ് പവനുവേണ്ടി സാറാ ജോസഫിൽ നിന്നും പാർവ്വതി പവനൻ ഏറ്റുവാങ്ങുന്നു

പേരും പേരു പറഞ്ഞപ്പോൾ അദ്ദേഹം തിരിച്ചറിഞ്ഞതായി തലകുലുക്കി. ഇതിനിടയിൽ ആഹാരം കഴിക്കാൻ സമയമായതറിയിച്ചു. മകൾ വന്നു പവനനെ താങ്ങിയെടുത്ത് മെല്ലെ നടത്തി ഡൈനിംഗ് ഡേബിളിന്റെ മുമ്പിൽ കൊണ്ടു ചെന്നിരുത്തി. പവനൻ ഏതാനും സമയംകൊണ്ട് ആഹാരം കഴിച്ചു തിരിച്ചുവന്നു. ഞങ്ങൾ അദ്ദേഹത്തോടൊപ്പം ചില ചിത്രങ്ങളെയുത്തു. പിന്നീട് പവനൻ ശയ്യയിലേയ്ക്കു കിടന്നു.

ജീവിതകാലം മുഴുവൻ സമൂഹത്തിനും പ്രസ്ഥാനങ്ങൾക്കും വേണ്ടി ജീവിച്ച പവനനെ, പവനനിലെ എഴുത്തുകാരനെ പാർവ്വതി തിരിച്ചറിയുന്നു. ഇടയ്ക്കു കണ്ഠമിടറിക്കൊണ്ട് അവർ പറഞ്ഞു:

"രാത്രി പന്ത്രണ്ടു മണിക്കും ചാടിയെഴുന്നേറ്റ് പുസ്തകം മറിച്ചുനോക്കുന്ന, എപ്പോഴും ചുറുചുറുക്കോടെ ഓടിനടക്കുന്ന പവനനെ ഇന്നു കാണുമ്പോൾ എന്റെ ഹൃദയം പൊട്ടുന്നു. ആ പഴയ പവനനെ ഇന്നു കാണാനില്ല"

അവരുടെ കണ്ണുകൾ നിറയുന്നതായി തോന്നി. ഞങ്ങൾ അവസാനം യാത്രപറഞ്ഞിറങ്ങി.

പവനൻ എന്ന പേരിന്റെ അർത്ഥം എല്ലാം ശുദ്ധീകരിക്കുന്നവൻ എന്നാണ്. വളയത്ത് പി.വി.നായരുടെ തൂലികാനാമമായിരുന്നു അത്. യാഥാസ്ഥിതിക വിശ്വാസങ്ങളെ സ്വതന്ത്ര ചിന്തകൊണ്ട് അദ്ദേഹം ശുദ്ധീകരിച്ചു. അര ശതാബ്ദത്തിലേറെക്കാലം കേരളത്തിലുടനീളം വാതോരാതെ സംസാരിച്ചു നടന്ന പവനൻ ഇന്നു ഒരു വാക്കുരിയാടാതെ നിശ്ശബ്ദനായി കഴിയുന്നു.അതുമാത്രം. പവനനു ഇപ്പോൾ 79 വയസ്സ് പൂർത്തിയായി. പാർവതീ പവനനാണ് പത്നി. ഡോ.സി.പി..രാജേന്ദ്രൻ,

സി.പി.സുരേന്ദ്രൻ, ശ്രീരേഖ എന്നിവർ മക്കളുമാണ്.

പവനനെ ഇന്നു ബാധിച്ചിരിക്കുന്ന രോഗം അൾസിമേർസാണ്. അതായത് ഓർമ നഷ്ടപ്പെടൽ. പവനന് ഒളിമിന്നുന്നതുപോലെ ഇടയ്ക്ക് ചില കാര്യങ്ങൾ ഓർമ വരും എന്നതൊഴിച്ചാൽ പൂർണ്ണമായും ഓർമശക്തി ഇല്ലെന്നുതന്നെ പറയാം.

ഏകദേശം പത്തു വർഷം മുമ്പ് പവനനെ തൃശൂരിലെ ഒരു പ്രൈവറ്റ് ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തിരുന്നു. ആശുപത്രി അധികൃതർ പറഞ്ഞു പവനനു ഹൃദ്രോഗമാണെന്ന്. എന്നിട്ടവർ ഒരു ഇൻചക്ഷൻ നൽകുകയുണ്ടായി. തുടർന്നു പവനന് ചെവി കേൾക്കാൻ വയ്യാതാവുകയും ചെയ്തു. പിന്നീട് കുറേ ദിവസം പവനൻ ഈയർഫോൺ ഉപയോഗിക്കുകയുണ്ടായി. ഈ സന്ദർഭത്തിൽ അസുഖമറിയാനെത്തിയ പുനത്തിൽ കുഞ്ഞബ്ദുള്ള തുണ്ടുകൾ പരിശോധിച്ചിട്ടു പറഞ്ഞുവത്രെ എഴുതിയിരിക്കുന്ന മരുന്നുകൾ ഹൃദ്രോഗത്തിന്റേതല്ലെന്ന്. മാത്രമല്ല പവനന് പിന്നീട് ഹൃദ്രോഗം വന്നിട്ടുമില്ല. ചുരുക്കത്തിൽ നൽകിയ മരുന്നിന്റെ റിയാക്ഷനായിരുന്നോ പവനനു ബാധിച്ച ബധിരത. ഇതിന്റെ തുടർച്ചയാണോ പവനന്റെ ഓർമ്മശക്തിയുടെ തകർച്ചയും.

1995-ൽ ബ്രാഹ്മാനന്ദശിവയോഗി എഴുതിക്കൊണ്ടിരിക്കെ തലവല്ലാതെ ചൂടെടുക്കുന്നുവെന്ന് പവനൻ പറഞ്ഞതായി പവനന്റെ മകൾ ശ്രീരേഖ പറയുകയുണ്ടായി. ഇക്കാര്യം പലപ്പോഴും അദ്ദേഹം ഡയറിയിൽ കുറിച്ചുവച്ചിട്ടുണ്ടെന്നും അവർ പറഞ്ഞു. എന്തായാലും യുക്തിവാദികളുടെ മുന്നണിപ്പോരാളിയായ ആദരണീയനായ പവനനെ എല്ലാ യുക്തിവാദി സുഹൃത്തുക്കളും നേരിൽ കാണുന്നതിന് ഒരു ദിവസം മാറ്റി വയ്ക്കണമെന്നഭ്യർത്ഥിക്കുന്നു.

1925 ഒക്ടോബർ 26-ന് തലശ്ശേരിയിൽ വയലളം എന്ന സ്ഥലത്ത് പവനൻ ജനിച്ചു. പിതാവ് കുട്ടമത്ത് കന്നിയൂർ കുഞ്ഞിശങ്കരക്കുറുപ്പും മാതാവ് വയലളത്ത് പുത്തൻ വീട്ടിൽ ദേവകിയമ്മയും.

ഗുരുകുല സമ്പ്രദായത്തിൽ വിദ്യാഭ്യാസം ആരംഭിച്ചു. നീലേശ്വരം രാജാസ് ഹൈസ്കൂളിലും വിദ്യാഭ്യാസം നടത്തി.

1944-45 ൽ സൈന്യത്തിൽ സേവനം അനുഷ്ഠിച്ചു. 1945-48 ൽ സഹകരണവകുപ്പ് ഇൻസ്പെക്ടർ 1949-50 ൽ ജയകേരളം പത്രാധിപസമിതി അംഗം. 1954-64-ൽ ദേശാഭിമാനി പത്രാധിപസമിതിയിൽ.

1965-67 ൽ നവയുഗം പത്രാധിപർ. 67-70 ൽ നവജീവനിൽ. 70-75 ൽ സോവ്യറ്റ് ഇൻഫർമേഷനിൽ സേവനം. 75-84 ൽ കേരള സാഹിത്യ അക്കാദമി സെക്രട്ടറി. 84-94 ൽ വിശ്വവിജ്ഞാനകോശം ഡയറക്ടർ, കേരള പത്രപ്രവർത്തക യൂണിയൻ സെക്രട്ടറി. 89-93-ൽ സോവ്യറ്റ് ലാന്റ് നെഹ്റു അവാർഡ് ലഭിച്ചു. കേരള സാഹിത്യ അക്കാദമി അവാർഡ് തുടങ്ങിയ പുരസ്ക്കാരങ്ങൾ ലഭിച്ചു. ആദ്യകാലസ്മരണകൾ, പവനന്റെ തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ, യുക്തിവാദത്തിനൊരു മുഖവു, യുക്തിവിചാരം, കേരളം ചുവന്നപ്പോൾ ബ്രഹ്മാനന്ദ ശിവയോഗി തുടങ്ങിയവ പ്രധാന ഗ്രന്ഥങ്ങൾ.




# ജോസഫ് ഇടമറുക്

ഞാൻ രണരേഖ എന്ന സാംസ്കാരിക മാസിക പ്രസിദ്ധീകരിച്ചുകൊണ്ടിരുന്ന കാലത്ത് ഒരു കോപ്പി ഇടമറുകിന് അയച്ചുകൊടുത്തു. അതിന് പ്രതികരണമെന്നോണം അക്കാലത്ത് അദ്ദേഹം പ്രസിദ്ധീകരിച്ച ഒരു ലഘുലേഖ എനിക്ക് അയച്ചു തരികയുണ്ടായി. അതിന് ഞാനൊരു മറുപടി അയച്ചു. അങ്ങനെ ഞങ്ങളുടെ സൗഹൃദബന്ധം വളർന്നു.

ഇടയ്ക്ക് മാസിക മുടങ്ങി. എങ്കിലും ഇടവേളക്കുശേഷം വീണ്ടും മാസിക ആരംഭിക്കാൻ തീരുമാനിച്ചു. മാസികയുടെ ഉപദേഷ്ടാവ് എന്ന പേരിൽ ഇരിക്കുന്നതിന് ഞാൻ അഭ്യർത്ഥിക്കുകയും അദ്ദേഹം അത് സമ്മതിക്കുകയും ചെയ്തു. മാത്രമല്ല ചില ലേഖനങ്ങൾ മാസികക്ക് എഴുതിത്തരികയും ചെയ്തിരുന്നു. കുറേനാൾ കഴിഞ്ഞ് മറ്റു പല പ്രസിദ്ധീകരണങ്ങളിലും അദ്ദേഹം സ്ഥിരമായി എഴുതിയിരുന്ന 'തീനാളങ്ങൾ' എന്ന പംക്തി രണരേഖയിൽ പ്രതിഫലം കൂടാതെ എഴുതാമെന്ന് സമ്മതിക്കുകയും ചെയ്തു. യുക്തിവാദസംബന്ധമായ ആനുകാലിക വിഷയങ്ങളായിരുന്നു അദ്ദേഹം കൂടുതൽ എഴുതിയിരുന്നത്. അദ്ദേഹത്തിന്റെ പ്രധാന കൃതികളിലെ പല അധ്യായങ്ങളും അദ്ദേഹം രണരേഖയിൽ എഴുതിയിട്ടുണ്ട് തുടർന്ന് യുക്തിവാദ സംബന്ധമായ പല പ്രവർത്തനങ്ങളിലും ഞങ്ങൾ ഒരുമിക്കുവാൻ തുടങ്ങി. കേരളത്തിലെ പ്രധാന കേന്ദ്രങ്ങളിലും പുറത്തും ഞങ്ങൾ ഏകോപിക്കുകയുണ്ടായി. കൊല്ലത്ത് വരുമ്പോഴെല്ലാം എന്റെ വീട്ടിൽ അദ്ദേഹം സ്ഥിരമായി വരുമായിരുന്നു. പല ദിവസങ്ങളിലും താമസിക്കുകയും ചെയ്തിരുന്നു

**വിദേശയാത്ര**

ഇടമറുക് വിദേശ യാത്രയിലായിരിക്കുമ്പോൾ എനിക്ക് കത്തുകളയക്കുക പതിവായിരുന്നു. ആ കത്തിൽനിന്നും അവിടുത്തെ ചിത്രം നമുക്ക് ലഭിക്കുമായിരുന്നു. ഒരു പക്ഷെ അദ്ദേഹം എഴുതാനിരിക്കുന്ന പത്ര റിപ്പോ



ർട്ടിനു മുമ്പാണ് ഈ കത്തിലൂടെ എനിക്ക് വിവരം കിട്ടിയിരുന്നത്. 1985 ഡിസംബർ7ന് അദ്ദേഹം ഡാക്കയിൽ നിന്നും എഴുതിയ ഒരു കത്തിന്റെ ഭാഗം ചുവടെ ചേർക്കുന്നു.

"പ്രീയപ്പെട്ട ശ്രീനി, ഇന്ന് ഡാക്കയിൽ വെച്ച് ബംഗ്ലാദേശ് ഇൻസാൻ സംഘം ഞാൻ ഉദ്ഘാടനം ചെയ്തു. യുക്തിവാദി സംഘം എന്ന പേര് അവർക്ക് ഉപയോഗിക്കാൻ ഭയമാണ്. പട്ടാള ഭരണമാണല്ലോ. ബംഗ്ലാദേശ് മുഴുവൻ ഒന്നു ചുറ്റിനടന്നു കാണാനും കഴിഞ്ഞു. 85 ശതമാനം മുസ്ലീങ്ങളുള്ള ഈ രാജ്യത്ത് ഇസ്ലാം വളരെ ദുർബലമാണ്. കണ്ണെഴുതി പൊട്ടുതൊട്ട് പൂചൂടി നടക്കുന്നവരാണ് മുസ്ലീം സ്ത്രീകൾ. സാരിയാണ് പ്രചാരമുള്ള വേഷം. പശ്ചിമ ബംഗാളിലുള്ളവരെക്കാൾ ബംഗ്ലാദേശികൾക്ക് കേരളീയരോട് സാമ്യം തോന്നി. ഏതായാലും അതേപ്പറ്റി ഞാനെഴുതുന്നുണ്ട്, കേരളശബ്ദത്തിൽ."

**അവതാരിക**

'കേരളത്തിലെ മനുഷ്യദൈവങ്ങൾ' എന്ന എന്റെ ആദ്യ പുസ്തകത്തിന് അവതാരിക എഴുതിയത് ഇടമറുകാണ്. 1984 ൽ ആ അവതാരികയുടെ അവസാനം എന്നെക്കുറിച്ച് അദ്ദേഹം ഇങ്ങനെ എഴുതി.

'പുരോഗമനവാദികളെന്നു നടിക്കുന്നവരിൽ പലരും തുറന്നു പറയാൻ മടിക്കുന്ന കാര്യങ്ങൾ വിളിച്ചുപറയാൻ ധീരത കാണിച്ച, തന്റേടിയായ ഒരു യുക്തിവാദി നേതാവാണ് ശ്രീനി പട്ടത്താനം. ഈ ഗ്രന്ഥത്തിൽ വിവരിക്കുന്ന മനുഷ്യദൈവങ്ങളുടെ ഗണത്തിൽപ്പെട്ട രണ്ടു ഡസനിലധികംപേർ കേരളത്തിൽ വേറെയുമുണ്ട്. അവരേയും ഇതുപോലെ തുറന്നു കാണിക്കേണ്ടിയിരിക്കുന്നു. ശ്രീനി തന്നെ ആ കാര്യത്തിൽ

മുൻകൈയ്യെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സന്തോഷത്തോടും അഭിമാനത്തോടുംകൂടി 'കേരളത്തിലെ മനുഷ്യ ദൈവങ്ങൾ' എന്ന ഗ്രന്ഥം ഞാൻ അവതരിപ്പിക്കുന്നു. കേരളത്തിലെ യുക്തിവാദി പ്രസ്ഥാനത്തിന് എന്നെന്നും അഭിമാനിക്കാവുന്ന ധീരനായ ഒരു യുവാവാണ് ഈ ഗ്രന്ഥത്തിന്റെ കർത്താവായ ശ്രീനി പട്ടത്താനം. പഴകി ദ്രവിച്ച അനാചാരങ്ങളേയും അന്ധവിശ്വാസങ്ങളേയും മനുഷ്യമനസ്സിൽ നിന്നും പൊളിച്ചുമാറ്റി, ഒരു നവ കേരലം സൃഷ്ടിക്കുന്നതിനുള്ള ശ്രമത്തിൽ ഏർപ്പെട്ടിരിക്കുന്ന യുക്തിവാദികൾക്ക് ശ്രീനി ഒരു ഉത്തമ മാതൃകയാണ്. വരാൻ പോകുന്ന കാലങ്ങളിൽ കൂടുതൽ ശക്തങ്ങളായ യുക്തിവാദ ഗ്രന്ഥങ്ങൾ രചിക്കാൻ അദ്ദേഹത്തിന് കഴിയുമെന്ന് ഈ പുസ്തകം തെളിയിക്കുന്നു.

**ഇടമറുകിന്റെ സംഭാവനകൾ**

കേരളത്തിൽ യുക്തിവാദ സംബന്ധമായ വിഷയങ്ങളിൽ ഇത്രമാത്രം എഴുതി കൂട്ടിയിട്ടുള്ള ഒരാൾ വേറെ ഇല്ലെന്നു തന്നെ പറയാം.

അതുപോലെ വ്യക്തിജീവിതത്തിൽ, പറഞ്ഞപോലെ പ്രാവർത്തികമാക്കുവാൻ കഴിഞ്ഞു. നമ്മുടെ പല വിപ്ലവകാരികളും,പറയുന്നതൊന്ന് പ്രവർത്തിക്കുന്നത് മറ്റൊന്ന്. പക്ഷെ ഇവർക്ക് മതൃകയായി അദ്ദേഹത്തിന് ജീവിച്ചു കാണിക്കുവാൻ കഴിഞ്ഞു. മിശ്രവിവാഹിതരായ പലരുടേയും കുടുംബങ്ങളിൽ മതരഹിതമായ ഒരു ജീവിതം തുടരാൻ കഴിഞ്ഞിട്ടില്ല. പക്ഷെ ഇടമറുകിന് അത് കഴിഞ്ഞു. അതുപോലെ മക്കളുടെ മനസ്സിലും അവരുടെ മക്കളുടെ മനസ്സിലും ജാതിയോ മതമോ ഇല്ലാതെ വളർത്താൻ കഴിഞ്ഞു. ചുരുക്കത്തിൽ മതരഹിതവും മാനവികവുമായ ഒരു കുടുംബബന്ധം പുലർത്താൻ അദ്ദേഹത്തിനു കഴിഞ്ഞു.

**ഇടമറുകും മകനും**

ഇടമറുകും മകൻ സനൽ ഇടമറുകും തമ്മിലുള്ള ബന്ധം സാധാരണ നിലയിലുള്ള ഒരു അച്ഛൻ മകൻ ബന്ധമായിരുന്നില്ല. മകനെ അദ്ദേഹം ഒരു സഹയാത്രികനായി വളർത്തിയെടുത്തു. എല്ലാ പിതാക്കന്മാരും മക്കളെ എഞ്ചിനിയറും ,ഡോക്ടറും, ഐ.എ.എസ്സുകാരുമായി വളർത്തിയെടുക്കാൻ ശ്രമിക്കുമ്പോൾ അദ്ദേഹം തന്റെ മകനെ വിപ്ലവ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാനുള്ള ഒരു സഹപ്രവർത്തകനാക്കി മാറ്റാണ് ശ്രമിച്ചത്. ഒരു ഉദ്യോഗസ്ഥനാക്കുന്നതിനു പകരം സാമൂഹ്യ പരിവർത്തനത്തിനുള്ള പടയാളിയാക്കി എടുക്കുകയാണ് ചെയ്തത്.

**ആത്മകഥ**

ഇടമറുകിന്റെ 'കൊടുങ്കാറ്റുയർത്തിയ കാലം' എന്ന ആത്മകഥ യഥാർത്ഥത്തിൽ അത് ഒന്നാം ഭാഗമാണെന്നാണ് ഞാൻ വിശ്വസിക്കുന്നത്. രണ്ടാം ഭാഗം അദ്ദേഹം ജീവിച്ചിരുന്നുവെങ്കിൽ എഴുതി പൂർത്തിയാക്കുമായിരുന്നു. കാരണം കാൽ ശതാബ്ദത്തിലേറെക്കാലത്തെ (1997നുശേഷം) പ്രവർത്തനങ്ങളുടെ ചരിത്രംകൂടി അദ്ദേഹത്തിന് വെളിപ്പെടുത്താനുണ്ട്.

ഈ ആത്മകഥയ്ക്കുള്ള പ്രത്യേകത ഇതു വെറുമൊരു ആത്മകഥയല്ല. അതു 1917 മുതലുള്ള കേരളത്തിലെ യുക്തിവാദ പ്രസ്ഥാനത്തിന്റെ ഒരു ചരിത്രം കൂടിയാണ്. കേരളത്തിന്റെ യുക്തിവാദ പ്രസ്ഥാനത്തിന്റെ ചരിത്രം പഠിക്കാനാഗ്രഹിക്കുന്ന ഒരു വിദ്യാർത്ഥിക്കു അവശ്യം വേണ്ട കാര്യങ്ങളും രേഖകളും ഈ പുസ്തകത്തിലുണ്ട്.

ഈ പുസ്തകത്തിന്റെ പേരു വായിച്ച ഉടൻ ഒരു സുഹൃത്ത് എന്നോട് ചോദിച്ചു "ഇടമറുക് കൊടുങ്കാറ്റുയർത്തിയെന്നോ എപ്പോൾ എന്തു കൊടുങ്കാറ്റ്" ഞാൻ പറഞ്ഞു ,അദ്ദേഹം ഉയർത്തിയ കൊടുങ്കാറ്റ്:

ഒന്ന്, യുക്തിവാദി സംഘത്തിൽ മതവുമായി സന്ധി ചെയ്തുകൊണ്ടു യുക്തിവാദ പ്രവർത്തനങ്ങൾ നടത്താമെന്നഭിപ്രായമുള്ള എം.സി.ജോസഫ് തുടങ്ങിയവർക്കെതിരെ അദ്ദേഹം അതു പാടില്ലെന്ന അഭിപ്രായവുമായി നീണ്ടകാലം ആശയ സംഘർഷമുണ്ടാക്കി.

പിന്നീട് കമ്മ്യൂണിസ്റ്റുകാരുടെ മതസന്ധികളോടും ഇ.എം.എസ്സിന്റെ നിലപാടുകളേയും വിമർശിച്ചുകൊണ്ട് അദ്ദേഹത്തിന്റെ അഭിപ്രായങ്ങളും ലേഖനങ്ങളും വളരെ ഒച്ചപ്പാടുണ്ടാക്കി. ഇ.എം.എസ് തന്നെ ഇതിനെതിരെ ലേഖനങ്ങളും ഗ്രന്ഥങ്ങളും എഴുതുകയുണ്ടായി.

'ക്രിസ്തുവും കൃഷ്ണനും ജീവിച്ചിരുന്നില്ല' എന്ന പുസ്തകം വളരെപ്പേരിൽ അത്ഭുതമുണ്ടാക്കി. ദൈവപുത്രനായ ക്രിസ്തുവും കുരുക്ഷേത്രയുദ്ധം നയിച്ചും ഗീതോപദേശം ചെയ്തും ഇന്ത്യയിൽ ജനകോടികളുടെ ഹൃദയത്തിൽ ജീവിക്കുന്ന ഭഗവാൻ കൃഷ്ണൻ ജീവിച്ചിരുന്നില്ലെന്ന് പറഞ്ഞപ്പോൾ കേട്ടവർക്ക് ഞെട്ടലുണ്ടാക്കി.

അതുപോലെതന്നെയാണ് 'ഖുർ ആൻ വിമർശന പഠനവും'. സാത്താനിക് വേഴ്സസ് എന്ന കൃതി എഴുതിയതിന്റെ പേരിൽ സൽമാൻ റുഷ്ദിയും ലജ്ജയും മറ്റും എഴുതിയതിന്റെ പേരിൽ തസ്ലിമയും സ്വന്തം രാജ്യം വിട്ടു അന്യരാജ്യങ്ങളിൽ കുടിയേറേണ്ടിവന്ന സാഹചര്യത്തിലായണ് ഇടമറുകിന്റെ ഈ ഗ്രന്ഥരചന. ഇവരുടെ പുസ്തകങ്ങൾ പകുതി സങ്കൽപവും പകുതി യാഥാർഥ്യവും ഇടകലർന്ന നോവലുകളായിരുന്നു. ഇടമറുകിന്റെ ഗ്രന്ഥം തനി ഡയറക്ടായുള്ള ഖുറാൻ വിമർശനമായിരുന്നു. മുഹമ്മദ് നബി മാനസികരോഗിയാണെന്നും അനവധി ഭാര്യമാരുണ്ടായിരുന്നെന്നുംപറയുന്ന പുസ്തകം ഇസ്ലാം മതവിഭാഗങ്ങളിൽ ഇടിമുഴക്കമുണ്ടാക്കി. ഇസ്ലാം പ്രതികരണമെന്നോണം അനവധി ഗ്രന്ഥങ്ങൾ തന്നെ പുറത്തുവന്നു. ഇതൊരു കൊടുങ്കാറ്റുതന്നെയായിരുന്നു.

**ശൈലി**

മദ്യപിക്കുകയും പുകവലിക്കുകയും ചെയ്താലേ സാഹിത്യം രചിക്കാൻ കഴിയുകയുള്ളുവെന്ന് ചില സാഹത്യകാരന്മാർ വിശ്വസിക്കുമ്പോൾ വെളുപ്പിനെ എഴുന്നേറ്റ് ബിസ്ക്കറ്റും കഴിച്ചുകൊണ്ടാണ് ഇടമറുക് സൃഷ്ടികൾ നടത്തിയിരുന്നത്. വളരെ ലളിതമായ ശൈലിയായിരുന്നു. ഇടമറുകിന്റെ ചരിത്രപരവും രാഷ്ട്രീയവുമായ അന്വേഷണാത്മക ദക്ഷിണേന്ത്യൻ റിപ്പോർട്ടുകൾ ഒരു നോവൽ ശൈലിപോലെ വായിച്ചു

പോകുമായിരുന്നു.

**പത്രവാർത്ത**

ഇടമറുക് വെറുമൊരു പത്രപ്രവർത്തകനായിരുന്നില്ല. അദ്ദേഹം വിശേഷിക്കപ്പെട്ടിരുന്നത് സാഹസിക പത്രപ്രവർത്തകൻ എന്നായിരുന്നു. തോക്കിൻ കുഴലിൽ നിന്നും വെടിയുണ്ടകൾ ഉതിരുന്ന ഫൂലാൻദേവിയുടെ ചമ്പൽക്കാടുകളിലെ നിഗൂഢവും അപകടകരവുമായ അനവധി റിപ്പോർട്ടുകൾ അദ്ദേഹം കേരള ശബ്ദത്തിലൂടെ പുറത്തുകൊണ്ടുവന്നിട്ടുണ്ട്. ശബ്ദത്തിന്റെ ഡൽഹി ബ്യൂറോ ചീഫായിരുന്നു അദ്ദേഹം. ഇടമറുകിന്റെ മരണം നഷ്ടമായിപ്പോയെന്ന് എല്ലാവരും പറയുമെങ്കിലും അക്ഷരാർത്ഥത്തിൽ നഷ്ടം സംഭവിച്ചത് കേരള ശബ്ദത്തിനാണെന്നു പത്രാതിപർ ഡോ. രാജകൃഷ്ണൻ പറയുകയുണ്ടായി.

**സംഘാടകൻ**

1954 മുതൽക്കാണ് ഇടമറുക് യുക്തിവാദി സംഘം പ്രവർത്തനം ആരംഭിക്കുന്നത്. അന്നുമുതൽ സംഘാടന പ്രവർത്തനങ്ങളിൽ അദ്ദേഹം സജീവമായിരുന്നു.നിരവധി സമ്മേളനങ്ങൾ സംഘടിപ്പിച്ചിരുന്നു. നിരവധി പഠന പ്രഭാഷണങ്ങളും പ്രസംഗങ്ങളും അദ്ദേഹം നടത്തിയിട്ടുണ്ട്.

ഇടമറുകിന്റെ മരണം യുക്തിവാദപ്രസ്ഥാനത്തിന് പകരം വയ്ക്കാനില്ലാത്ത നഷ്ടം തന്നെയാണ്. അദ്ദേഹത്തിന് ഓർമ്മകളുടെ ആദരാഞ്ജലികൾ അറിയിച്ചുകൊണ്ട് നിർത്തുന്നു.



# തെങ്ങമം ബാലകൃഷ്ണൻ

കൊല്ലത്തെ കടപ്പാക്കട ഒരു പ്രധാന ടൗണാണ്. അതുകൊണ്ട് തന്നെ പല ആവശ്യങ്ങൾക്കായി അവിടെ പോകേണ്ടതുണ്. പോകുമ്പോഴെല്ലാം ടൗണിന്റെ ഹൃദയഭാഗത്തിന്റെ വലത് അല്പം അകത്തോട്ട് മാറി താമസിക്കുന്ന തെങ്ങമത്തെ ഓർക്കാറുണ്ട്. പിന്നീട് ഒന്നും ചിന്തിക്കുന്നില്ല. ആദ്യം അദ്ദേഹത്തെ കാണുക എന്ന തീരുമാനത്തിലെത്തുന്നു. നേരെ വീട്ടിൽ ചെല്ലുന്നു. ചെല്ലുമ്പോഴെല്ലാം മിക്കവാറും അദ്ദേഹത്തെ ഒറ്റയ്ക്ക് കാണാൻ കഴിഞ്ഞിട്ടില്ല. ഭൂരിഭാഗം സമയങ്ങളിലും അദ്ദേഹത്തെ കാണുവാൻ സമൂഹത്തിന്റെ വിവിധ തുറകളിൽ നിന്നും വന്നിട്ടുള്ളവർ ഉണ്ടാവും. ചെല്ലുമ്പോൾ അവരുടെ ഇടയിലേക്ക് എന്നെ ക്ഷണിക്കുകയും എന്നെ പരിചയപ്പെടുത്തുകും ചെയ്യുക പതിവായിരുന്നു. അതിൽ യുക്തിരാജ്യം എന്ന ഒരു പത്രം നടത്തുന്ന ആളാണ്, യുക്തിവാദി സംഘത്തിന്റെ സെക്രട്ടറിയാണ്, അമൃതാനന്ദമയിയെക്കുറിച്ച് വിമർശനം ഉയർത്തിയ ആളാണ് എന്നൊക്കെ. ഇതിനിടയിൽ അകത്തെ മുറിയിൽ നിന്നും ഒരാൾ ചായയുമായി വന്നു കഴിയും. അതു അദ്ദേഹത്തിന്റെ നിർമ്മലമായ മനസ്സിന്റെ ഉടമയായ ധർമ്മപത്നി നിർമ്മലയാണ്. ഇതിനിടയിൽ ചെറുമകൾ ശ്രീലക്ഷ്മി അപ്പൂപ്പന്റെ കാര്യങ്ങളും പറഞ്ഞു അവിടെയുണ്ടാവും. അതിനിടയിൽ കല, സാഹിത്യം, സാംസ്കാരികം, രാഷ്ട്രീയം തുടങ്ങിയ വിഷയങ്ങളോടുള്ള അദ്ദേഹത്തിന്റെ പ്രതികരണങ്ങൾ നമുക്കു കേൾക്കാം. ഇതു കഴിഞ്ഞ പത്തു മുപ്പതു വർഷമായുള്ള ഏന്റെ അനുഭവമാണ്.

തെങ്ങമത്തെ ഞാനാദ്യം കാണുന്നത് ജനയുഗത്തിൽ ഒരിക്കൽ ചെല്ലുമ്പോഴാണ്. കാമ്പിശ്ശേരി കരുണാകരൻ അന്തരിച്ചശേഷം തൽസ്ഥാനത്തു തെങ്ങമം വന്നപ്പോൾ, അന്നു തുടങ്ങിയ സൗഹൃദം മരണംവരെ തുടർന്നു. 1985 മുതൽ കൊല്ലത്തു ഞാൻ മുൻകൈയ്യെടുത്തു സംഘടിപ്പിച്ചിരുന്ന



മിക്കവാറും എല്ലാ യുക്തിവാദി സമ്മേളനങ്ങളിലും അദ്ദേഹം പങ്കെടുത്തിട്ടുണ്ട്. വീട്ടിൽ വരുമ്പോഴും യോഗത്തിന് വരുമ്പോഴും കിട്ടുന്ന ശമ്പളം യുക്തിരാജ്യം നടത്തുന്നതിനും സമ്മേളനം നടത്തുന്നതിനും ഉപയോഗിക്കുന്ന ആളാണ് പട്ടത്താനം ശ്രീനി (അദ്ദേഹം അങ്ങനെയാണ് വിളിക്കുക) എന്നു പറയുമായിരുന്നു. പല ഭവന സംഭാഷണങ്ങളിലും പലപ്പോഴും കയറി വരുന്ന രണ്ടു വിഷയമായിരുന്നു പ്രണയവും സായിബാബയും.

1960-ലായിരുന്നു തെങ്ങമത്തിന്റെ വിവാഹം. അന്നദ്ദേഹത്തിന് മുപ്പത്തിമൂന്ന് വയസ്സായിരുന്നു. നാരായണ ഗുരുവിന്റേയും സഹോദരന്റേയും ജാതിക്കെതിരായ പോരാട്ടത്തിന്റെ ഒരു മനസ്സ് അദ്ദേഹത്തിൽ രൂപപ്പെട്ടിരുന്നു. അതുകൊണ്ട് അന്യ സമുദായത്തിൽ നിന്നേ കല്യാണം കഴിക്കൂ എന്നു തീരുമാനിച്ചു. ഈ കാലഘട്ടത്തിലായിരുന്നു എ.കെ.ആന്റണിയുടെ ഒരണ സമരം. അരക്കുറ്റിയിൽ ബോട്ടിൽ അക്കരെയിക്കരെ കടത്തുന്നതിന് വിദ്യാർത്ഥികളിൽ നിന്നും ഒരണയേ വാങ്ങാവൂ, ഇതായിരുന്നു ഡിമാന്റ് തുടർന്ന് വിദ്യാലയ അന്തരീക്ഷം കലുഷിതമായി. ഈ സമരത്തെ അപലപിച്ചുകൊണ്ട് ജനയുഗം വാരികയുടെ ബാലപംക്തിയിലേക്ക് ഒരു പെൺകുട്ടി കത്തെഴുതി. അതിനെ അഭിനന്ദിച്ചുകൊണ്ട് പലരുമെഴുതിയ കത്തുകൾ പെൺകുട്ടിക്ക് അയച്ചുകൊടുത്തു. പിന്നെയും ചില കത്തുകൾ അങ്ങോട്ടുമിങ്ങോട്ടുമെഴുതി. അവസാനം 1960 മെയ് 12 ന് ശിവഗിരിയിൽ വെച്ച് തെങ്ങമത്തിന്റെ കല്യാണം നടന്നു.

പ്രൊഫ.എ.ടി.കോവൂർ കേരളത്തിൽ വന്നപ്പോൾ ജനയുഗത്തിന്റെ മുമ്പിൽ വെച്ച് അദ്ദേഹത്തിനൊരു സ്വീകരണം കൊടുക്കുയുണ്ടായി. വളരെ കൂടുതൽ പേർ പങ്കെടുത്ത പ്രസ്തുത യോഗത്തിൽ കോവൂർ ദിവ്യാത്ഭുതങ്ങളുടെ രഹസ്യങ്ങൾ തുറന്നു കാണിക്കുകയുണ്ടായി. കോവൂരിന്റെ പ്രസംഗങ്ങൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയത് തെങ്ങമമായിരുന്നു. ആ യോഗത്തിൽ വെച്ചായിരുന്നു കോവൂർ സായിബാബയെ വെല്ലുവിളിച്ചത്. തുടർന്ന് കോവൂരുമായി അടുത്തബന്ധത്തിലായി. കോവൂർ ഒരു മകനെപ്പോലെ തെങ്ങമത്തിനെ സ്നേഹിച്ചിരുന്നതായി അദ്ദേഹം പറയുന്നു. കോവൂർ തെങ്ങമത്തിനെ സിലോണിലേക്ക് ക്ഷണിച്ചിരുന്നു. കോവൂരിന്റെ റാഷണലിസ്റ്റ് എന്ന മാസിക തെങ്ങമത്തിന് സ്ഥിരമായി അയച്ചു കൊടുത്തിരുന്നു. തുടർന്ന് കോവൂരിന്റെ ലേഖനങ്ങൾ പരിഭാഷ ചെയ്തു ജനയുഗത്തിൽ കൊടുത്തിരുന്നു. പ്രശസ്ത യുക്തിവാദിയായ പ്രേമാനന്ദിന്റെ സായിദാസികൾ എന്ന ലേഖന പരമ്പര ജനയുഗ



ത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. സ്ത്രീകളുമായുള്ള സായിബാബയുടെ അനാശാസ്യ ബന്ധങ്ങളെ അനാവരണം ചെയ്യുന്നതായിരുന്നു ആ ലേഖന പരമ്പര. തുടർന്ന് സായിബാബയുടെ ഭാഗത്തു നിന്നും വധഭീഷണിയും നിയമനടപടിയും ഉണ്ടായി.

അക്കാലത്തു കൊട്ടാരക്കരയിൽ വച്ചൊരു സംഭവമുണ്ടായി. ഗണപതി അമ്പലത്തിന്റെ കുളത്തിനു കിഴക്കുവശത്തെ ജംഗ്ഷനിൽ ഒരു ആൽമരമുണ്ട്. അതിന്റെ ചുവട്ടിൽ വെച്ചൊരു യോഗം നടന്നു. ഇടമറുക് ഗണപതിയെക്കുറിച്ച് സംസാരിച്ചപ്പോൾ അവിടെ നിന്ന ഒരു വിഭാഗം ആൾക്കാർ രോഷാകുലരായി. അവർ ചരൽ വാരിയെറിയുകയും കൂവിവിളിക്കുകയും ഒക്കെ ചെയ്തു. യോഗം അവിടെ നടത്തേണ്ട എന്നവർ ആക്രോശിച്ചു. പക്ഷെ യോഗം നടത്താതെ പോകാൻ ആരും തയ്യാറായിരുന്നില്ല. അവസാനം തെങ്ങമം പ്രസംഗിച്ചു. യുക്തിവാദ പ്രസ്ഥാനം എന്നു പറയുന്നത് ഒരു നിരീശ്വരവാദ പ്രസ്ഥാനമല്ലെന്നു പറഞ്ഞുള്ള പ്രസംഗം അവിടെ പിന്നീട് സമാധാനമായി യോഗം നടത്തുന്നതിന് സഹായിച്ചു. സി.വി.കുഞ്ഞുരാമന്റേയും സി.കേശവന്റേയും ഒരു യുക്തിചിന്താപാരമ്പര്യം കൊല്ലത്തിനുണ്ടെങ്കിലും കൊല്ലം ജില്ലയിൽ ആദ്യമായി യുക്തിവാദ സംഘത്തിന്റെ യൂണിറ്റ് രൂപീകരിക്കാൻ തെങ്ങമം മുൻകൈ എടുത്തതായി അദ്ദേഹം എന്നോട് പറഞ്ഞിട്ടുണ്ട്. സമാനചിന്താഗതിക്കാരനായ മുളവന പണിക്കർ, എഴുകോൺ സോമരാജൻ, കുണ്ടറ ജെയിംസ്, പള്ളിപ്പാടൻ സദാശിവൻ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ടാണ് ആദ്യ യൂണിറ്റ് രൂപീകരിച്ചത്.

തെങ്ങമം യുക്തിവാദിയായത് എങ്ങനെയാണെന്ന് അദ്ദേഹം പറയുന്നു. പലരേയും യുക്തിവാദിയാക്കിയ കുറ്റിപ്പുഴ കൃഷ്ണ പിള്ളയുടെ വിചാര വിപ്ലവം എന്ന ഗ്രന്ഥം ഒന്നാം ക്ലാസ്സിൽ പഠിക്കുമ്പോൾ വായിക്കാനിടയായി. തുടർന്നു യുക്തിവാദ പ്രസ്ഥാനത്തെപ്പറ്റി കൂടുതൽ അറിയാനിടയായി. അതിന്റെ ഫലമായി യുക്തിവാദ മാസികയുടെ പത്രാധിപരായ എം.സി.ജോസഫിനെ കാണാൻ തീരുമാനിച്ചു. അങ്ങനെ തെങ്ങമം ഇരിങ്ങാലക്കുടയിലെത്തി എം.സി.യെ കണ്ട് ദീർഘനേരം സംസാരിച്ചു. അന്നു മുതൽ എം.സി.യുക്തിവാദി മാസിക തെങ്ങമത്തിന് സ്ഥിരമായി അയച്ചുകൊടുത്തിരുന്നതായി പറഞ്ഞിട്ടുണ്ട്.

അമൃതാനന്ദമയിയെക്കുറിച്ച് ഞാൻ എഴുതിയ പുസ്തകത്തെ തുടർന്ന് സംസ്ഥാന ഗവൺമെന്റിന്റെ പ്രോസിക്യൂഷൻ ഉത്തരവ് എനിക്കെതിരെ വന്നപ്പോൾ ആ നടപടിക്കെതിരെ പ്രക്ഷോഭമുയർത്താൻ തെങ്ങമം



മുന്നിലുണ്ടായിരുന്നു. കേരളത്തിലെ പ്രമുഖ ഇടത് രാഷ്ട്രീയ പാർട്ടികളുടേയും യുവജന സംഘടനകളുടെയും സംസ്ക്കാരിക സാഹിത്യ സംഘടനകളുടെയും ഐക്യവും സമരവും ആ വിഷയത്തിലുണ്ടായി. രൂപീകരിച്ച ആവിഷ്ക്കാര സ്വാതന്ത്ര്യ സംരക്ഷണ സമിതിയുടെ ചെയർമാൻ തെങ്ങമമായിരുന്നു.

'മാതാ അമൃതാനന്ദമയയി ദിവ്യകഥകളും യാഥാർത്ഥ്യവും' എന്ന എന്റെ വിവാദ ഗ്രന്ഥത്തിന് അവതാരിക എഴുതിയത് തെങ്ങമമായിരുന്നു. അതിൽ ആൾദൈവങ്ങളുടെ കപട മുഖം അദ്ദേഹം തുറന്നു കാണിച്ചിരുന്നു. 2005 ൽഭാരതീയ യുക്തിവാദി സംഘം പൊഫ.എ.ടി.കോവൂർ നാഷണൽ അവാർഡ് എറണാകുളത്തു വെച്ച് കമൽഹാസന് നൽകിയപ്പോൾ കമൽഹാസൻ തെങ്ങമത്തിനെ പൊന്നാട ചാർത്തി ആദരിക്കുകയുണ്ടായി. ഒരു വർഷം മുമ്പ് അപ്രതീക്ഷിതമായി തെങ്ങമത്തിന് അസുഖമുണ്ടായി. ആശുപത്രയിലായി. ഏതാനും ദിവസം കഴിയുമ്പോൾ തെങ്ങമത്തിന് മറ്റൊരു അസുഖം ബാധിച്ചു. അതു ഹൃദയസ്തംഭനമായിരുന്നു. പക്ഷേ അത്ഭുതം, ആശുപത്രിയിലായതുകൊണ്ട് അപകടനില തരണം ചെയ്യാനും കഴിഞ്ഞു. ഡിസ്ചാർജ്ജായി വീട്ടിൽ വന്നപ്പോൾ ഞാനദ്ദേഹത്തോട് ഒരു കാര്യം ചോദിച്ചു. അതു ഇടയ്ക്കും മുറയ്ക്കും ഞാൻ ഓർമ്മിപ്പിച്ചുകൊണ്ടിരുന്നു. അതു അദ്ദേഹം പാലിക്കുകയും ചെയ്തിരുന്നു.

അതായത് നമ്മുടെ എം.എൻ.വിജയൻ മാഷ് പത്രസമ്മേളനം നടത്തിക്കൊണ്ടിരിക്കുമ്പോൾ എന്തോ ആലോചിക്കുവാൻ ചിരിച്ചുകൊണ്ട് മുകളിലോട്ട് ശിരസ്സുയർത്തിയപ്പോൾ ആ കണ്ണുകളിലെ തിളക്കമറ്റുപോകുന്നതും കണ്ണടയുന്നതും നിശ്ചലമായി പിന്നിലേക്കു വീഴുന്നതും നമ്മൾ കണ്ടതാണ്. ഈ ഓർമ്മമനസ്സിനെ വേദനിപ്പിക്കുന്നതുകൊണ്ട് ഞാൻ

തെങ്ങമത്തിനോട് പറഞ്ഞു, സർ ദയവു ചെയ്തു ഒന്നും രണ്ടും നിലകളിൽ വെച്ച് നടത്തുന്ന യോഗങ്ങളിൽ പോകരുത്. അത് അദ്ദേഹം പാലിച്ചിരുന്നു.

തെങ്ങമം ഒരു കമ്മ്യൂണിസ്റ്റുകാരൻ എന്നതിലുപരി ഒരു പൂർണ്ണ യുക്തിവാദിയായിരുന്നു എന്നു പറയുന്നതാവും ശരി. ഒമ്പതാം ക്ലാസ്സിൽ പഠിക്കുന്ന കാലത്തെ യുക്തിവാദികളുടെ കാരണവരായ എം.സി.യെ കാണാൻ പോകുന്നു. മിശ്രവിവാഹം ചെയ്യുന്നു. യുക്തിവാദ സാഹിത്യങ്ങൾ പ്രചരിപ്പിക്കുന്നു. യുക്തിവാദ യോഗങ്ങളിൽ സജീവമായി പങ്കെടുക്കുന്നു. വ്യക്തി ജീവിതത്തിൽ മതം വിശ്വസിക്കുകയോ ആചരിക്കുകയോ ചെയ്യുന്നില്ല. മരണാനന്തരം ഒരു മതാചാരവും പാടില്ലെന്നു പറഞ്ഞിരുന്നു. ആകെ കൂട്ടിയാൽ തെങ്ങമം ഒരു തികഞ്ഞ യുക്തിവാദിയായിരുന്നു. ഏതാനും വർഷങ്ങൾക്കു മുമ്പേ ഞാനദ്ദേഹത്തെ ആത്മകഥ എഴുതുന്നതിന് നിർബന്ധിച്ചിരുന്നു. അന്നദ്ദേഹം പറയുമായിരുന്നു ജനയുഗം പത്രമാപ്പീസിലെ ലൈബ്രറിയിലെ പഴയ പത്രത്താളുകൾ തെരഞ്ഞെടുക്കേണ്ടിയിരിക്കുന്നു. അതൊരു വലിയ ജോലിയാണ്. ഏതെങ്കിലും ഈ മേഖലയിൽ താൽപ്പര്യമുള്ള ചെറുപ്പക്കാരെ കിട്ടിയാൽ കൊള്ളാമായിരുന്നു. അങ്ങനെ സ്നേഹരാജ്യത്തിലെ അലി അക്ബറുടെ സഹായത്താൽ 2009-ൽ ആ ആത്മകഥ പുറത്തിറങ്ങി. 'നിറക്കൂട്ടില്ലാതെ' എന്ന പേരിൽ കെ.ജി.അജിത്കുമാറിന്റെ സൈന്ധവ ബുക്സാണ് പ്രസിദ്ധീകരിച്ചത്. അവസാന ആഴ്ചകളിൽ ഞാൻ അദ്ദേഹത്തെ കാണാൻ ചെല്ലുമ്പോൾ, മകന്റെ ദുഃഖം അദ്ദേഹത്തെ വേട്ടയാടുന്നതുപോലെ തോന്നിയിരുന്നു. എങ്കിലും അദ്ദേഹം ചിരിച്ചുകൊണ്ട് പറയുമായിരുന്നു.ഏതാണ്ടൊക്കെ അവസാനിക്കാറായി. ഇനി വളരെ കാലമൊന്നും ഇല്ല. മരണത്തിനെ എന്തിനാണ് ഭയക്കുന്നത്. എന്നിട്ട് നിഷ്ക്കളങ്കമായി ചിരിക്കുമായിരുന്നു. പറഞ്ഞതുപോലെ സംഭവദിവസം നാലു മണിയോടെ ചാരുകസേരയിൽ കിടന്നു അന്ത്യശ്വാസം വലിച്ചു. ആരോടും ഒന്നും പറയാതെ. മരണത്തിന്റെ ഒരു സൂചനപോലും വീട്ടുകാർക്ക് നൽകാതെ അദ്ദേഹം അവസാനിച്ചു. മരണം കഴിഞ്ഞ് കുറേ നേരം കഴിഞ്ഞപ്പോൾ ചെറുമകൾ അടുത്തു വന്നു വിളിച്ചു അപ്പൂപ്പാ....അപ്പൂപ്പാ....

കുട്ടി ഉടനെ ഗാന്ധിഭവനിലേക്ക് വിളിച്ചു പറഞ്ഞു. അപ്പൂപ്പൻ ബ്രീത്ത് ചെയ്യുന്നതായി കാണുന്നില്ല. ഗാന്ധിഭവനിലെ പ്രവർത്തകർ തെങ്ങമത്തെ വീട്ടിൽ വന്നു സഹായിച്ചിരുന്നു. അദ്ദഹത്തിന്റെ അവസാനകാല ലേഖനങ്ങൾ പകർത്തിയത് സ്നേഹരാജ്യത്തിലെ രാംകുമാറായിരുന്നു.വീട്ടിലും ആശുപത്രിയിലും അവർ തെങ്ങമത്തെ സഹായിച്ചിരിന്നു. തെങ്ങമത്തിന്റെ പേരിൽ വർഷങ്ങൾക്കു മുമ്പേ ഗാന്ധിഭവനിൽ സ്മാരകം ഉയർന്നിരുന്നു. അവർ അവിടുത്തെ കുട്ടികളുടെ പാർക്കിന് തെങ്ങമം ബാലകൃഷ്ണന്റെ പേരാണ് നൽകിയിരിക്കുന്നത്. ഒരുപക്ഷേ തെങ്ങമത്തെ ഓർക്കാനുള്ള ഏക സ്മാരകം ഇതുമാത്രമാണ്. അവർ ഉടൻ പുറപ്പെട്ടു. വരുന്നവഴിയിൽ പലരേയും അവർ അറിയിച്ചു. സ്നേഹരാജ്യത്തിന്റെ പത്രാധിപർ അമൽരാജ് അക്കൂട്ടത്തിൽ എന്നേയും അറിയിച്ചു. ഞങ്ങൾ എത്തുമ്പോൾ അദ്ദേഹത്തെ ആശുപത്രിയിലേക്ക് കൊണ്ടു

പോയിരിക്കുകയായിരുന്നു.


കണ്ണുകൾ അന്ധന്മാർക്കും ശരീരം മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികൾക്കു പഠിക്കുവാനും പ്രൊഫ.എ.ടി.കോവൂരും എം.സി.ജോസഫും പ്രേമാന്ദും ഇടമറുകും മറ്റനവധി യുക്തിവാദികളും ദാനം ചെയ്തിട്ടുണ്ട്. ഇപ്പോഴും ചെയ്തു വരുന്നു. ഇത് മതാചാരമായ ആചാരങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടിയാണ്. ഈ ശാസ്ത്രീയ ചിന്തയുടെ ആദ്യവാഹകൻ ശ്രീനാരായണഗുരുവായിരുന്നു. അദ്ദേഹം ശിഷ്യനോടു പറഞ്ഞത് മരണാനന്തരം ശരീരം ചക്കിലിട്ട് ആട്ടുവാനാണ്. ഇവിടെ തെങ്ങമം മറ്റൊരു രീതി സ്വീകരിച്ചു. ദഹനമോ, ക്രിമിറ്റോറിയത്തിലെ ദഹനമോ, മെഡിക്കൽ കോളേജിലേക്കുള്ള ദാനമോ വേണ്ടെന്നു പറഞ്ഞു. ഒരാചാരങ്ങളുമില്ലാതെ മണ്ണിലേക്ക് സംസ്കരിച്ചാൽ മതിയെന്നു പറഞ്ഞിരുന്നു. അപ്രകാരം സി.പി.ഐ.യിലെ പ്രമുഖ നേതാക്കന്മാരുൾപ്പെടുന്ന പാർട്ടി പ്രവർതത്തകരും, പ്രമുഖ സാംസ്കാരിക സാഹിത്യ പ്രവർത്തകരുടെയും സാന്നിദ്ധ്യത്തിൽ കൊല്ലം പോളയത്തോട് ശ്മശാനത്തിൽ കല്ലറ കെട്ടി അദ്ദേഹത്തെ സംസ്ക്കരിച്ചു.



# സൈമൺ ബ്രിട്ടോ

## രാഷ്ട്രീയ പ്രവർത്തകൻ

സൈമൺ ബ്രിട്ടോയുടെ ഒരു ദിവസം ഞാൻ ഓർക്കുകയാണ്. ഏതാനും വർഷങ്ങൾക്ക് മുമ്പ് ആലപ്പുഴയിലെ മതവും ദൈവവും ഉപേക്ഷിച്ച ഫാദർ അലോഷ്യസ് ഫെർണാണ്ടസിന്റെ സാംസ്ക്കാരിക കേന്ദ്രത്തിലേയ്ക്കു് ഒരു സമ്മേളനത്തിനായി എത്തിച്ചേരുന്നു.



സൈമൺ ബ്രിട്ടോ ഇന്ന്

വരാന്തയിൽ ഞാൻ നില്ക്കുമ്പോൾ ആരോ പറഞ്ഞു സൈമൺ ബ്രിട്ടോ വന്നു. താമസിയാതെ ഒരു കാർ മുറ്റത്തു വന്നു നിന്നു. കാറിൽ നിന്നും രണ്ട് ചെറുപ്പക്കാർ ചാടിയിറങ്ങുന്നു. കാറിന്റെ ബാക്ക് സീറ്റ് അവർ തുറക്കുന്നു. സൈമൺ ബ്രിട്ടോ അകത്തുനിന്നും വെളിയിലേക്ക് ചാഞ്ഞു ഇഴഞ്ഞു ഇറങ്ങാൻ ശ്രമിക്കുന്നു. പെട്ടെന്ന് ചെറുപ്പക്കാർ അദ്ദേഹത്തെ താങ്ങിയെടുക്കുന്നു: നേരത്തെ വരാന്തയിൽ വിരിച്ചിട്ടിരുന്ന കിടക്കയിലേക്ക് അദ്ദേഹത്തെ അവർ കൊണ്ടുവന്നു കിടത്തു



ന്നു.

കുറെ നേരത്തെ വിശ്രമം കഴിഞ്ഞപ്പോൾ യോഗം തുടങ്ങാൻ സമയമായി. സഹായികൾ കിടക്കയിലേക്ക് ചെന്നു അദ്ദേഹത്തെ വീൽ ചെയറിലേക്ക് ഇരുത്തി. അദ്ദേഹം വീൽ ചെയർ ഉരുട്ടി അദ്ധ്യക്ഷ വേദിയിലേക്ക് വന്നു. അദ്ധ്യക്ഷൻ ഉദ്ഘാടനത്തിന് ക്ഷണിക്കുന്നു. വീൽചെയറിലിരുന്നു ഉദ്ഘാടന പ്രസംഗം ആരംഭിച്ചു. അരമണിക്കൂറിലേറെ സംസാരിച്ചു. ജാതിമത രാഷ്ട്രീയത്തെക്കുറിച്ചായിരുന്നു പ്രസംഗം. അതുകഴിഞ്ഞു വീണ്ടും കിടക്കയിലേക്കു ചെയർ ഉരുട്ടി. ചെയറിൽ നിന്നും വീണ്ടും സഹായത്തോടെ കിടക്കയിലേക്ക് ചരിയുന്നു. വീണ്ടും വിശ്രമം. അതുകഴിഞ്ഞു സഹായികളായ ചെറുപ്പക്കാർ അദ്ദേഹത്തിന്റെ കാലും കൈകളും മസാജ് ചെയ്യുന്നു. 5 മണി കഴിഞ്ഞപ്പോൾ യോഗം സമാപിച്ചു. എല്ലാവരും മടങ്ങിപ്പോകാനുള്ള ഒരുക്കങ്ങളായി. ബ്രിട്ടോയും തയ്യാറെടുത്തു സഹായികൾ കിടക്കയിൽ നിന്നും അദ്ദേഹത്തെ കാറിലേക്കെടുത്തു.

അദ്ദേഹം ഹരിപ്പാട്ടെയ്ക്ക് പോകുന്നതുകൊണ്ടു എന്നെയും കാറിലേക്ക് ക്ഷണിച്ചു. ഞങ്ങൾ യാത്ര ആരംഭിച്ചു. കുറെദൂരം കഴിഞ്ഞപ്പോൾ വഴിയോരത്തെ കരിക്ക് കച്ചവടക്കാരനെ കണ്ടു. വണ്ടി അവിടെ നിർത്തി. എട്ടുപത്തു കരിക്കുകൾ വാങ്ങിച്ചു വണ്ടിയിൽ ഇട്ടു. കുറെ ദൂരം കഴിഞ്ഞപ്പോൾ വീണ്ടും ഒരു കച്ചവടക്കാരൻ. വണ്ടി വീണ്ടും നിർത്തി. ഏതാനും കരിക്കുകൾ വീണ്ടുംവാങ്ങിച്ചു. കാർ യാത്ര വീണ്ടും ആരംഭിച്ചു. ഹരിപ്പാട്ട് ചെന്നു വണ്ടി ഉപറോഡിലേക്കു തിരിഞ്ഞപ്പോൾ ശ്രീനിയ്ക്കെറങ്ങണ്ടെ എന്ന് ചോദിച്ചിട്ടു വണ്ടി നിർത്താൻ ആവശ്യപ്പെട്ടു. ഡോർ തുറന്നു ഞാനിറങ്ങി. ഞാൻ യാത്ര ചോദിച്ചു. അദ്ദേഹം തല കുലുക്കി കൈകളുയർത്തി വീശി കാട്ടി. ഈ മനുഷ്യൻ എങ്ങോട്ട് പോയതാണെന്നറിയണ്ടെ. പോയത് അടുത്ത യോഗസ്ഥലത്തേക്കാണ്. വീണ്ടും പ്രസംഗിക്കാൻ. ശരീരം തളർന്നിട്ടും മനസുകൊണ്ടു സഞ്ചരിച്ച ബ്രിട്ടോ മരിച്ചിട്ടും നമുക്ക് മനശ്ശക്തിയായി നിലകൊള്ളുന്നു.



# പി.എം.ആന്റണി

## ക്രിസ്തുവിന്റെ ആറാം തിരുമുറിവ്

ആന്റണിയെ ഏറ്റവും അവസാനം കണ്ടത് ഞാനാണ്. ആന്റണിയുടെ മൃതശരീരം സംസ്കരിക്കാനെടുക്കുമ്പോൾ ചുറ്റിലും നിന്നവരിൽ ആരോ ഒരാൾ വിളിച്ചു ചോദിച്ചു. ഒരവസരം കൂടി ആരെങ്കിലും കാണാനുണ്ടോ. ഉണ്ട്... ഉണ്ട്.... വൈകിവന്ന ഞാൻ ആൾക്കാരെ വകഞ്ഞു മാറ്റിക്കൊണ്ടു പറഞ്ഞു.ഞാൻ നിമിഷങ്ങൾക്കുള്ളിൽ മൃതശരീരത്തിനടുത്തു ചെന്നു. ആന്റണിയെ കണ്ടു. ഉറങ്ങിക്കിടക്കുന്നതു പോലെ ആന്റണി.

'ക്രിസ്തുവിന്റെ ആറാം തിരുമുറിവി'ന്റെ വിവാദത്തോടുകൂടിയാണ് ആന്റണിയെ പരിചയപ്പെടുന്നത്. നിരോധനത്തിനെതിരെ സംഘടനാപരമായി ഞങ്ങളെല്ലാം കേരളത്തിലുടനീളം പ്രതിക്ഷേധിക്കുകയുണ്ടായി. മാത്രമല്ല ആന്റണി ജയിലിൽ പോയപ്പോൾ ഒരു കുടുംബ സഹായഫണ്ട് സ്വരൂപിക്കാൻ ശ്രമിക്കുകയും സഹായം ആന്റണിയുടെ കുടുംബത്തിനു നൽകുകയും ചെയ്തു. ഒരിക്കൽ ഞാൻ തന്നെ വീട്ടിൽ ചെന്നു ആന്റണിയുടെ പത്നിവശം ഒരു തുക ഏൽപ്പിക്കുകയുണ്ടായി. കൊല്ലത്തു വെച്ച് ഒന്നു രണ്ടു പ്രതിഷേധ യോഗങ്ങൾ സംഘടിപ്പിച്ചിരുന്നു. അന്നു നാടകത്തിനു പ്രദർശനാനുമതി നൽകണോ വേണ്ടയോ എന്ന് ഹൈക്കോടതി നിർദ്ദേശിച്ച കമ്മിറ്റിയുടെ അംഗങ്ങളിൽ പ്രധാനിയായ എൻ.വി.കൃഷ്ണവാര്യരേയും, തിരുനല്ലൂർ കരുണാകരനേയും കാക്കനാടനേയും മറ്റും സംഘടിപ്പിച്ചുകൊണ്ട് യോഗം നടത്തിയിരുന്നു. കോടതി വിധിക്കു മുമ്പുള്ള കൃഷ്ണവാര്യരുടെ അഭിപ്രായം അന്ന് പത്രങ്ങൾ വളരെ പ്രാധാന്യത്തോടുകൂടി



ആന്റണി



കൊടുത്തത് ഓർക്കുന്നു. തിരുവനന്ത പുരത്തു നടന്ന യോഗത്തിൽ ആന്റണിയുടെ കുടുംബം പങ്കെടുത്തിരുന്നു. 'വിശുദ്ധ പാവങ്ങൾ' റിഹേഴ്സൽ പൂർത്തിയായ ഘട്ടത്തിൽ ഞങ്ങൾ കോട്ടയം മാമ്മൻ മാപ്പിള ഹാളിൽ വെച്ച് നാടകം നടത്തിയത് ഓർക്കുന്നു. അന്ന് ചിലവ് കാശ് കഷ്ടിച്ച് മാത്രമേ കൊടുത്തിരുന്നുള്ളു.

ഇന്ത്യൻ എതീസ്റ്റ് പബ്ലിഷേർസിന്റെ പ്രസാധകനായ സനൽ ഇടമറുക് 'ക്രിസ്തുവിന്റെ ആറാംതിരുമുറിവ്' പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ആ സന്ദർഭത്തിൽ കോട്ടയത്തുവെച്ച് പുസ്തകമേള നടത്തിയപ്പോൾ ആ പുസ്തകം കൂടുതൽ വാങ്ങിക്കൊണ്ടു പോയത് കന്യാസ്ത്രീകളും പുരോഹിതന്മാരുമായിരുന്നെന്ന് സനൽ പറഞ്ഞു കേട്ടിട്ടുണ്ട്. ആന്റണി ജയിലിൽ പോകുന്നതിനു മുമ്പ് ആന്റണിക്ക് കുറ്റകൃത്യം ചെയ്യാൻ കഴിയുന്ന ഒരു കലാകാരനല്ലെന്ന് തെളിയിക്കുന്നതിനുവേണ്ടി ഞാനൊരു ശ്രമം നടത്തുകയുണ്ടായി. ആന്റണി പ്രതിയായ സോമരാജൻ കൊലക്കേസിനെക്കുറിച്ചുള്ള ഒരന്വേഷണമായിരുന്നു. ആ റിപ്പോർട്ടിലൂടെ ആന്റണിയുടെയും മറ്റു പലരുടെയും നിഷ്കളങ്കത വെളിച്ചത്തു കൊണ്ടുവരാൻ കഴിഞ്ഞിരുന്നു. ഒരു പൂവിനെപ്പോലും നുള്ളി നോവിക്കാൻ അനുവാദം കൊടുക്കാത്ത ഒരു മനസ്സിന്റെ ഇടപെടലിന്റെ അനവധി മുഹൂർത്തങ്ങൾ അതിൽ സ്വരൂപിച്ചു കൊടുത്തിരുന്നു. അങ്ങനെ മനസ്സുള്ള ഒരാൾ എങ്ങനെ ഒരു കൊലപാതകിയാകും? എന്ന് കോടതിയുടെ ശ്രദ്ധയിൽ കൊണ്ടു വരാൻ ശ്രമിച്ചിരുന്നു.

ആ ശ്രദ്ധേയമായ റിപ്പോർട്ട് കേരളത്തിൽ അന്ന് നല്ല പ്രചാരമുണ്ടായിരുന്ന 'ഞായറാഴ്ച സ്വതന്ത്രരാഷ്ട്രീയ വാരിക' കവർ സ്റ്റോറിയായും പന്നീട് തുടർലക്കങ്ങളിലും കൊടുത്തിരുന്നു. ആ സമ്പൂർണ്ണ റിപ്പോർട്ട് ഒരു പുനർവായനക്കായി ഇതോടൊപ്പം സമർപ്പിക്കുന്നു.

**ഭാഗം ഒന്ന്**

'നിരപരാധിയായ എന്നെ പോലീസ് മനഃപൂർവം കുടുക്കിയതാണ്. ഞാൻ കുറ്റവാളിയാണെന്നു ബഹുമാനപ്പെട്ട കോടതിക്ക് ബോദ്ധ്യപ്പെട്ടി

ട്ടുണ്ടെങ്കിൽ എന്നോട് യാതൊരു ദയയും കാണിക്കേണ്ട. സംഭവദിവസം രാത്രി 12 മണിക്ക് തീർത്ഥശ്ശേരി അമ്പലവെളിയിൽ ഞാനും 18-ാം പ്രതിയും നാടകം കളിച്ചു കൊണ്ടിരിക്കയായിരുന്നു.

ഞാൻ നാടകം കളിച്ചു വീടു പുലർത്തുന്ന ഒരു സ്റ്റേജ് ആർട്ടിസ്റ്റാണ്.ഭാര്യയും നാലു കുട്ടികളുമുണ്ട്. എന്നെ ആശ്രയിച്ചവർ ജീവിക്കുന്നു. എന്റെ കുടംബത്തെ വഴിയാധാരമാക്കരുതെന്ന് അപേക്ഷയുണ്ട്.

സാക്ഷി വിസ്താരത്തിനുശേഷം ആന്റണി കേടതിയിൽ ഇത്രയും അപേക്ഷിക്കുകയുണ്ടായി. എങ്കിൽ തന്നെയും ആന്റണിയെ കോടതി ജീവപര്യന്തം ശിക്ഷിക്കുകയാണുണ്ടായത്.

അടുത്തകാലത്ത് മലയാള നാടക രംഗത്ത് കൊടുംകാറ്റഴിച്ചുവിട്ട പി. എം.ആന്റണിക്ക് ജീവപര്യന്തം ശിക്ഷ ലഭിച്ച ഒരു കൊലപാതകത്തിന്റെ കഥയും വിധിയും ചുവടെ ചേർക്കുന്നു.

**ഭാഗം രണ്ട്**

1980 മാർച്ച് 29 രാത്രി 9 മണിക്ക് ആലപ്പുഴ കാഞ്ഞിരം ചിറയിലുള്ള കയർഫാക്ടറി ഉടമയായ സോമരാജന്റെ വസതിയിൽ 28 പ്രതികൾ അന്യായമായി സംഘം ചേർന്ന് മാരകായുധങ്ങളുപയോഗിച്ച് കൊലപ്പെടുത്തി എന്നാണ് കേസ്. സോമരാജന്റെ ദേഹത്ത് 32 മുറുവുകൾ ഉണ്ടായിരുന്നു. കഠാര, വടിവാൾ, കമ്പിപ്പാര തുടങ്ങിയ ആയുധങ്ങൾ പ്രതികളുടെ കയ്യിലുണ്ടായിരുന്നു. പ്രതികളിൽ ചിലർക്ക് സോമരാജനോടുണ്ടായിരുന്ന വ്യക്തി വൈരാഗ്യമാണ് കാരണം. മാർക്സിസ്റ്റുകാരും കോൺഗ്രസ്സുകാരും ഏഴു നക്സലൈറ്റ് പ്രതികളും ഉണ്ടായിരുന്നു. 'സോമരാജനെപ്പോലെ പലരുമുണ്ട്. അവരെ പിന്നെ കണ്ടോളാം' എന്ന് കൊലപാതകത്തിനുശേഷം പ്രതികൾ മുദ്രാവാക്യം വിളിച്ചുകൊണ്ടാണ് കടന്നുപോയത്. നക്സലൈറ്റുകൾ മാത്രമാണ് കൊല നടത്തിയതെന്ന് പ്രചരിപ്പിച്ചിരുന്നതെങ്കിലും പ്രതികളിൽ ചിലർ നക്സലൈറ്റുകളുടെ സഹായം കുറ്റകൃത്യത്തിനുവേണ്ടി തേടിയിരുന്നതായി അന്വേഷണ റിപ്പോർട്ടിൽ പറയുന്നു.


[illegible]

സോമരാജനെ കൊലപ്പെടുത്തിയ കേസിൽ 21 പേർക്ക് കഠിന തടവ് വിധിച്ചു. തൊടുപുഴ സെഷൻസ് കോടതി ഒരു മാസം മുതൽ ഒരു വർഷം

വരെ ശിക്ഷ വിധിച്ചിരുന്ന ഏഴുപേർക്കുകൂടി ഹൈക്കോടതി ജീവപര്യന്തം ശിക്ഷ നൽകി. ഏഴുപേരിൽ ഒരാൾ ക്രിസ്തുവിന്റെ ആറാം തിരുമുറിവ് എന്ന വിവാദ നാടകത്തിന്റെ രചയിതാവായ പി.എം. ആന്റണിയാണ്.

ആലപ്പുഴ സെഷൻസ് കോടതിയിൽ വിചാരണ നടക്കവേ കേസ് തൊടുപുഴ കോടതിയിലേയ്ക്ക് മാറ്റുകയുണ്ടായി. ജഡ്ജി.പി.രവിയെ സ്ഥലം മാറ്റിയതിനെ തുടർന്നാണ് വിചാരണ തൊടുപുഴ കോടതിയിലേക്ക് മാറ്റിയത്. കാഞ്ഞിരം ചിറ സ്വദേശികളാണു ഭൂരിഭാഗം പ്രതികളും. തോമസ്, സിൽവർസ്റ്റർ, അലക്സ്കുട്ടി, സോമൻ, ബാബു, ഭാസി, ഗോപീദാസ്, മോഹൻദാസ്, ഈശുകുട്ടി, ദാസുകുട്ടി, പീറ്റർ, പൊടിയൻ, ക്ലീറ്റസ്, ജേക്കബ്, ജോർജ്, സുധാകരൻ എന്നിവർക്ക് കീഴ്ക്കോടതി ജീവപര്യന്തം ശിക്ഷ വിധിച്ചു. ഇവരിൽ സുധാകരനെ സംശയത്തിന്റെ ആനുകൂല്യം നൽകി ഹൈക്കോടതി വെറുതെ വിട്ടു. അപ്പീൽ ഹൈക്കോടതിയിൽ പരിഗണനയിലിരിക്കെ പരോളിൽ വന്നപ്പോൾ ഏഴാംപ്രതി മോഹൻദാസ് (സിക്കു മോഹൻ) ആറാട്ടുപുഴ ജംഗ്ഷനിൽവച്ച് കാറപകടത്തിൽ മരിച്ചു.

പി.എം.ആന്റണി കൂടാതെ ബാഹുലേയൻ, കുഞ്ഞപ്പൻ, ബെന്നിച്ചൻ, ബാലഭാനു, മോൻസി, ജോയി എന്നിവർക്കാണ് ഹൈക്കോടതി ജീവപര്യന്തം വിധിച്ചത്. ആന്റണിക്കു ആറുമാസമാണ് സെഷൻസ് കോടതി നൽകിയിരുന്നത്.

ആന്റണിയും മറ്റു ആറുപേരും സോമരാജനെ മുറിവേൽപ്പിച്ചിരുന്നില്ല. അവർ അന്യായമായി സംഘം ചേരലിൽ പങ്കാളികളും അതിക്രമിച്ചു കടന്നു നാശനഷ്ടങ്ങൾ വരുത്തിയവരുമായിരുന്നുവെന്നു മാത്രം. പക്ഷെ അവരുടെ ഉദ്ദേശവും സോമരാജനെ കൊലപ്പെടുത്തുക എന്നതായിരുന്നു.

ആന്റണിയുൾപ്പെടെ ഏഴുപ്രതികളും സോമരാജനെ കൊലപ്പെടുത്തുകയെന്ന ഉദ്ദേശത്തോടെ അന്യായമായി സംഘം ചേർന്നുവെന്ന് തെളിവുകൾ വിലയിരുത്തിക്കൊണ്ട് ജസ്റ്റീസ്.എസ്. പത്മനാഭനും ജസ്റ്റിസ്. പി.കെ.ഷംസുദീനും ഉൾപ്പെട്ട ഡിവിഷൻ ബഞ്ച് പറഞ്ഞു. അതിനാൽ അവരെ മോചിപ്പിക്കാൻ നിവൃത്തിയില്ലെന്നും ജീവപര്യന്തം ശിക്ഷ നൽകിയേ തീരുവെന്നും ഹൈക്കോടതി പറഞ്ഞു.

ആന്റണിയുടെയും മറ്റു ഏഴു പേരുടെയും പേരിലുള്ള കൊലക്കുറ്റവും സംഘം ചേരലും തെളിയിക്കപ്പെട്ടിരുന്നില്ലെന്ന് കീഴ്ക്കോടതി ചില കാരണങ്ങൾ ഉദ്ധരിച്ചു പറയുകയുണ്ടായി. 1985ഡിസംബർ 19ന് ആണ് വിധി പ്രഖ്യാപനമുണ്ടായത്.

കേസിലെ പതിനൊന്നാം പ്രതിയായ ആന്റണി ഉൾപ്പെടെ ഈ പ്രതികൾ അന്യായമായ സംഘം ചേരലിൽ പങ്കാളികളായിരുന്നില്ലായെന്ന് പ്രതിഭാഗം ഉന്നയിച്ചത് ഹൈക്കോടതി തള്ളിക്കളഞ്ഞു. മറ്റു നിരവധി പോരായ്മകളും തെളിവുകളും പ്രതിഭാഗം ഉന്നയിച്ചിട്ടും അവയെല്ലാം ഹൈക്കോടതി സ്വീകരിച്ചില്ല. സാക്ഷികളിൽ ഭൂരിഭാഗം പേരും സോമരാജന്റെ ബന്ധുക്കളും തൊഴിലാളികളും ആയതുകൊണ്ട്അവർ സോമരാജന്റെ തല്പരകക്ഷികളാണെന്നും പ്രതിഭാഗം ഉന്നയിച്ചു. അത് ഹൈക്കോടതി നിര

സിക്കുകയാണുണ്ടായത്.



വെറുതെ വിട്ടിരുന്നവരെ ശിക്ഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഗവൺമെന്റും ശിക്ഷിക്കപ്പെട്ട പ്രതികൾ നൽകിയിരുന്ന അപ്പീലും വാദം കേട്ടതിനുശേഷമാണ് ജസ്റ്റിസ് എസ്. പത്മനാഭനും ജസ്റ്റിസ് പി.കെ. ഷംസുദീനും ഉൾപ്പെട്ട ഡിവിഷൻ ബഞ്ച് വിധി പറഞ്ഞത്.

പ്രോസിക്യൂഷന്റെ ഭാഗത്ത് 63 സാക്ഷികളുണ്ടായിരുന്നു. ഹൈക്കോടതിയിൽ സർക്കാരിനുവേണ്ടി ഹാജരായത് അഡീഷണൽ പബ്ളിക്ക് പ്രോസിക്കൂട്ടർ വി. ഭാസ്കര മേനോനാണ്.കൊല്ലം ക്രൈംബ്രാഞ്ച് സൂപ്രണ്ടായ കെ.എൻ. ബാലുവും എറണാകുളം വിജിലൻസ് സർക്കിൾ ഇൻസ്പെക്ടർ വി.സി. സോമരാജനുമാണ് കേസ് അന്വേഷിച്ചത്.

**ഭാഗം മൂന്ന്**

ഈ സംഭവത്തെക്കുറിച്ച് ഈ ലേഖകൻ നടത്തിയ അന്വേഷണ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

**സീൻ ഒന്ന്**

കാഞ്ഞിരം ചിറയിലെ സോമരാജന്റെ വസതി. സോമരാജന്റെ അനിയൻ പൊന്നപ്പൻ സംഭവ ദിവസം കൃത്യം നടന്ന രീതിയെക്കുറിച്ച് പറഞ്ഞു.

1980 മാർച്ച് 29 ശനിയാഴ്ച രാത്രി ഒമ്പതേകാൽ മണിയാകും. വീട്ടിനകത്തു സോമരാജനും ഭാര്യ ഉമയമ്മയും കുട്ടികളായ നാലു വയസ്സുള്ള ശ്രീജിത്തും രണ്ടു വയസ്സുള്ള അജിത്തും സോമരാജന്റെ അമ്മയായ ഗൗരിയും അമ്മാവനായ നാരായണനും ഉണ്ടായിരുന്നു. ഫാക്ടറി (വീടിനു മുൻവശത്തുള്ള) യിൽ ഞാനും വാച്ചർ ബാലകൃഷ്ണനും ലോഡിംഗ് ചെയ്യുന്ന കുട്ടപ്പനും ബന്ധുവായ ബാബുവും ഉണ്ടായിരുന്നു. ഞങ്ങൾ അവിടെ നിൽക്കുമ്പോൾ പടിഞ്ഞാറോട്ട് അഭിമുഖമായി നിൽക്കുന്ന വീടിന്റെ ഇടതുവശത്ത് ഒരു ബോംബ് പൊട്ടുന്ന ശബ്ദം കേട്ടു. താമസിയാതെ വലതുവശത്തും പുരയുടെ മുകളിലും ബോംബ് പൊട്ടുകയുണ്ടായി. ഒരു സംഘം ആളുകൾ-നാൽപതോളം പേർ വരും. വീടിന്റെ നാലുവശത്തുകൂടി വളഞ്ഞ് അകത്തേയ്ക്ക് കയറി, പടിഞ്ഞാറു വശത്തെ വാതിൽ വെട്ടിപ്പൊളിക്കുകയുണ്ടായി. വീടിനകത്തുണ്ടായിരുന്ന സോമരാജന്റെ അമ്മയുടെ അനുജത്തിയുടെ മകനായ ബാബുവിന് തോളിന് വെട്ടുകിട്ടി. മകനെ കെട്ടിപ്പിടിച്ചുകൊണ്ട്, എന്റെ മകനെ കൊല്ലരുതേ എന്നു നിലവിളിച്ച അമ്മയുടെ കൈക്ക് വെട്ടു കൊള്ളുകയുണ്ടായി. സംഭവം കഴിഞ്ഞ് മരിച്ചു കിടന്ന സോമരാജന്റെ ശരീരത്തിൽ

35 ഓളം മുറിവുണ്ടായിരുന്നു.

ഈ ലേഖകൻ : ഇങ്ങനെയൊരു കൃത്യം നടക്കാനുള്ള കാരണം വല്ലതുമറിയാമോ?

പൊന്നപ്പൻ : ആര്യാട് ഗോപി എന്ന കാഥികന്റെ ഹാർമോണിസ്റ്റ് അനിയൻ തോമസ് എന്ന പയ്യൻ ഇവിടുത്തെ അല്ലറചില്ലറ പണികൾ ചെയ്യുന്ന ഒരു ജോലിക്കാരനായിരുന്നു. ഒരു ദിവസം അവൻ ചാപ്രയിൽ നിന്നും 3 ഡസൻ കർണ്ണാട്ടിക് തടുക്ക് മോഷ്ടിച്ചുകൊണ്ടുപോയി. അവനെ പിടിച്ചു പോലീസിലേൽപ്പിച്ചു. ഈ സംഭവത്തിന്റെ പ്രതികാരമായിട്ടാണ് അവർ വന്ന് ഈ കൃത്യം ചെയ്തത്.

**സീൻ രണ്ട്**

സോമരാജന്റെ ഭാര്യ ഉമയമ്മ ഇപ്പോൾ താമസിക്കുന്ന കാഞ്ഞിരം ചിറയിലുള്ള വീട് . ഞങ്ങൾ ചെല്ലുമ്പോൾ ഉമയമ്മ കുട്ടികളുമായി ഇറങ്ങിവന്നു.

ലേഖകൻ : അന്നു നടന്ന സംഭവത്തെക്കുറിച്ച് ഒന്നു പറയാമോ?

ഉമയമ്മ : ഞാനും ഭർത്താവും കുട്ടികളും അകത്തിരിക്കുകയായിരുന്നു.പെട്ടെന്ന് ഒന്നു രണ്ടു വെടി പൊട്ടുന്ന ശബ്ദം കേട്ടു. കാര്യം മനസ്സിലാക്കിയ ഭർത്താവ് ഫോൺ ചെയ്യാനായി അടുത്ത മുറിയിലേയ്ക്കു പോയി. കുട്ടികളെയും കൊണ്ട് പുറത്തു ചെന്നപ്പോൾ അവർ അകത്തേയ്ക്ക് കയറി വന്നു. മുപ്പതോളം പേർ ഉണ്ടായിരുന്നു. ഞാൻ അകത്തേയ്ക്ക് കയറിവരാതെ അവർ എന്നെ തടയുകയുണ്ടായി. എല്ലാം കഴിഞ്ഞ് ഞാൻ അകത്തു ചെല്ലുമ്പോൾ ഭർത്താവ് രക്തത്തിൽ കുളിച്ച് കിടക്കുന്നതാണ് കണ്ടുന്നത്. ഞങ്ങളുടെ വിവാഹം കഴിഞ്ഞിട്ട് അന്ന് അഞ്ചുവർഷം കഴിഞ്ഞിരുന്നു. മൂത്ത മകന് നാലു വയസ്സ് പ്രായമുണ്ടായിരുന്നു.

ലേഖകൻ : ആ കൃത്യത്തിൽ പങ്കെടുത്തവരെ അറിയാമോ?

ഉമയമ്മ : അറിയാം. ക്ലിറ്റസ്, വാവ, ഗോപി, തങ്കച്ചൻ, തങ്കി, ദാസുകുട്ടി, പൊടിയൻ മോഹൻ, എന്നിവരുണ്ടായിരുന്നു.

**സീൻ മൂന്ന്**

സോമരാജൻ പോലീസിലേൽപ്പിച്ച തോമച്ചന്റെ ഭവനം. പ്രായാധിക്യം ചെന്ന് നരച്ചു വയസ്സായ തോമച്ചാന്റെ ഭാര്യ ത്രേസ്യ പഴയ ചെറ്റപുരയ്ക്ക് മുന്നിലിരിക്കുന്നു. ഞങ്ങളെ കണ്ടയുടൻ അവർ എഴുന്നേറ്റു. ഞങ്ങൾ ചോദിച്ചു,

തോമസ്സ് ഉണ്ടോ?

ത്രേസ്യ : ഉണ്ട്, ഞാൻ പറയാം. എന്റെ മോൻ രണ്ടു തടുക്ക് ചാപ്രായിൽ നിന്നും എടുത്തെന്നാ പറയുന്നത്. വൈകിട്ട് സിനിമ കണ്ടിരുന്നപ്പോൾ സോമരാജന്റെ ഒരു സംഘം ഗുണ്ടകൾ തിയറ്ററിൽ കയറി എന്റെ കുഞ്ഞിനെ പൊക്കിയെടുത്ത് വെളിയിൽ കൊണ്ടുവന്ന് മർദ്ദിക്കാൻ തുടങ്ങി. 2 കി: ഗ്രാമിന്റെ കട്ടിയെടുത്തുവെച്ചാണ് അവനെ ഇടിച്ചത്. എന്നിട്ട്

മുടിയിൽ കുത്തിപ്പിടിച്ച് തറയിലിട്ടു. അവിടെയിട്ടു ചവിട്ടി. ചവിട്ട് കൊണ്ട് ഉരുണ്ടപ്പോൾ ബലം പ്രയോഗിച്ച് പൊക്കിയെടുത്ത് ഒരു പലകയിൽ കിടത്തി. പലകയിൽ കിടത്തിയിട്ട് സോമരാജൻ ഒലക്ക കൊണ്ട് കുഞ്ഞിന്റെ കാലിലും തുടയിലും ശരീരത്തും ഉരുട്ടി. എന്നിട്ട് എന്റെ കുഞ്ഞിന്റെ മൂത്രനാളിയിൽ കമ്പി കുത്തിക്കയറ്റി. വെള്ളം കുടിക്കണമെന്നു പറഞ്ഞപ്പോൾ സോമരാജൻ ആസിഡ് കൊണ്ടുവരാൻ പറഞ്ഞു. ആസിഡ് കൊണ്ടുവന്നപ്പോൾ കൈതട്ടി ആസിഡ് തെറിച്ചതുകൊണ്ട് കുടിക്കേണ്ടിവന്നില്ല. എന്നിട്ട് ഗന്ധകവും ആലവുമിട്ട് തകിട് പുകയ്ക്കുന്ന പുകമുറിയിൽ ഇട്ടു പൂട്ടി. നേരം വെളുത്തപ്പോൾ തളർന്നു കിടന്ന തോമാച്ചനെ സോമരാജൻ കാലിൽ പിടിച്ച് വെളിയിലിട്ടു. എന്നിട്ട് അടുത്തുനിന്ന ശിങ്കിടിയോട് ഒരു ചായ വാങ്ങി കൊണ്ടുവരുവാൻ പറഞ്ഞു. ചായ വാങ്ങാൻ പോയപ്പോൾ അവനൊരു ഏത്തയ്ക്കാ കൂടി വാങ്ങിച്ചേരേ എന്നു പറഞ്ഞു. ഏത്തയ്ക്കായ് കൊണ്ടുവന്നു തൊലിച്ചിട്ട് ശിങ്കിടി പറഞ്ഞു, 'ഒറ്റയടിക്കു തിന്നോണം. വായ് തുറ തോമാച്ചൻ.' വായ് തുറന്നു. വായ് തുറന്നതും ഏത്തക്കായ് വായിൽ വെച്ചിട്ട് ഏത്തക്കായിലേക്ക് ഒരൊറ്റ ഇടി ഇടിച്ചു. തൊണ്ടയും തുളച്ച് ഏത്തക്കായ് ചെന്നപ്പോൾ പുറകുവശത്ത് നിന്ന സോമരാജൻ മുതുകിനൊരൊറ്റ ചവിട്ടു കൊടുത്തു. വായിൽ നിന്നും ഏത്തക്കായ് തെറിച്ചു പോയി. ഏത്തക്കായ് വായിൽ നിന്നും തെറിച്ചു പോയപ്പോൾ സോമരാജൻ ശിങ്കിടികളോടു ചോദിച്ചു, ഏത്തക്കായ് ഫയർ ചെയ്യുന്നോടാ? തുടർന്ന് എല്ലാവരും കൂട്ടച്ചിരി നടത്തി ആസ്വദിച്ചു.

നേരം വെളുത്തപ്പോൾ റെയിൽ റോഡിലൂടെ പോയ ചില പെണ്ണുങ്ങളാണ് എന്റെ കുഞ്ഞിനെ അവന്മാർ ചാപ്രായിലിട്ടു ഇടിക്കുന്നതായി എന്നോട് വിളിച്ചു പറഞ്ഞത്. ഞാൻ ഉടൻ തന്നെ അവിടെ ഓടി ചെന്നു. എന്നെ കണ്ടപ്പോൾ 'അവന്റെ തള്ള വരുന്നെടാ' എന്ന് സോമരാജൻ പറഞ്ഞു. ഉടൻ തന്നെ എന്റെ കുഞ്ഞിനെ പൊക്കിയെടുത്ത് എന്റെ മുന്നിൽ കൊണ്ടുവന്നു നിർത്തി. എന്നിട്ട് ചെടിക്കു വെട്ടുന്ന കത്രിക പോലൊരു കത്രിക കൊണ്ടുവന്ന് എന്റെ കുഞ്ഞിന്റെ തലമുടി മുഴുവൻ വെട്ടി കളഞ്ഞു. എന്നിട്ട് ചായം മുക്കുന്ന തൊട്ടിയെടുത്ത് ഒരു കുഴിയെടുക്കാൻ ഒരു ലോഡിംഗ്കാരനോട് പറഞ്ഞു. 'എനിക്കൊരായുധം താ, ഞാനവനെ കൊല്ലാം.' ഇതു കേട്ട സോമരാജൻ ശിങ്കിടികളോടു പറഞ്ഞു, 'വടിവാൾ എടുത്തു കൊടുക്ക്' പക്ഷേ അവർ എനിക്ക് വടിവാൾ തന്നില്ല. കുറെ കഴിഞ്ഞപ്പോൾ പഞ്ചായത്ത് പ്രസിഡന്റ് മഹീരഥൻ അവിടെ വന്നു. അവനെ അവിടെനിന്നുമിറക്കി, വെളിയിലേക്ക് പോകാൻ പോയപ്പോൾ സോമരാജൻ പറഞ്ഞു, 'മഹീരഥൻ ആരാ? കേറെടാ അകത്ത്' വീണ്ടും തോമാച്ചൻ അകത്തായി.

അപ്പോഴുണ്ട് ഒരു സംഘം ഗുണ്ടകൾ മോൻസിയെ കൊണ്ടു വന്നു. മോൻസിയും മോഷ്ടിച്ചുവെന്നാണ്. മോൻസി തോമാച്ചന്റെ കൂട്ടുകാരനായിരുന്നു.

കുറെ കഴിഞ്ഞപ്പോൾ പോലീസ് വന്നു. പോലീസ് തോമാച്ചനെ സ്റ്റേഷനിലേയ്ക്ക് കൂട്ടിക്കൊണ്ടുപോയി. അവനെ അവരു പിന്നെ ആശുപത്രി

യിൽ അഡ്മിറ്റു ചെയ്തു.' ത്രേസ്യാമ്മ പറഞ്ഞു നിർത്തി.

ഭാഗം നാല്

തോമാച്ചനോട് സോമരാജൻ കാട്ടിയ ക്രൂരതയിൽ മനംനൊന്ത ഒരു സംഘം ആളുകൾ സോമരാജനെതിരെ സംഘടിച്ചു. അവരിൽ കോൺഗ്രസ്സുകാരും, മാർക്സിസ്റ്റുകാരും, നക്സലൈറ്റുകളും ഉണ്ടായിരുന്നു. സംഭവദിവസം രാത്രിയിൽ അവർ സോമരജന്റെ വീട് വളഞ്ഞു. വീടിനകത്തുണ്ടായിരുന്ന ഒരു സംഘം സോമരാജന്റെ ഗുണ്ടകൾ ജനക്കൂട്ടത്തെ നേരിട്ടു. സംഘട്ടനത്തിൽ സോമരാജൻ മരിക്കുകയും ഗുണ്ടകൾ ഓടിയൊളിക്കുകയും ചെയ്തതായി നാട്ടുകാർ പറഞ്ഞു.

ഈ സംഭവത്തിൽ അറസ്റ്റു ചെയ്തവരിൽ തോമസ്, സിൽവെസ്റ്റർ, സോളമൻ, ബാബു, ഭാസി, ഗോപിദാസ്, മോഹൻദാസ്, ഈശുകുട്ടി, അലക്സ്കുട്ടി, ദാസുകുട്ടി, പീറ്റർ, പൊടിയൻ, ക്ലീറ്റസ്, ജേക്കബ്, ജോർജ്, സുധാകരൻ എന്നിവർക്ക് ജീവപര്യന്തവും പി.എം. ആന്റണി, സെബാസ്റ്റ്യൻ, ബാഹുലേയൻ,ജോൺ, വർഗ്ഗീസ്, ജോസഫ്, ബാലഭാനു എന്നിവർക്ക് ഒരു മാസം മുതൽ ഒരു വർഷം വരെ തടവും തൊടുപുഴ സെഷൻസ് കോടതി വിധിച്ചു.

എന്നാൽ തുടർന്നു നടന്ന വിചാരണയിൽ ഹൈക്കോടതി ഒരു മാസം മുതൽ ഒരു വർഷം വരെ ശിക്ഷ വിധിച്ചവർക്ക് ആ ശിക്ഷ ജീവപര്യന്തമായി ഉയർത്തുകയാണുണ്ടായത്.

കീഴ്ക്കോടതി ചെറിയ ശിക്ഷ നൽകി വിട്ടവരെ ഹൈക്കോടതി ജീവപര്യന്തം ശിക്ഷിച്ചതിനെക്കുറിച്ച് അവിടെയുള്ള നാട്ടുകാർ പറയുന്നത് ആന്റണിയെ കുരുക്കിയതെന്നാണ്. അതിനു വേണ്ടി നിരപരാധികളെ ക്രൂശിക്കുകയും ചെയ്തു. കേരളത്തിൽ രാഷ്ട്രീയ രംഗത്ത് തലവേദന സൃഷ്ടിച്ച ആന്റണിയെ പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യേണ്ടത് ചിലരുടെ ആവശ്യമായതിനാൽ ഇനി ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ പേരും പറഞ്ഞ് ഒരു പുരോഗമനക്കാരനും രംഗത്തു വരാതിരിക്കാൻ ആന്റണിയെ കൊലപ്പുള്ളിയാക്കി ചിത്രീകരിച്ചതാണ് ഇതിന്റെ പിന്നിലെ ഉദ്ദേശ്യമെന്ന് മാളികമുക്കിൽ കൂടിനിന്ന ചിലർ പറയുകയുണ്ടായി. എന്തായാലും നിരപരാധിയായ പി.എം.ആന്റണിയെ ക്രൂശിച്ചത് തന്നെയാണെന്ന് ജനങ്ങൾ പറയുന്നു.

കൊലപാതകം നടന്ന സമയത്ത് ആന്റണി സംഭവ സ്ഥലത്തില്ലായിരുന്നുവെന്നും തീർത്ഥശ്ശേരി ക്ഷേത്ര മൈതാനത്ത് നാടകം കളിച്ചുകൊണ്ടിരിക്കുകയായിരുന്നുവെന്നും അതു തെളിയിക്കുന്നതിന് നൂറുകണക്കിനാളുകളെ സാക്ഷിമുറിയിൽ ഹാജരാക്കാമെന്നും ആന്റണി ഹൈക്കോടതിയോട് അപേക്ഷിക്കുകയുണ്ടായി. എന്നാൽ ആ അപേക്ഷ നിരസിച്ചുകൊണ്ട് കോടതി ആന്റണിക്ക് ശിക്ഷ ജീവപര്യന്തമായി ഉയർത്തുകയാണുണ്ടായത്.

ആന്റണി നാടകം കളിച്ചുകൊണ്ടിരിക്കുകയായിരുന്നുവെന്ന് നൂറുകണക്കിന് ജനങ്ങളുടെ അഭിപ്രായത്തോടൊപ്പം ആ സംഭവത്തിന് സാക്ഷ്യം വഹിച്ച പല പ്രമുഖന്മാരും ആ അഭിപ്രായം തുറന്നുപറയുന്നു.

**സീൻ നാല്**

മലയാളത്തിലെ പ്രമുഖ കവികളിലൊരാളും സാഹിത്യകാരനുമായ സിവിക്ചന്ദ്രൻ ആ സത്യം തുറന്നു പറയുന്നത് ചുവടെ ചേർക്കുന്നു. പി.എം. ആന്റണിയെ എന്നേക്കാൾ കൂടുതൽ നിങ്ങൾ അറിയുമായിരിക്കും. സംസ്ഥാന സർക്കാരിന്റെ പ്രൊഫഷണൽ നാടകത്തിനുള്ള ആദ്യത്തെ അവാർഡ് നേടിയ കടലിന്റെ മക്കളുടെ രചയിതാവ്. ജനകീയ സാസ്ക്കാരിക വേദിയുടെ സംസ്ഥാന കമ്മിറ്റി അംഗം. സ്പാർട്ടാക്കസിന്റെ സംവിധായകൻ, പിന്നീട് ഭഗത് സിംഗിനെയും സഖാക്കളെയും പറ്റി സ്വാതന്ത്ര്യം അല്ലെങ്കിൽ മരണം എന്ന നാടകവും ഇപ്പോൾ രണ്ടാം ലോകമഹായുദ്ധക്കാലത്ത് വത്തിക്കാനും ഹിറ്റ്ലറും തമ്മിലുണ്ടായ രഹസ്യകരാറിനെക്കുറിച്ചും ഗ്യാസ് ചേംബറുകളിൽ മാർപ്പാപ്പയ്ക്കുള്ള പങ്കിനെക്കുറിച്ചും എഴുതിയ നാടകമായ വിശുദ്ധപാപങ്ങളുടെ കർത്താവായ ആന്റണിയെ കേരളത്തിന്റെ ഇടതുപക്ഷ-പുരോഗമന-മതേതര-ജനാധിപത്യ മനസ്സ് ഒറ്റക്കെട്ടായി ഒരിക്കൽ ആന്റണിയോടൊപ്പമുണ്ടായിരുന്നു. ആറാം തിരുമുറിവിന്റെ കാലം ആവിഷ്ക്കാര സ്വാതന്ത്ര്യത്തിനും ജനാധിപത്യ ആവശ്യങ്ങൾക്കും വേണ്ടി ഒന്നിച്ചു നിന്ന കാലം. ഇതാ ഇത് എന്റെ സത്യവാങ്മൂലം,

ആലപ്പുഴയിലെ സോമരാജൻ എന്ന കയർ ഫാക്ടറി ഉടമ കൊല്ലപ്പെട്ട രാത്രി തീർത്ഥശ്ശേരി ക്ഷേത്ര മൈതാനിയിൽ 'ഇരുട്ടുചുവക്കുന്നു' എന്ന നാടകം അവതരിപ്പിക്കുകയായിരുന്നു. അതിലഭിനയിക്കുകയായിരുന്നു എന്നു ഞാൻ സാക്ഷിയാണ്. അന്ന് സി.പി.ഐ.(എം.എൽ)യുടെ ജോയിന്റ് സെക്രട്ടറിയായിരുന്ന ഇന്നത്തെ ഇടതുപക്ഷ മതേതര മുന്നണിയുടെ യുവ സൈദ്ധാന്തികൻ ഭാസുരേന്ദ്ര ബാബു സാക്ഷിയാണ്. 'നാട്ടുഗദ്ദിക' നാടകസംഘം നാട്ടുഗദ്ദികബേബിയും സാക്ഷിയാണ്. അതിനടുത്ത ദിവസങ്ങളിൽ 'ഈ ഉന്മൂലനം സുന്ദരമാണ്' എന്ന് ഞങ്ങൾ ഒരുമിച്ചാണ് വിളിച്ചുപറഞ്ഞ് നടന്നത്. ഇതെല്ലാം മാതൃഭൂമി അടക്കമുള്ള പത്രങ്ങൾ അടുത്ത ദിവസം തന്നെ റിപ്പോർട്ട് ചെയ്തതുമാണ്.

**സീൻ അഞ്ച്**

പഴയ ഒരു കമ്യൂണിസ്റ്റുകാരനും വിപ്ലവഗായകനുമായ പി.ജി. പീറ്റർപറയുന്നു.

അന്നു കയ്യൂർ രക്തസാക്ഷി ദിനമായിരുന്നു. പാർട്ടി (സി.പി.ഐ. എം.എൽ) തീരുമാനമനുസരിച്ച് തീർത്ഥശ്ശേരി ക്ഷേത്ര മൈതാനിയിൽ ഒരു രാഷ്ട്രീയ വിശദീകരണ യോഗം നടത്തുകയുണ്ടായി. ഏഴുമണിക്കാണ് യോഗം ആരംഭിച്ചത്. ഒരു പ്രസംഗകൻ മാത്രമെ ഉണ്ടായിരുന്നുള്ളു. ഭാസുരേന്ദ്രബാബുവായിരുന്നു പ്രസംഗകൻ. പ്രസംഗം കഴിഞ്ഞ് ഉടൻ നാടകം ആരംഭിച്ചു. തുടർന്ന് വിപ്ലവ ഗാനങ്ങളുടെ ആലാപനമായിരുന്നു. അത് നടത്തിയത് ഞാനായിരുന്നു. അത് അര മണിക്കൂർ നേരമുണ്ടായിരുന്നു. അതിനുശേഷം ജനം പിരിഞ്ഞുവെങ്കിലും യോഗത്തിനു കൊണ്ടുവന്ന മേശ, കസേര, മൈക്ക് തുടങ്ങിയ സാധനങ്ങൾ കൊണ്ടുപോകുന്നതുവരെ, ഏകദേശം പതിനൊന്നര മണി വരെ ഞാനും പി.എം. ആന്റ

ണിയും ക്ലീറ്റസും അവിടെയുണ്ടായിരുന്നു. പതിനൊന്നര മണിക്ക് ഞങ്ങൾ ഒരുമിച്ചാണ് പിരിഞ്ഞത്. നാടകം തുടങ്ങുന്നതിന് മുമ്പ് വരെ ആന്റണിയ്ക്ക് പുസ്തക കച്ചവടമായിരുന്നു. നാടക സ്ഥലത്ത് സന്ധ്യ മുതൽ സിവിക് ചന്ദ്രനും ഉണ്ടായിരുന്നു. അന്നത്തെ നാടകത്തിൽ ക്ലീറ്റസിന് ഒരു റൗഡിയുടെ വേഷമായിരുന്നു. ക്ലീറ്റസ് ആഡിയൻസിന്റെ ഇടയിൽ നിന്നും ഒരു കഠാരയും ഊരിപ്പിടിച്ചുകൊണ്ട് ബഹളമുണ്ടാക്കിക്കൊണ്ടായിരുന്നു നാടകം ആരംഭം. അത് യഥാർത്ഥമാണെന്ന് കരുതി അടുത്തുള്ള കച്ചവടക്കാരിയായ ഭാർഗ്ഗവി എന്ന സ്ത്രീ അന്ന് ബോധംകെട്ടു വീഴുകയുണ്ടായി. ഈ ക്ലീറ്റസ് ഇന്ന് ജീവപര്യന്തം തടവ് അനുഭവിക്കുകയാണ്.

**സീൻ ആറ്**

ആൻണിയുടെ ഭാര്യ ഗ്രേസി ആന്റണി കൊലപാതകിയാണെന്ന ആരോപണം സമ്മതിക്കുന്നില്ല. "പൂവിനെപ്പോലും നുള്ളിനോവിക്കാത്ത അച്ചായൻ ഒരു കൊലപാതകിയാണെന്നോ? ഇത് ചതിയാണ്." ആന്റണിയുടെ മനസ്സിനെക്കുറിച്ച് നാല് പൊട്ടകുഞ്ഞുങ്ങളേയും ചാരത്തു നിർത്തി തലോടിക്കൊണ്ട് ഗ്രേസി പറഞ്ഞു,

അച്ചായൻ കുറ്റം ചെയ്തിട്ടില്ലെന്ന് എനിക്കുറപ്പാണ്. അച്ചായന്റെ മനസ്സ് ഇളം മനസ്സാണ്.ഒന്നിനെയും നോവിക്കുന്നത് അച്ചായനിഷ്ടമല്ല. അതിന് ഒരുപാട് ഉദാഹരണങ്ങൾ തന്നെയുണ്ട്.

ഒരിക്കൽ മൂന്നാമത്തെ കുട്ടി ഒരു ചിത്രശലഭത്തെ പിടിച്ചു. എന്നിട്ട് അതിന്റെ ഒരു ചിറകൊടിച്ചു. ഇത് കണ്ടിട്ട് അച്ചായൻ പെട്ടെന്ന് ക്ഷോഭിച്ചു. എന്നിട്ട് കുട്ടിയോടു ചോദിച്ചു, പറന്നു നടക്കേണ്ടതല്ലേ? അതിനെ എന്തിനാ വെറുതേ കൊല്ലുന്നെ. അതിനെ വിട്ടേയ്ക്കൂ. കുട്ടി അടുത്ത ചിറകും ഒടിക്കാൻ ശ്രമിച്ചു. ഉടൻ കുട്ടിയുടെ കയ്യിൽ നിന്നും ശലഭത്തെ തട്ടിപ്പറിച്ച് അതിനെ വിടുകയുണ്ടായി.എന്നിട്ട് കുട്ടിയോട് പറഞ്ഞു, അതിനെ കൊന്നാൽ നമുക്ക് പാപം കിട്ടും. ഒന്നിനേയും കൊല്ലരുത്.

ഒരിക്കൽ വീട്ടിൽ കറി വെക്കുന്നതിനായി ഒരു കോഴിയെ വാങ്ങിക്കുകയുണ്ടായി. അതിന്റെ കഴുത്തൊന്നറുത്ത് തരാൻ ഞാൻ അച്ചായനോട് പറഞ്ഞു. അപ്പോൾ അച്ചായന്റെ മറുപടി, അതുമാത്രം നീ എന്നോട് പറയരുത്. പിന്നീട് അയലത്തുള്ള ഒരു പയ്യനെ വിളിച്ചാണ് കോഴിയെ അറുത്തത്.

മറ്റൊരിക്കൽ മോളുടെ കൈ മുറിയുകയുണ്ടായി. എനിക്ക് രക്തം കണ്ടാൽ പേടിയാണ് എന്നു പറഞ്ഞുകൊണ്ട് മുഖം പെട്ടെന്ന് വെട്ടിത്തിരിച്ചത് ഞാനോർക്കുന്നു.

കുട്ടികൾ പൊതുവേ പാറ്റയൊ വെട്ടിലോ ക്ഷുദ്രജന്തുക്കളെയോ പിടിക്കാൻ പോയാൽ ഉടനെ ഇങ്ങനെ പറയുന്നത് പതിവാണ്, 'പോട്ടെന്ന്, അതിനെയൊന്നും ചെയ്യണ്ട.'

ഒരിക്കൽ പാതിരാപ്പള്ളിയിൽ ഒരു മോട്ടോർ ആക്സിഡന്റ് നടന്നു.

അച്ചായൻ അപ്പോൾ അവിടെയുണ്ടായിരുന്നു.

വീട്ടിൽ വന്നു ഊണു കഴിക്കാനിരുന്നു. ആഹാരം വിളമ്പി മുന്നിൽ കൊണ്ടുവെച്ചപ്പോൾ പറയുകയാണ്, 'ആക്സിഡന്റിൽ പെട്ടവരുടെ രക്തം കണ്ടപ്പോൾ തല പെരുത്തുപോയി. എന്റെ മനസ്സു നിറയെ അതു നിറഞ്ഞു നിൽക്കുന്നു. എനിക്ക് ആഹാരം വേണ്ട.'

മനസ്സാക്ഷിക്ക് തെറ്റു ചെയ്തിട്ടുണ്ടെങ്കിൽ എനിക്ക് വിഷമമില്ല എന്ന് അച്ചായൻ പറയാറുണ്ട്. നാടകം കഴിഞ്ഞു തിരിച്ചുവരുമ്പോൾ നവോദയ വായനശാലയ്ക്ക് കിവക്കുവശം വെച്ചാണ് ഞാൻ സംഭവം അറിയുന്നതെന്ന് ഗ്രേസിയോട് പറഞ്ഞതായി പറഞ്ഞു. നാലു ദിവസം കഴിഞ്ഞു പോലീസ് വീട്ടിൽ തിരക്കി വന്നപ്പോളാണറിയുന്നത് അച്ചായൻ കേസിൽ പ്രതിയാണെന്ന്.

**സീൻ ഏഴ്**

ആന്റണി നീതി ലഭിക്കുന്നതിനായി അവസാനത്തെ സംരംഭമെന്ന നിലയിൽ സുപ്രീം കോടതിയെ സമീപിച്ചിരിക്കുകയാണ്.കേരള ഹൈക്കോടതിയിലെ ചീഫ് ജസ്റ്റീസ് എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുള്ള സുപ്രീം കോടതിലെ പ്രമുഖ അഭിഭാഷകനായ പി.സുബ്രപ്മണ്യം പോറ്റിയാണ്. ആലപ്പുഴയിലെ സാംസ്ക്കാരിക പ്രവർത്തകർ ചേർന്ന് ഫോറം ഫോർ പ്രൊട്ടക്റ്റിങ്ങ് ആന്റ് പ്ലേറൈറ്റ് എന്നൊരു വേദി രൂപീകരിച്ചു ആന്റണിക്കുവേണ്ടി പ്രവർത്തിച്ചുവരുന്നുണ്ട്.

ആന്റണിയെ കൂടാതെ ഹൈക്കോടതി ജീവപര്യന്തം ശിക്ഷിച്ചവരാണ് ബന്നിച്ചൻ, ബാഹുലേയൻ, ജോയിച്ചൻ, ബാലഭാനു, സെബാസ്റ്റ്യൻ എന്നിവർ അവരുടെ നിരപരാധിത്തത്തെക്കുറിച്ച് ഈ ലേഖകനോട് പറയുകയുണ്ടായി പതിനാറു വയസ്സുള്ള ബെന്നിച്ചൻ ജീവപര്യന്തത്തിന് വിധിക്കപ്പെട്ട കഥ പിതാവ് എം.എസ്. ഫ്രാൻസിസ് വിവരിച്ചു.

"ഞാനൊരു കയർ കമ്പനി തൊഴിലാളിയാണ്. കേരളത്തിലെ ആദ്യത്തെ കയർ കമ്പനിയായ ഡെയ്റാസ്മെയിലിലാണ് ഇപ്പോഴും ജോലി ചെയ്തുവരുന്നത്. വയറുകടി ബാധിച്ചു ഞാൻ ആശുപത്രിയിൽ ചികിത്സയിലായിരുന്നു. ആശുപത്രിയിൽ എന്റെകൂടെ ബെന്നിച്ചനായിരുന്നു നിന്നിരുന്നത്. വാതത്തിന്റെ അസുഖം ഉണ്ടായിരുന്നതിനാൽ വയറുകടിക്ക് കഴിച്ച മരുന്നിന്റെ റിയാക്ഷൻ മൂലം വാതരോഗം വർദ്ധിച്ചു. തുടർന്ന് അവിടെ ചികിത്സിക്കാൻ കഴിയാത്തതുമൂലം പതിമൂന്നാം ദിവസം കോട്ടയം ഇ.എസ്.ഐ യിൽ പോയി ചികിത്സിക്കുന്നതിനായി അവർ എനിക്ക് ചീട്ട് തന്നു.

ചീട്ടുമായി ഞാനും ബെന്നിച്ചനും കോട്ടയം ആശുപത്രിയിൽ പോകുന്നതിന് വീട്ടിലേക്ക് വന്നു. അന്ന് നേരം വൈകിയതുകൊണ്ട് രാവിലെ പോകാൻ തീരുമാനിച്ചു.

വീട്ടിൽ ഞങ്ങൾ ഒരു മുറിയിലാണ് കിടന്നുറങ്ങുന്നത്. അമ്മയും മകളും അടുത്ത മുറിയിലും. ആശുപത്രിയിൽനിന്നും വന്ന ദിവസം രാത്രി ഒൻപതുമണിയോടെ ഞങ്ങൾ അത്താഴം കഴിച്ചു. അതു കഴിഞ്ഞ് പതി

വുപോലെ പായ വിരിച്ചു ഞങ്ങൾ ഉറക്കമായി.നേരം വെളുത്തപ്പോൾ സോമരാജന്റെ കൊലപാതകം ഞങ്ങൾ അറിഞ്ഞു. കൃത്യസ്ഥലം കാണാൻ പോകാതെ ഞങ്ങൾ ആശുപത്രിക്കുപോയി.

ഈ സംഭവവുമായി ഒന്നുമറിയാത്ത എന്റെ കുഞ്ഞ് അവസാനം പന്ത്രണ്ടാം പ്രതിയായി. 75 ദിവസം കഴിഞ്ഞാണ് ജാമ്യം കിട്ടിയത്. 6 മാസം സെഷൻസ് കോടതി ശിക്ഷ വിധിക്കുകയും ചെയ്തു. പക്ഷെ ഹൈക്കോടതി ശിക്ഷിച്ചത് ജീവപര്യന്തം. അതെനിക്ക് മനസ്സിലാകുന്നില്ല. രണ്ടാമത് ശിക്ഷ ഇങ്ങനെ ഉയർന്നുവരാൻ എന്തെങ്കിലും കാരണമുണ്ടോയെന്ന് ഒരു പിടിയുമില്ല. 16 വയസ്സും 3 മാസവുമേ അവനു പ്രായമുള്ളു. എസ്.എസ്.എൽ.സി ക്ക് എഴുതിയിട്ട് നിൽക്കുമ്പോഴാണ് കേസിൽ കുടുങ്ങിയത്. ജയിലിൽ കിടക്കുമ്പോൾ റിസൾട്ടറിഞ്ഞു. തോറ്റുപോയി.

ശിക്ഷ കഴിഞ്ഞുവന്നതിനുശേഷം ഞാൻ അവനെ ട്യൂട്ടോറിയലിൽ അയച്ചു. ട്യൂട്ടോറിയലിൽ പഠിക്കാൻ ചെല്ലുമ്പോൾ കൂട്ടുകാർ അവനെ കളിയാക്കുക ഒരു നിത്യ സംഭവമായി. നീയെന്തിനാടാ പഠിക്കുന്നേ? നീ കൊലക്കേസ് പ്രതിയല്ലെ, എന്നൊക്കെ. തുടർന്ന് പഠനം നിറുത്തി. വീട്ടിൽ വെറുതേ നിൽക്കുന്നത് കണ്ടിട്ട് ഞാൻ പിന്നെ വർക്ക്ഷോപ്പിൽ വിട്ടു. ഇപ്പോൾ കെട്ടിടത്തിന്റെ പണിക്ക് പോകുന്നു."

ബാഹുലേയൻ തന്റെ കഥ പറഞ്ഞു. ബാഹുലേയൻ സ്ഥിരതയുള്ളയാളല്ല. മാനസിക തകരാറുണ്ടായിട്ട് വളരെ നാളുകളായി. താനാണ് ചീനാ വിപ്ലവവും റഷ്യൻ വിപ്ലവവും നടത്തിയതെന്നും, മാവോയെക്കൊണ്ടും ലെനിനെക്കൊണ്ടും താനാണ് വിപ്ലവങ്ങൾ നടത്തിച്ചതെന്നും, ഭൂമിയിൽനിന്നും ഒരു റോക്കറ്റിലൂടെ ചന്ദ്രനിലിറങ്ങിയിട്ട് അവിടെ നിന്നും വിപ്ലവങ്ങൾ നടത്താൻ പറ്റിയ ഒരു നക്ഷത്രത്തിലേയ്ക്ക് മാറിയെന്നും അവിടെ നിന്നുകൊണ്ടാണ് താൻ അവരെ കൊണ്ട് ഈ പണി പറ്റിച്ചതെന്നും ബാഹുലേയൻ ഇപ്പോൾ അഭിപ്രായപ്പെടുന്നു.

ഇതു പറയുമ്പോൾ ഇടയ്ക്കുകയറി താൻ ജയിലിലാകാൻപോകുന്ന കഥയും പറഞ്ഞു.

"പോലീസ് കാണിച്ച പോക്രിത്തരം മൂലമാണ് ഞാൻ പ്രതിയായത്. സംഭവദിവസം എക്സൽ ഗ്ലാസ് കമ്പനിയിൽ ജോലി ചെയ്യുന്ന പൊന്നപ്പനുമായി ഞാൻ വൈക്കത്ത് പോയിട്ട് രാത്രി 9 മണിയോടെ വന്നു. പൊന്നപ്പന്റെ പുരയ്ക്കകത്തു കയറി കിടന്നു ഉറങ്ങി. വെളുപ്പിനെ വെളിയിൽ സംസാരം കേട്ടുചാടിയുണർന്നു. സംസാരം ശ്രദ്ധിച്ചപ്പോൾ സോമരാജന്റെ കൊലപാതകത്തെക്കുറിച്ചാണ് സംസാരിക്കുന്നതെന്ന് മനസ്സിലായി. കുറെ ദിവസം കഴിഞ്ഞപ്പോൾ പോലീസ് പറയുന്നു ഞാനും പ്രതിയാണെന്ന്. ഇതാണ് ഞാൻ പറഞ്ഞത് പോലീസ് കാണിച്ചത് പോക്രിത്തരമാണെന്ന്."

ജോസഫ് എന്ന ചെറുപ്പക്കാരൻ ബാഹുലേയനെ അറസ്റ്റ് ചെയ്യാനുണ്ടായ സാഹചര്യത്തെക്കുറിച്ച് പറഞ്ഞു. "ബാഹുലേയൻ കൊലപാതകം നടക്കുന്നതിന് മുമ്പേ മാനസിക തകർച്ചയുണ്ടായിരുന്ന ആളാണ്. അന്നേ പിച്ചും പേയും പറയുക പതിവാണ്. താനാണ് ലോക വിപ്ലവങ്ങൾ നട

ത്തിയിട്ടുള്ളതെന്നും മാവോയെ മാർക്സിസം പഠിപ്പിച്ചത് താനാണെന്നു മൊക്കെ പറയുക പതിവാണ്. ഇതു കേട്ടിട്ടാണ് പോലീസ് ബാഹുലേയനെ സംശയിച്ച് അറസ്റ്റ് ചെയ്തത്. ബാഹുലേയൻ അന്നും ഇന്നും മാനസിക തകർച്ചയിലാണ്."

ജോയിച്ചൻ ശാന്തമൂകനായ ഒരു ചെറുപ്പക്കാരനാണ്. കൂടുതൽ പഠിച്ചിട്ടില്ല. എങ്കിലും ധാരാളം വായിക്കാറുണ്ട്. സംഭവ സമയം താൻ എന്ത് ചെയ്യുകയായിരുന്നുവെന്ന് ജോയിച്ചൻ പറയുന്നു.

"ഞാൻ രാവിലെ പത്തുമണിക്ക് കോട്ടയത്ത് കോമ്രേഡ് ദൈ്വവാരിക എടുക്കാൻ പോയിരിക്കുകയായിരുന്നു. ബോട്ടിലായിരുന്നു യാത്ര ചെയ്തിരുന്നത്. അതുകൊണ്ട് വരാൻ വളരെ വൈകി. പിറ്റേ ദിവസമാണ് വന്നത്. എങ്കിൽത്തന്നെയും കൊലപാതകവിവരം പിറ്റേദിവസം രാവിലെ കോട്ടയത്തുവച്ച് അറിയുകയുണ്ടായി. രാവിലെ പത്രം നിവർത്തി നോക്കുമ്പോഴാണ് സംഭവം അറിയുന്നത്. നാട്ടിൽ വന്ന് രണ്ടാഴ്ച കഴിഞ്ഞപ്പോൾ അറിയുന്നു ഞാനും പ്രതിയാണെന്ന്. തുടർന്ന് ഞാൻ ഒളിവിൽ പോയി, ഒരു വർഷം കഴിഞ്ഞു. അവസാനം ഞാൻ കോടതിയിൽനിന്നും ജാമ്യമെടുത്തു". ജോയിച്ചന് ഭാര്യയും ഒരു കുട്ടിയുമുണ്ട്."

കുഞ്ഞച്ചൻ എന്നു വിളിക്കുന്ന സെബാസ്റ്റ്യന് മുപ്പത്തെട്ടു വയസ്സുണ്ട്. സെബാസ്റ്റ്യൻ തന്റെ സത്യസന്ധത വ്യക്തമാക്കി. "പ്രായം ചെന്ന അച്ഛനും അമ്മയും അവിവാഹിതരായ രണ്ടു സഹോദരിമാരും എനിക്കുണ്ട്. ഞാൻ വിവാഹം കഴിച്ചിട്ടില്ല. തയ്യൽ ജോലി ചെയ്താണ് കുടുംബം പുലർത്തുന്നത്. ഞാൻ ജയിലിലേക്കുപോയാൽ എന്റെ കുടുംബം അവതാളത്തിലാകും.

സോമരാജന്റെ വീടിന് 100 മീറ്റർ തെക്കുവശത്താണ് എന്റെ കട. എന്നും ഏഴ്ഏഴരക്ക് കട അടയ്ക്കും പതിവുപോലെ സംഭവ ദിവസവും കട അടച്ചു. എട്ടുമണിയോടെ വീട്ടിൽ ചെന്നു. ചെന്നു കഴിഞ്ഞ് അത്താഴം കഴിച്ചു. ഊണു കഴിച്ചാൽ ഉടൻ തന്നെ ഞാൻ ഉറങ്ങാൻ കിടക്കുക പതിവാണ്. അന്നും പതിവുപോലെ ഞാൻ ഉറങ്ങി. പിറ്റേന്ന് രാവിലെ തുമ്പോളിപ്പള്ളിയിൽ ഓശാന പെരുന്നാളായിരുന്നു. പള്ളിക്ക് തെക്കുവശം ഞാൻ വന്നപ്പോൾ മംഗലത്തുള്ള ഒരാൾ സംഭവത്തെക്കുറിച്ച് പറയുന്നതു കേട്ടു. അപ്പോഴാണ് കൊലപാതകത്തെക്കുറിച്ച് അറിയുന്നത്.

ഉടൻ തന്നെ സംഭവം കാണുന്നതിനായി സോമരാജന്റെ വീട്ടിൽ പോവുകയുണ്ടായി. അവിടെ ചെല്ലുമ്പോൾ വലിയ ആൾത്തിരക്കായിരുന്നു. പലരും മതിൽ ചാടി അകത്തുകയറുന്നുണ്ടായിരുന്നു. ഞാനും മതിൽ ചാടി വീടിന്റെ ഇടതുവശം ചെന്നു. ഞങ്ങളെ അപ്പോൾ പോലീസ് വിരട്ടിയോടിക്കുകയുണ്ടായി. കാണാൻ പറ്റിയതുമില്ല. ഒരാഴ്ച കഴിഞ്ഞ് പോലീസ് വന്നപ്പോഴാണറിയുന്നത് ഞാനും പ്രതിയാണെന്ന്.

**വിചിത്രമായ ഒരു എഫ്.ഐ.ആർ**

1980 മാർച്ച് 29-ന് രാത്രി ഒമ്പതിനും പത്തിനുമിടയിലാണ് സോമരാജൻ വധം നടക്കുന്നത്. അതിനുശേഷമാണ് പോലീസ്പാർട്ടി സ്ഥലത്തെത്തുന്നത്. പക്ഷെ സംഭവം നടക്കുന്നതിനും മണിക്കൂറുകൾക്കുമുമ്പ്

എഫ്.ഐ.ആർ തയ്യാറാക്കിയിരുന്നു. ഇതെന്ത് അത്ഭുതമെന്ന് പലരും ചോദിക്കുന്നു.എഫ്.ഐ.ആറിന്റെ ശരി പകർപ്പ് ചുവടെ ചേർക്കുന്നു.

പ്രഥമ വിവരം

ഈ സംഗതിക്ക് ആലപ്പുഴ കാഞ്ഞിരംചിറ വാർഡിൽ മംഗലത്തു വീട്ടിൽ സോമരാജൻ,ബാബു,ആനന്ദൻ,ഗൗരി എന്നിവരെ വെട്ടിയും കുത്തിയും പരിക്കുകൾ ഏൽപ്പിച്ച് ചികിത്സക്കായി ആലപ്പുഴ മെഡിക്കൽ കോളേജാസ്പത്രിയിൽ കൊണ്ടുവന്നിരുന്നതായി വിവരം അറിഞ്ഞു. ഞാൻ മെഡിക്കൽകോളേജാസ്പത്രിയിൽ ചെന്ന് അന്വേഷിച്ചു. അവിടെ കൊണ്ടുവന്നവരിൽ സോമരാജൻ മരിച്ചുപോയിഎന്നും ടിയാന്റെ ശവശരീരം പോസ്റ്റ്മാർട്ടം മുറിയിലേക്ക് മാറ്റിയതായി അറിയുകയും, മുറിവേറ്റ് അവിടെ ചികിത്സയിൽ കഴിയുന്ന മാധവൻ,ആനന്ദൻ, ഗൗരി എന്നിവരുടേയും ദേഹസ്ഥിതിക്ക് നോട്ട് തയ്യാറാക്കിയും ചികിത്സക്ക് കൊടുത്തു തിരിയെവന്ന് ഈ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാകുന്നു. അസ്സൽ മൊഴി ആയവ എഫ്.ഐ.ആറിനോട് ചേർത്ത് കോടതിക്കയച്ചും പകർപ്പുകൾ യഥാക്രമം ചേർത്തിരിക്കുന്നു.

Sd/] Adi SI Alleppey North 29-3 80

എഫ്.ഐ.ആർ തയ്യാറാക്കിയത് സംഭവത്തിന് 6 മണിക്കൂർ മുമ്പ് 3 പി.എം.ആണെങ്കിൽ മുറിവേറ്റ് ആശുപത്രയിൽ കിടക്കുന്ന ആവലാതിക്കാരൻ ചക്രപാണി ബാബുവിന്റെ മൊഴി വാങ്ങുന്നത് രാവിലെ ഒമ്പതേകാലിനാണ്. ചുരുക്കത്തിൽ എഫ്.ഐ.ആറുമെടുത്ത് ആവലാതിക്കാരന്റെ മൊഴിയും വാങ്ങി മണിക്കൂറുകൾ കഴിഞ്ഞാണ് കൊലപാതകം നടന്നിരിക്കുന്നത്. മൊഴിയുടെ ശരിപകർപ്പിന്റെ മുഖംപേജ് ചുവടെ ചേർക്കുന്നു.

Copy of the FIR in Cr 136/ 80 of Alleppey North PS before the Jud/11nd class Magistrate Court Alleppey.

P.S.-Alleppey
CR No-136/80
D/o-29-3-80-91/4A.M
D/R-29-3-80-3 P.M
P/p- Kanjiramchira
D/D-2 K.M.South West

വാദി-ആലപ്പുഴ തുമ്പോളി വാർഡിൽ മംഗലത്തുവീട്ടിൽ ചക്രപാണി ബാബു. ശ്മശാനത്തിനടുത്ത് താമസിച്ചിരുന്ന ജോയിയുടെ മകൻ ഉമ്മച്ചൻ ആര്യാടു ഗോപിയുടെ ഹാർമോണിസ്റ്റ് തങ്കച്ചന്റെ അനിയൻ തോമച്ചൻ.

**വിശുദ്ധ പാപത്തിനും വിലക്ക്**

വിശുദ്ധ പാപവും ആന്റണിയുടെഏതു നാടകങ്ങളും ആലപ്പുഴയിൽ എവിടെയുണ്ടെങ്കിലും അതു കാണരുതെന്നും അവ അവതരിപ്പിക്കുന്നതിന് ഒരു ക്രൈസ്തവ സ്ഥാപനങ്ങളും അനുവാദം നൽകരുതെന്നും,

ഉള്ള സ്ഥലങ്ങളിൽ നാടകം പരാജയപ്പെടുത്താൻ ശ്രമിക്കണമെന്നും ചില കേന്ദ്രങ്ങൾ സർക്കുലർ കൊടുത്തിട്ടുള്ളതായി വിശ്വസ്ത കേന്ദ്രങ്ങളിൽനിന്ന് അറിയാൻ കഴിഞ്ഞു. സൂര്യകാന്തി തിയേറ്റഴ്സ് ഇപ്പോൾ അവതരിപ്പിച്ചു കൊണ്ടിരിക്കുന്ന പ്രധാന നാടകമാണ് 'വിശുദ്ധ പാപങ്ങൾ.' സൂര്യകാന്തി അവതരിപ്പിച്ച മറ്റു പ്രധാന നാടകങ്ങളാണ് സ്പാർട്ടക്ക്സ്, ക്രിസ്തുവിന്റെ ആറാം തിരുമുറിവ്, സ്വാതന്ത്ര്യം അല്ലെങ്കിൽ മരണം എന്നിവ. അമച്വർ നാടകങ്ങളാണ് ഒഴുക്കിലെ ഓളങ്ങൾ, ഇരുട്ടിന്റെ സന്തതികൾ, അഗ്നി കവാടം, ഗമനം,ആഗ്നേയാസ്ത്രം. 1973-ൽ ആന്റണി മാളികമുക്കിൽ ആരംഭിച്ച സൂര്യകാന്തി തിയേറ്റേഴ്സ് സൊസൈറ്റിയായി രജിസ്റ്റർ ചെയ്തിരിക്കയാണ്. സൂര്യകാന്തിയുടെ അംഗങ്ങളാണ് അലോഷ്യസ്, രവി,ദാസ്, ,ഷാജി, പ്രകാശ്, ശാർങ്ഗധരൻ, നാനി, ആനന്ദൻ, രാജപ്പൻ, ഏണസ്റ്റ്, റയനോൾഡ്, കുഞ്ഞുമോൻ, കുഞ്ഞപ്പൻ എന്നിവർ. ഇവർ തീയറ്റർ രൂപം കൊണ്ട നാൾ മുതലുള്ള അംഗങ്ങളാണ്.



# ഡോ.പി.വി.വേലായുധൻപിള്ള

അടിയന്തിരാവസ്ഥക്കാലത്ത് (1976-78) യുക്തിവാദി സംഘത്തിന്റെ സംസ്ഥാന പ്രസിഡന്റായിരുന്നു പി.വി.വേലായുധൻപിള്ള. കുറ്റിപ്പുഴ കൃഷ്ണപിള്ളയുടെ ശിഷ്യനായിരുന്നു. പി.വി.ജീവിതാവസാനം വരെ സ്വതന്ത്രചിന്തയിലൂടെ സാഹിത്യത്തെയും ജീവിതത്തെയും ദർശിച്ചു. മിശ്രവിവാഹിതനായിരുന്ന പി.വി. തികഞ്ഞ ഒരു മാനവികവാദയായിരുന്നു.

പാലമറ്റതത് വെങ്കിടേശ്വരൻ പിള്ളയുടയും ആലുവ വേട്ടുങ്കൽ പാർവ്വതിപിള്ളയുടേയും മകനായി 1931 ജൂണിൽ വൈക്കത്ത് ജനിച്ച പി.വി.വൈക്കം, പാല, തൊടുപുഴ, കടനാട്, രാമപുരം എന്നിവിടങ്ങളിലായി സ്കൂൾ ജീവിതവും ആലുവ യു.സി.കോളേജിൽ ബി.എസ്സി.യും മഹാരാജാസ് കോളേജിൽ നിന്ന് എം.എ.യും കേരള സർവ്വകലാശാലയിൽ നിന്നും പ്രാചീന മലയാള പദ്യസാഹിത്യത്തിൽ പി.എച്ച്.ഡി. യും ലിംഗ്വിസ്റ്റിക്സിൽ സർട്ടിഫിക്കറ്റുകളും തമിഴ് ഗവ.ന്റെ തമിഴ് ഡിപ്ലോമയും നേടി.

അഞ്ചുവർഷം ഹൈസ്കൂൾ അധ്യാപകനായും പിന്നീട് കേരള സർവ്വകലാശാലയിലെ ലെക്സിക്കൺ വിഭാഗത്തിലും തുടർന്ന് മലയാള വിഭാഗത്തിൽ അധ്യാപകനായും പ്രോഫസറായും അധ്യക്ഷനായും മൂന്നു വർഷം ഫാക്കൽട്ടിയായും മൂന്നുവർഷം വിശ്വവിജ്ഞാനകോശത്തിന്റെ എക്സി. എഡിറ്ററായും പി.വി. പ്രവർത്തിച്ചു. ആലുവാ പി.വി.എന്ന പേരിൽ കവിത എഴുതിക്കൊണ്ടു സാഹിത്യപ്രവേശനം നടത്തിയ പി.വി.യ്ക്ക് 1952-ൽ സമസ്ത കേരള സാഹിത്യത്തിന്റെ സ്വർണ്ണമെഡൽ ലഭിക്കുകയുണ്ടായി.

1990-ൽ ഓറിയന്റൽ ഫാക്കൽട്ടി ഡീൻ ആയി വിരമിച്ച പി.വി.അന്താരാഷ്ട്ര പഠനകേന്ദ്രത്തിന്റെ ഡയറക്ടറായും വിവിധ അക്കാദമിക് കമ്മിറ്റികളിലെ അംഗമായും കേരള സാഹിത്യ അക്കാദമി അംഗമായും



Fritz Eric Howels receiving momento from Dr. P. Velayudhan Pilai on behalf of BYS State Committe.

പ്രവർത്തിച്ചിട്ടുണ്ട്. പുതിയ ആകാശം തേടി, എന്താണ് കവിത,നിരൂപണ സാഹിത്യം, വീണ്ടുവിചാരം, അസ്വസ്ഥതയുടെ നിറഭേദങ്ങൾ, മധ്യകാല മലയാളം, മലയാള സാഹിത്യ വമർശനം, അറിവും അനുഭൂതിയും, മണി പ്രവാള കവിത, ആണുങ്ങളില്ലാത്ത കൊറവ്....കൊറ, സൂര്യകാന്തി, ജി. അപാരതയെ അനുഭൂതിയാക്കിയ കവി എന്നിവയാണ് പി.വി.യുടെപ്ര മുഖ കൃതികൾ. ഗവേഷണ പ്രബന്ധങ്ങൾക്കു പിൻമാർഗ നിർദ്ദേശം നൽകിയിട്ടുണ്ട്. സാഹിത്യ ഗവേഷണത്തിനു നൽകിയ സംഭാവനകളെ മാനിച്ചു മലയാള ഗവേഷണവേദി പി,വി.യെ ഡോ.ഗോദവർമ്മപുരസ്കാരം നൽകി ആദരിച്ചു.

മരണംവരെ തിരുവനന്തപുരത്തുനടന്ന എല്ലാ യുക്താവാദി സമ്മേള നങ്ങളിലും പി.വി. പങ്കെടുത്തിട്ടുണ്ട്. 1992-ൽ ഹൃദയാഘാതമുണ്ടവുകയും പക്ഷവാതം വരികയും ചെയ്തിട്ടും പി.വി.യുക്തിവാദി സമ്മേളനത്തിൽ വരികയും സംസാരിക്കുകയും ചെയ്തിരുന്നു. അടുത്തകാലത്ത് ഭാരതീയ യുക്തിവാദി സംഘം ട്രിവാൻഡ്രം ഹോട്ടലിൽ വെച്ചു നടത്തി. അദ്ദേഹ മായിരുന്നു ഉദ്ഘാടനം ചെയ്തത്. വർഗീയതക്കെതിരെ ഉണർന്നു ചിന്തി ക്കേണ്ട ആവശ്യകതയെക്കുറിച്ചായിരുന്നു അന്നദ്ദേഹം സംസാരിച്ചത്.

അതുപോലെ 1998 ആഗസ്റ്റിൽ സെക്രട്ടറിയേറ്റ് നടയിൽ നടന്ന ധർണ്ണ പി.വി.യായിരുന്നു ഉദ്ഘാടനം ചെയ്തത്. 2000 ഒക്ടോബറിൽ ജർമനി യിൽ നിന്നും കേരളത്തിലെത്തിയ പ്രശസ്ത തത്വചിന്തകനായ ഫ്രിട്ട്സ് എറിക്ക് ഹോവൽസിന്റെ സർവ്വകലാശാല പ്രഭാഷണ പരിപാടികൾ സ മാപനം കുറിച്ചു കൊണ്ട് തിരുവനന്തപുരം പങ്കജ് ഹോട്ടലിൽ ചേർന്ന സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയും അവരെ അനുമോദിക്കു കയും അവർക്ക് പുരസ്ക്കാരം നൽകുകയും ചെയ്തത് പി.വി.ആയിരു ന്നു. സെക്രട്ടറിയേറ്റ് ധർണ്ണ ഉദ്ഘാടനം ചെയ്യുന്നത് പി.വി.ആണെന്ന് പത്രവാർത്ത വന്നപ്പോൾ തലേ ദിവസം ഒരു വാര്യർ പി.വി.യെ ഫോണിൽ വിളിച്ചു പറഞ്ഞു :

"മിസ്റ്റർ പി.വി, താങ്കൾക്ക് ഓടാൻപോലും വയ്യാത്ത ആളാണ്. നാളെ ധർണ്ണ ഉദ്ഘാടനം ചെയ്യാൻ പോകരുത്. ഹിന്ദുമത വർഗീയവാദികൾ നാളെ ധർണ്ണ വളയുകയാണ്."

ഇതുകേട്ട പി.വി. അയാളോടു പറഞ്ഞു :

"എനിക്കു സംസാരിക്കാനുള്ള അഭിപ്രായ സ്വാതന്ത്ര്യം ഈ രാജ്യത്തുണ്ട്. അതിനു ആരുടെയും അനുവാദമൊന്നും വേണ്ട. ഓടാൻ വയ്യെങ്കിൽ ഞാനവിടെയങ്ങിരുന്നോളാം". ഫോണിൽ പറഞ്ഞതുപോലെ സംസാരിക്കാൻ കഴിയാത്ത പി.വി.കിതപ്പുണ്ടായിരുന്നിട്ടും അവിടെ വരികയും സംസാരിക്കുകയും ചെയ്തു. ഭീഷണികൾക്കുമുമ്പിൽ മുട്ടുമടക്കുന്ന ആളായിരുന്നില്ല പി.വി.എന്നു തെളിയിച്ചു. അതുപോലെ ഗവ.ആർട്ട്സ് കോളേജ് റിട്ടയേർഡ് പ്രൊഫസറായ പി.എ. ആമിനയാണ് പി.വി.യുടെ ധർമ്മപത്നി. ജാതിക്കെതിരായ പോരാട്ടത്തിൽ പി.വി, ആമിന ടീച്ചറിനെ വിവാഹം കഴിച്ചത് കേട്ടപ്പോൾ പലരുടേയും മുഖം കരുവാളിക്കുകയും ചെയ്തിരുന്നു. എന്നാൽ ആമിന ടീച്ചറുടെ പിതാവ് അദ്ദേഹത്തെ സ്നേഹപൂർവ്വം സ്വാഗതം ചെയ്തിരുന്നു എന്നും പി.വി.യെ വീട്ടിലേക്ക് വിളിച്ചുകൊണ്ടുപോയെന്നും അദ്ദേഹം ഒരു നല്ല മനുഷ്യനായിരുന്നു എന്നും ഒരിക്കൽ പി.വി.പറയുകയുണ്ടായി.

പി.വി.യുടെ ശിഷ്യനായ ഡോ. റസലുദ്ദീൻ ഹിന്ദുമത വിഭാഗത്തിലെ ഒരു പെൺകുട്ടിയെ കല്യാണം കഴിച്ചപ്പോൾ ആരും അവർക്ക് അഭയം നൽകാൻ തയ്യാറായിരുന്നില്ല. എന്നാൽ അവർക്ക് ദിവസങ്ങളോളം പി.വി.യുടെ വീട്ടിൽ കഴിയാൻ അദ്ദേഹം അവസരം നൽകിയിരുന്നു. സങ്കര വിവാഹത്തിലൂടെ മാത്രമെ മാനവികത സൃഷ്ടിക്കാൻ കഴിയൂവെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നതു കൊണ്ടാണ് പി.വി.മിശ്ര വിവാഹം ചെയ്തതും മിശ്ര വിവാഹത്തെ പ്രോൽസാഹിപ്പിച്ചതും.

ജാതി സമ്പ്രദായത്തോടുള്ള വിയോജിപ്പു പോലെതന്നെ പി.വി.ക്കു മതത്തിലും വിശ്വാസമുണ്ടായിരുന്നില്ല. പി.വി.ഒരു മത ചടങ്ങുകൾക്കും പോകുമായിരുന്നില്ലെന്നു ആമിന ടീച്ചർ പറയുകയുണ്ടായി. അതുകൊണ്ടുതന്നെ പി.വി. സഞ്ചയനമോ പുലകുളി അടിയന്തിരമോ നടത്തിയില്ല. സാറിന് ഇഷ്ടമില്ലാത്ത കാര്യങ്ങൾ ചെയ്യേണ്ടെന്നു വിചാരിച്ചു. അക്കാര്യം പരിപാലിക്കുന്നതിൽ ടീച്ചർ പ്രത്യേകം ശ്രദ്ധിച്ചു.

ജൂലൈ 18 വെള്ളിയാഴ്ച ഉച്ചയ്ക്ക് 12 മണിക്ക് തൈക്കാട് വൈദ്യുതി ശ്മശാനത്തിൽ മൃതദേഹം ദഹിപ്പിച്ചു. സ്റ്റാച്യു ചിറക്കുളം റോഡിലെ വസതിയായ സൂര്യകാന്തിയിൽ വെച്ച് ശ്വാസതടസ്സം അനുഭവപ്പെട്ടതിനെ തുടർന്നായിരുന്നു ആസ്പത്രിയിൽ എത്തിച്ചത്.

കേരളത്തിലെ യുക്തിവാദി പ്രസ്ഥാനത്തിന്റെ അമരക്കാരിലൊരാളും ഭാരതീയ യുക്തിവാദിസംഘത്തിന്റെ ഉറ്റ മിത്രവുമായിരുന്ന പി.വി.യുടെ മരണം ഞങ്ങളെ അതിയായി വേദനിപ്പിച്ചു. പത്നിയുടെയും മക്കളുടെയും ദുഃഖത്തിൽ ഞങ്ങൾ പങ്കുചേരുന്നു. ഞങ്ങളുടെ സ്നേഹം നിറഞ്ഞ ആദരാഞ്ജലികൾ.



# ഡോ.അൽഫോൺസ്

### യുക്തിവാദി


ഏകദേശം പത്തു വർഷം മുമ്പ്.........

ഒരു ദിവസം വൈകിട്ട് ആറുമണിയോടെ എന്റെ വീടിന്റെ ഗേറ്റിന് മുന്നിൽ ഒരു ഓട്ടോറിക്ഷ വന്നു നിന്നു. ഞാൻ നോക്കിയപ്പോൾ ഇറങ്ങി വരുന്നത് ഡോ.അൽഫോൺസാണ്. ആറടിയോളം പൊക്കം. വെളുത്ത സുമുഖൻ. കണ്ടാൽ നാൽപ്പത്തെട്ടു വയസ്സ് പ്രായം. പക്ഷേ അദ്ദേഹത്തിന്റെ കാലുകൾ തറയിൽ ഉറച്ചു നിൽക്കുന്നില്ലായിരുന്നു. ശരീരമാകെ ആടിക്കൊണ്ടിരുന്നു. കുഴഞ്ഞ നാവിൽ നിന്നും വീഴുന്ന വർത്തമാനം വ്യക്തമായിരുന്നില്ല. മദ്യത്തിന്റെ വല്ലാത്ത ഗന്ധം. എന്തായാലും വളരെ സന്തോഷത്തോടെ ഞാൻ അദ്ദേഹത്തെ വീട്ടിലേക്ക് സ്വാഗതം ചെയ്തു. കൂടെ വന്ന ഓട്ടോക്കാരനേയും.

എന്റെ വീട്ടിന്റെ മുൻവശത്തെ വരാന്തയിൽ കിടന്ന കസേരയിലേക്ക് ഡോക്ടർ ഇരുന്നു. ഓട്ടോക്കാരൻ ഇരുന്നില്ല. അയാൾ നിൽക്കുകയായിരുന്നു. ഇരുന്ന ഡോക്ടറുടെ തല വലതുവശത്തേക്ക് ചരിഞ്ഞു കിടന്നു. എങ്കിലും അദ്ദേഹം എന്തൊക്കെയോ സംസാരിക്കുന്നുണ്ടായിരുന്നു.

1982 കാലത്താണ് ഞാൻ ഡോ.അൽഫോൺസിനെ പരിചയപ്പെടുന്നത്. അന്നു യുക്തിവാദി സംഘത്തിന്റെ സംസ്ഥാന വൈസ് പ്രസിഡന്റും കൊല്ലത്തെ പ്രധാന സംഘാടകനായിരുന്നു അദ്ദേഹം. അതുകൊണ്ട് എല്ലാ പ്രവർത്തകരുമായി എപ്പോഴും ബന്ധപ്പെടുകയും പലരും അദ്ദേഹത്തെ കാണുവാൻ അദ്ദേഹത്തിന്റെ ആശുപത്രിയിൽ എത്തിച്ചേരുകയും ചെയ്യുമായിരുന്നു. കൊല്ലം പോളയത്തോട് ജംഗ്ഷനിലായിരുന്നു അദ്ദേഹത്തിന്റെ ആശുപത്രിയും വീടും.

കോഴിക്കോട് കൊയിലാണ്ടിയിൽ താമസിക്കുമ്പോഴാണ് ഭാര്യ എൽസിയെ കണ്ടെത്തുന്നത്. അവരുടെ വിവാഹം പ്രണയവിവാഹമായിരുന്നു. ക്രിസ്തു മതത്തിലെ രണ്ടു വിഭാഗക്കാരായിരുന്നു ഇവർ.



ക്രമേണ ഡോക്ടർ അവിശ്വാസിയായതുകൊണ്ട് ഭാര്യയും അവിശ്വാസിയായി മാറുകയും രണ്ടു പേരും യുക്തിവാദിസംഘത്തിന്റെ സജീവ പ്രവർത്തകരും മുന്നണിപ്പോരാളികളായും മാറി. എൽ.സി.സംസ്ഥാന സമിതി അംഗമായും വനിതാ കോ-ഓർഡിനേറ്ററായും, ഡോക്ടർ സംസ്ഥാന വൈസ് പ്രസിഡന്റായും പ്രവർത്തിച്ചിരുന്നു. അവർക്ക് സ്വപ്ന എന്നൊരു പെൺകുട്ടിയും ആൺകുട്ടികളില്ലാതിരുന്നതിനാൽ ഒരു ആൺകുട്ടിയേയും അവർ എടുത്തു വളർത്തിയിരുന്നു.

ഡേക്ടർ ഇടയ്ക്ക് ശബ്ദമുയർത്തി കുഴഞ്ഞ നാക്കുകൊണ്ട് എന്നോട് പറഞ്ഞു,

"ഞാൻ മരിച്ചാൽ അവന്മാര് എന്നെ പള്ളിയിലടക്കും. നീയൊക്കെ ജീവിച്ചിരിക്കുന്നിടത്തോളം കാലം അതുണ്ടാവരുത്." ഞാനുടൻ തിരിച്ചു ചേദിച്ചു, "എന്താ ഡോക്ടറെ ഇന്ന് ആത്മഹത്യ ചെയ്യാൻ തീരുമാനിച്ചോ?"

ഡോക്ടർ പറഞ്ഞു, "ഭ്ദേ, നീയെന്തു പറയുന്നു. ഞാൻ യുക്തിവാദിയാടാ, ഞാൻ ആത്മഹത്യ ചെയ്യില്ല."താമസിയാതെ ഡോക്ടർ എഴുന്നേറ്റ് ഓട്ടോക്കാരനോടു പറഞ്ഞു, "വാടാ... നമുക്ക് പൂവാം..."

ഡോക്ടർ കൊല്ലത്തു താമസിക്കാൻ വന്നിട്ട് വർഷങ്ങളായി. ആഴ്ചയിൽ ഒരു ദിവസമെങ്കിലും അദ്ദേഹത്തെ കാണുവാൻ ഞാൻ പോകുമായിരുന്നു. പക്ഷെ ഒരു ദിവസംപോലും അദ്ദേഹം എന്റെ വീട്ടിൽ വന്നിരുന്നില്ല. അവസാനം വന്നത് ഇക്കാര്യം പറയാനാണോ എന്നു ഒരു നിമിഷം ഞാൻ ചിന്തിച്ചു നിന്നു പോയി.

.......വീണ്ടും മൂന്നു മാസം കഴിയുമ്പോൾ ഒരു ദിവസം രാവിലെ ആരോ എന്നെ ഫോണിൽവിളിച്ചിട്ടു പറഞ്ഞു, നമ്മുടെ ഡോ.അൽഫോൺസ് ആത്മഹത്യ ചെയ്തു, ഇപ്പോൾ മോർച്ചറിയിലാണ്. വരണം. ഞാൻ ഉടൻ ചിന്തിച്ചു. അപ്പോൾ അന്നു വീട്ടിൽ വന്നത് എന്തോ തീരുമാനിച്ചിട്ടായിരുന്നല്ലോ.എന്റെ പ്രതികരണമായിരുന്നോ അന്നു അതിൽ നിന്നും അദ്ദേഹത്തെ പിന്തിരിപ്പിച്ചത്?

ഞാൻ താമസിയാതെ കൊല്ലം ജില്ലാ ആശുപത്രിയിലെ മോർച്ചറിയുടെ മുന്നിലുള്ള സെല്ലിനു മുന്നിൽ ചെന്നു.അവിടെ സംഘം പ്രവർത്തകരായ രണ്ടു മൂന്നു പേരുണ്ടായിരുന്നു. മറുഭാഗത്ത് ഡോക്ടറുടെയും ഭാര്യയുടെയും ചില ബന്ധുക്കളും. ഡോക്ടർ മരിച്ചത് തലേ ദിവസം ഉച്ചയ്ക്ക് 3 മണിക്കായിരുന്നു. എല്ലാവരും ടിവി കണ്ടിരിക്കുമ്പോൾ അടുത്തമുറിയിൽ മയങ്ങാൻ പോയതായിട്ടാണ് എല്ലാവർക്കുമറിയാവുന്നത്. എന്നാൽ പതിവിനു വിപരീതമായി മുറിയിൽ നിന്നും വെളിയിലേയ്ക്ക് ആളിനെ കാണാതെ വന്നപ്പോഴാണറിയുന്നത് അകത്തുനിന്നും കൊളുത്തിട്ടിരിക്കുന്ന വിവരം. അവസാനം എല്ലാവരുംകൂടി തല്ലിപ്പൊളിച്ചു അകത്തു കയറിയപ്പോൾ ഇടതു റിസ്റ്റിലെ ഞരമ്പ് മുറിച്ച് ബക്കറ്റിലിട്ടു, അദ്ദേഹം മരിച്ചുകിടക്കുന്ന കാഴ്ചയാണ്കണ്ടത്.

ബന്ധുക്കളുടെ നീക്കം കണ്ടപ്പോൾ ഞങ്ങൾക്ക് ചില സംശയങ്ങൾ തോന്നി. അവർ മതാചരങ്ങളോടെ സംസ്ക്കരിക്കാനുള്ള നീക്കമാണെന്നു തോന്നി. ഞാൻ സുഹൃത്തുക്കളോട് പറഞ്ഞു, നമുക്ക് ഡോക്ടറുടെ അഭിലാഷം അവരോടു തുറന്നു പറയാം. അങ്ങനെ ഞാൻ അവരിലെ ഒരു പ്രമാണിയോടു പറഞ്ഞു, ഡോക്ടർ മതവിശ്വാസിയോ മതാചാര കർമ്മങ്ങളോ അനുഷ്ടിക്കുന്ന ആള് ആയിരുന്നല്ല. മാത്രമല്ല മതപ്രവർത്തനങ്ങൾക്കെതിരായി ജനങ്ങളെ സംഘടിപ്പിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്തിരുന്ന ആളാണ്. അതുമല്ല മരണാനന്തര ചടങ്ങുകൾ എനിക്കു ചെയ്യരുതെന്നു പറഞ്ഞിട്ടുള്ള ആളുമാണ്. അതുകൊണ്ട് നിങ്ങൾ മതാചാരങ്ങളോടെ സംസ്ക്കരിക്കുന്നതിൽ നിന്നും പിന്മാറണം.

ഇതിനിടയിൽ, ശേഷിക്കുന്ന എൽസിയുടെ ബന്ധുക്കൾ, ചാലക്കുടിയിൽ നിന്നും ഡോക്ടറുടെ ബന്ധുക്കാർ ഇരിങ്ങാലക്കുടയിൽ നിന്നും കൊല്ലത്തുനിന്നും എത്തി. അതുപോലെ യുക്തിവാദി സംഘത്തിന്റെ പ്രമുഖ പ്രവർത്തകരായ ഡോ. രാമാനുജൻ, മുള്ളുവിള അജയൻ, ആർ. തുളസി, സന്തോഷ്, മോഹനൻ, സോമരാജൻ, സുരേന്ദ്രൻ, സുകുമാരൻ, സി.എൽ.രാജു, കുണ്ടറ ജയിംസ്, പി.എസ്.കുമാർ, നൗഷാദ്, നീലകണ്ഠൻ തുടങ്ങിയവരും അടുത്ത ജില്ലകളിൽ നിന്നുള്ള പ്രമുഖ പ്രവർത്തകരും ആശുപത്രിയിൽ എത്തിച്ചേർന്നിരുന്നു. ഇതിനിടയിൽ മോർച്ചറിയിൽ പോസ്റ്റ്മോർട്ടം നടക്കുമ്പോൾ അവർ ആവശ്യപ്പെടുന്ന സാധനങ്ങൾ ബന്ധുക്കൾ എത്തിച്ചുകൊണ്ടിരുന്നു. അതിൽ മതത്തിന്റെ ചിഹ്നങ്ങൾ അടങ്ങിയ പലതുമുണ്ടായിരുന്നു. അതോടെ സംസാരം തുടങ്ങി. ഒരു ഭാഗത്ത് മതവിഭാഗക്കാരും മറുഭാഗത്ത് മതരഹിത വിഭാഗക്കാരും.

സംഗതി നമ്മുടെ അഭ്യർത്ഥനപ്രകാരം നടക്കില്ലെന്നറിഞ്ഞപ്പോൾ സ്ഥലം പോലീസ് സർക്കിൾ ഇൻസ്പെക്ടറെ വിവരമറിയിച്ചു. അദ്ദേഹം പറഞ്ഞു: 'മരിച്ചയാളുടെ കാര്യത്തിൽ എങ്ങനെ സംസ്ക്കരിക്കണമെന്നു ഭാര്യയും മക്കളും പറയുന്നതുപോലെ മാത്രമേ നടക്കൂ. അല്ലാതെ വേറെ വഴിയില്ല'.

ഉടൻ തന്നെ രണ്ടുപേർ മരണവീട്ടിലേക്ക് പാഞ്ഞു. അവർ വീട്ടിൽ ചെന്നു ഭാര്യയോടും മക്കളോടും വിവരങ്ങൾ ധരിപ്പിച്ചു. ഡോക്ടറുടെ അഭിലാഷത്തിനെതിരായി ബന്ധുക്കൾ നീങ്ങുന്നതായി കണ്ടപ്പോ അവരുടെ മനസ്സിൽ രോഷാഗ്നി ആളിക്കത്തുവാൻ തുടങ്ങി.

ഇതിനിടയിൽ പോസ്റ്റുമോർട്ടം തീരാറായി. രണ്ടു കൂട്ടരുടേയും പിടിവാശി വല്ലാതെ വളർന്നു. ഒരു ഏറ്റുമുട്ടലിന്റെ അന്തരീക്ഷം അവിടെ സംജാതമായി. എങ്കിലും എല്ലാവരും സ്വയം നിയന്ത്രണത്തിൽപിടിച്ചു നിൽക്കേ മോർച്ചറിയിൽ നിന്നും ധ്യാനിച്ച ശവപ്പെട്ടിയിൽ ഡോക്ടറുടെ മൃതശരീരം കൊണ്ടുവന്നു ആശുപത്രി സെല്ലിന്റെ മുമ്പിലേക്ക് പെട്ടി കൊണ്ടുവരുമ്പോൾ നാസ്തികനും പള്ളിവിരുദ്ധനുമായ അൽഫോൺസിന്റെ ശവപ്പെട്ടിയിൽ കൊന്തയും ജപമാലയും ചാർത്തിയിരുന്നു. താമസിയാതെ ബോഡി ആംബുലൻസിൽ കയറ്റി. ഞങ്ങൾ പിന്നാലെ മററു വണ്ടികളിലും. ബോഡി വീട്ടിൽ കൊണ്ടു ചെല്ലുമ്പോൾ നല്ല ആൾക്കൂട്ടമായിരുന്നു. അന്തരീക്ഷം സംഘർഷാത്മകമായിരുന്നു. അവിശ്വാസിയായ ഒരാളെ മരണാനന്തരം നിർബന്ധപൂർവ്വം മതവിശ്വാസിയാക്കി സംസ്ക്കരിക്കാനുള്ള പള്ളിയുടെ വെമ്പലിനെതിരെ രോഷം ആളിക്കത്തുകയായിരുന്നു.

അപ്രതീക്ഷിതമായിട്ടായിരുന്നു പെട്ടെന്നവിടെ ഒരത്ഭുതമുണ്ടായത്. ഡോക്ടറുടെ മൃതദേഹം വഹിച്ചുകൊണ്ടുള്ള ആംബുലൻസ് വീടിന്റെ വാതിലിൽ കൊണ്ടു വന്നുനിർത്തി. ഡോർ തുറക്കാൻ തുടങ്ങുമ്പോൾ ഉയർന്നു പൊങ്ങുന്ന നിലവിളികൾക്കിടയിൽ നിന്നും ധീരയായ ഒരു പെൺകുട്ടി അലമുറയിട്ടുകൊണ്ട് വെളിയിലേക്ക് ചാടി വീഴുകയും ശവപ്പെട്ടിയിൽ പതിച്ചിരുന്ന കുരിശും ജപമാലകളും വലിച്ചുപൊട്ടിച്ചെറിയുകയും ചെയ്തു. തുടർന്ന് ഭ്രാന്തമായി അലറിക്കൊണ്ടവർ വിളിച്ചു പറഞ്ഞു "എന്റെ പപ്പയ്ക്കിതൊന്നും വേണ്ട. പപ്പയ്ക്കിതൊന്നും ഇഷ്ടമല്ല. എന്റെ പപ്പയ്ക്കിവർ കെട്ടിവച്ചതാണ്."

നിയന്ത്രണാധീനയായ പെൺകുട്ടിയെ പെട്ടെന്ന് ചിലർ വീട്ടിനുള്ളലേക്ക് ബലം പ്രയോഗിച്ച് കൊണ്ടുപോയി. ശേഷം അവിടെ ഒരു നിമിഷം ശ്മശാനമൂകത തളംകെട്ടിനിന്നു. ആരും ആരോടും ഒന്നും പറയാതെ ഒരു നിമിഷം സ്തംഭിച്ചുനിന്നുപോയി.

നിമിഷങ്ങൾക്കകം ഡോക്ടറുടെ ഒരു ബന്ധു അവിടെ നിന്നു ഉറക്കെ പറഞ്ഞു: "നിങ്ങൾക്കിഷ്ടമുള്ളതുപോലെ ചെയ്യാം ഞങ്ങളില്ല."

താമസിയാതെ ബോഡി കൊല്ലം പോളയത്തോട് പൊതുശ്മശാനത്തിലേക്ക് കൊണ്ടുപോകാൻ തീരുമാനമായി. ചുരുങ്ങിയ സമയംകൊണ്ട് കാണാത്തവരെല്ലാം കണ്ടു.

ഞങ്ങൾ ഭാര്യയേയും മക്കളേയും ബോഡിയോടൊപ്പം വാഹനത്തിൽ കയറ്റി പന്നാലെ മറ്റു വാഹനത്തിൽ ഞങ്ങളും ശ്മശാനത്തിലേയ്ക്ക് അനുഗമിച്ചു. സ്മശാനത്തിന്റെ വടക്ക് വശത്തിന്റെ മദ്ധ്യഭാഗത്തായി ഡോക്ടർക്ക് ചിതയൊരുക്കിയിരുന്നു. എല്ലാവരും ചേർന്ന് ആംബുൻസിൽ നിന്നും അദ്ദേഹത്തെ ചിതയിലേയ്ക്കിറക്കി വെച്ചു. ചിതയ്ക്ക് അഗ്നി കൊളുത്തി.

മതത്തിനെതിരായ സമരത്തിന് നേതൃത്വം നൽകിയ ആ വിപ്ലവകാരി തെമ്മാടിക്കുഴിയിൽ പോയി മുട്ടുകുത്താതെ മതരഹിതനായിത്തന്നെ ധീരചരമം പ്രാപിക്കുകയായിരുന്നു.



# ഡോ.നരസിംഹയ്യ

## വൈസ് ചാൻസ്ലർ



ലോകപ്രശസ്ത യുക്തിവാദിയും ബാംഗ്ലൂർ സർവ്വകലാശാലയുടെ മുൻ വൈസ് ചാൻസിലറും ബാംഗ്ലൂർ ഫോറത്തിന്റെ സ്ഥാപകനുമായ പത്മഭൂഷൻ ഡോ. നരസിംഹയ്യ അന്തരിച്ചു. ബാംഗ്ലൂരിലെ ഒരു നഴ്സിംഗ് ഹോമിൽ വെച്ചായിരുന്നു അന്ത്യം. അവസാനകാലത്ത് താമസിച്ചിരുന്ന നാഷണൽ ഹൈസ്ക്കൂളിൽ മൃതദേഹം പൊതുദർശനത്തിനായി കിടത്തിയിരുന്നു. മുൻ പ്രധാനമന്ത്രി ദേവഗൗഡ, മുൻ മുഖ്യമന്ത്രി എ.വി. വീരപ്പ മൊയ്ലി ,കേന്ദ്രമന്ത്രി എ.വി. രാജശേഖരൻ, മന്ത്രിമാരായ ആർ .രാമലിംഗറെഡ്ഡി എം. മല്ലികാർജ്ജുൻ, പി.ജി.ആർ.സിന്ധ്യ, ബാംഗ്ലൂർ സർവകലാശാല വൈസ്ചാൻസിലർ എം.എസ്. തിമ്മപ്പ തുടങ്ങി ജീവിതത്തിന്റെ നാനാതുറയിൽപ്പെട്ട ആയിരങ്ങൾ അദ്ദേഹത്തിന് അന്ത്യാജ്ഞലി അർപ്പിക്കാൻ അവിടെ എത്തിയിരുന്നു.

പൊതുദർശനത്തിനുശേഷം മൃതദേഹം ജന്മനാടായ കോലാർ ജില്ലയിലെ ഗൗരീഹദനുരിൽ ഔദ്യോഗിക ബഹുമതികളോടെ സംസ്കരിച്ചു. കർണ്ണാടകയിലെ കോളാർ ജില്ലയിൽപ്പെട്ട ഹൊസൂറിൽ 1920 ജൂൺ 6 ന് നരസിംഹയ്യ ജനിച്ചു.നിത്യവൃത്തിക്കുപോലും വഴിയില്ലാത്ത മാതാപിതാ



ക്കളുടെ മകനായിട്ടാണ് അദ്ദേഹം ജനിച്ചത്. എട്ടാം ക്ലാസ്സുവരെ ഹൊസൂറിൽ പഠിച്ച നരസിംഹയ്യ തുടർന്ന് പഠിക്കാൻ നിവൃത്തിയില്ലാതെ വന്നപ്പോൾ ബാഗ്ലൂരിലെ പുവർ ബോയ്സ് ഹോമിൽ ചേരുകയും അവിടെ നിന്ന് ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുകയും ചെയ്തു. പിന്നീട് ബാഗ്ലൂരിലെ സെൻട്രൽ കോളേജിൽ നിന്നും ഫിസിക്സിൽ എം.എസ്സി. ബിരുദം നേടുകയും അമേരിക്കയിലെ ഓഹിയോ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ നിന്നും ഡോക്ടറേറ്റ് നേടുകയും ലക്ചററാവുകയും ചെയ്തു. 1973 ൽ ബാംഗ്ലൂർ സർവകലാശാലയുടെ വൈസ് ചാൻസിലറായി. എൺപത്തിനാലുകാരനായ അദ്ദേഹം അവിവാഹിതനായിരുന്നു.

1999 ജനുവരി 10 നാണ് ഞാൻ ഡോ.നരസിംഹയ്യയെ നേരിൽ കണ്ടത്.വെളുത്ത് നീളം കൂടിയ ഒരു ഷർട്ടും കണങ്കാലിനു മുകളിൽ നിൽക്കുന്ന ഒറ്റമുണ്ടും വെളുത്ത തൊപ്പിയും വെച്ച് സാധാരണക്കാരിൽ സാധാരണക്കാരനായ ശാന്തനായ പൊക്കം കുറഞ്ഞ ഒരു മനുഷ്യൻ. ജനുവരി 10 മുതൽ 14 വരെ മുംബൈയിലെ എം. എൻ. റോയി മെമ്മോറിയൽ ഹ്യൂമൻ ഡവലപ്പ്മെന്റ് ക്യാമ്പസിൽ ചേർന്ന ഇന്റർ നാഷണൽ ഹ്യൂമനിസ്റ്റ് ആന്റ് എത്തിക്കൽ യൂണിയന്റെ 14-മത് ലോകസമ്മേളനം ഉദ്ഘാടനം ചെയ്യാനെത്തിയതായിരുന്നു അദ്ദേഹം.

ആകാശത്തോളം ഉയർന്നു നിൽക്കുന്ന എം.എൻ. സ്മാരകത്തിന്റെ പിന്നിലെ അങ്കണത്തിൽ വെള്ളകെട്ടി വിധാനിച്ച വിശാലമായ പന്തലിൽ രാജ്യത്തിനകത്തുനിന്നും വിദേശത്തുനിന്നും വന്നെത്തിയ 800 ഓളം രജിസ്റ്റർ ചെയ്ത പ്രതിനിധികൾ നിറഞ്ഞിരിക്കുന്ന പന്തലിലെ പ്ലാറ്റ്ഫോമിൽ ഉദ്ഘാടന സമ്മേളനത്തിന് പ്രമുഖർ അണിനിരന്നു.

വൈകിട്ട് 5 മണിക്ക് ആരംഭിച്ച സമ്മേളന വേദിയിൽ ഡോ.നരസിംഹയ്യ, ജസ്റ്റിസ് താർക്കുണ്ടെ ഐ.എച്ച്.ഇ.യു. പ്രസിഡന്റ് ലെവി ഫ്രാഗൽ, എം.എൻ. സ്മാരക ഡയറക്ടർ ഡോ. ഇന്ദുമതി പരീഖ് ഐ.എച്ച്.ഇ.യു.എക്സിക്യൂട്ടീവ് ഡയറക്ടർ ബാബു ഗോഗിനേനി, യുനെസ്കോ അസിസ്റ്റന്റ് ഡയറക്ടർ മോഗി ദാതി, വിജയവാഡ എതീസ്റ്റ് സെന്റർ ഡയറക്ടർ ഡോ.വിജയം, ഡോ.അനന്തമൂർത്തി തുടങ്ങിയവർ പങ്കെടുത്തു.

ഒരു പാത്രത്തിലെ മണ്ണിലേക്ക് ഒരു ചെടി നട്ടുകൊണ്ടും അതിൽ ജലം ഒഴിച്ചുകൊണ്ടുമായിരുന്നു നരസിംഹയ്യ സമ്മേളനം ഉദ്ഘാടനം ചെയ്തത്. അതിനു ശേഷം അദ്ദേഹം ഉദ്ഘാടന പ്രസംഗം നടത്തുകയുണ്ടായി. പ്രസംഗം ഇങ്ങനെ തുടർന്നു.

"ഭാരതത്തിന്റെ പാരമ്പര്യം ശാസ്ത്രബോധവും മാനവികതയുമാണ്. ശാസ്ത്രബോധത്തിനും മാനവികതയ്ക്കും മാത്രമേ ശാന്തിയും ഒരുമ

യുള്ള മാനവലോകം പടുത്തുയർത്തുവാൻ കഴിയുകയുള്ളു. ശാസ്ത്രവും മാനവികതയും വ്യക്തിയുടെ ഭൗതികവും ഗുണപരവുമായ ഉയർച്ചയ്ക്ക് വേണ്ടി ഉപയോഗിക്കുകയും അതുവഴി സമൂഹം ഗുണപരമായി ഉയരുകയും ചെയ്യും.

ഇന്നു മതങ്ങൾ ചെയ്യുന്നത് മാനവരാശിയെ ഒരു തരം കൂട്ടിലാക്കുകയാണ്. മതചിന്തകൾ തമ്മിൽ സംഘർഷമുണ്ടു. മതങ്ങളോട് ഏറ്റവും ശത്രുത പുലർത്തുന്നത് മറ്റു മതങ്ങളാണ്. ഒരുതരം അന്ധവിശ്വാസം മറ്റൊരുതരം അന്ധവിശ്വാസത്തെ എതിർക്കുകയാണിവിടെ ചെയ്യുന്നത്.

ചിന്തിക്കുന്ന ഒരു മനുഷ്യൻ വ്യവസ്ഥാപിതമായ ഏതൊരു മതത്തിലും അസ്വസ്ഥനായിരിക്കും. ഡാർവീനിയൻ ചിന്തകൾ അമാനുഷികമായി ഒന്നും തന്നെ കാണുന്നില്ല.യുക്തിക്കനുസൃതമല്ലാതെ മതം ശാസ്ത്രവുമായി ഒത്തു ചേരില്ല. അതിനാൽ മതത്തെ മാറ്റിനിർത്തി ശാസ്ത്രവുമായി സംയോജിപ്പിക്കേണ്ടിയിരിക്കുന്നു.ഈ തത്വശാസ്ത്രമാണ് മാനവികത.

ശാസ്ത്രവും മാനവികതയും വ്യക്തിയുടെ ഗുണത്തെ വർദ്ധിപ്പിക്കുകയും സമൂഹത്തിലെ അന്യായങ്ങളേയും ചൂഷണത്തേയും വിജ്ഞാന വിരോധത്തേയും യുക്തിക്കനുയോജ്യമായി ചെറുക്കുന്നു. ശാസ്ത്രീയ ചിന്താഗതിയും മാനവികതയും നമ്മുടെ വിലയേറിയ പൈതൃകമാണ്. ശാസ്ത്രീയ മനോഭാവവും മാനവികതയും മാത്രമേ സമൂഹത്തിനെ ഒന്നാക്കി നിലനിർത്തുന്നുള്ളൂ."

ഉദ്ഘാടനത്തിനു ശേഷം നാലഞ്ചു ആഡിറ്റോറിയങ്ങളിലായി 14 വരെ വിവിധ വിഷയങ്ങളെക്കുറിച്ച് വിവിധ രാജ്യങ്ങളിൽ നിന്നെത്തിയവർ ആശയ സംവാദങ്ങൾ നടത്തി.

ഇതിനിടയിൽ എല്ലായ്പ്പോഴും ഒരു സാധാരണക്കാരനായി എവിടെയും നരസിംഹയ്യയെ കാണാമായിരുന്നു. കേരളത്തിൽ നിന്നും ചെന്ന ഞങ്ങളോട് അദ്ദേഹം വാത്സല്യപൂർവം ഇടപെട്ടിരുന്നു.


വിവിധ വിഷയങ്ങളെക്കുറിച്ച് ഞങ്ങൾ സംസാരിച്ചിരുന്നു. കേരളത്തിലെ പ്രവർത്തനങ്ങളെക്കുറിച്ചും പ്രമുഖരായ പ്രവർത്തകരെക്കുറിച്ചും അദ്ദേഹം അന്വേഷിച്ചിരുന്നു.



# ജി.ജയൻ

## പത്രപ്രവർത്തകൻ

പ്രശസ്ത യുക്തിവാദിയും പ്രമുഖ പത്രപ്രവർത്തകനും പ്രമുഖ പരിഭാഷകനുമായ ജി.ജയൻ 2004 മാർച്ച് 21 വെളുപ്പിന് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ വെച്ചു നിര്യാതനായി. ന്യൂഡൽഹിയിലെ ടൈംസ് ഓഫ് ഇൻഡ്യ, ഹിന്ദുസ്ഥാൻ ടൈംസ് എന്നീ പ്രമുഖ പത്രങ്ങളിൽ പത്രപ്രവർത്തകനായിരുന്ന ജയൻ മൂന്ന് വർഷം മുമ്പ് സ്വയം വിരമിച്ച കണിയാപുരം ചിറ്റാറ്റുമുക്കിലുള്ള ബംഗ്ലാവ് വീട്ടിൽ കഴിഞ്ഞുവരികയായിരുന്നു. സിഗ്മണ്ടു ഫ്രോയിഡിന്റെ ഏതാണ്ട് എല്ലാ കൃതികളും വിൻ വുഡ് റീഡിന്റെ മനുഷ്യന്റെ രക്തസാക്ഷിത്വവും, മോർഗന്റെ പ്രാചീന മനുഷ്യ സമൂഹവും, ഖലീൽ ജിബ്രാന്റെ രാവിനും പ്രഭാതത്തിനുമിടയിൽ ഉൾപ്പെടെ 67 കൃതികൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്. ഹരിപ്രഭയാണ് ഭാര്യ. ഹരിതാ ജയൻ മകളും രത്നമ്മ അമ്മയുമാണ്. കണിയാപുരം പടിഞ്ഞാറ്റുമുക്കിലുള്ള ബംഗ്ലാവിൽ വീട്ടിൽ തിങ്കളാഴ്ച ശവസംസ്ക്കാരം നടന്നു. ജയനെ ഞാൻ നേരിൽ കാണുന്നതും 1990 കളിലാണ്. ഡൽഹിയിൽ വെച്ച് നടന്ന യുക്തിവാദി സമ്മേളനത്തിൽ പങ്കെടുക്കാൻ ചെന്നപ്പോഴാണ് ജയനെ പരിചയപ്പെടുന്നത്.



ഒരിക്കൽ ഡൽഹിയിൽ കോരിച്ചൊരിയുന്ന മഞ്ഞുകാലം. രാവും പകലും കമ്പിളി പുതച്ചു നടക്കുന്ന മനുഷ്യർ. ഉച്ചയ്ക്ക് 12 മണിക്ക് കനലായി നിന്നെരിയുന്ന സൂര്യ ഗോളം. കൊടും തണുപ്പിൽ സൂര്യന്റെ അഗ്നിജ്വാലയ്ക്ക് നല്ല നനവ്. ഡൽഹിയിൽ വന്നിട്ട് രണ്ടു ദിവസം കഴിയുന്നു. ട്രെയിനിൽ യാത്ര ചെയ്യാൻ ആരംഭിച്ചു കേരളം കഴി



പത്നി ഹരിപ്രഭയും ജയനും

ഞ്ഞതോടെ ഞാൻ ആഹാരം കഴിക്കുന്നത് നിർത്തലാക്കി. കടുകെണ്ണയിൽ പൊരിച്ച പലഹാരങ്ങളും പച്ചരിച്ചോറും എനിക്കു വെറുപ്പായി. എങ്ങനെയെങ്കിലും മൂന്നിന്റന്ന് ട്രെയിനിൽ നിന്നിറങ്ങി. ഡൽഹിയിൽ ചെന്നിട്ടും കേരളീയ ആഹാരം കഴിക്കാൻ കഴിയാത്തതിൽ ഞാനാകെ അസ്വസ്ഥനായി. അഞ്ചുദിവസം അവിടെ നിന്നപ്പോൾ ആഹാരം കഴിക്കാതെ വെള്ളം മാത്രം കുടിച്ചിരുന്ന ഞാൻ വല്ലാതെ തളർന്ന് അവശനായി. മലയാളികളുടെ കടകൾ തേടിപ്പോകാവുന്ന സാഹചര്യത്തിലായിരുന്നില്ല ഞങ്ങൾ അന്ന് താമസിച്ചിരുന്നത്.

അഞ്ചാം ദിവസം 3 മണിയായപ്പോൾ ജയൻ വന്നു എന്നെയും രണ്ടു സുഹൃത്തുക്കളെയും വീട്ടിലേക്ക് ക്ഷണിച്ചു. ഏഴു മണിയോടെ ഞങ്ങൾ അദ്ദേഹത്തിന്റെ വീട്ടിൽ ചെന്നു. ചെല്ലുമ്പോൾ തണുപ്പ് സൂചികൊണ്ട് കുത്തുന്നതുപോലെയായിരുന്നു. ജയനും പത്നിയും ഞങ്ങൾക്കന്നു ഒരു നേരത്തെ ആഹാരം തരികയുണ്ടായി. മലയാളികളുടെ നാടൻ ചോറും കറികളും. അതു കഴിച്ച എനിക്ക് എന്തെന്നില്ലാത്ത ഉന്മേഷമുണ്ടായി. ഈ വിരുന്നു സൽക്കാരത്തിനുശേഷം ഞങ്ങൾ കേരളത്തിൽ വന്നെങ്കിലും ജയനുമായി എപ്പോഴും ബന്ധപ്പെട്ടുകൊണ്ടിരുന്നു. ഞങ്ങളുടെ പ്രസിദ്ധീകരണങ്ങളും അദ്ദേഹം പ്രസിദ്ധം ചെയ്ത പ്രസിദ്ധീകരണങ്ങളും അങ്ങോട്ടുമിങ്ങോട്ടും അയച്ചുകൊണ്ടിരുന്നു.

മൂന്നു വർങ്ങൾക്കുമുമ്പ് സ്വയം വിരമിച്ച് നാട്ടിൽ വന്നപ്പോൾ ഞങ്ങൾ ജയന്റെ വീട്ടിൽ ഒന്നിൽ കൂടുതൽ പ്രാവശ്യം കൂടിയിരുന്നു.അന്നു അദ്ദേഹം ഒരു എൻസൈക്ലോപീഡിയായുടെ നിർമ്മാണത്തിലാണെന്ന് പറഞ്ഞിരുന്നു. എങ്കിലും ഒരു പ്രസിദ്ധീകരണവും പുസ്തക പ്രസാധനവും തുടങ്ങുന്നതിനെക്കുറിച്ച് അദ്ദേഹം പറഞ്ഞിരുന്നു. അതാലോചിക്കുന്നതിനുവേണ്ടി ഒരു പ്രാവശ്യം ഞങ്ങൾ കൂടിയെങ്കിലും തീരുമാനമെടുക്കാൻ കഴിഞ്ഞിരുന്നില്ല. എങ്കിലും ഞങ്ങൾ ഫോണിൽ നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരുന്നു. 1999 സെപ്തംബറിൽ എറണാകുളത്തുവച്ചു നടന്ന സംസ്ഥാന പഠനക്യാമ്പിൽ ജയനും പത്നി യും പങ്കെടുക്കുകയുണ്ടായി. ഉദ്ഘാടന സമ്മേളനത്തിൽ ജയൻ സംസാരിക്കുകയും ചെയ്തു. തുടർന്ന് ആഹാരവേഷാദികളിന്മേലുള്ള വിലക്കുകൾ എന്നൊരു ലേഖനം

യുക്തിരാജ്യത്തിന്റെ 2004 മെയ് ലക്കത്തിൽ എഴുതുകയുണ്ടായി. മാർച്ച് 21 രാവിലെ 9.30 ന്, നേരത്തേ ഡൽഹിയിൽ ഉണ്ടായിരുന്നതും ഇപ്പോൾ തിരുവനന്തപുരത്തു താമസിക്കുന്നതുമായ ഇസ്മായേൽപിള്ള എന്നെ ഫോണിൽ വിളിച്ചു പറയുമ്പോഴാണ് ഞാൻ മരണ വാർത്ത അറിയുന്നത്. തൽക്ഷണം ഞാൻ കണിയാപുരത്തേയ്ക്ക് യാത്ര പുറപ്പെട്ടു. പന്ത്രണ്ടരയോടെ ബംഗ്ലാവ് വീട്ടിൽ ചെല്ലുമ്പോൾ ജയനെ ചിതയിൽ കിടത്തിക്കഴിഞ്ഞിരുന്നു. ചുറ്റും കൂടിനിന്നവരുടെ ഇടയിലൂടെ ഞാൻ അടുത്തേക്കുചെന്നു. ചെല്ലുമ്പോൾ ഒരാൾ മുഖത്തേക്ക് തുണിയിട്ടു മൂടുകയായിരുന്നു. ഞാനവരോടു പറഞ്ഞു "മുഖം"..... ഉടൻ അവർ മുഖത്തുനിന്നും തുണി പിന്നിലേക്കു മാറ്റി. ഞാൻ മരിച്ച ജയനെ കണ്ടു. അപ്പോൾ അകത്തെ ജനലഴികളിൽ നിന്നും അലമുറയിട്ടു നിലവിളിക്കുന്ന പ്രിയ പത്നിയുടെ കരച്ചിൽ കേട്ടു. തീ കത്തിക്കല്ലേ... തീ കത്തിക്കല്ലേ... ജയേട്ടനെ തീ കത്തിക്കല്ലേ.....



## എം.പ്രഭ

### ഔദ്യോഗിക ഭാഷാ നിർമ്മാണ കമ്മീഷൻ ചെയർമാൻ

കേരളത്തിലെ യുക്തിവാദ പ്രസ്ഥാനത്തിന്റെ മുന്നണിപ്പോരാളികളിൽ പ്രധാനിയായിരുന്നു എം.പ്രഭ.

എറണാകുളം കാക്കനാട്ടുള്ള സാറ്റ്ലൈറ്റ് റോഡിലുള്ള മകൾ റാണി ജ്യോതിമയുടെ കൂടെയാണ് അവസാനം അദ്ദേഹം താമസിച്ചിരുന്നത്.

ഔദ്യോഗിക ഭാഷാകമ്മീഷൻ ചെയർമാനായിരുന്ന അദ്ദേഹത്തിന്റെ ജീവിതത്തിലേക്ക് നമുക്കൊന്നു തിരിഞ്ഞുനോക്കാം.

1913 ഡിസംബർ 21-നാണ് അദ്ദേഹം ജനിച്ചത്. പിതാവ് നടയ്ക്കൽ മാധവൻ ജ്യോത്സ്യരും അമ്മ മയ്യനാട് കളീലഴികത്തു വീട്ടിൽ നാണിയുമായിരുന്നു. നാണിയമ്മ മാവേലിക്കര വഞ്ഞിപ്പുഴ പണ്ടാരത്തിൽ അയിത്തം കല്പിച്ച രണ്ടു നമ്പൂതിരി സ്ത്രീകളെ മയ്യനാട്ടുള്ള രണ്ടു ഈഴവർ വിളിച്ചുകൊണ്ടുവന്നു താമസിപ്പിച്ചു. ആ തായ് വഴിക്കുള്ളതാണ് നാണിയമ്മ. മാധവ ജ്യോത്സ്യരുടെ മൂന്നു മക്കളിൽ മൂത്ത മകനായിരുന്നു എം.പ്രഭ. മറ്റു രണ്ടു സഹോദരങ്ങൾ ചന്ദ്രശേഖരനും, മംഗലഭാനുവുമാണ്.

മയ്യനാട് ഗവ. എൽ.പി.സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസവും പരവൂർ ഹൈസ്കൂളിൽ ഹൈസ്കൂൾ വിദ്യാഭ്യാസവും പൂർത്തിയാക്കിയശേഷം തിരുവനന്തപുരം മഹാരാജാസ് കോളേജിൽ ഇന്റർ മീഡിയറ്റിനു ചേർന്നു. അതിനുശേഷം 1935 ൽ ബി.എ. കെമിസ്ടിയും 1940 ൽ തിരുവനന്തപുരം ലാ കോളേജിൽ നിന്നും ബി.എൽ-ഉം പാസ്സായി.

കോളേജ് വിദ്യാഭ്യാസം തുടർന്നുകൊണ്ടിരിക്കെ പത്രപ്രവർത്തകനായി ജോലി ചെയ്തിരുന്നു. സി.വി. കുഞ്ഞുരാമന്റെ പത്രാധിപത്യത്തിൽ കേരള കൗമുദി പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുമ്പോൾ അതിന്റെ പ്രധാന ലേഖകനായിരുന്നു. പല ദിവസവും എഡിറ്റോറിയൽ എഴുതുന്നതിന് സി.

വി. എം.പ്രഭയെ ചുമതലപ്പെടുത്തിയിരുന്നു. ഏകദേശം 10 കൊല്ലക്കാലം അങ്ങനെ പത്രപ്രവർത്തനത്തിൽ ഏർപ്പെട്ടിരുന്നു.

അതിനിടയിൽ 1936 ൽ തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സിൽ അംഗമാവുകയും മുന്നണിപ്പോരാളിയാവുകയും ചെയ്തു. കേരളത്തിൽ ക്ഷേത്രപ്രവേശന വിളംബരത്തിനുശേഷം 1937 ൽ മഹാത്മാ ഗാന്ധി കേരളത്തിൽ വന്നപ്പോൾ അദ്ദേഹത്തെ കൊണ്ടു നടക്കാൻ ചുമതലപ്പെടുത്തിയത് എം. പ്രഭയെയായിരുന്നു. ഹിന്ദി പഠിച്ച കുട്ടികൾക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്യാൻ മേശയ്ക്കരുകിലേക്ക് വന്നപ്പോൾ അദ്ദേഹത്തിന് ഇരിക്കുന്നതിനായി സ്റ്റൂൾ എടുത്തിട്ടുകൊടുത്തത് എം. പ്രഭയായിരുന്നു. അന്നു എം.പ്രഭയെ നോക്കി മഹാത്മ ഗാന്ധി ഒരു നിറഞ്ഞ പുഞ്ചിരി സമ്മാനിച്ചു. നിധിയായി സൂക്ഷിക്കുന്നു.

അന്നു തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സിന്റെ ഓഫീസ് ഇന്നു ടൗൺഹാൾ നിൽക്കുന്നതിനു അല്പം കിഴക്കുവശം മാറിയായിരുന്നു. അന്നു കോൺഗ്രസ്സിലേക്ക് വരാതിരുന്ന പല പ്രമുഖന്മാരും 1947 ൽ സ്വാതന്ത്ര്യം ലഭിച്ചതോടെ കോൺഗ്രസ്സിലേക്ക് തള്ളിക്കയറാൻ തുടങ്ങി. തള്ളിക്കയറിയവരിൽ ചിലർ പിന്നീട് പ്രമുഖന്മാരായി. അവരിൽ പ്രധാനികളാണ് വരദരാജൻ നായരും പി.ടി.ചാക്കോയുമെന്നു എം.പ്രഭ പറഞ്ഞു. ഇവർ രണ്ടുപേരും തന്റെ ക്ലാസ്സ്മേറ്റായിരുന്നു. അക്കാലത്ത് അവർ കോൺഗ്രസ്സിലേക്ക് വന്നിരുന്നില്ല. എന്നാൽ ജോയിന്റ് പൊളിറ്റിക്കൽ കോൺഗ്രസ്സ് എന്നൊരു സമിതി പി.റ്റി.ചാക്കോ പിന്നീട് രൂപീകരിച്ചു. നീല പാന്റും സിൽക്ക് ഷർട്ടും പുറത്ത് കോട്ടും ധരിച്ചാണ് ചാക്കോ എന്നും വരാറുള്ളത്.

അഡ്വക്കേറ്റായി പ്രാക്ടീസ് ചെയ്തു തുടങ്ങിയ എം.പ്രഭ ഔദ്യോഗിക ഭാഷാ നിർമ്മാണ കമ്മീഷൻ ചെയർമാനായി നിശ്ചയിക്കപ്പെട്ടു. ഭരണഘടന ക്രിമിനൽ നിയമങ്ങൾ, സിവിൽ നിയമ സംഹിത മുതലാവയിലുള്ള 201 നിയമങ്ങൾ മലയാളത്തിലേയ്ക്ക് ആദ്യമായി പരിഭാഷപ്പെടുത്തിയത് എം.പ്രഭ ചെയർമാനായിരുന്ന കാലത്താണ്. അന്ന് ഡൽഹിയിലൊക്കെ ചെല്ലുമ്പോൾ അത്യുന്നതന്മാർ ആദരവോട് കൂടിയാണ് തന്നെ സ്വീകരിച്ചിരുന്നതെന്ന് പ്രഭ പറഞ്ഞു.

അന്നു സുപ്രീം കോടതിയിലെ സ്റ്റാന്റിംഗ് കൗൺസിലറായി തന്നെ നിയമിക്കാനുദ്ദേശിച്ചുരുന്നു. എന്നാൽ സി.കേശവൻ താൽപര്യം കാണിക്കാതിരുന്നത് മൂലമാണ് അതു നടക്കാതെ പോയത്. സി.കേശവൻ അന്നു മുഖ്യമന്ത്രിയായിരുന്നു. സ്വന്തം അളിയന് ആ സ്ഥാനം ലഭിച്ചാൽ അത് അവിഹിത ഇടപെടൽ മൂലം കിട്ടിയതാണെന്ന് ജനം ധരിക്കുമെന്ന് സി. കേശവൻ ധരിച്ചു. അതുമൂലമാണ് പ്രഭയ്ക്ക് ആ സ്ഥാനം ലഭിക്കാതെ പോയത്. പിന്നീടൊരിക്കൽ എം.പ്രഭയെ സി.കേശവൻ കണ്ടപ്പോൾ കുറ്റബോധത്തോടെ പറഞ്ഞു,"നിനക്ക് ഞാൻ ഒന്നും ചെയ്തില്ല"എന്ന്. കോൺഗ്രസിനെ നിരോധിച്ചപ്പോൾ എം.പ്രഭ ജയിലിലായി. ഏകദേശം രണ്ടു മാസക്കാലം കൊല്ലം കസ്ബയിലായിരുന്നു. (ഇന്നത്തെ താലൂക്ക് കച്ചേരി) കിടന്നിരുന്നത്. കുമ്പളത്തു ശങ്കുപ്പിള്ള തുടങ്ങിയവരും ജയിലി



ലുണ്ടായിരുന്നു.

1947 ൽ സർക്കാർ ജീവനക്കാരിയായ സി.ജെ.രാജുനെ വിവാഹം കഴിച്ചു. സഹോദരൻ അയ്യപ്പന്റെ ബന്ധുവായിരുന്നു രാജു. കാരയ്ക്കാമുറിയിലുള്ള വധുഗൃഹത്തിൽ വെച്ചായിരുന്നു വിവാഹം. വിവാഹം മതേതരമായിരുന്നു. സഹോദരൻ അയ്യപ്പൻ എടുത്തുകൊടുത്ത മാല ഇരുവരും കഴുത്തിലിട്ടതോടെ വിവാഹം കഴിഞ്ഞിരുന്നു.

ആ ദാമ്പത്യത്തിൽ നാലു മക്കളുണ്ടായി. രണ്ട് ആൺ മക്കളും രണ്ട് പെണ്ണും. സുനിൽ, സംഗീത, റാണി ജ്യോതിമ, രഞ്ജിനി എന്നിവരാണവർ.

വിദ്യാർത്ഥിയായിരുന്നപ്പോൾ സ്റ്റുഡന്റ്സ് കോൺഗ്രസ്സിന്റെ സെക്രട്ടറിയായിരുന്ന പ്രഭ യുക്തിവാദി സംഘത്തിന്റെ സംസ്ഥാന പ്രസിഡന്റായിരുന്നിട്ടുണ്ട്.

അനവധി ലേഖനങ്ങളും ഗ്രന്ഥങ്ങളും പ്രഭ എഴുതിയിട്ടുണ്ട്. The Guru എന്നൊരു ഇംഗ്ലീഷ് പുസ്തകം ശിവഗിരി ട്രസ്റ്റിനുവേണ്ടി തയ്യാറാക്കി കൊടുക്കുകയുണ്ടായി.

1943 ൽ ഒരിക്കൽ വീടു പൂട്ടി വെളിയിൽ പോയിട്ടു വന്നപ്പോൾ സ്വന്തം സൃഷ്ടികളുടെ ശേഖരം ആരോ മോഷ്ടിച്ചു കൊണ്ടുപോവുകയുണ്ടായി. തൊട്ടടുത്ത കോളനിയിലെ ചെറുപ്പക്കാരോടു ചോദിച്ചപ്പോൾ അതെടുത്തു വിറ്റതാണെന്നും വെളിയിൽ പറഞ്ഞുകൂടെന്നാണ് അവർ മറുപടി പറഞ്ഞതെന്ന് പ്രഭ പറഞ്ഞു.

വൈക്കം സത്യാഗ്രഹത്തിന്റെ ജാഥ മയ്യനാട് വഴി പോയപ്പോൾ മന്നത്തു പത്മനാഭനെ കണ്ടിരുന്നു.

മയ്യനാടും വർക്കലയും തമ്മിൽ വലിയ ദൂരമില്ലാത്തതിനാൽ മിക്കവാറും സമയം കിട്ടുമ്പോൾ ശിവഗിരിയിൽ പോവുക പതിവായിരുന്നു. അന്നു നാരായണഗുരുവിനെ കണ്ടിട്ടുണ്ട്. കുട്ടിയായിരുന്നതിനാൽ സംസാരിക്കാൻ കഴിഞ്ഞില്ല. വളരെ സന്തോഷത്തോടെ എല്ലാവരോടും സംസാരിക്കുന്നപ്രകൃതമായിരുന്നു നാരായണഗുരുവിനുണ്ടായിരുന്നത്. കാണുമ്പോഴെല്ലാം വെളുത്ത മുണ്ടും തോർത്തുമായിരുന്നു അദ്ദേഹം ധരിച്ചിരുന്നത്. 12 വയസ്സുള്ളപ്പോഴായിരുന്നു ഗുരു മരിച്ചത്.

കുറെ നാളുകളായി എം.പ്രഭയെ കാണണമെന്ന് ഞാൻ വിചാരിക്കുകയായിരുന്നു. അങ്ങനെ 2014 മാർച്ച് മാസം ഒരു ദിവസം എറണാകുളത്തു കാക്കനാട്ടുള്ള മകൾ റാണി ജ്യോതിയുടെ വീട്ടിൽ ഞാൻ ചെന്നു. ചെല്ലുമ്പോൾ അദ്ദേഹം അവിടെയുണ്ടായിരുന്നു.

ഞങ്ങൾ കുറെ നേരം സംസാരിച്ചിരുന്നു. ഇടയ്ക്ക് ഞാൻ ചോദിച്ചു. അങ്ങു എഴുതിയ ലേഖനങ്ങളെല്ലാം സമാഹരിച്ചു ഒരു പുസ്തകമാക്കി

ക്കൂടെ. നമ്മൾ അത് ചെയ്തില്ലെങ്കിൽ അതു നഷ്ടപ്പെട്ടുപോകും" അല്പ നേരം ആലോചിച്ചിട്ട് അദ്ദേഹം പറഞ്ഞു. പോയി അതെല്ലാം പോയി. ഞാനിവിടെ കുറെ ദിവസമില്ലായിരുന്നു. മുറിയിൽ വെച്ചിരിക്കുകയായി രുന്നു. വീട്ടിലുള്ളവരാരോ അറിയാതെ അതു പേപ്പർ കെട്ടിനോടൊപ്പം തൂക്കി വിറ്റു. ഇനി മറ്റു കോപ്പി കിട്ടാൻ വഴിയില്ല."

ഒരു മൗനത്തിനുശേഷം

അദ്ദേഹം വീണ്ടും പറഞ്ഞു.

ഒരിക്കൽ മന്നത്ത് പത്മനാഭന്റെ നേതൃത്വത്തിൽ വന്ന ജാഥ മയ്യനാട്ടു വന്നപ്പോൾ ഞാനദ്ദേഹത്തെ പോയി കണ്ടിട്ടുണ്ട്. മയ്യനാടും വർക്കലയും തമ്മിൽ വലിയ ദൂരമില്ലാത്തതിനാൽ മിക്കവാറും സമയം കിട്ടുമ്പോൾ ശിവഗിരിയിൽ പോവുക പതിവായിരുന്നു. അന്നു നാരായണ ഗുരുവിനെ നേരിൽ കണ്ടിട്ടുണ്ട്. കുട്ടിയായിരുന്നതിനാൽ സംസാരിക്കാൻ കഴിഞ്ഞി ല്ല. വളരെ സന്തോഷത്തോടെ എല്ലാവരോടും സംസാരിക്കുന്ന പ്രകൃത മായിരുന്നു നാരായണ ഗുരുവിനുണ്ടായിരുന്നത്. കാണുമ്പോഴെല്ലാം വെളുത്ത മുണ്ടും തോർത്തുമായിരുന്നു. അദ്ദേഹം ധരിച്ചിരുന്നത്. 13 വയ സ്സുള്ളപ്പോഴാണ് ഗുരു മരിച്ചത്.

ഞാൻ യാത്ര പറഞ്ഞിറങ്ങി ഏതാനം ദിവസം കഴിഞ്ഞപ്പോൾ എം. പ്രഭ മരിച്ച വാർത്തയറിഞ്ഞു. ഞാനുടൻ കാക്കനാട്ട് വന്നിരുന്നു. അവ സാനമായി എം.പ്രഭയെ ഒരു നോക്കു കണ്ടു -

പ്രഭയെ പച്ചാളം ശ്മശാനം അവസാനമായി ഏറ്റുവാങ്ങി.



# സരസ്വതി ഗോറ

## വിജയവാഡ എതീസ്റ്റ് സെന്റർ



കെ. കെ. അബ്ദുൽ അലി, ശ്രീനിപട്ടത്താനം, ആർ. ദാമോദരൻ എന്നിവർ സരസ്വതി ഗോറയോടൊപ്പം

പ്രശസ്ത യുക്തിവാദി ഗോറയുടെ പത്നി സരസ്വതി ഗോറ അന്തരിച്ചു. ഹൃദയാഘാതവും ശ്വാസകോശ സംബന്ധ വുമായ അസുഖം മൂലമാണു അവർ മരിച്ചത്. മരിക്കുമ്പോൾ അവർക്കു 94 വയസ് പ്രായമുണ്ടായിരുന്നു. 1912-ൽ ആന്ധ്രാപ്രദേശിലെ വിജയവാഡയിൽ അവർ ജനിച്ചു.

1922-ൽ ഗോറയെ വിവാഹം ചെയ്തു. 1940-ൽ വിജയവാഡയിൽ എതീസ്റ്റ് സെന്റർ സ്ഥാപിച്ചതോടെ സരസ്വതി ഗോറ ഗോറയോടൊപ്പം സാംസ്ക്കാരി പ്രവർത്തനങ്ങളിൽ സജീവമായി. സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്തതിന് തടങ്കലിൽപാർക്കേണ്ടി വന്നു.

തുടർന്നു നിരവധി പ്രാവശ്യം പോലീസ് അറസ്റ്റു ചെയ്യുകയും ജയിലിൽ പോകേണ്ടി വരികയും ചെയ്തിട്ടുണ്ട്. സരസ്വതി ഗോറയുടെ മക്കളും ചെറുമക്കളും മിശ്ര വിവാഹിതരാണ്. നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. ഗോറയുടെ മരണശേഷം എതീസ്റ്റ് സെന്ററിന്റെ ഡയറക്ടർ അവശരായിരുന്നു.

വിജയവാഡ എതീസ്റ്റ് സെന്ററിൽ ഞങ്ങൾ പലപ്രാവശ്യം പോയിട്ടുണ്ട്.



അന്നു സരസ്വതി ഗോറ ഞങ്ങളോടുവളരെ സ്നേഹ വാത്സല്യങ്ങളോടെയാണു പെരുമാറിയത്. പ്രായാധിക്യം ഏറിയിരുന്നെങ്കിലും ചെറുപ്പത്തിന്റെ പ്രസരിപ്പോടെ അന്നവർ സംസാരിക്കുകയുണ്ടായി സങ്കുചിത വികാരങ്ങൾക്കതീതമായുള്ള മാനവികതയുടെ മന്ദസ്മിതം ഞങ്ങൾ അവരിൽ കണ്ടു. സരസ്വതി ഗോറയുടെ നിര്യാണം യുക്തിവാദി പ്രസ്ഥാനത്തിന് നികത്താനാവാത്ത നഷ്ടമാണ്. അവരുടെ നിര്യാണത്തിൽ ഞങ്ങൾ അഗാധമായി ദുഃഖിക്കുന്നു.



# എഫ്.ലോയ്

**യുക്തിവാദി**

ഭാരതീയ യുക്തിവാദി സംഘം ജില്ലാ സമിതി അംഗവും സംസ്ഥാന കമ്മിറ്റി അംഗവുമായിരുന്ന എഫ്. ലോയ് അന്തരിച്ചു.

1948-ൽ പക്ഷാഘാതം ബാധിച്ചതോടെ ശയ്യാവലംബിയായി മാറിയ ലോയ് 1953 വരെ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സ നടത്തിയതിനെ തുടർന്ന് ഭാഗികമായി രോഗവിമുക്തനായി. തുടർന്ന് ശരീരത്തിന്റെ പകുതിയിലേറെ തളർന്ന ലോയ് വടിയുടെ സഹായത്താൽ ജീവിച്ചുപോരുകയായിരുന്നു.

1999-ൽ മൂത്രാശയ സംബന്ധമായ രോഗത്താൽ കൊല്ലം ശങ്കേഴ്സ് ഹോസ്പിറ്റലിൽ അഡ്മിറ്റാവുകയും TUR-P എന്ന ശസ്ത്രക്രിയക്ക് വിധേയനാവുകയും ചെയ്തു.അന്നു ഡിസ്ചാർജ്ജ് ആയെങ്കിലും കാൽസ്യം അടിഞ്ഞുകൂടുന്നതിനാൽ പ്രോസ്റ്റേറ്റ് ഗ്ലാന്റിന് തകരാറ് സംഭവിക്കുകയും ആശുപത്രിയിൽ അഡ്മിറ്റാവുകയും ചെയ്തു.

പോളിയോ ബാധിച്ചു തളർന്നതോടെ ബന്ധുക്കൾ പൂർണ്ണമായി അദ്ദേഹത്തെ ഉപേക്ഷിച്ചു. നല്ലവരായ ചില നാട്ടുകാരുടെയും സുഹൃത്തുക്കളുടെയും സഹായത്താലാണ് അദ്ദേഹം ജീവിച്ചത്.

ആരോഗ്യം നശിച്ചതോടെ ദൈവത്തിന്റെ അസ്തിത്വത്തെ ചോദ്യം ചെയ്ത ലോയ് മരണംവരെ ആ ധാരണക്കു മാറ്റമില്ലാതെ തന്നെ തുടർന്നു.

മരണാനന്തരം ലോയിയുടെ അഭിലാഷാർത്ഥം മൃതദേഹം മതാചാരങ്ങൾ ഒഴിവാക്കി അറബിക്കടലിന്റെ നീണ്ടകര തീരത്തിൽ ദഹിപ്പിക്കുകയും അസ്ഥികളും ചാരവും കടലിൽ ഒഴുക്കുകയും ചെയ്തു.

നേരത്തെ യുക്തിവാദിയായിരുന്നെങ്കിലും ഈ ലേഖകന്റെ നിർബന്ധപ്രകാരമായിരുന്നു 1989-ൽ ലോയ് സംഘം പ്രവർത്തനത്തിൽ വ്യാപൃ

തനായത്. തുടർന്ന് ജില്ലാ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടതും 1997 വരെ തുടരുകയും ഔദ്യോഗിക സ്ഥാനത്തുനിന്നും പിൻവാങ്ങുകയും ചെയ്തു.

1993-ൽ ലോയിയുടെ ഭവനം നാസ്തിക കേന്ദ്രമായി ആരംഭിക്കുന്നതിന് അദ്ദേഹം താൽപ്പര്യം കാണിച്ചു. അതിന്റെ ഫലമായി 1994 സെപ്തംബർ 4 ന് ലോയിയുടെ വീട്ടിൽവെച്ച് അതിന്റെ പ്രഖ്യാപനത്തിനായി വിപുലമായ ഒരു സമ്മേളനം വിളിച്ചുകൂട്ടിയിരുന്നു.

ആ സമ്മേളനത്തെക്കുറിച്ച് 1994 ഒക്ടോബർ ലക്കം യുക്തിരാജ്യത്തിൽ വന്ന സമ്പൂർണ്ണ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ഇന്ത്യയിൽ രണ്ടാമത്തേതും കേരളത്തിൽ ഒന്നാമത്തേതുമായ ഒരു നാസ്തിക കേന്ദ്രമാണ് ഇന്ന് ഇവിടെ ആരംഭിക്കുന്നത്. വിജയവാഡയിലെ എതീസ്റ്റ് സെന്ററാണ് ഇന്ത്യയിലെ പ്രഥമ നാസ്തിക കേന്ദ്രം പ്രമുഖ യുക്തിവാദിയും മഹാത്മജിയുടെ സതീർഥ്യനുമായ ഗോറ ആരംഭിച്ചതാണ് ആ കേന്ദ്രം.

ഇന്നിവിടെ ആരംഭിക്കുന്ന നാസ്തിക കേന്ദ്രം കേരളത്തിൽ വിപുലമായ സൗകര്യങ്ങളോടെ സ്ഥാപിക്കാനുദ്ദേശിക്കുന്ന നാസ്തിക കേന്ദ്രത്തിനു ബീജാവാപം മാത്രമാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്.നാസ്തിക കേന്ദ്രം ആരംഭിക്കുന്നതിനു സൗകര്യം തന്ന എഫ്. ലോയിയോട് വാക്കുകൾക്കതീതമായ നന്ദിയുണ്ട്. കാരണം ഞങ്ങളുടെയെല്ലാം ഒരു ചിരകാലസ്വപ്നം സാക്ഷാത്ക്കരിക്കുകയാണിന്ന്. ഈ നാസ്തിക കേന്ദ്രത്തിൽ പ്രധാനമായും ഗ്രന്ഥശാലയുടെ പ്രവർത്തനങ്ങൾ നടക്കും. യുക്തിവാദാശയങ്ങൾ പ്രകടിപ്പിക്കുന്ന ചിത്രങ്ങളുടെയും റിപ്പോർട്ടുകളുടെയും സ്ഥിരം പ്രദർശനമുണ്ടാകും. മതരഹിതവും ആർഭാടരഹിതവുമായ വിവാഹം ഇവിടെവച്ചു നടത്തപ്പെടും, കുടുംബകലഹങ്ങൾ പരിഹരിക്കപ്പെടും, ബോധവൽക്കരണ പരിപാടികൾ ഇവിടെവച്ചു നടത്തപ്പെടും. തുടങ്ങിയ പരിപാടികളാണ് ഇപ്പോൾ ആരംഭിക്കുന്നത്.

ഭൗതിക ചിന്തയ്ക്കു വേരുകൾ പാകിയ ബുദ്ധമതത്തിന്റെ പാദസ്പർശമേറ്റ പാരമ്പര്യ ഭൂമിയാണു നീണ്ടകര. ആ ഭൂമിയിൽ ഭൗതിക ചിന്തയിലധിഷ്ഠിതമായ യുക്തി ചിന്തയ്ക്ക് ഇങ്ങനെ ഒരു കേന്ദ്രം ആരംഭിക്കാൻ കഴിഞ്ഞതിൽ സന്തോഷമുണ്ട്.

സെപ്റ്റംബർ 4 ന് നീണ്ടകര നാസ്തിക കേന്ദ്രത്തിൽ ചേർന്ന യോഗത്തിന്റെ ഉദ്ഘാടന സമ്മേളനത്തിൽ ഞാൻ ഇങ്ങനെ പറഞ്ഞു. യോഗത്തിൽ എഫ്. ലോയ് അദ്ധ്യക്ഷത വഹിച്ചു. നാസ്തിക കേന്ദ്രത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത് ജില്ലയിലെ പ്രായം ചെന്ന ഭൗതികവാദിയും ചരിത്രഗവേഷകനും പത്രപ്രവർത്തകനുമായ കോഴിശേരിൽ വി. ലക്ഷ്മണൻ ആയിരുന്നു. നാസ്തിക കേന്ദ്രം ഉദ്ഘാടനം ചെയ്തുകൊണ്ട് അദ്ദേഹം പറഞ്ഞു:

എനിക്കിപ്പോൾ ആത്മവിശ്വാസമായി. കയ്യും കാലും തളർന്ന പലരും ഓച്ചിറ അമ്പലത്തിൽ അഭയം തേടിയിരിക്കുന്നതു കാണാം. അവശരായ

പ്രായം ചെന്നവരേയും അക്കൂട്ടത്തിൽ കാണാം. എന്നാൽ അവർക്കൊര പവാദമായിട്ടാണ് എഫ്.ലോയ് നാസ്തിക കേന്ദ്രം ആരംഭിക്കുന്ന ശ്രമ ത്തിൽ വ്യാപൃതനായിരിക്കുന്നത്. എന്നെപ്പോലെ പ്രായം ചെന്നവർ ശങ്കിച്ചു നില്ക്കുമ്പോഴാണ് വികലാംഗനായ മിസ്റ്റർ ലോയ് ഒട്ടും മനോ വീര്യം കെടാതെ ധീരനായി പ്രവർത്തിക്കുന്നത്. ശാരീരികമായി വൈക ല്യമുണ്ടയിരുന്നിട്ടും ഇത്രയും ജീവിത സൗകര്യങ്ങൾ സ്വന്തമായി നേടു കയും ചെയ്തു. എഫ്. ലോയ് ഒരത്ഭുതമാണ്.

എഫ്. ലോയിയുടെ ഇത്തരം പ്രവർത്തനങ്ങൾ എനിക്കിപ്പോൾ ആത്മ വിശ്വാസം പകർന്നിരിക്കുന്നു.

ഈശ്വര വിശ്വാസത്തിന്റെ പിന്നാലെ പോകാനാണ് ഭൂരിഭാഗം പേർക്കും താൽപ്പര്യം. അവർ ഈയാംപാറ്റകളെപ്പോലെയാണ് പോകു ന്നത്. ഇവരെക്കുറിച്ച് കുമാരനാശാന്റെ ഭാഷയിൽ പറഞ്ഞാൽ അന്ധരെ അന്ധർ നയിപ്പൂ എന്നു മാത്രമേ പറയുവാൻ കഴിയൂ. ഇക്കൂട്ടർ നാസ്തി കത്വത്തെ വളരെ മ്ലേച്ഛമായിട്ടാണ് കരുതുന്നത്. പക്ഷെ ഇതൊരു മനു ഷ്യത്വ പ്രസ്ഥാനമാണെന്ന കര്യം അവരറിയുന്നില്ല. അയലു തഴയ്ക്ക ണമെന്ന ശ്ലോകം പറയുന്നവർ മറുവശത്ത് അതിനെതിരായിട്ടുമാണ് പ്രവർത്തിക്കുന്നത്. അടുത്ത കാലത്ത് എസ്. ഗുപ്തൻ നായർ പറയുക യുണ്ടായി, തിരുവനന്തപുരത്ത് പുത്തൻനടയിലിരിക്കുന്ന ശ്രീകൃഷ്ണ നേക്കാൾ മെച്ചമൊന്നുമല്ല ഗുരുവായൂരിലിരിക്കുന്ന കൃഷ്ണൻ. ഭരണാ ധികാരിക്കുവേണ്ട സൗകര്യമുണ്ടെന്നു കരുതി ഖജനാവിലെ പണം ധൂർത്തടിക്കരുത്. മതേതര ഭരണഘടനയുടെ അധികാരിക്ക് ഇത് ഒട്ടും യോജിച്ചതല്ല.

മനുഷ്യകുലത്തിന്റെ ശത്രു അജ്ഞതയാണ്. എനിക്ക് ഒരു തൊഴിൽ സ്ഥാപനത്തിൽ നിന്നും രണ്ടായിരം രൂപ വേതനം തന്നപ്പോൾ സ്ഥാപന ത്തിന്റെ ഉടമ ഒരു ക്ഷേത്രത്തിനു കൊടുത്തത് രണ്ടുലക്ഷമായിരുന്നു. ഇതു അറിവില്ലായ്മയുടെ ഫലമാണ്. ഒരു കാലത്ത് ലോകപ്രശസ്ത ചിന്തകനായ പിത്തഗോറസ് ഗ്രീസിൽ നിന്നും വിജ്ഞാനത്തിന്റെ പുത്തൻ മേഖലകളെക്കുറിച്ചു പഠിക്കുവാൻ ഭൗതിക ചിന്തകനായ കപിലനെ കാണാൻ ഭാരതത്തിൽ വന്നിരുന്നു. അവിടെയാണ് ഇന്നു അജ്ഞത അരങ്ങു തകർക്കുന്നത്.

ഇന്ത്യയിൽ റെയിൽവേ വന്നപ്പോൾ ക്രിസ്ത്യാനികൾ അതിനെതിരാ യിരുന്നു. അമ്പതു വർഷക്കാലം അവർ ഇതിനെതിരെ സമരം ചെയ്യുക യുണ്ടായി. പടുകിഴവനായ ഭർത്താവിന്റെ ചിതയിൽ ഭാര്യയും ചാടി മരി ക്കണമെന്ന സതി സമ്പ്രദായം നിലനിന്ന സ്ഥലമാണല്ലോ. ഇതിനപ്പു റവും പ്രതീക്ഷിക്കാം.

കൊല്ലത്ത് ഇങ്ങനെയൊരു നാസ്തിക കേന്ദ്രം ആരംഭിച്ചതിൽ സന്തോ ഷമുണ്ട്. സമൂഹത്തെ ബാധിച്ചിരിക്കുന്ന ഇത്തരം ഇരുൾ നിർമ്മാർജ്ജനം ചെയ്യാൻ അതു സഹായിക്കുമെന്നു കരുതുന്നു. നാസ്തിക കേന്ദ്രം ഉദ്ഘാടനം ചെയ്തതായി പ്രഖ്യാപിക്കുന്നു. ഉദ്ഘാടനത്തിനുശേഷം മുഖ്യ പ്രഭാഷണമായിരുന്നു. പ്രമുഖ യുക്തിവാദിയും എഴുത്തുകാരനു

മായ ശ്രീ.രാജാ മോഹൻദാസായിരുന്നു പ്രഭാഷണം നടത്തിയത്. അദ്ദേഹം പറഞ്ഞു:

സോവ്യറ്റ് റഷ്യയുടെ തകർച്ച കോടിക്കണക്കിന് പേരുടെ സ്വപ്നം തകർന്ന ലോകസംഭവമാണെങ്കിൽ ബാബ്റി മസ്ജിദ് തകർന്നു വീണ താണ് ഇന്ത്യയിലെ പ്രധാന സംഭവം. എന്നാൽ ആധുനിക കേരളത്തിലെ പ്രധാന സംഭവമാണ് കേരളത്തിൽ ആദ്യമായി കൊല്ലത്ത് നാസ്തിക കേന്ദ്രം ആരംഭിച്ചത്.

നാസ്തിക കേന്ദ്രം രാഷ്ട്രീയത്തേയും സാംസ്ക്കാരിക രംഗത്തേയും വ്യതിചലനങ്ങളെ തുറന്നു കാണിക്കുന്ന ഒരു കളക്ടീവ് ഫോഴ്സായി പ്രവർത്തിക്കണമെന്നും നാസ്തിക കേന്ദ്രം ഒരു പഠന ഗവേഷണ കേന്ദ്ര മായി ഭാവിയിൽ വളരണമെന്നും അതു കേരളത്തിന്റെ സാംസ്ക്കാരിക കേന്ദ്രമായി തീരണമെന്നും പ്രതീക്ഷിക്കുന്നു. യുക്തിവാദി സംഘം സംസ്ഥാന ഓർഗനൈസിംഗ് സെക്രട്ടറിയും മിശ്രവിവാഹ സംഘം കോട്ടയം ജില്ലാപ്രസിഡന്റുമായ ജി.ഷൺമുഖം തുടർന്നു ആശംസാ പ്രസംഗം നടത്തി.

മതരഹിതവും ചൂഷണരഹിതവുമായ ഒരു സമൂഹം സൃഷ്ടിക്കുന്ന തിന് അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും ജാതിക്കും മതത്തി നുമെതിരെ നാം സമരം ചെയ്യേണ്ടതുണ്ട്. അതിനുവേണ്ടി നമുക്ക് ഒരു ആസ്ഥാനമുണ്ടാകുന്നത് നല്ലതു തന്നെയാണ്. യുക്തിവാദ പ്രസ്ഥാനം 1917 മുതലാണ് കേരളത്തിൽ ആരംഭിച്ചത്. അന്നു മുതൽ ഒരു നാസ്തിക കേന്ദ്രം ഞങ്ങളുടെയെല്ലാം സ്വപ്നമായിരുന്നു. അതു സാക്ഷാൽക്കരി ക്കാൻ കഴിഞ്ഞതിൽ സന്തോഷമുണ്ട്.

കേരളത്തിൽ സ്ഥാപിക്കാനിരിക്കുന്ന നാസ്തിക കേന്ദ്രങ്ങളിൽ പ്രഥ മമാണ് കൊല്ലം നാസ്തിക കേന്ദ്രമെന്നും വർഗ്ഗീയ വിപത്തു വളരുന്ന ഈ കാലഘട്ടത്തിൽ നാസ്തിക കേന്ദ്രത്തിന്റെ പ്രസക്തി വളരെ വലു താണെന്നും നന്ദി പ്രസംഗത്തിൽ യുക്തിവാദി സംഘം കൊല്ലം ജില്ലാ സെക്രട്ടറിയും യുക്തിരാജ്യം എക്സി.എഡിറ്ററുമായ സി.എൽ.രാജു അഭി പ്രായപ്പെട്ടു. യോഗത്തിൽ സംസ്ഥാനത്തിന്റെ ഇതര ഭാഗങ്ങളിൽ നിന്നും പ്രവർത്തകർ എത്തിച്ചേർന്നിരുന്നു. നാസ്തിക കേന്ദ്രത്തിന്റെ ആവിർഭാ വത്തിൽ എല്ലാവരും ആഹ്ലാദഭരിതരായിത്തീർന്നു.

* ഈ സ്ഥാപനം ഇപ്പോൾ നിലവിലില്ല.



# ഡോ.കെ.എസ്.ഡേവിഡ്

ഡോ.കെ.എസ്.ഡേവിഡ് 2018 ആഗസ്റ്റ് 18 ന് അന്തരിച്ചു. മനഃശാസ്ത്ര രംഗത്ത് അദ്ദേഹം ചെയ്ത സംഭാവനകൾ അതുല്യമാണ്.

1980 കാലം മുതൽ കേൾക്കുന്ന ശബ്ദമാണ് ഡോ.കെ.എസ്. ഡേവിഡിന്റേത്. മനഃശാസ്ത്രം മാസികയിലും മറ്റുമുള്ള അദ്ദേഹത്തിന്റെ ചോദ്യോത്തരപംക്തി ശ്രദ്ധേയമായിരുന്നു.

എറണാകുളത്തു വെച്ചു നടന്ന ഒരു യുക്തിവാദി സമ്മേളനത്തിൽവെച്ചാണ് ഞങ്ങൾ ആദ്യമായി പരിചയപ്പെടുന്നത്. ആ പരിചയം മരിക്കുന്നതുവരെ തുടർന്നു. എറണാകുളത്തു വെച്ച് നടക്കുന്ന യോഗങ്ങളിൽ അദ്ദേഹത്തെയും ക്ഷണിക്കുക പതിവാണ്. മനഃശാസ്ത്രവും യുക്തിവാദവുമായി ബന്ധമുള്ള ക്ലാസ്സുകളായിരുന്നു അദ്ദേഹം പ്രധാനമായി എടുത്തിരുന്നത്. കൊല്ലത്തും തിരുവനന്തപുരത്തും മറ്റും വെച്ചു നടന്ന പല സമ്മേളങ്ങളിലും അദ്ദേഹം പങ്കെടുത്തിരുന്നു. യുക്തിരാജ്യത്തിന് ലേഖനം തയ്യാറാക്കി തന്നിട്ടുണ്ട്. ഭാരതീയ യുക്തിവാദി സംഘം ഏർപ്പെടുത്തിയ എം.സി.ജോസഫ് - എ.ടി.കോവൂർ അവാർഡ് കമ്മിറ്റികളുടെ ചെയർമാനായും അദ്ദേഹം പ്രവർത്തിച്ചിരുന്നു.

കുറഞ്ഞത് മൂന്ന്, നാലു പ്രാവശ്യമെങ്കിലും ഫോണിൽ വിളിക്കാത്ത ദിവസമില്ലായിരുന്നു. സാംസ്കാരിക രാഷ്ട്രീയ രംഗത്തു ഏതു സംഭവമുണ്ടായാലും ഉടൻ എന്നെ വിളിക്കും. അദ്ദേഹത്തിന്റെ അഭിപ്രായം പറയും. എന്റേയും അഭിപ്രായം ചോദിക്കും. ഞാൻ പ്രതികരിക്കാത്തതാണെങ്കിൽ അതിനു ശകാരിക്കും.

മതത്തിലും ദൈവത്തിലും അദ്ദേഹത്തിന് അല്പം പോലും വിശ്വാസമുണ്ടായിരുന്നില്ല. മിക്കവാറും എല്ലാ രാഷ്ട്രീയ പ്രമുഖന്മാരുമായും നല്ല ചങ്ങാത്തമുണ്ടായിരുന്നു.

മനോരമ വിളിച്ചാലും പള്ളിക്കാരു വിളിച്ചാലും പുള്ളി പോയി ക്ലാസ്സെ

ടുക്കുക പതിവാണ്. ക്ലാസ്സ് കഴിഞ്ഞു വന്നിട്ട് എന്നെ വിളിക്കും. എന്നിട്ടു പറയും ബിഷപ്പിനെയും പള്ളിക്കാരെയും നല്ല തെറി പറഞ്ഞിട്ടാണ് വരുന്നത്. ഇനി എന്നെ അവർ വിളിക്കണമെന്ന് ഒരു നിർബന്ധവുമില്ല.

1998 ൽ ഭാരതീയ യുക്തിവാദി സംഘത്തിന്റെ ആഭിമുഖ്യത്തിൽ എ.ടി. കോവൂർ അനുസ്മരണ സമ്മേളനം നടത്തുകയായിരുന്നു. പ്രസ്തുത സമ്മേളനത്തിൽ അദ്ദേഹം പറഞ്ഞു "കേരളത്തിൽ മലയാളികളുടെ ഇടയിൽ മനഃശാസ്ത്രബോധവും ശാസ്ത്രീയ ബോധവും സൃഷ്ടിച്ചത് പ്രൊഫ.എ.ടി.കോവൂരാണെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. എനിക്ക് സമൂഹത്തോടുള്ള കടപ്പാട് പ്രകടിപ്പിക്കാനും പൊറുക്കാനുമുള്ള ഒരു പ്രവർത്തന പദ്ധതി ഞാനുണ്ടാക്കിയാലെ ജനം അറിയൂ. കോവൂർ അത് ചെയ്തു എന്നുള്ളതാണ് ശ്രദ്ധേയം. കോവൂർ ഇന്ത്യാ രാജ്യം മുഴുവൻ പര്യടനങ്ങൾ നടത്തി സംസാരിക്കുകയും ചർച്ചാ യോഗങ്ങൾ നടത്തുകയും ദിവ്യാത്ഭുത അനാവരണ പ്രകടനങ്ങൾ നടത്തുകയും ചെയ്തു. കോവൂർ സിലോണിലായിരിക്കുമ്പോൾ ധാരാളം രോഗികൾ രോഗനിവാരണത്തിനുവേണ്ടി കോവൂരിന് എഴുതുമായിരുന്നു. അവരോടൊക്കെ എന്നെ വന്നു കാണുവാൻ നിർദ്ദേശിക്കുകയും അവരൊക്കെ എന്നെ വന്നു കാണുകയും ചെയ്തിട്ടുണ്ട്.

ഒരിക്കൽ ഞാൻ അമൃതാനന്ദമയിയെക്കുറിച്ചു എഴുതിയ പുസ്തകത്തിന് ആമുഖമെഴുതിയത് ഡേവിഡായിരുന്നു. മനുഷ്യദൈവങ്ങളെക്കുറിച്ച് അദ്ദേഹം എഴുതി. "അത്ഭുത ശക്തികൾ അവകാശപ്പെട്ടു. ദൈവിക നൽവരത്തിന്റെ സ്വാധീനത്താൽ അശരീരികൾ കേൾക്കുന്നു എന്ന് അവകാശപ്പെടുന്നവരും രോഗശാന്തി നൽവരം ഉണ്ടെന്നു പ്രചരിപ്പിക്കുന്നവരും വികലമായ മാനസികാവസ്ഥയുടെ സൃഷ്ടികളാണ്. ഇവരെ രണ്ടു വിഭാഗമായി തരം തിരിക്കാം. ഒന്നാമത്തെ വിഭാഗത്തിൽപ്പെട്ടവർ തികച്ചും മനോരോഗികൾ തന്നെയാണ്. രണ്ടാമത്തെ കൂട്ടർ ക്രിമിനൽ വാസനയുള്ള ഒരു തരം സൈക്കോപ്പതുകളാണ്. ബോധപൂർവ്വം കെട്ടിച്ചമക്കുന്നതും പ്രചരിപ്പിക്കപ്പെടുന്നതുമായ അത്ഭുത ശക്തികളുടെ കഥകളുടെ തണലിൽ ഇവർ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് ഒരുതരം പുകമറ സൃഷ്ടിക്കുന്നവരാണ്.... ഇത്തരം കൃത്രിമ ദൈവങ്ങളെ ശാസ്ത്രീയമായി തുറന്നു കാണിച്ച് ഈ ഭക്തി വ്യവസായത്തിന്റെ ഉള്ളുകള്ളികൾ ജനങ്ങളെ മനസ്സിലാക്കുക എന്ന ലക്ഷ്യത്തോടെയുള്ള ശ്രീനിപട്ടത്താനത്തിന്റെ ഈ ഗ്രന്ഥത്തിന്റെ രചന അവസരോചിതമാണ്. ഇത് വായിക്കുകയും വായിക്കപ്പെടുകയും ചെയ്യേണ്ടത് അനിവാര്യതയാണ്.

ഒരിക്കൽ പുനർജന്മത്തെക്കുറിച്ച് നടന്ന ഒരു ചാനൽ ചർച്ചയിൽ ഞങ്ങൾ ഒരുമിച്ചു പങ്കെടുത്തിരുന്നു. വിഷയം പുനർജന്മമായിരുന്നതിനാൽ ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യർ ഫോണിലൂടെ ചാനലിൽ പ്രത്യക്ഷപ്പെട്ടു സംസാരിച്ചു. അദ്ദേഹത്തിന്റെ മരിച്ചുപോയ ഭാര്യ ശാരദാ കൃഷ്ണയ്യരുമായി സംസാരിക്കാറുണ്ടെന്നു അദ്ദേഹം പറഞ്ഞു. അവതാരകൻ ഡോക്ടറോട് ചോദിച്ചു എന്തു പറയുന്നു. അപ്പോൾ ഡോക്ടർ പറഞ്ഞു കുറുന്തോട്ടിക്കു വാതം പിടിച്ചാൽ എന്തു ചെയ്യും എന്നായിരുന്നു.



മതപരിവർത്തനം നടത്തി എന്നാരോപിച്ചു മിഷ്യനറിമാരെ ചുട്ടുകൊന്ന സംഭവം നടന്നപ്പോൾ ഡേവിഡ് പറഞ്ഞു. “മിഷ്യനറിമാരെ ചുട്ടുകൊന്നത് മതപരിവർത്തനം നടത്തിയതിനല്ല മറിച്ച് ആദിവാസികൾക്കും ഗ്രാമീണർക്കും വിദ്യാഭ്യാസം നല്കിയതിനാണ്. ലോകചരിത്രം പരിശോധിച്ചാൽ വിദ്യാസമ്പന്നന്മാരാണ് ചൂഷണത്തിന് നേതൃത്വം കൊടുത്തിട്ടുള്ളത്. കള്ളുഷാപ്പ് പൂട്ടണമെന്ന് പറയുന്ന ബിഷപ്പുമാർ എന്തുകൊണ്ട് പഞ്ചനക്ഷത്ര ഹോട്ടലുകൾക്ക് മുമ്പിൽ സമരം ചെയ്യുന്നില്ല. ബംഗാളിലും ഗുജറാത്തിലും ഒറീസയിലും കന്യാസ്ത്രീകളെ മാനഭംഗപ്പെടുത്തിയതിനെതിരെ മുതലക്കണ്ണീരൊഴുക്കിയ ബിഷപ്പുമാരും പുരോഹിതന്മാരും സിസ്റ്റർ അഭയ ദുരൂഹമരണ സാഹചര്യങ്ങളെക്കുറിച്ചു എന്തുകൊണ്ടു പ്രതികരിക്കുന്നില്ല.

എം.സി.ജോസഫ് അവാർഡ് സക്കറിയയ്ക്ക് നല്കിയ ചടങ്ങിൽ ഡേവിഡ് പറഞ്ഞു.

“അന്ധവിശ്വാസ ജഡിലമായ സമൂഹത്തിൽ യുക്തിബോധത്തിന്റെയും ശാസ്ത്രബോധത്തിന്റെയും സൂര്യതേജസ്സായി ആ കാലഘട്ടത്തിൽ ജീവിക്കുകയും പലർക്കും മാർഗ്ഗദർശിയുമായിരുന്ന എം.സി.ജോസഫുമായി ഞാൻ നിരന്തരം ബന്ധം പുലർത്തിയിരുന്നു. ഗവേഷണ വിഷയമാക്കാവുന്ന ജീവിതവും പ്രവർത്തനവുമാണ് എം.സി.ജോസഫിന്റേത്. 21-ാം നൂറ്റാണ്ടിൽ യുക്തിവാദത്തിന്റെ പ്രസക്തി വളരെ വലുതാണ്. ഇന്ന് യുക്തിവാദികൾ കടന്നു ചെല്ലേണ്ട മേഖലകൾ അനവധിയാണ്.

പ്രൊഫ.എം.കെ.സാനുവിന് എം.സി.ജോസഫ് അവാർഡ് മുഖ്യമന്ത്രി പിണറായി വിജയൻ നല്കിയ യോഗത്തിൽ അധ്യക്ഷത വഹിച്ചുകൊണ്ട് ഡേവിഡ് പറഞ്ഞു.

“ഇന്ന് കേരളത്തിൽ അന്ധവിശ്വാസത്തിനും അനാചാരത്തിനും എതിരെ പോരാടിക്കൊണ്ട് ഒരു പുതിയ മാനവികതയ്ക്ക് തുടക്കം കുറി

ക്കാൻ മുന്നോട്ടിറങ്ങിയ ചുരുക്കം ചില പേരുകളിൽ ഒരാളാണ് എം.സി. ജോസഫ്.

അവാർഡ് ആര് വാങ്ങുന്നു ആരു കൊടുക്കുന്നു എന്നത് അവാർഡിന്റെ മഹിമ വർദ്ധിപ്പിക്കുന്നു എന്നുള്ളതാണ്.

യുക്തിരാജ്യത്തിന്റെ 2013 ഫെബ്രുവരി ലക്കത്തിൽ കൂട്ടബലാൽസംഗം എന്നിങ്ങനെ അവസാനിപ്പിക്കാം എന്ന ലേഖനത്തിൽ അദ്ദേഹം എഴുതി.

“ലൈംഗിക കാര്യങ്ങൾ ഇന്നും ഇവിടെ ഗോപ്യമാണ്. രജസ്വല എന്നു സംസ്കൃതത്തിൽ പറഞ്ഞാൽ നമ്മൾ അതു ദൈവീകമായി കണക്കാക്കും. മെൻസസ് എന്നു പറഞ്ഞാൽ ശാസ്ത്രീയമാണ്. ആർത്തവം എന്നു പറഞ്ഞാൽ മുഖം തിരിച്ചു നടക്കും. ഇവിടെ ശരിയായ ലൈംഗിക വിദ്യാഭ്യാസത്തിന്റെ അഭാവമുണ്ട്.”

2010 ലെ എം.സി.ജോസഫ് അവാർഡ് തിലകനായിരുന്നു. അക്കാര്യം ഞാനും അദ്ദേഹവുമായി തിലകന്റെ വീട്ടിൽ വെച്ചു സമ്മതിക്കുകയും മകളുടെ വിവാഹത്തോടനുബന്ധിച്ചുള്ള തീയതിയിൽ പുരസ്കാരചടങ്ങ് നടത്താവുന്നതാണെന്നും അദ്ദേഹം സമ്മതിച്ചിരുന്നു. അപ്രകാരം പത്രസമ്മേളനം നടത്തി. വാർത്ത വന്ന പത്രങ്ങൾ വീട്ടിലെത്തിച്ചു. മന്ത്രി ബിനോയ് വിശ്വം പുരസ്കാരദാനം സമ്മതിച്ചു. തിരുവനന്തപുരം പ്രസ്സ് ക്ലബ്ബ് ബുക്ക് ചെയ്തു. നോട്ടീസ് വിതരണവും പോസ്റ്ററിംഗും നടത്തി. കേരളത്തിന്റെ ഇതര ഭാഗങ്ങളിൽ നിന്നും പലരേയും ക്ഷണിച്ചു. കാര്യങ്ങൾ അടുത്ത്, രണ്ടു ദിവസമുള്ളപ്പേൾ ഞാൻ ഫോണിൽ തിലകനെ വിളിച്ചു ചടങ്ങിന്റെ കാര്യം ഓർമ്മിച്ചു. ഉടൻ തിലകന്റെ മറുപടി അവാർഡോ എന്തവാർഡ് ഏതവാർഡ് എനിക്കറിയത്തില്ല ഞാനാരോടും ഒന്നും പറഞ്ഞിട്ടില്ല.

ഞാൻ വീണ്ടും പറയുന്നു. പുള്ളി ഒരു വിധത്തിലും വഴങ്ങുന്നില്ല. ഞാനാകെ വിഷമിച്ചു. ഇനിയെന്തു ചെയ്യും? തൽക്ഷണം ഞാൻ ഡേവിഡിനെ വിളിച്ചു.

ഡോക്ടറോട് കാര്യം പറഞ്ഞു.

ഡോ.അവാർഡ് കമ്മിറ്റിയുടെ ചെയർമാനാണ്. അദ്ദേഹം തിലകന്റെ നമ്പർ ആവശ്യപ്പെട്ടു. ഞാൻ കൊടുത്തു. ഡോക്ടർ തിലകനെ വിളിച്ചു. എന്നിട്ടു പറഞ്ഞു. ഞാൻ ഡോ.ഡേവിഡ്. നേരത്തെ ഒന്നു രണ്ടു സിനിമയിലൊക്കെ അഭിനയിച്ചിട്ടുണ്ട്. ഒരു കാര്യം പറയാൻ വേണ്ടി വിളിച്ചതാണ്.

ഞാൻ എം.സി.ജോസഫ് അവാർഡ് കമ്മിറ്റിയുടെ ചെയർമാനാണ്. താങ്കൾക്ക് അവാർഡ് സമ്മാനിക്കുന്ന വിവരം താങ്കളുടെ സമ്മതപ്രകാരം പത്രസമ്മേളനം വിളിച്ചുകൂട്ടി ജനങ്ങളെ അറിയിച്ചിരുന്നു. എന്നാൽ താങ്കൾ ഇപ്പോൾ അറിഞ്ഞില്ല, കേട്ടില്ല എന്നൊക്കെ പറയുന്നതുകൊണ്ട് നാളത്തെ പ്രസ്സ് കോൺഫറൻസിൽ താങ്കളുടെ വാഗ്ദാനം ചെയ്ത അവാർഡ് ഞങ്ങൾ പിൻവലിക്കുന്നതായി ജനങ്ങളെ അറിയിക്കാൻ പോവുകയാണ്. താങ്കൾക്ക് സ്ഥിരതയില്ലാത്ത ആളാണെന്ന കാരണമാണ് അറി

യിക്കുന്നത്. ഞാൻ ഒരു അംഗീകൃത മനഃശാസ്ത്രജ്ഞനാണ്. കാര്യങ്ങൾ മനസ്സിലായല്ലോ.”

“അയ്യോ... ഡോക്ടറെ... ഡോക്ടറൊക്കെ ഉണ്ടെങ്കിൽ നേരത്തെ പറയണ്ടായിരുന്നോ. ഞാൻ വരാം. നിങ്ങൾ ഒരുക്കങ്ങൾ നടത്തിക്കോ” തിലകൻ വീണ്ടും സമ്മതിക്കുകയും അവാർഡ് സ്വീകരിക്കുകയും ചെയ്തു.

ഡേവിഡ് അന്നു ഇങ്ങനെയൊരു നിലപാട് സ്വീകരിച്ചില്ലായിരുന്നുവെങ്കിൽ ഞങ്ങൾ അപമാനിക്കപ്പെടുമായിരുന്നു.

ഒരിക്കൽ ഡോക്ടർ എന്നോട് പറഞ്ഞു ഈ നൂറ്റാണ്ടിലെ വലിയ സംഭവം എന്താണെന്നു പറയാമോ. എന്നിട്ടദ്ദേഹം തന്നെ പറഞ്ഞു സ്ട്രെസ് ആണ്. പിന്നീടാണ് എനിക്ക് മനസ്സിലായതു അദ്ദേഹത്തിന് കാർഡിയോളജിക്കൽ പ്രശ്നമുണ്ടെന്നു.

ഒരു ദിവസം പിന്നിട് തൃശൂരിൽ സി.പി.എമ്മിന്റെ പ്രമുഖർ പങ്കെടുക്കുന്ന ഒരു യോഗത്തിൽ സംസാരിച്ചശേഷം സ്വയം കാറോടിച്ചു എറണാകുളത്തേക്ക് വരികയായിരുന്നു. വടക്കൻ പറവൂരിലെത്തിയപ്പോൾ അസഹനീയമായ നെഞ്ചുവേദന അനുഭവപ്പെട്ടു. എങ്ങനെയോ അദ്ദേഹം കാറോടിച്ചു സെന്റ് മേരീസ് ഹോസ്പിറ്റലിന്റെ മുമ്പിൽ ചെന്നു. കാർ നിർത്തി. സ്റ്റിയറിംഗിലേക്ക് കമിഴ്ന്നു വീണു. തൽക്ഷണം ആശുപത്രി അധികൃതർ ഡോക്ടറെ താങ്ങിയെടുത്തു കാഷ്വാൽട്ടിയിൽ കൊണ്ടുചെന്നു കിടത്തി. പോക്കറ്റിൽ നിന്നും അവർ കാർഡ് എടുത്തു ഓഫീസ് നമ്പരിലേക്ക് വിളിച്ചു. ഓഫീസ് സ്റ്റാഫ് ഉടൻ പാർട്ടി ആഫീസിലേക്ക് വിളിച്ചു. ഏതാനും നിമിഷങ്ങൾക്കുള്ളിൽ അതു ഡോ.കെ. എസ്.ഡേവിഡാണെന്ന് അവർ തിരിച്ചറിഞ്ഞു. പാർട്ടി ഓഫീസിൽ നിന്നും സുഹൃത്തുക്കൾ ഓടിയെത്തി പ്രാഥമിക ചികിത്സയ്ക്കുശേഷം അവർ എറണാകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ എത്തിച്ചു.

പ്രസ്തുത സംഭവത്തെക്കുറിച്ച് ഡോക്ടർ പിന്നീട് എന്നോട് പറഞ്ഞു.

അന്ന് മരിക്കുകയും പിന്നീട് പുനർജനിക്കുകയായായിരുമായിരുന്നു. മരിക്കുന്ന അവസ്ഥ എനിക്ക് ഓർമ്മയുണ്ടായിരുന്നു. മരിക്കുന്നത് എങ്ങനെയെന്ന് ഞാൻ തിരിച്ചറിഞ്ഞു. മെഡിക്കൽ സഹായത്താൽ പിന്നീട് പുനർജനിക്കുകയായിരുന്നു.

“പച്ചക്കുതിരയുടെ 2018 ഒക്ടോബർ ലക്കത്തിൽ ഡോ.കെ.എസ്.ഡേവിഡിനെക്കുറിച്ച് ഫാദർ ഡാർജിലി എടപ്പങ്ങാട്ടിൽ മുളന്തുരുത്തി ഒരു ഓർമ്മക്കുറിപ്പ് എഴുതുകയുണ്ടായി. വായിച്ചപ്പോൾ ചില കാര്യങ്ങൾ കല്ലുകടിച്ചു. ഡോ.കെ.എസ്.ഡേവിഡുമായി അടുത്ത ചങ്ങാത്തമുണ്ടായിരുന്ന ഒരാളാണ് ഞാൻ. കഴിഞ്ഞ കാൽശതാബ്ദത്തിലേറെക്കാലമായി നിത്യവും ഉണ്ടാകുന്ന സംഭവങ്ങൾ വിനിമയം ചെയ്യുന്നവരായിരുന്നു ഞങ്ങൾ. മനഃശാസ്ത്ര പ്രഭാഷണത്തിനും ക്യാമ്പുകൾക്കും പങ്കെടുത്തു തിരിച്ചുവരുമ്പോൾ ദൈവത്തെയും മതത്തെയും ശരിക്ക് കൈകാര്യം ചെയ്ത കഥകൾ പറഞ്ഞിട്ടുണ്ട്. ഒരു ക്രൈസ്തവ പത്രം തന്നെ പല

പ്രാവശ്യം സംഘടിപ്പിച്ച ക്യാമ്പിൽ പോയി മതവിരുദ്ധവും ദൈവ വിരുദ്ധവും ശരിക്ക് ഞാൻ പറഞ്ഞുവെന്ന് പോയിട്ടുവന്നപ്പോൾ എന്നോട് വിളിച്ചു പറഞ്ഞിട്ടുണ്ട്. അങ്ങനെയുള്ള ഒരാളെങ്ങനെയാണ് ഭാര്യ മരിച്ച പ്പോൾ വീട് വരെ വന്ന് ഒന്ന് പ്രാർത്ഥിച്ചിട്ടുപോകാൻ പുരോഹിതനോട് പറയുക. മാത്രമല്ല, ആത്മാവിലും പുനർജന്മത്തിലും വിശ്വാസമില്ലാത്ത ഒരാൾ.

ഭാര്യയുടെ മരണത്തിന് പങ്കെടുത്ത ഒരാളാണ് ഞാൻ. ഇങ്ങനെ ഒ രാൾ പരസ്യമായി അവിടെ വന്ന് പ്രാർത്ഥന നടത്തിയതായി ഞാൻ ക ണ്ടില്ല. ആ മരണത്തിന്റെ സംസ്കാര ചടങ്ങിന് നേതൃത്വം കൊടുത്തത് സി.പി.എം.നേതാക്കളായ കെ.എൻ.ഉണ്ണികൃഷ്ണനും മുൻമന്ത്രി എസ്.ശർമ്മയുമായിരുന്നു. ഉണ്ണികൃഷ്ണനോട് ഞാൻ ഇക്കാര്യം ചോദിച്ചു. ഉണ്ണികൃഷ്ണനും പറഞ്ഞു ഇങ്ങനെ ഒരു സംഭവമുണ്ടായിട്ടില്ലെന്നു.

ഭാര്യയുടെയും ഡോക്ടർമാരുടെയും ആഗ്രഹപ്രകാരം ബൈബിൾ നി യമത്തിന് വിരുദ്ധമായി പൊതുശ്മശാനത്തിൽ മൃതദേഹം ദഹിപ്പിക്കു കയാണ് ചെയ്തത്. അതിന് അദ്ദേഹത്തിന്റെ മകൾ സ്വപ്നാ ഡേവി ഡും മകൻ നിർമ്മൽ ഡേവിഡും വീട്ടുകാരും പൂർണ്ണ മനസ്സോടെ സഹ കരിച്ചിരുന്നു. ഫാദർ ഡാർജിലി എഴുതിയ കുറിപ്പ് സ്വപ്നാ ഡേവിഡിന് ഞാൻ വാട്സ് ആപ്പ് ചെയ്തപ്പോൾ. അതിന് അവർ എനിക്കൊരു മറുപ ടി അയച്ചു തന്നു. ആ മറുപടി ചുവടെ ചേർക്കുന്നു.

"No chance at all". There is no chance this is true. Sadly the priest is lying. Because Appa was proud of the fact that Amma did not believe in God or rituals anymore. Neither did he believe in after life. So he would have never told anymore to come and pray for Amma after she passed away. If she was a believer, we would have given her a burial at church and not a cremation. The cremation was as per her wishes."

അതുപോലെ ചിന്താക്കുഴപ്പം ഉണ്ടാകത്തക്കവിധം ഡാർജിലി ഒരു വാചകം കൂടി കുറിപ്പിൽ എഴുതി ചേർത്തിട്ടുണ്ട്. 'ഒരു ഈശ്വര വിശ്വാ സിയിൽ നിന്നും ഈശ്വരൻ ആവശ്യപ്പെടുന്ന എല്ലാ ഗുണങ്ങളും അദ്ദേ ഹത്തിനുണ്ടായിരുന്നു. ആത്മീയത എന്ന് പറയുന്നത് ഒരു ജീവിത ദർശനമാണ്.

ഡോ.കെ.എസ്.ഡേവിഡിന് ജീവിത വീക്ഷണം വ്യക്തമായും കൃത്യ മായും ഉണ്ടായിരുന്നു. ഈശ്വരനില്ലെന്ന് പരസ്യമായി പറയുന്ന ഒരാളെക്കു റിച്ച് ഇങ്ങനെ എഴുതി ചേർത്തത് അനാവശ്യമാണ്. ഡേവിഡിന് ജീവിത വീക്ഷണമുണ്ടായിരുന്നു എന്നതു സത്യം തന്നെ അതു പക്ഷെ ആത്മീയ ദർശനമായിരുന്നില്ല. ഭൗതിക ദർശനമായിരുന്നു. (പച്ചക്കുതിര, 2018 ഒക്ടോബർ)

ഡോക്ടർ ഒരു കവി കൂടിയായിരുന്നുവെന്ന് എത്ര പേർക്കറിയാം. അദ്ദേഹം എഴുതിയ ഒരു കവിത കലാകൗമുദി അടുത്തകാലത്ത് പ്രസി ദ്ധീകരിക്കുകയുണ്ടായി. കവിത ഇവിടെ ചേർക്കുന്നു.

**ഇയ്യാംപാറ്റകൾ**

സായംസന്ധ്യയ്ക്ക്
ശ്രീകോവിൽ നിന്നുയരുന്ന
മന്ത്രധ്വനികളുടെ മാസ്മരികതയിൽ ലയിച്ച്
നമ്രശിരസ്കരായി വണങ്ങുമ്പോഴും
ദൈവപുത്രന്റെ വെണ്ണക്കൽ പ്രതിമയ്ക്കുമുമ്പിൽ
കത്തുന്ന മെഴുകുതിരികളുടെ വെളിച്ചത്തിൽ
മണിനാദങ്ങളുടെ സാന്ദ്രതയിൽ
തലകുനിച്ചു കുമ്പിടുമ്പോഴും
വെള്ളിയാഴ്ച മധ്യാഹ്നങ്ങളിൽ
വാങ്കുവിളികളുടെ മുഴക്കങ്ങളിൽ
ശുദ്ധിവരുത്തിയ ശരീരത്തിൽ നിന്നും പുറപ്പെടുന്ന
ഖുറാൻ വചനങ്ങളിൽ ആമഗ്നരായി മുട്ടുമടക്കുമ്പോഴും...
കുരിശുവരയ്ക്കുമ്പോഴും
കുന്തിരിക്കം പുകയ്ക്കുമ്പോഴും
നബിവചനങ്ങൾ ഓതിക്കൊണ്ട് നമസ്കരിക്കുമ്പോഴും
ഓംകാരം ആയിരംവട്ടം ആവർത്തിക്കുമ്പോഴും
നിങ്ങളറിയണം നിങ്ങളുടെ അവതാരനിയോഗം
ആവർത്തന വിരസമായ ജൽപ്പനങ്ങൾ മാത്രമാണെന്ന്...
മോഷ്ടിക്കപ്പെട്ട വിശ്വാസപ്രമാണങ്ങൾ രൂപാന്തരം വരുത്തി
തീവ്രവാദമാക്കി ഇറക്കുമതി ചെയ്തു കുത്തിവയ്ക്കപ്പെടുമ്പോഴും
ആകൃഷ്ടരാകുന്നു നിങ്ങൾ
ഇയ്യാംപാറ്റകൾ

യുക്തിവാദിയായിരുന്ന ഡോക്ടർ അതു വ്യക്തിജീവിതത്തിൽ പാലിച്ചു. ഭാര്യ മരിച്ചപ്പോൾ പലരും പള്ളിയിൽ അടക്കാൻ നിർബന്ധിച്ചെങ്കിലും അദ്ദേഹം അതിന് തയ്യാറായില്ല. യാതൊരു മതാചാരവുമില്ലാതെ പച്ചാളം വൈദ്യുത ശ്മശാനത്തിൽ സംസ്കരിക്കുകയായിരുന്നു.

ഡോക്ടർ മരിക്കുമ്പോഴും മരണാനന്തരം യാതൊരു മതചടങ്ങുകളിമില്ലാതെ പച്ചാളം വൈദ്യുത ശ്മശാനത്തിൽ സംസ്കരിക്കുകയായിരുന്നു. രണ്ടു പേരുടെയും സംസ്കാര ചടങ്ങുകൾ അവരുടെ അഭിലാഷമനുസരിച്ചു സംസ്കരിക്കാൻ മകൾ സ്വപ്നയും മകൻ നിർമൽ ഡേവിഡും തയ്യാറായി.

ഡേവിഡിന് രണ്ടു മക്കളാണ്. മകൾ സ്വപ്നാ ഡേവിഡ്, ബോളിവുഡിൽ ഫിലിം പ്രൊഫസറാണ്. മകൻ നിർമൽ ഡേവിഡ് ഓസ്കാർ അവാർഡ് ജേതാവാണ്.

തൃശ്ശൂർ കുന്നംകുളം സ്വദേശിയായ ഡോക്ടർ ദീർഘകാലം എറണാകുളം കടവന്ത്ര കോളാടി ഹൗസിലായിരുന്നു താമസം. മനഃശാസ്ത്രജ്ഞന്റെ ഡയറിക്കുറിപ്പുകൾ, നിങ്ങളുടെ മാനസിക പ്രശ്നങ്ങൾ, നിത്യജീവിതത്തിലെ മാനസിക പ്രശ്നങ്ങൾ, കുഞ്ഞുങ്ങളെ വളർത്താൻ,

പ്രേമവും ദാമ്പത്യവും എന്നിവ പ്രധാന കൃതികളാണ്.

ഡേവിഡിന്റെ മരണാനന്തരം 2018 ൽ കൊല്ലത്തു നടന്ന അനുസ്മരണ സമ്മേളനം കെ.എൻ.ബാലഗോപാൽ എക്സ് എം.പി.ഉദ്ഘാടനം ചെയ്തു. മജീഷ്യൻ ആർ.കെ.മലയത്തു, ഡോ.നിഖിൽ ഐരൂർ, ഡോ.പി. രാഘവൻ, ജയൻ ഇടയ്ക്കാട്, കാസ്റ്റ്ലെസ് ജൂനിയർ, ഈ ലേഖകൻ എന്നിവർ പങ്കെടുത്തു.

2019 ൽ എറണാകുളത്തുവെച്ച് നടന്ന സമ്മേളനത്തിൽ അഡ്വ.എം.സി. എംസൻ മൂക്കഞ്ചേരി ഉദ്ഘാടനം ചെയ്തു. കെ.എൻ.ഉണ്ണികൃഷ്ണൻ, സി.ഐ.സി.സി. ജയചന്ദ്രൻ, മജീഷ്യൻ ആർ.കെ.മലയത്ത്, അഡ്വ. പത്മിനി, ജേക്കബ് ലാസർ, കെ.എം.സദാനന്ദൻ, കൃഷ്ണൻ കാനായി, ഈ ലേഖകൻ എന്നിവർ സംസാരിച്ചു.

•



# ഏറ്റുമാനൂർ ഗോപാലൻ

**നിയമജ്ഞൻ**

കേരളത്തിലെ യുക്തിവാദി നേതാവും പ്രശസ്ത എഴുത്തുകാരനും നിയമപണ്ഡിതനുമായിരുന്ന ഏറ്റുമാനൂർ ഗോപാലൻ അന്തരിച്ചു. മരണമടയുമ്പോൾ അദ്ദേഹത്തിന് 62 വയസ്സുണ്ടായിരുന്നു.

ജില്ലാ മജിസ്ട്രേട്ടായി സേവനമനുഷ്ടിച്ച് റിട്ടയർ ചെയ്ത ശേഷം അദ്ദേഹം എറണാകുളത്ത് പ്രാക്ടീസ് ചെയ്തു വരികയായിരുന്നു.

പി.യു.സി.എല്ലിന്റെ സംസ്ഥാന സെക്രട്ടറിയും എ.റ്റി.കോവൂർ മെമ്മോറിയൽ ട്രസ്റ്റിന്റെ സ്ഥാപക സെക്രട്ടറിയുമായിരുന്നു അദ്ദേഹം.

'നമ്മുടെ കോടതികൾ' സിവിൽക്കോഡും സെക്യുലർ സ്റ്റേറ്റും, ബാബറി മസ്ജിദ്, അശാന്തിയുടെ തീരങ്ങൾ, പാരമ്പര്യശാസ്ത്രം സമൂഹം എന്ന വിവർത്തനവും അദ്ദേഹത്തിന്റെ പ്രധാന കൃതികളാണ്.

ശാരദ ഭാര്യയും, ദീപക് ജി.പാൽ, ദീപ ജി.പാൽ എന്നിവർ മക്കളുമാണ്. മരണം വരെ യുക്തിരാജ്യത്തിന്റെ അടുത്ത മിത്രവും സ്ഥിരം എഴുത്തുകാരനുമായിരുന്നു. ഏകീകൃത സിവിൽ നിയമത്തിന്റെ കാലിക പ്രാധാന്യം, അധികാര വികേന്ദ്രീകരണത്തിന്റെ അനിവാര്യതകൾ, മാളത്തിലേയ്ക്കു മടങ്ങുന്ന മണ്ടൻ ഭൂതം, ശേഷൻ: നിയമ വാഴ്ചയുടെ ഇതിഹാസകാരൻ എന്നിവ യുക്തിരാജ്യത്തിൽ അദ്ദേഹം എഴുതിയ പ്രധാന ലേഖനങ്ങളാണ്.

യുക്തിരാജ്യത്തിനുവേണ്ടി ആവശ്യപ്പെടുമ്പോഴെല്ലാം താമസം കൂടാതെ ലേഖനങ്ങൾ തരുമായിരുന്നു. അദ്ദേഹത്തിന്റെ മരണം യുക്തിരാജ്യത്തിനൊരു നഷ്ടം തന്നെയാണ്.

പതിനഞ്ചു വർഷം മുമ്പ് ഏറ്റുമാനൂർ ഗോപാലൻ എറണാകുളത്ത് നടന്ന ഒരു യുക്തിവാദ പഠന ക്യമ്പിൽ നിന്നു പ്രസംഗിക്കുന്നത് ഞാൻ കണ്ടതല്ലാതെ പിന്നൊന്ന് അദ്ദേഹത്തെ കാണുവാൻ എനിക്കു

കഴിഞ്ഞില്ല. അതെന്റെ കുറ്റം തന്നെയാണ്. അതൊരു ദുഃഖമായി എന്നെ നൊമ്പരപ്പെടുത്തുന്നു.

യുക്തിവാദി സംഘത്തിന്റെ അവിഭക്ത കാലമായിരുന്നു അന്ന്. അതിനുശേഷം വിഭജനവും അഭിപ്രായ സംഘട്ടനങ്ങളും തുടർന്നു വന്നു. ഇക്കാലങ്ങളിൽ ഏറ്റുമാനൂർ നിശബ്ദനായിരുന്നു.

യുക്തിരാജ്യം ആരംഭിച്ചപ്പോൾ അതിലേക്ക് സിവിൽ നിയമത്തെക്കുറിച്ച് ഒരു ലേഖനം ഞാൻ വെറുതെ ഏറ്റുമാനൂരിനോട് ആവശ്യപ്പെട്ടുകൊണ്ട് ഒരു കത്തയച്ചു. മുഖപരിചയമില്ലാത്ത അദ്ദേഹം ഉടൻ മറുപടി അയച്ചു. ലേഖനം ഉടൻ അയക്കുന്നതാണ്. രണ്ടു ദിവസത്തിനുശേഷം ലേഖനം കിട്ടി. തുടർന്നും ആവശ്യപ്പെടുമ്പോൾ ഉടൻ ലേഖനം അയക്കുക പതിവായി.

മാസങ്ങൾ അങ്ങനെ പലതു കഴിഞ്ഞു. ഫെബ്രുവരിയിൽ കൊല്ലത്തു വച്ച് നടക്കുന്ന ഒരു സമ്മേളനത്തിൽ പങ്കെടുക്കുന്നതിനായി ഞാനൊരു കത്തയച്ചു. അതിന് അദ്ദേഹത്തിന്റെ മറുപടി വേദനാജനകമായിരുന്നു. ഞാനതു വായിച്ചു. കത്തിങ്ങനെ തുടരുന്നു.

14-2-1996

പ്രിയ ശ്രീനി,

കത്തു കിട്ടി. നന്ദിയും സന്തോഷവും അറിയിക്കട്ടെ.

കഴിഞ്ഞ ഒരു വർഷത്തോളമായി ഞാൻ സുഖമില്ലാത്ത അവസ്ഥയിലാണ്. ആറു മാസത്തോളമായി രോഗം കൂടുതലാണ്. ഇടതുകയ്യുടെ ബലമില്ലായ്മയായിരുന്നു തുടക്കം. ഇപ്പോൾ അത് ശോഷിച്ച് അസ്തി മാത്രമായിരിക്കുന്നു. വലതു കയ്യേയും ബാധിച്ചു തുടങ്ങി. അലോപ്പതിയും ആയുർവ്വേദവും പരീക്ഷിച്ചു. ഫലമില്ലാതായപ്പോൾ ആലപ്പുഴ മെഡിക്കൽ കോളേജിലെ ന്യൂറോളജി പ്രൊഫസറെ കണ്ടു. അവർ സർജറി ആവശ്യമാണെന്നുപറഞ്ഞ് തിരുവനന്തപുരം ശ്രീചിത്ര മെഡിക്കൽ സെന്ററിലേക്കു റഫർ ചെയ്തു.

6.2.96-ൽ ശ്രീചിത്രയിൽ അഡ്മിറ്റ് ചെയ്തു. എന്നാൽ തുടർന്നുള്ള പരിശോധനകളിൽ സർജറികൊണ്ട് പ്രയോജനമില്ലെന്നാണ് ശ്രീചിത്രയിലെ ഡോക്ടർമാരുടെ വിദഗ്ധാഭിപ്രായം. രോഗം മാറുന്നെങ്കിൽ അതു വളരെ സാവകാശത്തിൽ മാത്രമേ സാധ്യമാകു. അവർ ചില മരുന്നുകൾ നിർദ്ദേശിച്ചു. മൂന്നു മാസം മരുന്ന് കഴിച്ചിട്ട് വീണ്ടും ചെല്ലാൻ പറഞ്ഞു. 10.2.96-ൽ ഡിസ്ചാർജ് ചെയ്തു. ഇപ്പോൾ വീട്ടിൽ വിശ്രമിക്കുകയാണ്. എഴുത്ത്, വായന ഒന്നും കാര്യമായിട്ടില്ല. കോടതിയിലും പോകുന്നില്ല. നടക്കാനും ബസിലും മറ്റും യാത്ര ചെയ്യാനും ബുദ്ധിമുട്ടുണ്ട്.

ഇത്തരമൊരു പരിതസ്ഥിതിയിൽ വരാൻ കഴിയുകയില്ലന്നറിയാമല്ലോ. സദയം ക്ഷമിക്കുക.

സ്നേഹപൂർവ്വം

ഏറ്റുമാനൂർ ഗോപാലൻ.

പിന്നെ താമസിച്ചില്ല. ഞാൻ അദ്ദേഹത്തെ കാണുന്നതിനായി പുറപ്പെട്ടു. എന്നാൽ അദ്ദേഹം അവിടെ ഇല്ലെന്നറിഞ്ഞതിനാൽ മടങ്ങിപ്പോരേണ്ടി വന്നു. കൊല്ലത്തു മടങ്ങിവന്ന ഞാനുടൻ അദ്ദേഹത്തിനൊരു കത്തയച്ചു. അടുത്തയാഴ്ച ഞാൻ വീട്ടിൽ വരുന്നുവെന്നും കാണുമല്ലോ എന്നു സൂചിപ്പിച്ചുകൊണ്ടും. പക്ഷെ അസൗകര്യങ്ങൾ എന്റെ യാത്രയെ നീട്ടിക്കൊണ്ടുപോയി. അവസാനം ഞാൻ കേൾക്കുന്നത് അദ്ദേഹത്തിന്റെ അന്ത്യവാർത്തയാണ്. എനിക്കു വല്ലാതെ നൊമ്പരമുണ്ടായി.



# ഡോ.എം.എസ്.ജയപ്രകാശ്

## ചരിത്രകാരൻ

രണ്ടോ മൂന്നോ പ്രാവശ്യം വഴി മദ്ധ്യേ കണ്ടുമുട്ടിയപ്പോൾ ആലിംഗനം ചെയ്തു സ്നേഹം പകർന്നു തന്ന ഒരാളാണ് ചരിത്രകാരനായ ഡോ.എം.എസ്.ജയപ്രകാശ്. കാണുമ്പോഴെല്ലാം അരമണിക്കൂറെങ്കിലും നിന്നു ചരിത്രകാര്യങ്ങൾ പറയുമായിരുന്നു. ഒരിക്കൽ ബുദ്ധമതത്തെക്കുറിച്ചു സംസാരിക്കാൻ അദ്ദേഹത്തെ ക്ഷണിക്കുകയും കൊല്ലം പബ്ലിക്ക് ലൈബ്രറിയിൽ വന്നു സംസാരിക്കുകയും ചെയ്തിരുന്നു. ഇങ്ങനെയൊക്കെയാണെങ്കിലും കമലാ സുരയ്യ മരിച്ചപ്പോൾ അവരുടെ മൃതദേഹം പാളയം പള്ളിയിൽ അടക്കരുതെന്ന് ഞാനും സംസ്ഥാന പ്രസിഡന്റ് കെ.കെ.അബ്ദുൾ അലിയും സംയുക്തമായി പുറപ്പെടുവിച്ച ഒരു പ്രസ്താവന എം.എസ്.ജയപ്രകാശിനെ ക്ഷുഭിതനാക്കി. അദ്ദേഹം മാദ്ധ്യമം പത്രത്തിൽ എന്നെ വിമർശിച്ചുകൊണ്ടു സൗഹൃദത്തിന്റെ ബന്ധങ്ങൾ മുറിഞ്ഞുപോകുന്ന വാക്കുകൾ ഉപയോഗിച്ചു ഒരു ലേഖനമെഴുതിയിരുന്നു. ലേഖനത്തിന്റെ ഉള്ളടക്കം കമല സുരയ്യയെ പള്ളിയിൽ അടക്കുന്നതിൽ എന്താണ് തെറ്റ് എന്നു ചോദിച്ചുകൊണ്ടായിരുന്നു. കമല മതം മാറുന്നതിനു മുമ്പും മതം മാറിയശേഷവും മരണത്തിനെതിരായി എഴുതുകയും പറയുകയും ചെയ്ത ഉദ്ധരിണികൾ ഉപയോഗിച്ചു ജയപ്രകാശിന് മാദ്ധ്യമത്തിൽ മറുപടി കൊടുത്തത് ഞാനോർക്കുന്നു. എൻ.ഡി.എഫിന്റെ നേതാവും ക്രോ എന്ന വർഗ്ഗീയ മനുഷ്യാവകാശ സംഘടനയുടെ നേതാവുമായിരുന്ന മുകുന്ദൻ സി.മേനോന്റെ ഉറ്റ സുഹൃത്തായിട്ടാണ് എം.എസ്.ജയപ്രകാശിനെ പലപ്പോഴും കണ്ടിട്ടുള്ളത്. 2004-ൽ മേനോന്റെ നിർദ്ദേശപ്രകാരം ഒരു യോഗം റസ്റ്റ് ഹൗസിൽ വച്ച് വിളിച്ചു കൂട്ടിയിരുന്നു. ആ യോഗത്തിന്റെ മുഖ്യ സംഘാടകൻ എം.എസ്.ജയപ്രകാശായിരുന്നു. മുകുന്ദൻ സി.മേനോൻ നടത്തിയ സംഘ പരിവാർ വിരുദ്ധ പ്രഭാഷണങ്ങൾക്ക് എം.എസ്.ജയപ്രകാശ് പിന്തുണ പ്രഖ്യാപിച്ചു പലപ്പോഴും പ്രസംഗിച്ചിട്ടുണ്ട്.നാരായണ ഗുരുവിനെക്കുറിച്ച് ഗ്രന്ഥങ്ങൾ എഴുതിയി

ട്ടുള്ള ജയപ്രകാശ് നരായണഗുരു സിദ്ധാന്തങ്ങളിൽ തത്പരനായിരുന്നു. എങ്കിലും ഒരിക്കൽ കൊല്ലം കന്റോൺമെന്റ് റെയിൽവേ ഓഡിറ്റോറിയത്തിൽ വെച്ചു നടന്ന ഒരു എസ്.യു.സി.സുഹൃത്തിന്റെ വിവാഹത്തോടനുബന്ധിച്ചുള്ള അനുമോദനയോഗത്തിൽ ജയപ്രകാശ് എനിക്കെതിരെ പൊട്ടിത്തെറിച്ചു. ആ യോഗത്തിലെ പ്രസംഗകനായിരുന്നു ഞങ്ങൾ രണ്ടു പേരും. ആദ്യം സംസാരിച്ചത് ഞാനായിരുന്നു.സ്പെഷ്യൽ മാരേജ് ആകട് പ്രകാരം നടന്ന വിവാഹമായത് കൊണ്ടു ഞാൻ പറഞ്ഞു, ഈ വിവാഹത്തിന് ജാതിയോ മതമോ നോക്കിയിട്ടില്ല. അതുപോലെ താലികെട്ട് നടത്തിയിട്ടില്ല. കാളകളുടെ മുതുകിൽ നുകം വെച്ചിട്ട് മുമ്പോട്ട് ചാട്ടവാറടിച്ചു കൊണ്ടുപോകുന്നതുപോലെയാണു പുരുഷന്മാർ ഇന്ന് സ്ത്രീകളെ താലികെട്ടി കൊണ്ടു നടക്കുന്നതെന്നും പുരുഷന്മാരെ കഴുത്തിൽ അതുപോലൊരു താലി തിരിച്ചു കെട്ടി സ്ത്രീക്ക് കൊണ്ടുനടക്കാൻ ഇന്നും കഴിയുന്നില്ലെന്നും, ഈ ആഡിറ്റോറിയം നിൽക്കുന്ന ചരിത്രപ്രസിദ്ധമായ കൊല്ലം കന്റോൺമെന്റ് മൈതാനിയിൽ വെച്ചാണ് മഹാനായ അയ്യങ്കാളി സ്ത്രീകളുടെ കഴുത്തിലണിഞ്ഞിരുന്ന ദുരാചാരമായ കല്ലുമാല മുറിച്ച് മൂന്നടി പൊക്കത്തിൽ സ്റ്റേജിൽ അടുക്കിക്കൊണ്ട് ആ അനാചാരം അവസാനിപ്പിച്ചതെന്നും സ്ത്രീകൾ അനുഭവിച്ച ആ സ്വാതന്ത്ര്യത്തിന്റെ ആനന്ദമാണ് ഈ വിവാഹത്തിലെ വധു ഇന്ന് അനുഭവിക്കുന്ന ആനന്ദമെന്നും ഞാൻ പറയുകയുണ്ടായി.

തുടർന്ന് എനിക്കു പിന്നാലെ സംസാരിക്കാൻ വന്ന എം.എസ്.ജയപ്രകാശ് പരിസരം പോലും മറന്നുകൊണ്ട് പൊട്ടിത്തെറിക്കുകയുണ്ടായി. അദ്ദേഹം സ്റ്റേജിനു മുന്നിലെ കസേരയിൽ ഇരുന്ന തന്റെ പത്നിയെ ചൂണ്ടിക്കാണിച്ചുകൊണ്ട് പറയുകയുണ്ടായി, ശ്രീനി നോക്കൂ...എന്റെ ഭാര്യയാണീ ഇരിക്കുന്നത്. ഞങ്ങൾ വിവാഹം കഴിച്ച് വർഷങ്ങളായി. ഒരു കുഴപ്പവുമില്ല,താലി സംസ്ക്കാരത്തിന്റെ ഭാഗമാണ്, പിന്നെന്തിന് താലി ഉപേക്ഷിക്കണം എന്ന് അദ്ദേഹം ആക്രോശിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ക്ഷോഭ പ്രകടനത്തിനുശേഷം പിന്നാലെ വന്ന ഒരു ചെറുപ്പക്കാരൻ അതിന് സരസമായ ഒരു മറുപടി പറയുകയും ചെയ്തു.

അപ്പോൾ ഒരു കാര്യം ഞാൻ ആലോചിച്ചു. പുലകുളി, പുളികുടി, താലികെട്ട് ഇവ അനാചാരങ്ങളാണെന്നും ഇനി മുതൽ ഇതു ആരും ആവർത്തിക്കരുതെന്നും കൊല്ലം പരവൂരിൽ വെച്ച് നടന്ന ഒരു സമ്മേളനത്തിൽ നാരായണ ഗുരു പ്രഖ്യാപിക്കുകയുണ്ടായി. ചരിത്രത്തിൽ തങ്കലിപികളാൽ ഇത് രേഖപ്പെടുത്തിയിട്ടുണ്ട്. ചരിത്രകാരനയ ജയപ്രകാശിന് ഇതറിഞ്ഞുകൂടെന്നു കരുതാമോ. ഞാൻ പറഞ്ഞത് മോശമാണെന്ന് ജയപ്രകാശ് കരുതുന്നുണ്ടെങ്കിൽ നാരായണ ഗുരു പറഞ്ഞതും മോശമായിട്ടാണോ ജയപ്രകാശ് കരുതിയിരുന്നത്? ജയപ്രകാശിനെ എനിക്ക് മനസ്സിലാകാതെ പോയ ഒരു കാര്യമുണ്ട്. അദ്ദേഹം മതത്തിനു വേണ്ടിയായിരുന്നോ, മതേതരത്വത്തിന് വേണ്ടിയായിരുന്നോ, എന്തിനുവേണ്ടിയായിരുന്നു യുദ്ധം ചെയ്തിരുന്നതെന്ന്? എന്തായാലും അദ്ദേഹം നേരിട്ട് കണ്ടപ്പോൾ എന്നോട് കാട്ടിയ നിഷ്ക്കളങ്കമായ സ്നേഹ വാത്സല്യങ്ങൾക്കു മുന്നിൽ ഞാൻ ശിരസ്സ് നമിക്കുന്നു.



# ജയപാല പണിക്കർ

**ചിത്രകാരൻ**

ഭാരതീയ യുക്തിവാദ സംഘത്തിന്റെ സംസ്ഥാന സമ്മേളനം 1998 ഡിസംബർ 9 മുതൽ 14 വരെ കൊല്ലത്തു വച്ചു നടന്നപ്പോൾ സമ്മേളനങ്ങളുടെ മുന്നോടിയായി കൊല്ലം കടപ്പാക്കട സ്പോർട്സ് ആന്റ് ആർട്സ് ക്ലബ്ബിൽ വെച്ചു വർഗ്ഗീയ വിരുദ്ധ ചിത്രരചനാ സമ്മേളനം നടക്കുകയുണ്ടായി. സമ്മേളനം പ്രശസ്ത ചിത്രകാരനായ ജയപാലപ്പണിക്കരായിരുന്നു ഉദ്ഘാടനം ചെയ്തത്. അന്നദ്ദേഹത്തോടൊപ്പം പ്രശസ്ത ചിത്രകാരന്മാരായ ജ്യോതിലാൽ, ലെവി രവികുമാർ, ആശ്രാമം സന്തോഷ്, മോത്തി തുടങ്ങിയ ഒരു സംഘം കുട്ടികളും പങ്കെടുത്തിരുന്നു.

വർഗ്ഗീയതയെ ചെറുക്കുന്ന ആശയങ്ങളായിരുന്നു ഓരോ ചിത്രകാരന്മാരും വരച്ചിരുന്നത്. ജയപാലപ്പണിക്കർ ഉദ്ഘാടന ചിത്രം വരച്ചത് രണ്ടര മണിക്കൂർ സമയം എടുത്തായിരുന്നു.

ചിത്രം വരയ്ക്കുന്നതിനാവശ്യമായ കളർ ട്യൂ ബുകളും ടിഷ്യു പേപ്പറും അദ്ദേഹം തന്നെ കൊണ്ടുവന്നിരുന്നു. രചന ആരംഭിക്കുമ്പോൾ പേപ്പർ മേശപ്പുറത്ത് നിരത്തിവച്ചിട്ട് ഓരോ നിറത്തിലുള്ള ട്യൂബുകൾ അതിലേക്ക് പകർന്നു. എന്നിട്ട് വെള്ളത്തിൽ മുക്കി പെയിന്റ് ചാലിച്ച് ചിത്ര




ങ്ങളിലേയ്ക്ക് വരയ്ക്കാൻ തുടങ്ങി. അദ്ദേഹം വരച്ചു തുടങ്ങിയ ചിത്രം ഒരു വർഗ്ഗീയ കലാപത്തിന്റേതായിരുന്നു. അദ്ദേഹത്തിന്റെ മനസ്സിൽ വന്ന കലാപം സ്വാതന്ത്ര്യത്തിനു മുമ്പുള്ള ഹിന്ദു മുസ്ലീം കലാപമായിരുന്നു. കൊടികൾ പിടിച്ചുകൊണ്ട് മുദ്രാവാക്യം വിളിക്കുന്ന ഒരു കൂട്ടം ജനതയും അവരെ നേരിടുന്ന പട്ടാളക്കാരും കുന്നുകളും ആകാശവും നിറഞ്ഞ പശ്ചാത്തലവും ചിത്രത്തിൽ രൂപപ്പെട്ടുകൊണ്ടിരുന്നു. പക്ഷെ ആ ചിത്രം അദ്ദേഹത്തിന് പൂർത്തിയാക്കാൻ കഴിഞ്ഞില്ല. ആ രചനയെ തടസ്സപ്പെടുത്തിയത് അദ്ദേഹത്തിന്റെ മിത്രവും ശത്രുവുമായ മദ്യപാനമായിരുന്നു.

അദ്ദേഹത്തെ സമ്മേളന നഗരിയിലേക്ക് വീട്ടിൽ നിന്നും ക്ഷണിച്ചുകൊണ്ടു വന്നത് ഉളിയക്കോവിൽ സന്തോഷും ആശ്രാമം സന്തോഷും ആയിരുന്നു. ഉളിയക്കോവിൽ സന്തോഷ്, പണിക്കരുടെ ബന്ധുകൂടിയായതിനാൽ സ്വാതന്ത്ര്യം ഏറിയിരുന്നു. കുപ്പണയിൽ നിന്നും വാഹനം കൊല്ലത്തു വന്നപ്പോൾ പണിക്കർക്ക് ശകലം കഴിക്കണമെന്ന മോഹമായി. തുടർന്ന് കൊല്ലത്തെ ഒരു സ്ഥാപനത്തിൽ കയറി രാവിലെ 10 മണിക്ക് സാമാന്യം കഴിച്ചു. രചനാവേദിയിൽ വന്നു ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ കഴിച്ചതിന്റെ ലഹ രി അവസാനിച്ചു. ഉടൻ തന്നെ പ ണിക്കർ ഉ ളിയക്കോവിൽ സ ന്തോഷിനെ വിളിച്ചു. വീണ്ടും ടൗണിലേക്ക് പോയി. ടൗണിൽ പോയി തിരിച്ചുവരുമ്പോൾ പണിക്കർക്ക് മയക്കം നല്ലതുപോലെ ബാധിച്ചിരുന്നു. പിന്നീട് ബ്രഷ് പണിക്കരുടെ കയ്യിൽ നേരെ നിന്നില്ല. കണ്ണുകളിൽ മൂടൽമഞ്ഞ് ബാധിക്കുകയും ചെയ്തു. തുടർന്ന് അദ്ദേഹം വരച്ച ചിത്രം ക്രമേണ മായാൻ തുടങ്ങി. ജനക്കൂട്ടവും പട്ടാളവും സംഘട്ടനവും അപ്രത്യക്ഷമായി. ടിഷ്യു പേപ്പറിൽ പിന്നീട് തെളിഞ്ഞുവന്നത് സങ്കരവർണ്ണങ്ങളുടെ വികൃതമായ പ്രവാഹം മാത്രമായിരുന്നു. അവസാനം അതു ചായം തേച്ച വെറും പേപ്പറായി അവശേഷിച്ചു.

രചനക്കുശേഷം അദ്ദേഹം വീട്ടിലേക്ക് പുറപ്പെട്ടു. പുറപ്പെടുമ്പോൾ പണിക്കർ ഉളിയക്കോവിൽ സന്തോഷിനെ വീണ്ടും വിളിച്ചു. ചിന്നക്കടയിൽ വന്നപ്പോൾ പണിക്കർ സന്തോഷിനോട് വീണ്ടും കാർ നിർത്താൻ ആവശ്യപ്പെട്ടു. പണിക്കർ ചിന്നക്കടയിലെ ഒരു ഷോപ്പിലേക്ക് കയറി. ഒരു ഫുൾബോട്ടിൽ കൂടി വാങ്ങി.

സന്തോഷ് പണിക്കരെ വീട്ടിലെത്തിച്ചു. പണിക്കർ വീട്ടിൽ ചല്ലുമ്പോൾ ഒന്നും രണ്ടും പ്രാവശ്യം കഴിച്ചതിന്റെ ലഹരിയും







നഷ്ടപ്പെട്ടിരുന്നു.

പണിക്കർ മരിച്ചത് ഈ അമിതമായ മദ്യപാനം മൂലമായിരുന്നു. അല്ലെങ്കിൽ കുറെനാൾകൂടി അദ്ദേഹം ജീവിക്കുമായിരുന്നു. നമ്മുടെ പല പ്രതിഭാശാലികളും ഇങ്ങനെ നശിച്ചിട്ടുണ്ട്. ഇപ്പോൾ നശിച്ചുകൊണ്ടിരിക്കുന്നുണ്ട്.

മദ്യപാനം ശരീരത്തെ സാരമായി ബാധിക്കുന്നത് കിഡ്നിയേയും കരളിനെയുമാണ്.പണിക്കർക്ക് ബാധയുണ്ടായത് കരളിനായിരുന്നു. ലിവർ സിറോസിസ് എന്ന രോഗമായിരുന്നു പണിക്കർക്ക്.

മൂന്ന് വർഷം മുമ്പാണ് പണിക്കരുടെ കരളിൽ ഒരു കറുത്ത പാട് കാണുവാൻ തുടങ്ങിയത്. അത്രയും ഭാഗത്തെ സെൽ നശിച്ചതാണ് കറുത്ത പാടിന് കാരണം. ക്രമേണ ഈ പാട് വലുതാവുകയായിരുന്നു. കരൾ ആയതുകൊണ്ടാണ് പെട്ടെന്ന് മരണം സംഭവിക്കാതിരുന്നത്.

ജയപാലപ്പണിക്കരുടെ ഈ ജീവിത ചിത്രം നാം എപ്പോഴും മനസ്സിൽ സൂക്ഷിക്കേണ്ടതാണ്.



## ജോൺസൺ ഐരൂർ

### ഹിപ്നോട്ടിസ്റ്റ്

ഭാരതീയ യുക്തിവാദി സംഘം ഏർപ്പെടുത്തിയ 'യുക്തിവാദി എം.സി. ജോസഫ് അവാർഡ് - പ്രൊഫ.എ.ടി.കോവൂർ നാഷണൽ അവാർഡ്' കമ്മിറ്റിയുടെ അംഗമായിരുന്നു ജോൺസൺ ഐരൂർ.

2004 ൽ കോവൂർ അവാർഡ് എറണാകുളം താജിൽ വെച്ചു നടൻ കമൽഹാസന് നൽകിയപ്പോൾ കമൽ ജോൺസൺ ഐരൂരിനെ പട്ട് പുതപ്പിച്ചുആദരിക്കുകയുണ്ടായി. മരിക്കുന്നതിന് ഒരു മാസം മുമ്പ് പുറത്തിറങ്ങിയ മാതൃഭൂമി വാരിക ജോൺസനുമായി നടത്തിയ ഒരഭിമുഖം പ്രസിദ്ധീകരിച്ചിരുന്നു. അതുപോലെ ഹിപ്നോട്ടിക് സജഷന്റെ വിവിധ മണ്ഡലങ്ങളെ സമഗ്രമായി പ്രതിപാദിക്കുന്ന ഒരഭിമുഖം പച്ചക്കുതിരയും കൊടുത്തിരുന്നു. 'ഒരു ഹിപ്നോട്ടിസ്റ്റിന്റെ അനുഭവങ്ങൾ 'എന്ന ജോൺസന്റെ ആത്മകഥ ഡി.സി.ബുക്സ് പ്രസിദ്ധീകരിക്കുകയുണ്ടായി. ആത്മകഥക്ക് ജോൺസൺ കൊടുത്തിരുന്ന പേര് 'പാത മുറിച്ചു നടന്നവൻ എന്നായിരുന്നു. ആ പേരു വെച്ചു കൊണ്ടു യുക്തിരാജ്യത്തിൽ കൊടുക്കുന്നതിനായി ജോൺസൻഒരുപരസ്യം എനിക്ക് അയച്ചു തന്നു.അത് യുക്തിരാജ്യത്തിൽ കൊടുക്കുയും ചെയ്തു. എന്നാൽപ്രസാധകന്റെ ഇഷ്ടപ്രകാരം ഇപ്പോഴത്തെപേരിലേയ്ക്ക്മാറ്റുകയാണുണ്ടായത്. ഐരൂരിന്റെ ആത്മകഥ വായിച്ചിട്ട് പ്രശസ്തമനശ്ശാസ്ത്രജ്ഞൻ ഡോ.കെ.എസ് ഡേവിഡ് എന്നോട് പറഞ്ഞു. 'അവന്റെ ഭാഷ ഗംഭീരമാണ്, സുന്ദരമായിട്ട് എഴുതാനറിയാം.' ജോൺസന്റെ ശ്രദ്ധേയമായ ഒരു ഗ്രന്ഥമാണ് 'ഭക്തിയും കാമവും'. ഇതു് ആദ്യം സീരിയലൈസ് ചെയ്തത് കേരള ശബ്ദത്തിലായിരുന്നു. ലൈംഗികചിന്തകളുടെതീവ്രഭാവങ്ങളെ മതം എങ്ങനെയാണ് ഉപയോഗിക്കുന്നത് എന്ന വസ്തുത തുറന്നു കാണിക്കുന്നതായിരുന്നു ഉള്ളടക്കം. ലിംഗ പൂജയെക്കുറിച്ചും ഭഗാരാധനയെക്കുറിച്ചും യോനി പ്രതിഷ്ഠയെക്കുറിച്ചുമുള്ള പ്രതിപാദനം പുതിയ വിജ്ഞാനമായിരുന്നു പ്രദാനം ചെയ്തത്.



അതുപോലെ കോവൂരിന്റെ ഡയറിക്കുറിപ്പുകൾ മലയാളത്തിലേക്കു പരിഭാഷപ്പെടുത്തുകയും 'യുക്തിചിന്ത 'എന്ന പേരിൽ പുസ്തകമാവുകയുംചെയ്തിട്ടുണ്ടു. മതവിശ്വാസങ്ങളുടെ മർമ്മങ്ങളിൽ യുക്തിചിന്തയുടെ കുന്തമുന എങ്ങനെയാണ് കോവൂർ ആഴ്ന്നിറക്കിയതെന്നു ഈ പരിഭാഷയിലൂടെ മലയാളി മനസ്സിലാക്കി.

ഒരു കാലത്തു മലയാളികൾ ഹിപ്നോട്ടിസം എന്ന വാക്ക് ആദ്യം കേൾക്കുന്നതു് ജോൺസൺ ഐരൂരിൽ നിന്നാണ്. നിരന്തരം ജോൺസൺ പത്രമാധ്യമങ്ങളിൽ നൽകുന്ന പരസ്യത്തിലൂടെയാണ് മലയാളി ആ ശബ്ദം കാണാതെ പഠിച്ചത്. മലയാളികൾക്ക് ഹിപ്നോട്ടിസം എന്ന ഇംഗ്ലീഷ് വാക്ക് മലയാളത്തനിമയുള്ള സുപരിചിതമായ ഒരു മലയാള വാക്കാക്കി മാറ്റി മലയാളികളുടെ മനസ്സിൽ പ്രതിഷ്ഠിച്ചത് ജോൺസൺ ഐരൂരാണ്. ഇഡ്, ഈഗോ, സൂപ്പർ ഈഗോ (ബോധമനസ്സ്, ഉപബോധ മനസ്സ്, അബോധ മനസ്സ്) എന്ന ഫ്രോയിഡിയൻ സങ്കല്പം ഇന്ന് അന്ധ വിശ്വാസമാണെങ്കിലും മനസ്സ് എന്നു പറയുന്ന അദൃശ്യാവയവത്തിൽ വന്നു വീഴുന്ന കിരണങ്ങൾ മനസ്സിനെ തളർത്താനും വളർത്താനും കഴിയുമെന്നത് യാഥാർത്ഥ്യമാണ്. അത് ഹോർമോൺ പ്രവർത്തനമാണ്. ഈ തത്വം മനസ്സിലാക്കിയ ജോൺസൺ നെഗറ്റീവായ ധാരണകളെ പോസിറ്റീവ് ആയ തലത്തിലേക്ക് കൊണ്ടുവരാൻ കഴിയുമെന്ന് പഠിച്ചു.

ആ മാർഗ്ഗം അനവധി ആരോഗ്യമില്ലാത്ത മനസ്സുകളെ ആരോഗ്യമുള്ള മനസ്സുകളാക്കി മാറ്റി. പത്രദൃശ്യ മാധ്യമങ്ങളിൽ പരസ്യദാതാക്കൾ നൽകുന്ന പരസ്യം കാണുകയോ കേൾക്കുകയോ ചെയ്യുന്ന നാം അറിയാതെ ഉല്പന്നം മെച്ചമാണെന്ന വിശ്വാസത്തിലേക്ക് ഹിപ്നോടൈസ് ചെയ്യപ്പെടുകയാണു ചെയ്യുന്നത്. 'നീ ശക്തനാണ്, നിനക്കെന്തും കഴിയു' എന്ന ലഘുവാചകം ഒരു വ്യക്തിയെ സജഷനിലൂടെ ഹിപ്നോട്ട് ചെയ്യപ്പെടുകയാണ്. അതായത് ബുദ്ധൻ പറഞ്ഞതുപോലെ ശരിയായാ ചിന്തയിലേക്ക് (positive thinking) ഒരു വ്യക്തിയെ കൊണ്ടുവരാൻ ഒരു ഹിപ്നോട്ടിസ്റ്റിന് കഴിയും.

ഹിപ്നോട്ടിസ്റ്റ് യഥാർഥത്തിൽ ഒരു സൈക്കോളജിസ്റ്റാണ് . സംഘർഷ മനസ്സുകളെ യഥാർഥദിശയിലേക്ക് നയിക്കാൻ എങ്ങനെയാണോ ഒരു സൈക്കോളജിസ്റ്റിന് കഴിയുന്നത് അതു് പോലെ ശരിയായ മാർഗത്തിലേക്ക് നയിക്കാൻ ഒരു ഹിപ്നോട്ടിസ്റ്റിന് കഴിയും. ഈ സാമൂഹ്യ സേവനമാണ് ജോൺസൺ ഐരൂർ ചെയ്തത്.

ഒരിക്കൽ സിബിഐക്കാർ ജോൺസന്റെ വീട് തേടി വന്നു. ചേകന്നൂർ മൗലവിയെ കുഴിച്ചിട്ട സ്ഥലം തേടാൻ പ്രതിയേയും കൂട്ടി. ഒരു ഹിപ്



നോട്ടിസ്റ്റിനെ തേടി സി.ബി.ഐക്കാർ വീട്ടിൽ വന്നുവെന്നു പറഞ്ഞാൽ അതൊരു ദേശീയ പുരസ്കാരം തന്നെത്തേടി വീട്ടിൽ വന്നതിന് തുല്യമായിരുന്നു. ഒപ്പം ഹിപ്നോട്ടിസത്തിനു ലഭിക്കുന്ന ദേശീയ അംഗീകാരവും. യുക്തിവാദി സംഘം രണ്ടായപ്പോൾ ജോൺസൺ ഒരു ചേരിയിലേക്കും തിരിയാതെസ്വതന്ത്രമായി നിൽക്കുകയായിരുന്നു. എങ്കിലും ആര് വിളിക്കുന്നപരിപാടിയിലും പങ്കെടുക്കാറുണ്ട്. ഭാരതീയ യുക്തിവാദി സംഘം മലപ്പുറത്തു നടത്തിയ രണ്ട് സംസ്ഥാന പഠന ക്യാമ്പുകളിൽ പങ്കെടുക്കുകയും മന:ശ്ശാസ്ത്ര ക്ലാസ്സ് നയിക്കുകയും ചെയ്തിട്ടുണ്ടു.

യുക്തിരാജ്യത്തിൽ ചില ലേഖനങ്ങൾ എഴുതിയിട്ടുണ്ടു. കോവൂർ സ്പെഷ്യൽ പതിപ്പിൽ കോവൂർ സ്മരണകളെക്കുറിച്ചു ഒരു സുദീർഘമായ ലേഖനം തന്നെ എഴുതിയിരുന്നു.

1960 മുതൽ തൃശൂരിൽ എ.വി.ജോസ് (യുക്തിവിചാരം ജോസ്) വിളിച്ചു കൂട്ടുന്ന യുക്തിവാദ യോഗങ്ങളിൽ ഐരൂർ സ്ഥിരമായി പങ്കെടുക്കുമായിരുന്നു. മിശ്ര വിവാഹിതനായ എ.വി.ജോസിന്റെ പ്രവർത്തനങ്ങളിൽ മിശ്രവിവാഹിതനായ ഐരൂരും സഹകരിച്ചിരുന്നു. അവർ പല യുവതീയുവാക്കളെ മിശ്രവിവാഹത്തിലേക്ക് കൊണ്ടുവന്നു. അക്കാലത്തു എംസി. ജോസഫുമായി ജോൺസൻ അടുത്ത ബന്ധം പുലർത്തിയിരുന്നു. പോസ്റ്റൽ ആന്റ് ടെലിഗ്രാഫിൽ ജീവനക്കാരനായിരുന്ന കാലത്തു തൊഴിലാളി യൂണിയൻ നേതാവ് കൂടിയായിരുന്നു ജോൺസൺ. അതുകൊണ്ടു അടിയന്തിരാവസ്ഥക്കാലത്ത് ജോൺസനെ ജോലിയിൽ നിന്നും പിരിച്ചുവിട്ടു. അതു ഒരു നേതാവിന് കിട്ടാവുന്ന മറ്റൊരംഗീകാരമായിരുന്നു.

ജോൺസന് ചെറുപ്പം മുതൽ ഒരു ആത്മസുഹൃത്തുണ്ടായിരുന്നു. ഊണിലും ഉറക്കത്തിലും അവർ ഇരട്ടപെറ്റ മക്കളായിരുന്നു. അവർ എവിടെ പോകുന്നതും വരുന്നതും ഏതു സംരംഭത്തിലേർപ്പെടുന്നതും ഒരുമിച്ചായിരുന്നു. ആ സുഹൃത്തു പ്രശസ്ത മജീഷ്യനായ ആർ.കെ.മലയത്താണ്. ഏകദേശം മുപ്പത്തഞ്ച് വർഷം മുമ്പ് അവർ സംയുക്തമായി അവതരിപ്പിച്ച മനശ്ശാസ്ത്ര സ്റ്റേജ് പ്രോഗ്രാമായിരുന്നു 'ഹിപ്നോമെന്റാരമ'. അതിൽ ഹിപ്നോട്ടിക് അനസ്തേഷ്യ എന്ന ഒരു രംഗം അവതരിപ്പിച്ചിരുന്നു രണ്ടു സ്റ്റൂളുകൾക്കു മുകളിൽ ഒരു യുവാവിനെ കിടത്തുന്നു. മധ്യഭാഗത്തു സ്റ്റൂളില്ല. ഹിപ്നോട്ടിസ്റ്റ് ആദ്യം ഒരു സജഷൻ കൊടുത്തു മയക്കുന്നു. ശേഷം അടുത്ത കമന്റ്. ഈ ശരീരം ഇപ്പോൾ പൂവ് പോലെ മൃദുലമാണ്. എന്നിട്ട് സൂചികൊണ്ടു കുത്തുമ്പോൾ യുവാവ് ഞെട്ടുന്നതായി കാണികൾ കാണുന്നു. വീണ്ടും അടുത്ത നിർദ്ദേശം കൊടുക്കുന്നു. ഈ ശരീരം ഇപ്പോൾ ഉരുക്ക് പോലെ ഉറച്ചതാണ്. ഹിപ്നോട്ടിസ്റ്റ് സൂചികൊണ്ടു കുത്തിയിട്ട് യുവാവ് അറിയുന്നില്ല. കമന്റ് വീണ്ടും

ആവർത്തിച്ചു. എന്നിട്ടു ഒരു കുട്ടിയെ എടുത്തു യുവാവിന്റെ മുകളിൽ മധ്യഭാഗത്തു നിർത്തുന്നു. ശരീരം വളയുന്നില്ല. കുട്ടിയെ ഇറക്കി വീണ്ടും കമന്റ് കൊടുക്കുന്നു. ഈ ശരീരംഇപ്പോൾ പൂർവ്വസ്ഥിതിയെ പ്രാപിച്ചിരിക്കുന്നു. യുവാവു എഴുന്നേറ്റു മാറുന്നു. അടുത്ത രംഗം ഒരു കുട്ടിയുടെ അബോധ മനസ്സിൽ നിന്നും കുട്ടിച്ചാത്തനെ ഓടിച്ചു ഭയം ഇല്ലാതാക്കുന്നതായിരുന്നു.

മരണ ദിവസം ഞാൻ മലയത്തിനെ വിളിച്ചപ്പോൾ ഒന്നും പറയാൻ കഴിയാതെ വാട്ട്സ്അപ്പിൽ മെസേജ് അയക്കുകയായിരുന്നു. 'എന്റെ സഹോദരൻ പോയി, എനിക്കൊന്നും പറയാനില്ല' എന്നായിരുന്നു.

കോമളം ഭാര്യയും തനൂജ മകളും നിഖിൽ ഐരൂർ മകനും മിഷ മരുമകളും ദിലീന, ദ്വിജിന, അനോവ എന്നിവർ ചെറുമക്കളുമാണ്.

2020 ജൂലൈ 15 ന് അന്തരിക്കുകയും പിറ്റേന്ന് രാവിലെ 11 മണിക്ക് നിലമ്പൂർ നഗരസഭ വൈദ്യുത ശ്മശാനത്തിൽ മതാചാരരഹിതമായി സംസ്കരിക്കുകയും ചെയ്തു.

***



# വർക്കി ശാന്തിസ്ഥാൻ

**യുക്തിവാദി**

കേരളത്തിലെ അപ്രശസ്തനും പ്രമുഖനുമായിരുന്ന ഒരു യുക്തിവാദിയാണ് വർക്കി ശാന്തിസ്ഥാൻ. അദ്ദേഹം എം.എ.ജോണും ഇടമറുകുമായും വേദി പങ്കിട്ടിട്ടുണ്ട്.

കോട്ടയത്തുകാരനായ ഇദ്ദേഹത്തിന് കോളേജിൽ അധ്യാപകവൃത്തി ലഭിച്ചതിനെ തുടർന്നു ശ്രീലങ്കയിലേക്ക പുറപ്പെട്ടു.

പതിനാറാം വയസ്സിൽ ഇംഗർസോളിന്റെ പുസ്തകങ്ങൾ വായിച്ചതിനെ തുടർന്നു അദ്ദേഹത്തിന് ക്രിസ്തുമതവിശ്വാസം നഷ്ടപ്പെട്ടു. തുടർന്നു ശാസ്ത്ര വിജ്ഞാനം ആർത്തിയോടെ സ്വീകരിച്ചതിനെ തുടർന്നു അദ്ദേഹം യുക്തിവാദിയായി മാറി.

തുടർന്നു സമാന ചിന്താഗതിക്കാരെ കണ്ടെത്തിയതിലൂടെ സിലോണിൽ യുക്തിവാദി സംഘം രൂപീകരിക്കപ്പെട്ടു. സിലോൺ യുക്തിവാദി സംഘത്തിന്റെ സ്ഥാപക പ്രസിഡന്റായിരുന്നു അദ്ദേഹം.

ഇരുപത്തൊന്നു വർഷത്തെ സേവനത്തിനു ശേഷം 1948 ൽ 45 മത്തെ വയസ്സിൽ വർക്കി ജോലി രാജിവെച്ചു ഇന്ത്യയിലേക്ക് പുറപ്പെട്ടു. സ്വതന്ത്ര ഇന്ത്യയിൽ പ്രവർത്തിക്കാനുള്ള ആഗ്രഹമായിരുന്നു കാരണം.

ഇന്ത്യയിൽ വന്നതിനു ശേഷം 1949 ൽ മദ്രാസിൽ വെച്ചു ഇന്ത്യൻ യുക്തിവാദി സംഘം സമ്മേളനം സംഘടിപ്പിക്കുന്നതിന് അന്നത്തെ മന്ത്രിയും യുക്തിവാദിയുമായ എസ്.രാമനാഥനോടൊപ്പം പ്രവർത്തിച്ചു. അതുപോലെ കേരളത്തിൽ എം.സി.ജോസഫിനോടൊപ്പം സഹകരിച്ചിരുന്നു.

യുക്തിചിന്ത മതത്തിൽ മാത്രം ഒതുക്കി നിർത്താതെ രാഷ്ട്രീയ സാമ്പത്തിക രംഗങ്ങളിലും വ്യാപിപ്പിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. ഒരു ലോക ഗവൺമെന്റുണ്ടായാൽ രാഷ്ട്രങ്ങൾ



[illegible]

തമ്മിലും എല്ലാ പ്രശ്നങ്ങളും അവസാനിക്കുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടിരുന്നു.

അദ്ദേഹത്തിന്റെ പ്രധാന കൃതികളാണ് യുക്തിവാദ വിപ്ലവം, ഒരു യുക്തിവാദിയുടെ രാഷ്ട്രീയചിന്തകൾ എന്നിവ. ഈ ഗ്രന്ഥ ങ്ങൾ ഇന്ത്യൻ എതിസ്റ്റ് പബ്ളിഷേഴ്സ് പ്രസിദ്ധം ചെയ്തിട്ടുണ്ട്.

ഒരിക്കൽ ഇടമറുകിനോടൊപ്പം ഞാൻ ശാന്തിസ്ഥാന്റെ വീട്ടിൽ പോവുകയും അദ്ദേഹത്തെ നേരിൽ കാണുകയും ചെയ്തിരുന്നു.



# പി.സി.കടലുണ്ടി

## യുക്തിവാദി

കേരളത്തിലെ പ്രമുഖ യുക്തിവാദിയായിരുന്നു പി.സി.കടലുണ്ടി. അദ്ദേഹം അന്തരിച്ചിട്ട് ഒക്ടോബർ 26 ന് 36 വർഷം തികഞ്ഞു. മലപ്പുറം ജില്ലയിൽ കടലുണ്ടിയായിരുന്നു സ്വദേശം. തുടക്കത്തിൽ ജ്യോതിഷ പണ്ഡിതനായിരുന്നു. പിന്നീട് ജ്യോതിശാസ്ത്ര പണ്ഡിതനായി. അതോടെ അദ്ദേഹം ജ്യോതിഷ ത്തെക്കുറിച്ചും ജ്യോതിശാസ്ത്രത്തെക്കുറിച്ചും എഴുതുവാനും സംസാരിക്കുവാനും തുടങ്ങി.

യുക്തിവാദ വേദികളിൽ ഈ വിഷയത്തെക്കുറിച്ചുള്ള സ്ഥിരം പ്രസംഗകനായി മാറി. തുടർന്നു ജ്യോതിഷത്തെയും ജ്യോതിഷശാസ്ത്രത്തെയും താരതമ്യപ്പെടുത്തിക്കൊണ്ട് രണ്ടു പുസ്തകങ്ങൾ രചിക്കുകയുണ്ടായി.

ജ്യോതിഷവും ജ്യോതിഷ ശാസ്ത്രവും, പന്ത്രണ്ടു രാശികളും. തുടർന്നു രണ്ടു ഗ്രന്ഥങ്ങൾകൂടി അദ്ദേഹത്തിന്റേതായി പുറത്തു വന്നു. ഒന്ന് അന്ധവിശ്വാസികളുടെ ലോകവും മറ്റൊന്ന് നിഷ്ക്കാമകർമ്മവും തപശ്ശക്തിയും എന്നിവയാണ്.

ഈ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചത് ന്യൂദൽഹിയിലെ ഇന്ത്യൻ എതീസ്റ്റ് പബ്ലിഷേഴ്സാണ്.

ഒരിക്കൽ ഇടമറുകും ഞാനും കെ.കെ.അബ്ദുൽ അലിയും ചേർന്ന് അദ്ദേഹത്തിന്റെ വീട്ടിൽ പോവുകയും അദ്ദേഹത്തെ കാണുകയും ചെയ്തു.



# കെ.എം.റോയി

## പത്രപ്രവർത്തകൻ

വർക്കിംഗ് ജേർണലിസ്റ്റുകളുടെ ഇന്ത്യൻ ഫെഡറേഷന്റെ സെക്രട്ടറി ജനറലും കേരള വർക്കിംഗ് ജേർണലിസ്റ്റുകളുടെ സംസ്ഥാന പ്രസിഡന്റും പ്രശസ്ത എഴുത്തുകാരനുമായ കെ.എം.റോയി അന്തരിച്ചു.

ഞാൻ കെ.എം.റോയി എന്ന പേര് ആദ്യമായി കാണുന്നതും പിന്നീട് നിരന്തരം കാണുന്നതും മംഗളം വാരികയുടെ ഇരുളും വെളിച്ചവും എന്ന പംക്തിയിലൂടെയായിരുന്നു.

ഞാൻ കടവന്ത്രയിലെ മനശ്ശാസ്ത്രജ്ഞൻ ഡോ.കെ.എസ്.ഡേവിഡിന്റെ വീട്ടിൽ ചെല്ലുമ്പോൾ അദ്ദേഹം ഉടൻ റോയി സാറിനെ വിളിക്കുക പതിവായിരുന്നു. രണ്ടു പേരുടെയും വീടുകൾ തമ്മിൽ രണ്ടു മൂന്ന ഫർലാങ് വ്യത്യാസമെ ഉണ്ടായിരുന്നുള്ളു. ഒപ്പം ഇന്നത്തെ വൈപ്പിൻ എം.എൽ.എ.ആയ കെ.എൻ.ഉണ്ണികൃഷ്ണനെയും വിളിക്കുമായിരുന്നു.

മിക്കവാറും വൈകിട്ട് 6 മണിക്ക് കൂടുന്ന ഈ സൗഹൃദ സദസ്സ് മിക്കവാറും ഒമ്പത് പത്തുമണി വരെ നീങ്ങുമായിരുന്നു. ഇതിനിടയിൽ കല, സാഹിത്യം, രാഷ്ട്രീയം തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് ദേശീയ അന്തർദ്ദേശീയ തലത്തിലേക്ക് റോയി സാർ പ്രവേശിക്കുമായിരുന്നു. അഹംഭാവമില്ലാതെ കുഞ്ഞുങ്ങളെപ്പോലെ സംസാരിക്കുന്ന റോയി സാറിന്റെ വർത്തമാനം ഓർമയിൽ ഓടിയെത്തുന്നു.

ബി.വൈ.എസ് ഏർപ്പെടുത്തിയ 'യുക്തിവാദിഎം.സി.ജോസഫ് ഡോ.എ.ടി.കോവൂർ അവാർഡ് കമ്മിറ്റിയിലെ അംഗവും ജഡ്ജിങ് കമ്മിറ്റി അംഗവുമായിരുന്നു അദ്ദേഹം.

ഏതാനും വർഷം മുമ്പ് ഒരു ദിവസം അറിയുന്നു. പക്ഷാഘാതം മൂലം എഴുന്നേൽക്കാൻ വയ്യാതെ കിടക്കയിലാണെന്ന്. ഞാനുടൻ തന്നെ അദ്ദേഹത്തെ വീട്ടിൽ പോയി കാണുകയുണ്ടായി. ഞാൻ ചെന്ന വിവരം



ചടങ്ങിന് ശേഷം

അബ്ദുൾ സലാം,
കെ. എം. റോയി, എംജസൻ,
മുഖത്തല തുളസീധരൻ,
കെ.എസ്. ഡേവിഡ്,
ടി.പി. മാധവൻ,
ശ്രീനിപട്ടത്താനം,
സീമാസ് സന്തോഷ്,
പി.എസ്. കുമാർ,
കാസ്റ്റ്ലെസ്
എന്നിവർ

പത്നി അദ്ദേഹത്തെ അറിയിച്ചപ്പോൾ അദ്ദേഹം ഭാര്യയുടെ സഹായത്തോടെ എഴുന്നേറ്റ് ചാരിയിരുന്ന് സംസാരിക്കാൻ തുടങ്ങി. ശയ്യാവലംഭിയായ റോയി സാർ പിന്നീട് എഴുന്നേറ്റ് നടക്കാൻ കഴിഞ്ഞിട്ടില്ലെന്നാണ് തോന്നുന്നത്. കോവിഡ് വന്നതിനുശേഷം പിന്നീട് അദ്ദേഹത്തെ പോയി കാണാൻ എനിക്ക് കഴിഞ്ഞതുമില്ല.

എന്തായാലും റോയി സാറിന്റെ വേർപാട് ഇല മുറിഞ്ഞു വീഴുന്ന മരത്തിന്റെ നൊമ്പരം പോലെയാണ്.



# അബ്ദുള്ള മേപ്പയൂർ

യുക്തിവാദി

അബ്ദുള്ള എട്ടാം ക്ലാസ്സിൽ പഠിക്കുന്ന കാലത്ത് മുജാഹിദ് വഹാബി എന്ന സംഘടനയിൽ ചേർന്നു പ്രവർത്തിക്കാൻ തുടങ്ങി. ദൈവം ശിക്ഷകനല്ല രക്ഷകനാണ് ദൈവം സത്യമാണ് വ്യാജമല്ല ഇതായിരുടെ സംഘടനയുടെ കാഴ്ചപ്പാട്. എന്നാൽ അബ്ദുള്ള ഇതിൽ തൃപ്തനായിരുന്നില്ല. അബ്ദുള്ളയുടെ ചിന്തയും അന്വേഷണവും അവസാനം കൊണ്ടെത്തിച്ചത് ദൈവനിഷേധത്തിലും യുക്തിവാദത്തിലുമായിരുന്നു.

മതസംഘടനാ പ്രവർത്തനം വിട്ടതോടെ അബ്ദുള്ള ഇടതുപക്ഷ വിദ്യാർത്ഥി യൂണിയനിൽ അംഗമാവുകയും പ്രവർത്തിക്കുകയും ചെയ്തു. അതോടെ അബ്ദുള്ള യുക്തിവാദി സംഘടനയിലും ചെന്നെത്തി. തുടർന്നു യുക്തിവാദ വിഷയങ്ങളെക്കുറിച്ചുള്ള പഠനവും സംഘടനാ പ്രവർത്തനവും വിദ്യാഭ്യാസവും ഊർജ്ജസ്വലമായി കൊണ്ടുപോയി. അതിന്റെ ഫലമായി ഖുറാനെയും ഹദീസുകളെയും മനസ്സിരുത്തി പഠിക്കാൻ തുടങ്ങി. ആ പഠനത്തിൽ അയുക്തികവും അശാസ്ത്രീയവുമായ പല കാര്യങ്ങളും അബ്ദുള്ള കണ്ടെത്തി. അവയെക്കുറിച്ച് അബ്ദുള്ള യോഗങ്ങളിൽ പ്രസംഗിക്കാൻ തുടങ്ങി. മാത്രമല്ല ലേഖനങ്ങളും പുസ്തകങ്ങളും എഴുതിത്തുടങ്ങുകയും ചെയ്തു. എഴുതപ്പെട്ട പ്രധാന പുസ്തകങ്ങളാണ് ഖുറാനിലെ തിരുത്തലുകളും, ദൈവം സത്യവും മിഥ്യയും, ഖുറാൻ അശാസ്ത്രീയഗണിതത്തിലൂടെ എന്നതും. ഈ സന്ദർഭത്തിലാണ് ഖുറാൻ വിമർശന പണ്ഡിതനും പ്രാസംഗികനുമായ കാപ്പാട് കെ.കെ.അബ്ദുൽ അലി മൗലവിയെ കണ്ടുമുട്ടുന്നത്. അലിയോട് തന്റെ അഭിലാഷമറിയിച്ചതിനെ തുടർന്നു അലി മാഷ് പങ്കെടുക്കുന്ന യുക്തിവാദ യോഗങ്ങളിൽ അബ്ദുള്ളയും പ്രസംഗിക്കാൻ തുടങ്ങി.

അക്കാലത്തു (1980) തൃശൂർ മതിലകത്തൊരു സംഭവമുണ്ടായി.കുഞ്ഞുമൈതീൻ മരണമടഞ്ഞു. മൈതീനെ എന്തോ കാരണത്താൽ പ



ള്ളിക്കാർ പള്ളി ശ്മശാനത്തിൽ അടക്കാൻ സമ്മതിച്ചില്ല. തുടർന്നു അവിടെ ചില ക്ഷോഭങ്ങളുണ്ടായി. സംഭവത്തെത്തുടർന്നു പിറ്റേ ദിവസം അവിടെ വമ്പിച്ച പ്രതിഷേധ യോഗം സംഘടിപ്പിച്ചു. പ്രസ്തുത യോഗത്തിലെ പ്രധാന പ്രസംഗകൻ അബ്ദുള്ള മേപ്പയൂരായിരുന്നു. അബദ് ള്ള പ്രസംഗിക്കാൻ തുടങ്ങിയപ്പോൾ അപ്രതീക്ഷിതം ഒരു സംഘം കലാപകാരികൾ സ്റ്റേജിലേക്ക് അക്രമിക്കാൻ ഇരച്ചു കയറി. പക്ഷെ അബ്ദുള്ള അത്ഭുതകരമായി രക്ഷപെട്ടു.

ഈ കാലഘട്ടത്തിൽ ഇസ്ലാം മതം ഉപേക്ഷിച്ച പ്രമുഖരായിരുന്നു മോഡേൺ മെഡിസിൻ പ്രാക്ടീഷണറായ ഡോ. ഇ.വി.ഉസ്മാൻ കോയ, സെയ്തു മുഹമ്മദ് ആനക്കയം എന്നിവരുമായി അടുത്ത ചങ്ങാത്തത്തിലേർപ്പെട്ടു. ആചങ്ങാത്തം മരിക്കുന്നതു വരെ തുടർന്നു . മാത്രമല്ല പ്രമുഖ യുക്തിവാദികളായ ഇടമറുക് , കലാനാഥൻ ,എം ബി കെ ,സനൽ ഇടമറുക് തുടങ്ങിയവരുമായി സജീവയുക്തിവാദ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു.

ഇക്കാലത്ത് ഹിക്മത്ത് എന്ന പേരിൽ ഒരു പബ്ളിക്കേഷനുംഒരുപ്രസ്സുംആരംഭിക്കുകയുണ്ടായി. അബ്ദുള്ളയുടെ പുസ്തകങ്ങൾ അതിലൂടെ പ്രസിദ്ധീകരിക്കുകയുണ്ടായി.

ഈ ഘട്ടത്തിലാണ് അബ്ദുള്ളയുടെ വിവാഹം നടന്നത് .അതൊരു വിപ്ലവ വിവാഹമായിരുന്നു. ഒരു മതാചരങ്ങളുമില്ലാതെ രണ്ടു ചുവന്ന മാല പരസ്പരം സ്വീകരിക്കുക മാത്രമാണ് വിവാഹമായി ചെയ്തത്. നഫീസയായിരുന്നു വധു.

പിൽക്കാലത്തുസംഘടനാപ്രവർത്തനങ്ങളിൽ അബ്ദുള്ള നഫീസയെയും മക്കളെയും കൂട്ടുമായിരുന്നു. 1985 ൽ കാസർകോഡ് മുതൽ തിരുവനന്തപുരം വരെ നടത്തിയ വാഹന പ്രചരണ ജാഥയിൽ സോളി, ജമീല, സുഹറ എന്നിവരോടൊപ്പം നഫീസയും പങ്കെടുത്തിരുന്നു.



അബ്ദുള്ള മേപ്പയൂർ, കെ.കെ.അബ്ദുൽ അലി, ഡോ.ഇ.വി.ഉസ്മാൻ കോയ

അതുപോലെ റാഷണലിസ്റ്റ് സ്റ്റുഡന്റ്സ് മൂവ്മെന്റ് എന്ന വിദ്യാർത്ഥി സംഘടന രൂപീ കരിച്ചപ്പോൾ പ്രഥമ സംസ്ഥാന പ്രസിഡന്റായി തെര ഞ്ഞെടുത്തതു് അബ്ദുള്ളയുടെ മകനായ ജലീൽ മേപ്പയൂരിനെ ആയി രുന്നു. ചെറുമക്കൾക്കു പേരിട്ടപ്പോൾ പേരിനോടൊപ്പം റസലും ഹെഗലും ഹെലനും കൂടി ഉൾപ്പെട്ടിരുന്നു.

1985 മാർച്ച് 10 ന് കൊല്ലത്തുവെച്ചു ഇന്ത്യൻ യുക്തിവാദി സംഘത്തി ന്റെ സംസ്ഥാനകമ്മിറ്റി രൂപകരിച്ചപ്പോൾ ഈ ലേഖകൻ ജനറൽ സെ ക്രട്ടറിയായും അബ്ദുള്ള മേപ്പയൂർ പ്രസിസന്റായുമുള്ള കമ്മിറ്റിയാണ് രൂപീ കരിച്ചത്. തുടർന്ന 12 വർഷക്കാലം അബ്ദുള്ളയായിരുന്നു വീണ്ടും വീ ണ്ടുംപ്രസിഡന്റായി തെരഞ്ഞെടുത്തിരുന്നത്. അക്കാലത്ത് ഇന്ത്യൻ റാ ഷണലിസ്റ്റ് അസോസിയേഷന്റെ ദേശീയ വൈസ് പ്രസിഡന്റ് കൂടിയാ യിരുന്നു.

1985 മുതൽ മരണമടയുന്നതുവരെ ഞങ്ങൾ അടുത്ത ചങ്ങാതിമാരാ യിരുന്നു.



# പ്രൊഫ.ജോർജ്

കൊല്ലം ഫാത്തിമാ കോളേജിലെ ഇംഗ്ലീഷ് അധ്യാപകനായിരുന്നു പ്രൊഫ.ജോർജ്. അധ്യാപകനായുള്ള നീണ്ടകാല സേവനത്തിന് ശേഷം അദ്ദേഹം പ്രിൻസിപ്പലാകാനുള്ള സീനിയോറിട്ടി ലിസ്റ്റിൽ ഒന്നാമനായി. എന്നാൽ പ്രിൻസിപ്പൽ ആകേണ്ട ദിവസം കസേരയിലേക്ക് ചെല്ലുമ്പോൾ കാണുന്ന കാഴ്ച തന്നെക്കാൾ ജൂനിയറായ ഒരാൾ കസേര കയ്യടക്കിയിരിക്കുന്നതായിട്ടാണ്. രോഷാകുലനായ ജോർജ്ജ് ജൂനിയറിനോട് ചോദിച്ചു. ജൂനിയർ പറഞ്ഞു. തന്റെ നിയമനം മോളിൽ നിന്നുള്ളതാണെന്നും മറ്റൊന്നുമറിഞ്ഞു കൂടെന്നും. തുടർന്നു ജോർജ് നിയമന അധികാരികളോട് വിവരം ചോദിച്ചു. അപ്പോൾ അവർ പറഞ്ഞു ജോർജ് ഒരു കടുത്ത നിരീശ്വരവാദിയും മതനിഷേധിയുമാണ്. അങ്ങനെയുള്ള ഒരാളെ ഏങ്ങനെയാണ് ക്രൈസ്തവസഭയുടെ കീഴിലുള്ള ഒരു കോളേജിന്റെ പ്രിൻസിപ്പലാക്കുന്നത്?

എന്നാൽഅംഗീകൃത വ്യവസ്ഥകളെ കാറ്റിൽപ്പറത്തിക്കൊണ്ടു വിശ്വാസത്തിന്റെ പേര് പറഞ്ഞു യോഗ്യനായ ഒരാളെ തഴയുന്ന ഈ മത പീഡനം അംഗീകരിച്ചു കൊടുക്കാൻ ജോർജ് തയ്യാറായില്ല. കോളേജ് അധികൃതർക്കെതിരെ ജോർജ് ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു. കുറെ വർഷങ്ങളുടെ പോരാട്ടം തന്നെ നടത്തേണ്ടി വന്നു. അവസാനം കോടതി വിധിയുണ്ടായി. ജൂനിയറിനെ മാറ്റിക്കൊണ്ടു സീനിയറായ ജോർജിനെ പ്രിൻസിപ്പലായി നിയമിക്കുവാൻ കഴിഞ്ഞിരുന്നു. നിയമന ഉത്തരവും വാങ്ങി ജോർജ് കോളേജിലെത്തിയപ്പോൾ ജോർജിന്റെ പെൻഷൻ പ്രായം ആരംഭിച്ചു കഴിഞ്ഞിരുന്നു.

ഈ സന്ദർഭത്തിലാണ് ഞങ്ങൾ ആദ്യമായി കണ്ടുമുട്ടുന്നത് അന്നു അദ്ദേഹം മുഴുവൻ കഥകളും എന്നോട്പറയുകയുണ്ടായി. അതോടെ യുക്തിവാദിസംഘത്തിന്റെ എല്ലാ മീറ്റിംഗുകളിലും അദ്ദേഹത്തെ ക്ഷണിക്കുക പതിവായി. കേരളത്തിന് വെളിയിൽ നിന്നും എത്തുന്നവ

രുടെ പ്രസംഗം പരിഭാഷപ്പെടുത്തുന്ന ഉത്തരവാദിത്വമായിരുന്നു അദ്ദേഹത്തെ ഏൽപ്പിച്ചിരുന്നത്. അത് അദ്ദേഹം കൃത്യമായി ചെയ്തിരുന്നു. സംസ്ഥാന വൈസ് പ്രസിഡന്റുമാരിലൊരാളായി അദ്ദേഹം സേവനം അനുഷ്ഠിച്ചിട്ടുണ്ട്. കഴിഞ്ഞ നവംബർ 14 ന് അദ്ദേഹം അന്തരിച്ചിട്ട് രണ്ടു വർഷമായി. ശക്തനായ ഈ പോരാളിയുടെ വിയോഗം സംഘടനയ്ക്ക് വലിയ നഷ്ടമായി. ജോർജിന് ഞങ്ങളുടെ ഒരു പിടി ഓർമ്മപ്പൂക്കൾ.



## കെ.ഇന്ദിരക്കുട്ടി

**രാഷ്ട്രീയ പ്രവർത്തക**

1990 ന് മുമ്പ് ചില ദിവസങ്ങളിൽ മയ്യനാട്ടുള്ള തോപ്പിൽ വീട്ടിൽ ഞാൻ പോയിരുന്നു.

തലമുറകളായി യുക്തിവാദികൾ ജീവിച്ചിരുന്ന വീടായിരുന്നു അത്. കേരളത്തിലെ യുക്തിവാദ പ്രസ്ഥാനത്തിലെ തുടക്കക്കാരിലൊരാളായ സി.വി.കുഞ്ഞുരാമനും അദ്ദേഹത്തിന്റെ മരുമകനും ഒരമ്പലം കത്തിയാൽ അത്രയും അന്ധവിശ്വാസം കുറഞ്ഞെന്നു പറഞ്ഞ തിരുകൊച്ചിയുടെ മുഖ്യമന്ത്രിയുമായ സി.കേശവനും അദ്ദേഹത്തിന്റെ മകനും ആധുനിക പത്രപ്രവർത്തനത്തിനു സ്ഫടികസമാന ശിലകൾ പാകിയ കൗമുദി ബാലകൃഷ്ണൻ എന്ന യുക്തിവാദിയായ കെ.ബാലകൃഷ്ണനും യുക്തിചിന്തയുടെ നവഭാവരസങ്ങൾ ജ്വലിപ്പിച്ചു നടന്ന ബാലകൃഷ്ണന്റെ സഹോദരി ഇന്ദിരക്കുട്ടി ടീച്ചറിന്റെ മകൻ രഞ്ജിത്തും താമസിച്ചിരുന്ന പ്രശസ്ത കുടുംബമായിരുന്നു അത്. അതായത് കേരളത്തിന്റെ സാംസ്കാരിക രാഷ്ട്രീയ മാധ്യമ രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച മൂന്നു അതികായന്മാരുടെ ആസ്ഥാനം.

ഈ മഹാന്മാരുടെ വീര ചരിതം അറിയാൻ വേണ്ടിയായിരുന്നു പലവട്ടം ഞാൻ തോപ്പിൽ വീട്ടിൽ ചെന്നത്. അന്നൊക്കെ കാരണവ ന്മാരുടെ ചില കഥകൾ ഇന്ദിര കുട്ടി ടീച്ചറാണു പറഞ്ഞു തന്നത്.

മയ്യനാട്ടുള്ളവർ ഇന്ന് ശബരിമലയിൽ പോകുന്നതുപോലെ അന്നു പോകുന്നത് കൊടുങ്ങല്ലൂർ ഭരണിക്കായിരുന്നു. സി.കേശവന്റെ ചെറുപ്പകാലത്തെ നാടക അഭിനയങ്ങളും നെയ്തെടുക്കുന്ന തുണിക്ക് കളർ ചേർക്കുന്നതു പഠിക്കാൻ കേശവൻ ജപ്പാനിൽ പോയ കഥകളും സി.കേശവൻ എഴുതിയ ജീവിത സമരം എന്ന ആത്മകഥയെക്കുറിച്ചും സി.വി.കുഞ്ഞുരാൻ പഠിക്കാൻ പരവൂരിൽ നിന്നും തീരദേശം വഴി കൊല്ലം ഗവ.ഹൈസ്കൂളിൽ പോയി വരുന്ന കഥകളും മറ്റുപല സന്ദർഭങ്ങളും.

അക്കൂട്ടത്തിൽ ടീച്ചർ രണ്ടു പ്രധാനകാര്യം കൂടി പറഞ്ഞു.


ഒന്ന് സി.കേശവൻ നടത്തിയ ചരിത്ര പ്രസിദ്ധമായ കോഴഞ്ചേരി പ്രസംഗം സി.വി.കുഞ്ഞുരാമൻ എഴുതി കൊടുത്തതാണെന്നാണ്.

മറ്റൊന്നു സി.വി.കുഞ്ഞുരാമൻ മരിക്കുമ്പോൾ finished, finished, Finished എന്നു പറഞ്ഞു കൊണ്ടായിരുന്നു മരിച്ചതെന്നും പറഞ്ഞു.

മാത്രമല്ല മരിക്കുന്നതിനു മുമ്പ് ഒരു കാര്യം കൂടി അദ്ദേഹം വീട്ടുകാരോട് പറഞ്ഞിരുന്നു. മരിച്ചു കഴിഞ്ഞാൽ അടക്കുന്ന സ്ഥലം ആരും പിന്നീടറിയരുതെന്നും കിളച്ച് മറിച്ചിരിക്കണമെന്നും.

ടീച്ചർ പറഞ്ഞ പ്രകാരം അന്നു ഞാൻ വീടിന്റെ പിൻവശം പോയി നോക്കുകയുണ്ടായി. പറഞ്ഞതുപോലെ ആ പറമ്പിൽ കുഞ്ഞുരാമനെ അടക്കിയ സ്ഥലം കാണാനില്ലായിരുന്നു. എന്നാൽ സി.കേശവന്റെ സ്മാരകം ഉണ്ടായിരുന്നു. ടീച്ചർ പറഞ്ഞു. ആ സ്ഥലം എനിക്കും അറിയില്ല അച്ചാച്ചനെ എവിടെയാണ് അടക്കിയതെന്നു.

ഇന്ദിരക്കുട്ടി ടീച്ചറെക്കുറിച്ചുള്ള ഓർമകൾ എന്നും മനസ്സിൽ നിറഞ്ഞു നിൽക്കും.



# എന്റെ ഓർമ്മയിലെ നക്ഷത്രങ്ങൾ

## ശ്രീനിപട്ടത്താനം

കേരളത്തിലെ
പ്രമുഖ സാംസ്കാരിക
സാഹിത്യ നായകന്മാർ
യുക്തിവാദപ്രസ്ഥാനത്തോട്
കാട്ടിയ നന്മയുടെ ഓർമ്മകൾ...

ഇന്ത്യൻ റാഷണലിസ്റ്റ് പബ്ലിഷേഴ്സ്, കൊല്ലം Rs.215/-